O32:2M858;12 K7

KALVANIYILE KALPAPAADAPAM

PADMANABHA PILLAI

632:2M
858;12
K7

MUL
292022

11 MAR 1992

കാൽവരിയിലെ കൽപ്പപാദപം

48

(Malayalam)

Kaalvariyile Kalpapaadapam

Play

By KAINIKKARA PADMANABHA PILLAI

Vanchiyoor, Trivandrum

First Published 1938

Nineth Impression August 1967

Copies 1500

Printed at

INDIA PRESS, KOTTAYAM

Price Rs. 2.50

Copyright

Kainikkara Padmanabha Pillai

Published by the Author

Distributors:

NATIONAL BOOK STALL

Kottayam Kerala State India

കാൽവരിയിലെ കൽപ്പപാദപം

(നാടകം)

കൈനിക്കര പത്മനാഭപിള്ള

UNIVERSITY LIBRARY
12 FEB 1975
MADRAS

വിതരണം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 2.50

University Grants Commission

കൈനിക്കര പത്മനാഭപിള്ളയുടെ

കൃതികൾ

വേലുത്തമ്പിദളവാ	(നാടകം)
കാൽവരിയിലെ കല്പപാദപം	,,
അഗ്നിപഞ്ജരം	,,
യവനിക	,,
വിധിമണ്ഡപം	,,
ചന്ദ്രകാന്തം	,,
വളരുന്ന ചക്രവാളം	,,
സ്വാതിതിരുനാൾ	,,
ഒഴുക്കുകൾ	(നോവൽ)
മകന്റെ അമ്മ	,,
മേഘവും മിന്നലും	,,
പിരിച്ചുനടീൽ	,,
ചെറുകഥകൾ	(കഥകൾ)
നിങ്ങൾ അറിയും	,,
കമ്മ്യൂണിസ്റ്റ് ഭരണം കേരളത്തിൽ	(മററിനം)
Red Interlude in Kerala	,,

292022
032 : 2M858:12
K7

S815 D8/67–68 9–1500 JK 114

എൻെറ അമ്മ

കൈനിക്കര പാർവ്വതിപ്പിള്ള അമ്മയുടെ

പാവനസ്മരണയ്ക്കു്

UNIVERSITY LIBRARY
12 FEB 1975
MADRAS

മുഖവുര

വിദ്യാലയവഷം 1091—'92-ൽ, ഏതാണ്ട പതിനേഴ വയസ്സ മാത്രമുള്ള ഒരു ഇൻററമീഡിയററു വിദ്യാൎത്ഥിയായിരുന്നകാലത്താണ മേരി കാറിലിയുടെ 'ബാറബാസ്'' എന്ന നോവൽ എനിക്കു വായിക്കവാനിടയായതു്. ആ ദിവസം ഞാൻ ഇന്നും വ്യക്തമായി ഓക്കുന്നു. അതു കൈയിൽ കിട്ടിയതു് ഒരുദിവസം ഉച്ചയ്ക്കുമുമ്പായിരുന്നു. അപ്പോഠം മുതൽ അതു വായിച്ചു. വെയിലാറിയപ്പോഠം അതുംകൊണ്ട മട്ടുപ്പാവിലേക്കു പോയി, ഇരുട്ടിയെന്നറിഞ്ഞപ്പോഠം വേലക്കാരനെ വിളിച്ചു വിളക്ക വരുത്തി. ഏകദേശം പത്തുമണിക്കു വായിച്ചുതീൎത്തു താഴത്തു വയ്ക്കുകയും ചെയ്തു. ആ അതിശക്തമായ ആഖ്യായികയും അതിൽ രക്തരേഖകളിൽ ചിത്രീകരിച്ചിട്ടുള്ള നിസ്തുലചരമവും എൻെറ ബാലഹൃദയത്തിൽ അന്ന ജനിപ്പിച്ച ആശാശിശു യഥാകാലം എന്നോടൊപ്പം വളൎന്നു പതിനെട്ടു വയസ്സ തികയുന്ന ഈ അവസരത്തിൽ ഇതാ ഈ രൂപത്തിൽ നിങ്ങളെ പ്രണമിക്കുന്നു.

ദീൎഘകാലത്തെ ആലോചനയുടേയും ഏകാഗ്രമായ ധ്യാനത്തിൻേറയും അപ്രതിരോധ്യമായ ആത്മീയപ്രേരണയുടേയും ഫലമായിട്ടല്ലാതെ ഞാൻ ഇതുവരെ ഒരു സാഹിത്യകൃതിയും നിൎമ്മിച്ചിട്ടില്ല. അക്കാര്യത്തിൽ ഇതു് ഒരു വ്യത്യസ്തവുമല്ല. എന്നാൽ ഇതുവരെ എൻെറ ആന്തരികപ്രേരണകഠം എപ്പോഴെങ്കിലും പ്രവൃത്തിരൂപം കൈക്കൊള്ളുവാനും എൻെറ ചിരപരിലാളിതങ്ങളായ ആശയങ്ങളിൽ ചിലതെങ്കിലും ബാഹ്യലോകം കാണുവാനും ഇടയായിട്ടുള്ളതു് എല്ലാംതന്നെ ഏതെങ്കിലും അനിഷേധ്യമായ പരപ്രേരണയുടെ ഫലംകൊണ്ടുകൂടെയാണ്. ഇതിലാകട്ടെ അങ്ങനെ ബാഹ്യമായ യാതൊരു നിബ്ബന്ധമോ പ്രേരണപോലുമോ ഉണ്ടായിട്ടില്ല എന്നൊരു വ്യത്യാസം ഉണ്ട്.

എൻെറ അവിദഗ്ദ്ധഹസ്തങ്ങഠം സ്പൎശിക്കുവാൻ മോഹിച്ച കഥാവസ്തുവിൻെറ ലോകോത്തരമാഹാത്മ്യം ഞാൻ നല്ലവണ്ണം അറിയുന്നുണ്ട്. അതു യഥാൎഹം ചിത്രീകരിക്കുവാൻ എനിക്കു ശക്തിയുണ്ടോ എന്നു ഞാൻ അറിയുന്നുമില്ല. എങ്കിലും എനിക്കു് ഒരു സമാധാനമുണ്ട്. ഒരുപക്ഷേ, ആ മാഹാത്മ്യം എൻെറ അശക്തത പരിഹരിച്ചേക്കാം. എന്തായാലും എൻെറ അശക്തത ആ മാഹാത്മ്യത്തിനു കുറവു വരുത്തുക സാദ്ധ്യമല്ല—അതു് അത്രമാത്രം ഉന്നതവും സമസ്പൎശ്ശവും ആണ്.

ക്രിസ്തുവിൻെറ ജീവിതവും ഉപദേശങ്ങളും എന്നുംതന്നെ എൻെറ ശ്രദ്ധാപൂൎവ്വമായ പഠിത്തത്തിനും ചിന്തയ്ക്കും വിഷയമായിരുന്നിട്ടുണ്ട്. എങ്കിലും ഈ പ്രത്യേക ഉദ്ദേശ്യത്തോടുകൂടി ഇതിലടങ്ങിയിരിക്കുന്ന

ചരിത്രാംശം ഞാൻ അത്യന്തം ശ്രദ്ധിച്ചുതന്നെ പഠിച്ചതിൻെറ ശേഷമാണു് ഇതിനു തുനിഞ്ഞതു്. നാലു സുവിശേഷങ്ങളും താരതമ്യപ്പെടുത്തിയും പരസ്പരവൈപരീത്യങ്ങൾ കണ്ടെന്നു തോന്നിയ ഭാഗങ്ങൾ അംഗീകൃതങ്ങളായ സുവിശേഷകഥാഗ്രന്ഥങ്ങളുടെ സഹായത്തോടുകൂടിവിശദീകരിച്ചും, ഓരോ വാക്കും പ്രവൃത്തിയും പാറ്റേഴ്സൺ സ്മിത്തു്, എം. മെഷ്ലർ, എസ്. ജെ. ഫ്റാർ തുടങ്ങിയ സുപ്രസിദ്ധനിരൂപകന്മാരുടെ സഹായവും ഏകാഗ്രമായ ധ്യാനവുംകൊണ്ടു വ്യാഖ്യാനിച്ചും, ഈ ഭാഗം പരിപൂർണ്ണവും നിസ്സന്ദേഹവുമായി ഗ്രഹിക്കുവാൻ ഞാൻ ശ്രമിച്ചിട്ടുണ്ടു്.

ഈ ഗ്രന്ഥനിർമ്മാണത്തിനുള്ള പ്രഥമപ്രേരണ നൽകിയ മേരി കാറിലിയോടു ഞാൻ അത്യന്തം കടപ്പെട്ടിട്ടുണ്ടു്. എന്നു പറഞ്ഞതുകൊണ്ടു് അവരുടെ നോവലിനെ അനുകരിച്ചിട്ടുണ്ടെന്നർത്ഥമില്ല. തന്നെയുമല്ല, ആ അതിശക്തയായ കവയിത്രിയുടെ ബന്ധനത്തിൽനിന്നു സ്വതന്ത്രനാകുവാനാണു പണിപ്പെടേണ്ടിവന്നിട്ടുള്ളതു്. ചരിത്രപ്രസിദ്ധങ്ങളായ രംഗങ്ങളിൽ ഐകരൂപ്യം കാണും. അതു് അപരിഹാര്യമാണു്. കൂടാതെ കഴിക്കുവാൻ ശ്രമിച്ചിട്ടുമില്ല. മറെറങ്ങും പറയത്തക്ക സാദൃശ്യം ഒന്നും കാണുകയില്ല. 'ബാറബാസ്' ആരംഭിക്കുന്നതുതന്നെ ക്രിസ്തുവിൻെറ വിസ്താരംമുതൽ, അതായതു് എൻെറ നാടകത്തിൻെറ പകുതിയും കഴിഞ്ഞിട്ടാണു്. അതിൻെറ ഏതാണ്ടു മൂന്നിലൊരു ഭാഗം അദ്ദേഹത്തിൻെറ മരണം കഴിഞ്ഞിട്ടുമാണു്. അതിലെ കഥാനായകനായ ബാറബാസ് എന്നെ സംബന്ധിച്ചിടത്തോളം നിശ്ശേഷം അപ്രധാനനാണു്. എൻെറ നാടകത്തിലെ അതിപ്രധാനപാത്രമായ ജൂഡാസാകട്ടെ, 'ബാറബാസി'ൽ ഒരു പാത്രമേയല്ല. ജൂഡാസിനെ വഞ്ചനയ്ക്കു പ്രേരിപ്പിക്കുവാൻ ഒരു സഹോദരിയെ സൃഷ്ടിക്കാമെന്നുള്ള ആശയത്തിനാണു ഞാൻ ഏററവും കടപ്പെട്ടിട്ടുള്ളതു്. അതിൽപ്പോലും രംഗനിർമ്മാണത്തിനു കടപ്പെട്ടിട്ടില്ല. പൊതുവായ രംഗങ്ങൾ ഇല്ലെന്നുതന്നെ പറയാം. എന്നാൽ ഒരു മഹാകൃത്യത്തിനു പ്രേരിപ്പിച്ചതും ഒരു അത്ഭുതപാത്രത്തിൻെറ സൃഷ്ടിക്കു സഹായിച്ചതുംതന്നെ എത്രയോ വലിയ കടപ്പാടാണു്. എനിക്കു് ആ കവയിത്രിയോടുള്ള കൃതജ്ഞത തുറന്നു പ്രസ്താവിച്ചുകൊള്ളുകയുംചെയ്യുന്നു.

ഈ ഗ്രന്ഥനിർമ്മാണത്തിൽ പലവിധ സഹായങ്ങൾ ചെയ്തുതന്നിട്ടുള്ള അസംഖ്യം സുഹൃത്തുക്കളോടു് എനിക്കുള്ള നന്ദിയും ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു. ഒരാളുടെ പേരു് പ്രത്യേകം എടുത്തുപറയാനുള്ളതു് റവ: ഫാദർ ഡാക്ടർ അബ്രഹാം വടക്കേൽ ബി. എ., പി എച്ച്. ഡി., ഡി. ഡി.—യുടേതാണു്. അദ്ദേഹത്തിൻെറ ഒരു അവതാരിക ഈ ഗ്രന്ഥത്തിനു സിദ്ധിച്ചുവെന്നുള്ളതിലും കവിഞ്ഞ ഒരു കൃതാർത്ഥതയാണു്, സ്വയം സ്വീകരിച്ചിരിക്കുന്ന ഏകാന്തതയിൽനിന്നു് ആ ഘടദീപത്തെ ഒരു നിമിഷത്തേക്കെങ്കിലും പുറത്തു കാട്ടുവാൻ കഴിഞ്ഞതിൽനിന്നു ഞാൻ അനുഭവിക്കുന്നതു്. പല ഭാഷകളിലും പല

വിഷയങ്ങളിലും പണ്ഡിതൻ, ഒരു നല്ല വാഗ്മി, ലേഖകൻ, സംഗീതസാഹിത്യനാട്യാദി വിവിധകലകളിൽ നിപുണൻ, സഹൃദയൻ, സദാ സുപ്രസന്നൻ—അദ്ദേഹം ഒരു കാര്യത്തിൽമാത്രം ഏററവും കഠിനനാണ്. സ്വന്തം പാണ്ഡിത്യവും സാഹിത്യവാസനയുംകൊണ്ടു കൈരളിയെ അനുഗ്രഹിക്കുന്നതിൽ അദ്ദേഹം നിർദ്ദയം വിമുഖനാണ്. എൻെറ അഭീഷ്ടങ്ങൾ അദ്ദേഹം ഒരിക്കലും നിരസിച്ചിട്ടില്ലെങ്കിലും സാഹിതീസംബന്ധമായി വല്ലതും പ്രവർത്തിക്കണമെന്നുള്ള നിർബ്ബന്ധത്തോടുമാത്രം ഒരുതരം സത്യഗ്രഹമാണ് ഇത്രനാളും അനുഷ്ഠിച്ചുപോന്നിട്ടുള്ളതു്. അതിനാൽ ഞങ്ങളുടെ സുദീർഘവും സുദൃഢവുമായ സ്നേഹബന്ധം ഈ അസുലഭാനുഗ്രഹത്തിനു് എന്നെ പാത്രവാനാക്കിയതിൽ എനിക്കുള്ള ചാരിതാർത്ഥ്യം സീമാതീതമാണ്. അദ്ദേഹത്തിൽനിന്നു് ഈ കാര്യത്തിൽ എനിക്കു സിദ്ധിച്ചിട്ടുള്ള സഹായം എത്രയെന്നു പറഞ്ഞുകൂടാ. ഈ കൃതി പൂർത്തിയാക്കിക്കൊണ്ടു ഞാൻ അദ്ദേഹത്തെ സന്ദർശിച്ചതു കർക്കടകം ആദ്യമായിരുന്നു. അതുമുതൽ ഇതുവരെ ചെയ്തുപോന്നിട്ടുള്ള സഹായങ്ങൾക്കു് ഇതു താഴികക്കുടം വച്ചുവെന്നേ ഉള്ളു.

ഇതു് അവസാനിപ്പിക്കുന്നതിനു മുമ്പു് ഒരു കാര്യത്തിൽ എനിക്കു ക്ഷമാപണം ചെയ്യുവാനുണ്ടു്. എൻെറ അനുവാദംകൂടാതെ ഈ നാടകം ആരും അഭിനയിക്കരുതെന്നു നിർബ്ബന്ധിച്ചിട്ടുണ്ടു്. അങ്ങനെ നിഷ്കർഷിക്കുന്നതു് എനിക്കു് ഒരു ഇഷ്ടമുള്ള കാര്യമല്ല. ചില ഗുരുതരങ്ങളായ കാരണങ്ങളാൽ ഏററവും വൈമുഖ്യത്തോടുകൂടെ അങ്ങനെ ചെയ്യുവാനിടയായതാണ്. ഏററവും വലിയ സ്റ്റേജ്, ധാരാളം ഉപകരണങ്ങൾ, അഭ്യസ്തവിദ്യരും വിദഗ്ദ്ധന്മാരുമായ നടന്മാർ, സശ്രദ്ധമായ ശിക്ഷണം, ഒരു നല്ലസംഖ്യ ചെലവു്, ഇത്രയുംകൂടാതെ ഈ നാടകം പൊതുവേയും, ചില രംഗങ്ങൾ പ്രത്യേകിച്ചും, വിജയകരമായി അഭിനയിക്കുക സാദ്ധ്യമല്ല. ഈ കാര്യം ഒന്നും ചിന്തിക്കാതെ ഏതു നാടകം കൈയിൽ കിട്ടിയാലും യാതൊരു ക്ലേശവുംകൂടാതെ അഭിനയിച്ചുതള്ളുവാൻ ധൈര്യമുള്ളവർ നമ്മുടെ നാട്ടിൽ കുറവുമല്ല. അക്കൂട്ടരുടെ കലാകൊലപാതകം, നാടകത്തിൻേറയും നാടകകർത്താവിൻേറയും തേജോവധം ചെയ്യുന്നതു കാണുവാനും നിശ്ശേഷം നിർദ്ദോഷികളായ പല കവികളുടേയും ദുർവ്വിധിയോർത്തു ദുഃഖിക്കുവാനും പലപ്പോഴും സംഗതിയായിട്ടുണ്ടു്. അപ്രകാരമുള്ള ഒരു കലാപരമായ അപചൃതിയിൽനിന്നു് ആത്മരക്ഷ നേടണമെന്നുണ്ടു്. തന്നെയുമല്ല, ഹിന്ദുക്കളുടെ ദേവന്മാരേയും അവതാരപുരുഷന്മാരേയും ഏതു മദ്യപാനിയും ദുർവൃത്തനും എങ്ങനെയും എവിടെയും വലിച്ചിഴയ്ക്കുന്നതു കണ്ടുകണ്ടു് അതിൻെറ അനൗചിത്യം ആരും ശ്രദ്ധിക്കാതെയായിട്ടുണ്ടു്. എന്നാൽ ഇതരമതാനുയായികൾ അക്കാര്യത്തിൽ അത്രയുംതന്നെ 'വിശാലഹൃദയന്മാരാ'യിട്ടില്ല. അതുകൊണ്ടു് അക്കാലം വരുന്നതുവരെ അവരുടെ വികാരങ്ങൾ വ്രണപ്പെടുത്തുന്നതിൽ എനിക്കു പങ്കു വേണ്ടെന്നുണ്ടു്. ഈ കാരണങ്ങളാൽ ഇങ്ങനെ ഒരു

ഉപാധി നിർദ്ദേശിക്കുവാനിടയായതാണു്; ഈ നാടകം ഏറ്റവും കൂടുതൽ അഭിനയിക്കുവാനിടയാകണമെന്നുതന്നെയാണു് എൻെറ ആഗ്രഹം. അതു്, ഫലം ഉദ്ദേശ്യത്തിനു വിപരീതമാകയില്ലെന്നു് എനിക്കു ബോദ്ധ്യം വന്നിട്ടായാൽക്കൊള്ളാമെന്നു മാത്രമേ ഈ നിഷ്കർഷ്കൊണ്ടു ഞാൻ ആശിക്കുന്നുള്ളു.

ഇത്രയും മുഖവുരയായി പ്രസ്താവിച്ചുകൊണ്ടു് എൻെറ ആത്മാരാമത്തിലെ ഭക്തിസ്യന്ദിയായ ഈ നവകുസുമം സഹൃദയപാദങ്ങളിൽ സമർപ്പിച്ചുകൊള്ളട്ടെ.

കറുകച്ചാൽ
28—1—1110

കൈനിക്കര പത്മനാഭപിള്ള

അവതാരിക

വിചിത്രതരങ്ങളും കാലാൻകൂലങ്ങളുമായ പ്രസ്ഥാനവിശേഷങ്ങളുടെ ആവിർഭാവത്താല് കൈരളി അനുവാസരം അഭിവൃദ്ധിയെ പ്രാപിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിതു്. സാഹിത്യത്തിൻെറ വിവിധ ശാഖകളില്, ദിക്കാലഭേദാതീതമായ് അദ്വിതീയമായ ഒരു സ്ഥാനംതന്നെയാണ് നാടകം സ്വാധീനമാക്കീട്ടുള്ളതെന്നു് ഏതൊരു ജാതിയുടേയും സാഹിത്യചരിത്രം വിശദമാക്കുന്നു. ''നാടകാന്തം കവിത്വം'' എന്ന ഭാരതീയാലങ്കാരികമതം പ്രസിദ്ധമാണെല്ലോ. ജീവിതപ്രതിഫലനമാകുന്ന സാഹിത്യത്തെ രംഗപ്രയോഗംകൊണ്ടു് കൂടുതല് അനുഭവവേദ്യവും ആസ്വാദ്യവുമാക്കാമെന്നുള്ള സൗകര്യവിശേഷമായിരിക്കാം കാവ്യത്തിൻെറ ഈ ദൃശ്യശാഖയ്ക്കു് ശ്രാവ്യാംശത്തേക്കാൾ ശ്രൈഷ്ഠ്യം നല്കിയിട്ടുള്ളതു്.

ഇതരസാഹിത്യോപാധികൾക്കെന്നപോലെ നാടകത്തിനും അദ്യതനങ്ങളായ ചില പരിഷ്കൃതികൾ വന്നിട്ടുള്ളതായിക്കാണുന്നു. ഭാഷയെ വൃത്തബന്ധാദി നിബന്ധനകളാൽ നിയമിക്കുന്നതു്, നാടകജീവനാഡിയാകുന്ന വാസ്തവികതയ്ക്കു ഹാനികരമാണെന്നുള്ള അഭിപ്രായം അർവ്വാചീനനിരൂപകന്മാരുടെയിടയില് പ്രബലപ്പെട്ടിട്ടുള്ളതത്രെ. ഒരുവിധത്തില് ഗദ്യംപോലെതന്നെ പ്രഭാഷണത്തിനു പററിയ ആംഗലഭാഷാപദ്യരീതിയെപ്പോലും നാടകാനർഹമെന്നു മുക്തകണ്ഠം അവഹേളിച്ചുകൊണ്ടാണ് ബർണാഡ്ഷാപ്രഭൃതികളായ അധുനാതനനാടകകൃത്തുകൾ പ്രൗഢങ്ങളായ ഗദ്യനാടകങ്ങളെഴുതി പേരും പെരുമയും സമ്പാദിച്ചിട്ടുള്ളതു്. സംസ്കൃതനാടകങ്ങളിലെ കീർത്തനകവിതകൾ (Lyric Poems) അവ എത്രതന്നെ വിശേഷാത്തരരസനിഷ്യന്ദികളായിരുന്നാലും, നാടകത്തിൻെറ വാസ്തവികതയെ നിഹനിച്ചുകളയുന്നുവെന്നുള്ള വിഡംബനത്തിനു തികച്ചും അർഹങ്ങൾതന്നെ. ഈ തത്വം യഥാവത് ഗ്രഹിച്ചതുകൊണ്ടുതന്നെയായിരിക്കണം ഇപ്പോൾ ഔപമ്യേന ഗദ്യനാടകങ്ങൾ ധാരാളമായി ഉണ്ടായിക്കൊണ്ടിരിക്കുന്നതു്.

നാടകം ഖ്യാതവൃത്തസമന്വിതമായിരിക്കേണമെന്നുള്ള ആലങ്കാരികമതമനുസരിച്ചു്, മിക്ക ഭാഷകളിലും അതതു ജനസമുദായത്തിൻെറയിടയില് ചാരിത്രികമോ, പൗരാണികമോ ആയി പ്രസിദ്ധിസിദ്ധിച്ചിട്ടുള്ള ഇതിവൃത്തങ്ങളെ ആസ്പദമാക്കി പ്രധാന നാടകങ്ങളെല്ലാം വിരചിതമായിരിക്കുന്നു. ജാതീയമായി സാകല്യേന പൗരസ്ത്യവും, പ്രാധാന്യത്തെ സംബന്ധിച്ചിടത്തോളം പ്രശ്രുതതമവുമായ ക്രിസ്തുചരിതത്തെ അടിസ്ഥാനപ്പെടുത്തിയുള്ള പ്രസിദ്ധദൃശ്യകാവ്യങ്ങൾ കേരളത്തിലെന്നല്ല, ഭാരതത്തിൽതന്നെ ഉണ്ടെന്നു തോന്നുന്നില്ല.

ക്രിസ്തുനാഥന്റെ ദിവ്യത്വവും ദിവ്യസുതചരിതത്തിന്റെ അന്യാദൃശ പരിപാവനതയുംമൂലം അതിനെ യഥാവിധി പ്രകടിപ്പിക്കാൻ പ്രാപ്തരായ നാടകകൎത്താക്കളുടെ വിരളതയും അംഗുലീപരിമിതിയിലൊതുങ്ങുന്ന വിദഗ്ദ്ധനാടകകവികൾക്കു് ഏതെങ്കിലും കാരണത്താല് ഈ ഇതിവൃത്തം സ്വീകാര്യമായ് തോന്നാഞ്ഞതും ഏതദ്വിഷയകമായ നാടകങ്ങളുടെ അഭാവത്തിനു നിമിത്തങ്ങളായി നിൎദ്ദേശിക്കാവുന്നതാണ്. ഏതായാലും ഈ വലിയ കുറവിനെ യാഥാൎത്ഥ്യേന മനസ്സിലാക്കി ഒരുത്തമസാഹിത്യപ്രണയിയും അനുഗൃഹീത നടാഗ്രണിയുമായ ശ്രീമാൻ കൈനിക്കര പത്മനാഭപിള്ള അവർകൾ തന്റെ പത്തുപതിനെട്ടു കൊല്ലത്തെ സാവധാനമായ പഠനധ്യാനമനനങ്ങളുടേയും അക്ഷീണഗവേഷണങ്ങളുടേയും ആശാസ്യഫലമായി സകലലോകോജ്ജീവകവും സമസ്തശുഭസന്ദായകവുമായ ക്രിസ്തുദേവചരമത്തെ 'കാൽവരിയിലെ കല്പപാദപം' എന്ന സാൎത്ഥകനാമത്തില് അതീവ ഹൃദ്യവും പ്രൗഢോജ്ജ്വലവുമായ ഒരു ഗദ്യനാടകമാക്കി പാകപ്പെടുത്തിയിട്ടുള്ളതിനെ സഹൃദയസമക്ഷം സമൎപ്പിക്കുവാനുള്ള ഒരു നിസ്തുല ഭാഗ്യമാണ് എനിക്കിപ്പോൾ കൈവന്നിരിക്കുന്നതു്. ഇതിവൃത്തപരമായി ഈ കൃതി ഒരു നൂതനപ്രസ്ഥാനംതന്നെയാണ്. കൈരളിയില് അവതരിപ്പിക്കുന്നതെന്നോൎക്കുമ്പോൾ, ക്രൈസ്തവരും ക്രൈസ്തവേതരുമായ നിരവധി നിരൂപകന്മാരുടെ ഭിന്നരുചിദ്യോതകങ്ങളായ ഖണ്ഡനമണ്ഡനങ്ങൾക്കു് ഈ കല്പവൃക്ഷം വിഷയീഭവിക്കുമെന്നുള്ളതിൽ പക്ഷാന്തരത്തിനു വഴിയില്ല.

ഗുരുതരങ്ങളായ ഇതരജോലികൾക്കിടയിൽ ഈ ഗ്രന്ഥം തൽകൎത്താവുതന്നെ ഒരുപ്രാവശ്യം എന്നെ വായിച്ചുകേൾപ്പിക്കയും, അനന്തരം ദ്രുതഗതിയിലെങ്കിലും എന്റെ ഒരു സ്നേഹിതൻമുഖേന ഇതൊരിക്കൽക്കൂടി വായിക്കയും ചെയ്തെങ്കിലും വിഷയഗൗരവത്തിനു തക്ക ഒരു സൂക്ഷ്മപഠനം നിഷ്കൎഷിച്ചു നടത്തുവാൻ എനിക്കു സാധിച്ചിട്ടില്ലെന്നു സംവദിച്ചേ മതിയാവൂ. ഗ്രന്ഥകൎത്താവിന്റെ നിൎബ്ബന്ധംനിമിത്തം ഈ അവതാരിക അല്പം തിടുക്കത്തില് തീൎക്കുവാനാണിടയായതു്.

ഇതിവൃത്തത്തെ സംബന്ധിച്ചിടത്തോളം 'കല്പപാദപ'ത്തിന്റെ 'മൂലം' വിശുദ്ധലിഖിതങ്ങൾതന്നെ. എന്നാല്, നിതാന്തസംക്ഷിപ്തമായ 'വേദപുസ്തക'ത്തിലെ വസ്തുതാംശത്തോടു് കവികല്പിതങ്ങളായ ചില ഭാഗങ്ങൾ, നാടകകാരന്റെ നിരങ്കുശതയോടും എന്നാല് സനാതനതത്വങ്ങൾക്കോ വിശ്വാസസത്യങ്ങൾക്കോ അവിരുദ്ധമായും ഇതിൽ ചേൎത്തിണക്കീട്ടുണ്ടു്. അത്ഭുതപ്രവൎത്തനങ്ങളാലും അപാൎത്ഥിവചൈതന്യത്താലും ലോകാഭിവന്ദ്യനായി, 'യഹൂദന്മാരുടെ രാജാ'വെന്നു സ്വയം പ്രഖ്യാപിതനായിത്തീൎന്ന നസ്രായക്കാരൻ യേശുവിനെ കയാഫ്ാസ് പ്രമുഖന്മാരായ ഇസ്രായേല്പുരോഹിതന്മാർ വധിക്കുന്നതിനു ശ്രമിക്കുന്നതും ക്രിസ്തുശിഷ്യന്മാരിലൊരുവനായ ജൂഡാസിനെ അവർ വശത്താക്കുന്നതും ആ സ്വാമിദ്രോഹി മുപ്പതു വെള്ളിക്കാശു പുരോഹിതന്മാരില്നിന്നു പ്രതിഫലംപററി

തന്റെ ദിവ്യഗുരുനാഥനെ ചുംബനംവഴിയായി പടയാളികൾക്കു ചൂണ്ടിക്കാണിക്കുന്നതും, യേശു സ്വസമ്മതത്തോടുകൂടിത്തന്നെ ബദ്ധനാകുന്നതും, യഹൂദപ്രമാണികൾ പിലാത്തോസിനെ ഭയപ്പെടുത്തി യേശുവിനെ കുരിശിൽ തൂക്കുവാൻ വിധിപ്പിക്കുന്നതും, പ്രകൃതിയുടെ പ്രകമ്പനങ്ങൾക്കിടയിൽ മരിച്ച പ്രകൃതിനാഥൻ തൻെറ പ്രവചനത്തിനനുസരിച്ച് മൂന്നാംദിനം പുനരുജ്ജീവിക്കുന്നതും—എല്ലാം ബൈബിളിലെ വസ്തുതകൾതന്നെ.

കേവലം മുപ്പതു വെള്ളിക്കാശിനുവേണ്ടിമാത്രം ജൂഡാസ്തന്നെയും യേശുവിനെ ശത്രുകരങ്ങളിൽ അപ്പിക്കുമോ എന്ന സംഗതി ബൈബിൾനിരൂപകരായ പലേ പണ്ഡിതന്മാരുടേയും പരിചിന്തനത്തിനു വിഷയീഭവിച്ചിട്ടുള്ളതാണ്. വിഫലീകൃതമോ, ശിഥിലീകൃതമോ ആയ ഏതോ ദുരാശയുടെ ദുഷ്പ്രേരണയാലോ, പുരോഹിതന്മാരുടെ ഗൂഢതന്ത്രങ്ങൾക്ക് വശഗനായിട്ടോ ആയിരിക്കണം ഒരു നിസ്സാരതുകയ്ക്കായ് മുപ്പതു വെള്ളിക്കാശു കോഴപററി ജൂഡാസ് അതിനിന്ദ്യമായ ആ പ്രതാരണം നിവ്വഹിച്ചതെന്നാണ് അവരുടെ അഭ്യൂഹം. ഇതനുസരിച്ച് ഈ നാടകകത്താവും തൻെറ കൃതിക്കു സംഭവ്യതാഗുണം വദ്ധിപ്പിക്കുവാൻ ജൂഡാസിൻെറ നിസ്സീമവാത്സല്യത്തിനു ഭാജനമായി ജൂഡിത് എന്നൊരു സഹോദരിയെ സൃഷ്ടിക്കുന്നു. ജഗന്മോഹിനിയായ ഈ യുവതിയുടെ ജാരന്മാരായിരുന്നു കയാഫ്ാസ്പ്രഭൃതികളായ തദാനീന്തനയഹൂദപ്രമാണികളെന്നും, സാന്മാഗ്ഗികതത്വങ്ങളെ സംബന്ധിക്കുന്ന അത്യുൽക്കടനിയമങ്ങൾ പ്രസംഗിച്ചതിനാലും തൻെറ ഏകസഹോദരനെ ശിഷ്യനാക്കി തന്നിൽനിന്നപഹരിച്ചതുമൂലവും ഈ മഹാവേശ്യയ്ക്കു് യേശുമഹേശനോടു് തീരാവൈരം ജനിച്ചുവെന്നും, ഇവളുടേയും കയാഫ്ാസ് പ്രമുഖരുടേയും ഉപജാപങ്ങളിലുത്ഭവിച്ച കുപ്രചോദനങ്ങളാല് ജൂഡാസ് യേശുവിനെ മുപ്പതു വെള്ളിക്കാശു കൈക്കൂലിപററി പ്രതിയോഗികൾക്കപ്പിച്ചുവെന്നുമുള്ള ഒരു കല്പിതാംശമാണ് കവി ഇതിൽ കൂട്ടിച്ചേത്തിട്ടുള്ളതു്. 'വെള്ളയടിച്ച ശവകുടീരങ്ങ'ളെന്നു്, കയാഫ്ാസ് തുടങ്ങിയുള്ള അന്നത്തെ യഹൂദപ്രമാണികൾ സവ്വജ്ഞനായ യേശുവിനാൽ അന്നു പരസ്യമായി അധിക്ഷിപ്തരായിരുന്ന കഥയോക്കുമ്പോൾ ജൂഡിത്തിനെ സംബന്ധിക്കുന്ന കഥാംശം എത്രയും യുക്തിയുക്തവും സംഭവ്യവുമെന്നതിനു തക്കമില്ല. മേരി കോർലിയുടെ 'ബാറബ്ബാസ്' എന്ന ആഖ്യായികയിൽനിന്നാണെന്നു തോന്നുന്നു ഈ കവിക്കു് ജൂഡിത്തിനെപ്പററിയുള്ള സങ്കല്പമുണ്ടായിട്ടുള്ളതു്. എന്നാല് ബാറബ്ബാസ്സിലെ ജൂഡിത്തിൽനിന്നു സവിശേഷം ഭിന്നയായിട്ടാണു 'പാദപ'ത്തിലെ ജൂഡിത് ചിത്രിതയായിരിക്കുന്നതെന്നുള്ളതു്; ഗ്രന്ഥകത്താവിൻെറ അസന്ദാനിതമായ വിഭാവനാഗതിയെ കാണിക്കുന്നു.

പ്രതിപാദനരീതിയെ സംബന്ധിച്ചിടത്തോളം ഈ നാടകതല്ലജം എത്രതന്നെ പ്രശംസിക്കപ്പെട്ടാലും മതിയാകുന്നതല്ല. വിഷയത്തിൻെറ ഗൗരവവും കഥാപാത്രങ്ങളുടെ ലോകോത്തരഗാംഭീര്യവും

നിനയ്ക്കുമ്പോൾ ആദ്യന്തം പ്രായേണ പ്രൗഢമായ ഒരു ഭാഷാസരണിയെ സ്വീകരിച്ചതിൽ രചയിതാവിൻെറ ഔചിത്യബോധം സർവ്വഥാ അഭിനന്ദനീയമാണ്. ''തള്ളിത്തിങ്ങിക്കലങ്ങിപ്പെരുകി'' ഉരുണ്ടുയരുന്ന വികാരപരമ്പരകൾ പരസ്പരം തിരതല്ലുമ്പോൾ കക്ശങ്ങളായ വ്യാകരണനിയമങ്ങളെ ഇടിച്ചു തകർത്തുകൊണ്ടു് കയർത്തുകയറുന്ന അനിരുദ്ധശബ്ദപ്രവാഹംതന്നെയാണ് ആശയപ്രകാശനത്തിന് അതിതരാം അനുകൂലിക്കുന്നതെന്നുള്ള സാഹിത്യതത്വം ഇതിലെ പല ഭാഗങ്ങളും സ്പഷ്ടമാക്കുന്നുണ്ട്. പ്രസിദ്ധ ഗദ്യകാരനായ കാർലൈലിൻെറ അശൃംഖലിതവും വ്യാകരണാതീതവുമായ ഭാഷാരീതി ആംഗലസാഹിത്യോപാസകന്മാർക്ക് അപരിചിതമല്ലല്ലൊ.

ആമൂലാഗ്രം സാമാന്യേന ഗദ്യഭാഷയെ അംഗീകരിച്ച ഉചിതജ്ഞനായ കവി, സുകുമാരവികാരങ്ങളുടെ സ്വച്ഛന്ദവും പ്രശാന്തവും സാവധാനവും ഗീതോദ്പാദകവുമായ മുട്ടലയാനത്തെ പ്രതിഫലിപ്പിക്കേണ്ട അപൂർവ്വസന്ദർഭങ്ങളിലെ ആപാതമധുരങ്ങളായ ചില ഗാനവല്ലരികൾ ഔചിത്യപൂർവ്വം തൊടുത്തിട്ടുള്ളതു് അനവദ്യവും അനവദ്യവുമെന്നുമാത്രമല്ല ആശാസ്യവും അത്യുത്തമവുമായിട്ടുണ്ട്.

വികാരോദ്ദീപകമായി വിവിധ രസങ്ങളെ പ്രകടിപ്പിക്കുകയെന്നുള്ളതു് ഏതൊരു സാഹിത്യകാരൻെറയുമെന്നപോലെ നാടകകൃത്തിൻേറയും കർത്തവ്യമത്രെ. ഗ്രന്ഥകാരൻെറ ഭാവനാഭിത്തിയിൽ തട്ടി പ്രതിഫലിക്കുന്ന വികാരവീചികൾതന്നെയാണല്ലോ ഭിന്നരസപ്രദർശകരായ കഥാപാത്രങ്ങൾ പ്രകാശിപ്പിക്കുന്നതു്. സുവിശേഷപ്രകീർത്തിതനായ ക്രിസ്തുവിൻെറ, ഏകകാലത്തിൽത്തന്നെ മാനുഷവും എന്നാല് ഐശ്വര്യവുമായ ധർമ്മധീരപ്രശാന്തത അവാച്യവും അത്ഭുതാവഹവുമായ താദാത്മ്യത്തോടുകൂടി പ്രകടിപ്പിക്കുവാൻ ക്രിസ്ത്യേതരനായ മി. പത്മനാഭപിള്ളയ്ക്കു കഴിഞ്ഞിട്ടുണ്ടെന്നു പറഞ്ഞാല് അതുതന്നെ അദ്ദേഹത്തിൻെറ അനന്യോപലഭ്യമായ കലാകുശലതയ്ക്കും സൂക്ഷ്മനിരീക്ഷണവിചക്ഷണതയ്ക്കും പ്രകൃതിനിർദ്ധാരണനൈപുണിക്കും മൂർദ്ധാഭിഷിക്തോദാഹരണമാണ്. കയാഫ്ാസിൻേറയും ജൂഡിത്തിൻേറയും വൈരനിര്യാതനാർത്ഥമുള്ള കുതന്ത്രങ്ങളെ പ്രകാശിപ്പിക്കുന്ന പ്രഭാഷണങ്ങളിലും പരിസ്ഫുരിക്കുന്ന രൗദ്രരസവും, അധർമ്മാചരണത്താല് പ്രക്ഷുബ്ധമായിത്തീർന്ന അന്തഃകരണംനിമിത്തം പരിഭ്രാന്തരായ ജൂഡാസ്, പിലാത്തോസ്, കയാഫ്ാസ്, ജൂഡിത് മുതലായവരുടെ ഉന്മത്തപ്രലപനങ്ങളില് ബീഭത്സഭയാനകങ്ങളുടെ സങ്കലനംകൊണ്ടും കപാലഗിരിയിലെ പരമയജ്ഞവേളയിലുള്ള പ്രകൃതിക്ഷോഭരംഗത്തില് അനുഭൂതമാകുന്ന ഭയാനകാത്ഭുതങ്ങളുടെ സമ്മേളനംകൊണ്ടും ഉണ്ടാകുന്ന മിശ്രരസവും, രാജാധികാരദ്യോതങ്ങളായ ചില പ്രഭാഷണങ്ങളില് റോമൻഗവൺമെൻറിലും ജനഹിതപ്രകാശകങ്ങളായ ചില ഭാഷണങ്ങളില് കയാഫ്ാസിലും കാണുന്ന വീരരസവും, മഗ്ദലനമറിയം, ജൂഡിത്, ജറുസലേംപുത്രിമാർ മുതലായവരുടെ വിലാപങ്ങളിലും, വിശിഷ്യ, യേശുവിൻെറ കപാലമലയിലേക്കുള്ള യാത്ര

യിലും ക്രൂശാരോഹണത്തിലും അനുഭവപ്പെടുന്ന കരുണരസവും, അരാതികളുടെ ഉപാലംഭങ്ങളിൽ സർവ്വത്ര കളിയാടുന്ന ഹാസ്യരസവും മി. പിള്ളയുടെ 'പാരിജാത'ത്തിലുള്ള രസവൈവിദ്ധ്യത്തിനുത്തമലക്ഷ്യങ്ങൾതന്നെ.

ഈ കൃതിയില് ശൃംഗാരത്തിനുള്ള സ്ഥാനത്തെപ്പററിയാണ് അടുത്തപടിയിൽ ചിന്തിക്കാനുള്ളത്. പ്രശാന്തവിരാഗിയും സനാതനബ്രഹ്മചാരിയുമായ ക്രിസ്തുദേവൻെറ ചരിത്രത്തില് ശൃംഗാരപ്രകാശകങ്ങളായ രംഗങ്ങൾ തികച്ചും അസ്ഥാനങ്ങളാണെന്നു ശഠിക്കുന്ന ചിലരുണ്ടായിരിക്കാം. വിശ്വമോഹിനിയായ ജൂഡിത്തിൻെറ ലീലാവിലാസങ്ങൾ പ്രകടിതങ്ങളാകുന്നിടത്തെ ശൃംഗാരത്തെപ്പററി ചിന്തിക്കുക തന്നെ. സങ്കല്പകല്പിതയായ ഈ 'പ്രതിനായിക'യുടെ ആവശ്യൗചിത്യങ്ങളെപ്പററി നേരത്തെ പ്രസ്താവിച്ചിട്ടുള്ളതാണ്. നിതാന്തനിസ്സംഗനായ 'നസ്രേത്തിലെ യോഗി' ഏകാന്തപ്രേമപൂർവ്വം ആഘ്രാണിച്ചിരുന്ന ആത്മസുരഭിലസുമം തന്നെയാണ് ചാരിത്രം. ഈ സ്വർഗ്ഗീയസൂനപ്രവേകത്തെ, ശരീരികളെസ്സംബന്ധിച്ചിടത്തോളം കേവലം അപ്രാപ്യവും തന്നിമിത്തം അയഥാർത്ഥവുമായ ഒരുതരം മൃഗതൃഷ്ണികയെന്ന് സാവജ്ഞം സങ്കല്പിച്ച 'പുറംതള്ളിയ' ജൂഡിത്തിനു് യേശുവിനോടുണ്ടാകാവുന്ന വിദ്വേഷം എത്രതന്നെ ഉല്ക്കടമായിരിക്കയില്ല! ജൂഡിത്തും അവളുടെ 'രഹസ്യക്കാരും' ക്രിസ്തുവിനെ വെറുത്തതു് അദ്ദേഹം ഒരു അചഞ്ചലധർമ്മപ്രബോധകനായിരുന്നതുകൊണ്ടുമാത്രമത്രെ. വിഷയസുഖങ്ങളുടെ ന്യായാതിരിക്തവും അപ്രതിഹതവുമായ മൃഗീയാനുഭോഗത്തിനുവേണ്ടി അന്ധമായ പ്രതികാരത്തെ സംഭരിച്ച് ധർമ്മത്തെ തുരത്താൻ ശ്രമിക്കുകയെന്നുള്ളതു ലോകത്തിൽ അശ്രുതപൂർവ്വമല്ല. ജീവിതത്തിൻെറ അശുദ്ധവും പരിശുദ്ധവുമായ വശങ്ങളെ പ്രകടിപ്പിക്കുവാൻ നിർബ്ബന്ധിതനായ കവിക്കു ജൂഡിത്തിനെ രംഗപ്രവേശം ചെയ്യിച്ച് അവളുടെ തനിനിറം വെളിപ്പെടുത്താതെ നിവൃത്തിയില്ല. അധാർമ്മികമായ ഈ വശം ധാർമ്മികമായ മറുവശത്തിനു മാററുകൂട്ടുന്നതേയുള്ളു. പരഭാഗംകൊണ്ടു വസ്തുക്കൾക്കു ശോഭ കൂടുമല്ലൊ. വിലാസവതിയായ ഒരു മഹാഗണികയെ ഇത്രമാത്രം സഭ്യതയോടുകൂടി പ്രകടിപ്പിച്ച് അവളുടേയും അവളെസ്സംബന്ധിച്ചവരുടേയും ജീവിതത്തിൻ്റെ ദുർഗ്ഗന്ധദുസ്സഹമായ അശ്ലീലതയെ പഠിതാക്കളുടേയും പ്രേക്ഷകന്മാരുടേയും ഭാവനാമുകുരത്തിൽ പ്രതിഫലിപ്പിക്കയും അങ്ങനെ, യഹൂദപ്രമാണികളെപ്പററി ക്രിസ്തുനാഥൻ പ്രയോഗിക്കാറുണ്ടായിരുന്ന 'ധവളീകൃത ശവഗർത്തങ്ങൾ' എന്ന പദങ്ങളുടെ അർത്ഥവ്യാപ്തി സരസമായി വ്യാഖ്യാനിക്കയുംചെയ്ത ഗ്രന്ഥകാരൻ ശ്ലാഘനീയൻതന്നെ.

ഈ 'ലോകമോഹിനി'യുടെ ദുർവ്വിലാസങ്ങളിൽ കാണുന്ന ദൂഷിച്ച രസവിശേഷമാണ് രസകുലചക്രവർത്തിയായ സാക്ഷാൽ ശൃംഗാരമെന്നു് ആരും തെററിദ്ധരിക്കരുതു്. സാക്ഷാത്തായ സ്നേഹത്തിൻ്റെ—അനവദ്യമായ പ്രേമത്തിൻെറ—യഥാർത്ഥപ്രകടനമുള്ളിടത്തുമാത്രമേ ശൃംഗാരത്തിനു പ്രസക്തിയുള്ളുവെന്നാണു തോന്നുന്നതു്. ''സ്നേഹം

എങ്ങനെയിരിക്കും?'' എന്നു കൂസൽകൂടാതെ ചോദിക്കുന്ന ജൂഡിത്തിൻെറ ചേഷ്ടാവിശേഷങ്ങടം സാക്ഷാൽ ശൃംഗാരപ്രദ്യോദകമാണോ? ഉചിതജ്ഞനായ ഗ്രന്ഥകാരൻ തത്താദൃശയായ,—സ്നേഹമെന്തെന്നറിയാൻ വയ്യാത്ത—ആ കുലടാകുലകൂടസ്ഥയെ അഞ്ചാംരംഗത്തിൽ കാണിച്ചുതന്നതിനുശേഷം, ഇതാ അടുത്ത രംഗത്തിൽ മേരീമഗ്ദലേനെ പ്രവേശിപ്പിച്ചുകൊണ്ടു് സാക്ഷാൽ സ്നേഹത്തിൻെറ, അസങ്കരമായ നിഷ്കാമദിവ്യപ്രേമത്തിൻെറ, മാതിരിയും മാധുര്യവും നമ്മെക്കാണിക്കുന്നു. ഇവിടെയാണു് വിശിഷ്ടമായ—കലപ്പില്ലാത്ത,—ശൃംഗാരം അതിൻെറ അമൂല്യദിവ്യഭൂഷകളോടുകൂടി ആടിപ്പാടുന്നതു്. ഈ രംഗം ദശിക്കുമ്പോഴത്രെ ഏതു സഹൃദയനും താനറിയാതെ ''സ്നേഹമാമഖിലസാരമൂഴിയിൽ'' എന്നുരുവിട്ടുപോകുന്നതും. ഐഹികത്തിലേതന്നല്ല ആമുഷ്മികത്തിലേയും അഖിലസാരമായ ഈ അകളങ്കസ്നേഹത്തിൻെറ സിംഹാസനത്തിലിരുന്നു് അഖിലാണ്ഡകടാഹത്തെ ഭരിച്ചാനന്ദിപ്പിച്ചുപോരുന്ന യഥാത്ഥശൃംഗാരത്തെത്തന്നെയായിരിക്കണം സൂക്ഷ്മദൃക്കുകളായ പൗരസ്ത്യഷിമാർ 'രസരാജ'പട്ടംകെട്ടിച്ചിട്ടുള്ളതു്. ഒരുകാലത്തു ജൂഡിത്തിനെപ്പോലെതന്നെ സ്നേഹമെന്തെന്നറിയാതെ പേക്കൂത്താടിനടന്നിട്ടു് ഒടുവിൽ പ്രേമസ്വരൂപനായ ക്രിസ്തുഭഗവാനിൽനിന്നു് യഥാത്ഥസ്നേഹത്തിൻെറ മാധുര്യം ഗ്രഹിച്ചു് 'നിത്യകല്യാണി'യായിത്തീന്ന മേരീമഗ്ദലേനെ മി. പത്മനാഭപിള്ള സാക്ഷാൽ സംസ്കാരകാരകമായ ശൃംഗാരരസവിധാനത്തോട്കൂടിത്തന്നെ ചീത്രികരിച്ചിട്ടുണ്ടു്.

മഹത്തമവും അഭൗമവുമായ ശൃംഗാരത്തിൻെറ പരമകാഷ്ഠതന്നെയാണു് ശാന്തി അഥവാ ശാന്തരസം. ഇതുതന്നെയാണു് ഈ 'കല്പപാദപ'ത്തിലെ അംഗിയായ രസവും. ധമ്മധീരശാന്തനായകനായ ക്രിസ്തുവിൻേറയും, അപൂവ്വം ചില സന്ദർഭങ്ങളിൽ പ്രത്യക്ഷയാകുന്ന കന്യാംബയുടേയും അലോകസാധാരണനായ 'മെല്ഷ്യറി'ൻേറയും സംഭാഷണങ്ങളിൽ അവിച്ഛിന്നമായി പ്രദശിതമാകുന്ന ശാന്തരസം പ്രേമജന്യമായ പരാത്ഥതയില്നിന്നുണ്ടാകുന്ന മഹാസഹനത്തില്തന്നെയാണല്ലൊ അന്തർഭവിച്ചിരിക്കുന്നതു്. ഗദ്സേമ്മനിലെ യേശുവിൻെറ പ്രാത്ഥനാരംഗങ്ങളും, കാൽവരിയിലെ സഹനവും മിതഭാഷണങ്ങളും, അത്ഭുതരസത്തോടെ നിവ്വഹിക്കപ്പെടുന്ന അന്തരംഗത്തില് ക്രിസ്തുവിൻെറ ശാന്ത്യച്ചാരണവും ഈ ശാന്തരസത്തെ എത്ര ഹൃദ്യവും ഗംഭീരവുമായരീതിയില് പ്രദശിപ്പിക്കുന്നില്ല!

പാത്രസൃഷ്ടിയില് കവി വരുത്തിയിട്ടുള്ള വൈചിത്ര്യവും ദീക്ഷിച്ചിട്ടുള്ള ഔചിത്യവും എത്രയെന്നാണിനി പരിശോധിക്കുവാനുള്ളതു്. നായകനായ യേശുവിനെ സുതരാം സുന്ദരനും നിതരാം ഗംഭീരനും അതിമാത്രം പ്രശാന്തനുമായി കവി ചിത്രീകരിച്ചിരിക്കുന്നു. ദിവ്യനും ധമ്മധീരനുമായ ക്രിസ്തു ആശയപുഷ്കലങ്ങളായ തൻെറ മിതഭാഷണങ്ങളിൽ മനുഷ്യനായ അമാനുഷനായിത്തന്നെ പ്രശോഭിക്കുന്നു. നായികാപീഠത്തിൽ ആരെയാണു പ്രതിഷ്ഠിച്ചിരിക്കുന്നതെന്നുള്ളതു്

തീരെ സന്ദേഹാതീതമല്ല. കന്യാംബികയെ ഇതില് വളരെ ചുരുക്കം സന്ദർഭങ്ങളില് മാത്രമേ രംഗപ്രവേശം ചെയ്യിച്ചിട്ടുള്ളുവെങ്കിലും പരിപൂൎണ്ണമനുഷ്യത്വത്തെ പ്രതിനിധീകരിക്കുന്ന ആ ദേവിയെ എത്രയും വിജയപൂൎവ്വം ചിത്രീകരിക്കുവാൻ ഗ്രന്ഥകാരനു കഴിഞ്ഞിട്ടുണ്ടു്. താദൃശ്യനായ ഏകസുതൻെറ നിസ്സീമപീഡാനുഭവത്തെ അവൎണ്ണ്യസഹനത്തോടെ സഹിക്കുന്ന ആ ചാരിത്ര്യധാമത്തിൻെറ പ്രശാന്തകോമളമായ വ്യക്തിത്വം നായകനായ ക്രിസ്തുവിൻെറ അമ്മയ്ക്കനുയോജ്യമായ വിധത്തില് ചിത്രിതമായിരിക്കുന്നു. ക്രിസ്തുവിൻെറ പരമയജ്ഞത്തെ നിൎവ്വഹിക്കുന്നതില് സ്വപുത്രോചിതമായ ഉത്കൃഷ്ടീകസഹനത്തോടുകൂടി സഹകരിച്ചു സഹായിച്ചിട്ടുള്ള ധൎമ്മധീരപ്രശാന്തയെന്നനിലയില് 'പാദപ'ത്തിലെ നായികാത്വത്തിനു് ഈ ദിവ്യാംബതന്നെയാണ ൎഹയായിട്ടുള്ളതു്; കറയററ ദിവ്യപ്രേമത്തിനു വിധേയയായി.

''മാനസം ഭഗവദംഘ്രിപങ്കജ—

ധ്യാനധാരയിലുറ''പ്പിച്ചു പ്രത്യക്ഷയാകുന്ന മേരിമഗ്ദലേനെ വളരെ മനോഹരമായ ഒരു കഥാപാത്രമായിത്തന്നെ കവി സൃഷ്ടിച്ചിരിക്കുന്നു.

സൗന്ദര്യത്തിൻെറ ഉന്മാദത്താലും സംവരണങ്ങളുടെ ദുഃപ്രേരണയാലും ഒരു മഹാവേശ്യയായിത്തീൎന്ന ജൂഡിത്തിനേയും മറെറാരുതരത്തിൽ മി. പിള്ള എത്രയും ഹൃദ്യമായി ചിത്രിച്ചിട്ടുണ്ടു്. ക്രിസ്തുവിനെ നിഹനിക്കുന്നതിനു് സൎവ്വാത്മനാ പ്രയത്നിക്കുന്ന ഒരു പ്രതിനായികയായിട്ടാണു് കൽപ്പപാദപം കാൽവരിയിൽ പ്രതിഷ്ഠിതമാകുന്നതുവരെ അവളെ നാം കാണുന്നതു്. അവളുടെ പരിശ്രമം തളിൎത്തു്, പൂത്തു്, സാഫല്യമടഞ്ഞു. എന്നാൽ യേശുവിൻെറ മരണവും ജൂഡാസിൻെറ ആത്മഹത്യയും ദൎശിച്ചതോടുകൂടി ജൂഡിത് പാടേ പകരുന്നു. സ്നേഹമെന്തെന്നറിയാതിരുന്ന ആ കുട്ടിനിക്കു് സ്നേഹാവിഷ്കരണമുണ്ടായി! സ്നേഹസ്വരൂപനായ പ്രാണനാഥനെ കണ്ടുകിട്ടാഞ്ഞുള്ള ദുസ്സഹദുഃഖത്തിൽ വിധേയ്യായി അങ്ങനെ ദിവ്യവും അദൃഷ്ടപൂൎവ്വവുമായ വിപ്രലംഭശൃംഗാരത്താല് വിഭൂഷിതയായി സൎവ്വക്കും അഭികാമ്യയായ സംസ്കൃതമോഹിനിയായി പശ്ചാത്താപപരിപൂതയായ മേരീമഗ്ദലേൻെറ പരിപാവനാങ്കതലങ്ങളില് ശിശുസമാനയായി പ്രത്യക്ഷപ്പെടുന്ന ജൂഡിത്തിനെത്തന്നെ ആയിരിക്കണം കവി നായികയായി ഉദ്ദേശിച്ചിരിക്കുന്നതു്.

യേശുവിൻെറ മരണമൂലം വ്യക്തിഗതവും ക്ഷിപ്രകൃതവുമായ ഒരു പരിവൎത്തനസാകല്യത്തിനു് വിഷയീഭൂതയായ ജൂഡിത്തിനെക്കൂടാതെ ജൂഡാസ്, ബാറബാസ് എന്ന രണ്ടു കഥാപാത്രങ്ങളേയും, രണ്ടു പ്രത്യേകരീതികളില് ക്രിസ്തുവിൻെറ ചരമം സ്പൎശിച്ചു രൂപാന്തരപ്പെടുന്നതായി കവി പ്രാഗത്ഭ്യത്തോടെ ചിത്രീകരിക്കുന്നു. യേശുവിൻെറ ദിവ്യത്വത്തെ പിലാത്തോസിൻെറ അരമനമുതല് അല്പാല്പമായി ഗ്രഹിക്കയും, മെല്ഷ്യറിൻെറ പ്രേരണയോടുകൂടി, ജൂഡിത്തിൻെറ വഞ്ചനാദുഷ്ടമായ ഹൃദയത്തിലെ പ്രേമാഭാസത്തിനുള്ള തിക്തതമമായ ദുസ്സഹ

രസത്തെ കണ്ടറിഞ്ഞു് തന്റെ പാപമാർഗ്ഗങ്ങളെ പരിപൂർണ്ണമായി ത്യജിക്കയും, ഇങ്ങനെ സാവധാനം മാനസാന്തരം പ്രാപിക്കയുംചെയ്യുന്ന ഒരു സാധാരണപാത്രമായിട്ടാണു് കുലടാസേവനം കൊലപാതകിയുമായ ബാറബാസിനെ കവി നമുക്കു കാണിച്ചുതരുന്നതു്. പ്രാപഞ്ചികമായ മമതാബന്ധങ്ങൾക്കു വിധേയനായി, ഭൗമികമായ ദുരാശകളുടെ പ്രലോഭനങ്ങൾമൂലം അസ്വസ്ഥചിത്തനായി, അന്തഃകരണത്തിന്റെ സുസ്പഷ്ടമായ പ്രേരണകളേയും ദിവ്യാവിഷ്കരണങ്ങളേയും വിഗണിച്ചു മുക്കിക്കൊന്നു്, ഏകകാലത്തിൽ പരവഞ്ചനയും ആത്മവഞ്ചനയും അനുഷ്ഠിച്ചതിന്റെശേഷം ഒടുവിലു് നൈരാശ്യഗർത്തത്തിലാണ്ടു് ആത്മനാശമനുഭവിക്കുന്ന ഒരു 'ഗുരുദ്രോഹി'യുടെ ഭയങ്കരാവസ്ഥയാണു് ജൂഡാസിലു് കവി രേഖപ്പെടുത്തിയിരിക്കുന്നതു്.

അസാന്മാർഗ്ഗികജീവിതത്തിന്റെ അവ്യാഹതമായ പുരോഗമനത്തിനുവേണ്ടി നീതിയെ നിർദ്ദയമായി നിഹനിച്ചു് പൗരോഹിത്യത്തിന്റെ പരിപാവനതയെ മലീമസമാക്കി അവസാനനിമിഷംവരെ പശ്ചാത്താപപ്രതിഷേധിയായി വൈചിത്ര്യമടയുന്ന കയാഫ്ാസും, ധർമ്മധീരതയുടെ അഭാവത്താലു് പരപ്രേരണസ്സുടിമയായി അധർമ്മം പ്രവർത്തിച്ചു് അന്തരാത്മാവിൽ അനന്താസ്വാസ്ഥ്യമനുഭവിക്കുന്ന പിലാത്തോസ്ഗവർണ്ണരും യഥായോഗ്യം ചിത്രീകൃതരായിട്ടുണ്ടു്.

ഉപരിപ്രവൃദൃഷ്ട്യാ അകാരണമായും, സാമാന്യരീത്യാ അവ്യാഖ്യേയമായും അന്തരംഗത്തിൽ അന്തരാന്തരാ പൊന്തിവരുന്ന പ്രചോദനവിശേഷങ്ങളെ രംഗപ്രകടനം ചെയ്യുന്നതിനു് ചില പാശ്ചാത്യനാടകകാരന്മാരെ അനുകരിച്ചു സൃഷ്ടിച്ചിട്ടുള്ള ഒരു അവ്യക്തപാത്രമാണു് മെല്ഷ്യർ. ഈയാളെപ്പോലെ ഊരുംപേരും ഇല്ലാതെ,—അല്ലെങ്കിൽ വെളിവാക്കാതെ,—കാണപ്പെടുന്ന ഗംഭീരാശയന്മാർ അലോകസാധാരണരെങ്കിലും കേവലം അസംഭവ്യരല്ല. അസാധാരണമായ ഒരു മഹാസംഭവത്തിന്റെ പ്രകടനത്തിലു് അസാധാരണനായ മെല്ഷ്യറിനെ അസാമാന്യവ്യക്തിതയോടുകൂടി സൃഷ്ടിച്ച മി. പത്മനാഭപിള്ളയുടെ ഔചിത്യബോധവും വിജയവും ഒരുപോലെ പ്രശംസനീയമായിരിക്കുന്നു.

ക്രൂശാരോഹണാനന്തരമുള്ള രംഗങ്ങളുടെ സാംഗത്യത്തെപ്പററി രണ്ടു വാക്കു പറയാതെ ഈ അവതാരിക ഒട്ടെങ്കിലും പൂർത്തിയാകയില്ല. ഏകധാ ശോകപര്യവസായിയും അന്യഥാ തോഷപര്യവസായിയുമായ കാൽവരിയിലെ മഹായജ്ഞത്തിന്റെ അന്ത്യത്തിലു് തത്കാർമ്മികന്റെ 'അവസാനിച്ചു'(Consummatum est)വെന്ന സമുചിതവും അർത്ഥനിർഭരവുമായ 'ഭരതവാക്യ'ത്തോടുകൂടി നാടകം സമാപിപ്പിക്കാമായിരുന്നുവെന്ന പക്ഷക്കാർ ഉണ്ടായേക്കാം. വികാരങ്ങളുടെ മൂർദ്ധന്യാവസ്ഥയിലുള്ള ഈ വിരാമം സാമാന്യതോതനുസരിച്ചു് കലാപരമായ ഒരു അവിശേഷിതവിജയത്തിലു് പര്യവസാനിക്കുമെന്നുള്ളതു തീർച്ചതന്നെ. എന്നാലു് അസാമാന്യനായകനോടുകൂടിയ 'കല്പപാദപ'ത്തെ സാമാന്യതോതുകൾകൊണ്ടു് കണ്ണുമടച്ചളന്നുകറിക്കുന്നതു്

അത്ര ശരിയായിരിക്കയില്ല. ക്രിസ്തുചരിതത്തിൽ ഉത്ഥാനരംഗം അന്യാദൃശപ്രാധാന്യമുള്ളതാണല്ലോ. മൂന്നാംദിനം താൻ പുനരുജ്ജീവിക്കുമെന്നുള്ള പ്രവചനത്തിന്റെ പൂർത്തീകരണംകൂടി കാണാതെ കഥയുടെ അവസാനം കണ്ടുവെന്നു പറഞ്ഞുകൂടാ. കപാലഗിരിവരെ വികാരതരളിതരായി കഴിഞ്ഞുകൂടുന്ന പ്രേക്ഷകരിൽ ഭക്തിരസത്തിന്റെ പ്രാശന്തവ്യാപാരങ്ങൾക്ക് അവസരം നൽകുന്ന രംഗങ്ങളും കുരിശാരോഹണാനന്തരമുള്ളവയത്രെ. ഉത്ഥാനരംഗം അത്ഭുതത്തിന്റേയും ആനന്ദത്തിന്റേയും ശാന്തിയുടേയും ഭക്തിയുടേയും സുഖസമ്മേളനംകൊണ്ട് അത്യന്തം ഹൃദ്യമായിരിക്കുന്നതിനുപുറമേ, നായകൻ, അഭികാമ്യമായ ശാന്തിവചസ്സുകളില്, നിതാന്തസുന്ദരമായ ഭരതവാക്യം ചൊല്ലി തിരോഭൂതനാകുന്നതുകൊണ്ട് ഈ അന്തിമരംഗങ്ങൾ സർവ്വഥാ സംഗതവും അനേകധാ അപരിത്യാജ്യവുംതന്നെ.

ഒരു ദൃശ്യകാവ്യമായ 'കല്പപാദപ'ത്തെ രംഗപ്രകടനം ചെയ്യുന്ന വിഷയത്തില് വളരെ നിഷ്കൃഷ്ം ചെയ്യേണ്ടതുണ്ട്. തികഞ്ഞ പാണ്ഡിത്യം, കറയററ സഹൃദയത്വം, വാസനായത്തവും അഭ്യസനോപാത്തവുമായ കലാകുശലത, മനുഷ്യലോകപ്രകൃതിനിദ്ധാരകമായ അപേക്ഷണദക്ഷത, സർവ്വോപരി അധർമ്മഭീരുവും സന്മാർഗ്ഗനിരതവുമായ സ്വഭാവവൈമല്യം—ഇത്യാദി ശ്രേഷ്ഠഗുണങ്ങളാൽ സവിശേഷം അനുഗൃഹീതരായ നടന്മാരുടെ സാവധാനവും ഏകാഗ്രവുമായ ചിരപരിശ്രമം 'പാദപ'ത്തിന്റെ വിജയശ്രീയുതമായ അരങ്ങേററത്തിനു് അവശ്യാവശ്യകമാണ്. പത്തു സംവത്സരത്തിലൊരിക്കൽ മാത്രം നടത്തപ്പെടാറുള്ള ക്രിസ്തുചരിതാഭിനയംകൊണ്ട് വിശ്വവിഖ്യാതമായിത്തീർന്നിട്ടുള്ള ഓബർ ആമർഗോൺഗ്രാമത്തിലെ (ജർമ്മനി) നിവാസികൾ പ്രസ്തുതാഭിനയത്തിനുവേണ്ടി ചെയ്യുന്ന സനിഷ്കൃഷ്ങ്ങളായ സജ്ജീകരണങ്ങൾ 'കല്പപാദപം' അഭിനയിക്കാൻ കരുതുന്നവർ അറിഞ്ഞിരിക്കേണ്ടതാണെന്നഭിവ്യഞ്ജിപ്പിക്ക മാത്രമേ, ഇപ്പോൾത്തന്നെ ക്രമാധികമായി ദീർഘിച്ചുപോയ ഈ അവതാരികയിൽ കരണീയമായുള്ളു. ഗ്രന്ഥകാരന്റെ നിർദ്ദേശങ്ങളെ അതിയാനം ചെയ്യും ഉല്ലംഘിച്ചുമുള്ള അനാശാസ്യമനോധർമ്മപ്രകടനങ്ങൾ പ്രായേണ 'അവതാള'ത്തിൽത്തന്നെയേ കലാശിക്കു. നാടകരംഗങ്ങളെ സദിർമണ്ഡപങ്ങളാക്കി അലങ്കോലപ്പെടുത്തുന്ന തമിഴ്നാടകക്കാരുടെ ഔചിത്യരാഹിത്യം മലയാളനാടകക്കാരിലും സംക്രമിച്ചുകഴിഞ്ഞിട്ടുണ്ട്. രഥാരൂഢനായി വില്ലും അമ്പും ധരിച്ച് സൂതസമേതം പ്രവേശിക്കുന്ന ദുഷ്ഷന്തമഹാരാജാവു് വേണമെങ്കിൽ ''വേഗമോടടവിയിൽ ധാവതി മാനിതാ'' എന്നോ മറേറാ പാടിത്തകർത്തുകൊള്ളട്ടെ! സഹിക്കാം. എന്നാൽ സർപ്പദംശമേററു മരിച്ച ഏകജാതന്റെ—ലോഹിതാശന്റെ—മൃതശരീരത്തോടുകൂടി അനുവാദംകൂടാതെ ചുടുകാട്ടിൽ കടന്ന ചന്ദ്രമതിയെ സമീപിക്കുന്ന ഹരിശ്ചന്ദ്രൻ—''ആണ്ടിത്തിരുചെംരൂർ വേലാണ്ടി''യോ ''ആണ്ടിപ്പണ്ടാര''മോ പാടി ''അപ്ലാസ്''' മേടിക്കുന്നതു സഹിക്കവെയ്യാ. തീർച്ചതന്നെ. പിലാത്തോ

സിൻെറ ന്യായാസനത്തിങ്കലേക്ക് ബന്ധിക്കപ്പെട്ട കൈകളോടുകൂടി ആനയിക്കപ്പെടുന്ന ക്രിസ്തുവോ, കുരിശു ചുമന്നുകൊണ്ടു് കപാലഗിരിയെ ലക്ഷ്യമാക്കി നടക്കുന്ന ഏകപുത്രനെ മദ്ധ്യേമാർഗ്ഗം അഭിമുഖീകരിക്കുന്ന ഏകാന്തദുഃഖാർത്തയായ കന്യകാമേരിയോ, പ്രവേശനപ്പാട്ടായി ''ഗാന്ധിസന്യാസി''യോ, ''ശൃംഗാരലഹരി''യോ പൊടിപാററി, പ്രേക്ഷകസമക്ഷം ഹാർമ്മോണിസ്റ്റിനെ കൊമ്പുകുത്തിച്ചു് ''വൺസ്‌മോർ'' അർഹിക്കുന്നതു കണ്ടുസഹിക്കാൻ കയാഫ്‌ാസ്‌പ്രകൃതികളായ അന്നത്തെ യഹൂദപ്പരിഷതന്നെ വേണം.

ഇത്ര സ്തുത്യർഹവും വിജയോപേതവുമായി, ക്രിസ്തുനാഥൻെറ പരിപാവനചരിതത്തെ രംഗപ്രയോഗയോഗ്യമാക്കി കൈരളിയെ അനുഗ്രഹിച്ച മി. പത്മനാഭപിള്ള കേരളീയരായ സകലരുടേയും, വിശിഷ്യാ കേരളീയക്രൈസ്തവരുടേയും അകൈതവമായ കൃതജ്ഞതയ്ക്കും അഭിനന്ദനാനുമോദനങ്ങൾക്കും അർഹൻതന്നെ. ഒരു തികഞ്ഞ ഹിന്ദുവായ മി. പിള്ള ഈ വിശിഷ്ടകൃതിമുഖേന കേരളീയരായ ക്രൈസ്തവേതരക്ക് ക്രിസ്തുവിൻെറ മഹാതത്വങ്ങൾ ഹൃദ്യമായി വെളിപ്പെടുത്തിക്കൊടുത്തുവെന്നുള്ളതുകൊണ്ടു് അവരുടെ ഉള്ളഴിഞ്ഞ കൃതജ്ഞതയ്ക്കും അദ്ദേഹം സവിശേഷം പാത്രമായിട്ടുണ്ടു്. എൻെറ മാന്യസ്നേഹിതൻെറ ഏതദ്വിഷയകമായ ഈ പ്രഥമോദ്യമംതന്നെ ഇത്ര വിജയശ്രീലാളിതമായിത്തീർന്നതിൽ അദ്ദേഹത്തെ ഹാർദ്ദമായി അഭിനന്ദിക്കയും തൻെറ ഗാഢമായ പഠനവും പരിശ്രമവും തുടൎന്നു് ഏതാദൃശങ്ങളായ ക്രൈസ്തവസാഹിത്യോപഹാരങ്ങൾകൊണ്ടു് കൈരളിയേയും കേരളീയരേയും തന്നോടു കൂടുതൽ ഋണാനുബദ്ധരാക്കാനിടയാകട്ടെ എന്നു് അകമഴിഞ്ഞാശംസിക്കയും ചെയ്തുകൊണ്ടു്, ഞാൻ ഈ 'കല്പപാദപ'ത്തെ സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളട്ടെ.

സെൻറ്ബർക്ക്മാൻസ്
കോളജ്,
ചങ്ങനാശ്ശേരി
12–9–1934

ഫാദർ ഏബ്രഹാം വടക്കേൽ
ബി. എ., പി. എച്ച്. ഡി., ഡി. ഡി.
വൈസ് പ്രിൻസിപ്പൽ

രണ്ടാംപതിപ്പിൻെറ
മുഖവുര

ആദ്യപതിപ്പ് പ്രസിദ്ധപ്പെടുത്തിയതിൽ പിന്നീടാണ് ഈ നാടകം അഭിനയിച്ചതു്. രംഗപ്രയോഗസന്ദർഭങ്ങളിൽ ഉണ്ടായ അനുഭവവും അഭിപ്രായവും അടിസ്ഥാനപ്പെടുത്തി ചില മാറ്റങ്ങൾ ഈ പതിപ്പിൽ വരുത്തിയിട്ടുണ്ട്. പതിനഞ്ചാംരംഗം ഒരു മൗനരംഗം (tableau) ആക്കിയിട്ടുണ്ട്. വിസ്താരരംഗത്തിലെ ഏതാനും ആത്മഗതങ്ങൾ ചുരുക്കിയിട്ടുമുണ്ട്.

അഭിനന്ദനങ്ങളാലും നിരൂപണങ്ങളാലും എന്നെ അഭിനന്ദിച്ച എല്ലാ പണ്ഡിതന്മാരോടും പത്രപ്രവത്തകന്മാരോടും വിശേഷിച്ചു് ദീഘവിമശനങ്ങളാൽ എന്നെ ധന്യനാക്കിയ മെ: ഐ. സി. ചാക്കോ, രാജസഭാഭൂഷണൻ കെ. ചാണ്ടി, കെ. ശങ്കരപ്പിള്ള എന്നീ മാന്യന്മാരോടും ആശംസകൾ നല്കിയ ചങ്ങനാശ്ശേരി, കോട്ടയം, തിരുവല്ലാ ഈ സ്ഥലങ്ങളിലെ കത്തോലിക്കാ മെത്രാന്മാരോടും സവ്വോപരി ഇതിൻെറ രണ്ടാംപതിപ്പ് വായിച്ചുനോക്കി ഒരു ആസ്വാദനത്താൽ അനുഗ്രഹിച്ച തിരുവനന്തപുരം ആച്ച്ബിഷപ്പ് റൈററ് റെവറൻറ് ഡാക്ടർ മാർ ഇവാനിയോസ് അവർകളോടും എനിക്കുള്ള കൃതജ്ഞത ഈ അവസരത്തിൽ രേഖപ്പെടുത്തിക്കൊള്ളുന്നു.

ചങ്ങനാശ്ശേരി
20—9—1115

കൈനിക്കര പത്മനാഭപിള്ള

പ്രധാനപാത്രങ്ങൾ

1. ക്രിസ്തു
2. കയാഫ്സ് — യഹൂദപുരോഹിതപ്രധാനി
3. അന്നാസ് — കയാഫ്സിന്റെ ശ്വശുരനും മുമ്പ് പുരോഹിത പ്രധാനിയായിരുന്നിട്ടുള്ള ആളും
4. ജൂഡാസ് — ക്രിസ്തുവിനെ വഞ്ചിച്ച ശിഷ്യൻ
5. പീററർ
6. ജെയിംസ്
7. ജോൺ
8. തോമസ്
9. ഫിലിപ്പ്

(5–9) മററു ക്രിസ്തുശിഷ്യന്മാർ

10. പിലാത്തോസ് — റോമാഗവണ്ണർ
11. മെൽഷിയാർ — അജ്ഞാതനും വൈദേശികനും ജ്ഞാനിയുമായ ഒരു ക്രിസ്തുഭക്തൻ
12. അരിമത്തിയാജോസഫ് — ക്രിസ്തുവിന്റെ അപൂർവ്വം യഹൂദഭക്തന്മാരിൽ ഒരാൾ
13. ബാറബാസ് — ഒരു വിപ്ലവകാരി, കൊലപാതകി, ബന്ധനസ്ഥൻ
14. ഹാനൻ — ഒരു കള്ളൻ
15. സക്കറിയാസ് — ജൂഡിത്തിന്റെ ഒരു കാമുകൻ
16. ഇസ്കാരിയട്ട് — ജൂഡാസിന്റെ അച്ഛൻ
17. സൈമൺ — സൈറീൻകാരനായ ഒരു ഭീമകായൻ
18. ഭടന്മാർ, കൊലയാളികൾ, ഹോട്ടൽക്കാരൻ, പശ്ചാത്തപിച്ച കള്ളൻ മുതലായവർ
19. കന്യകാമേരി
20. മഗ്ദലനമേരി
21. മാർത്ത — മഗ്ദലനയുടെ സഹോദരി
22. ജൂഡിത് — ജൂഡാസിന്റെ സഹോദരി
23. ഇസബെൽ — ജൂഡിത്തിന്റെ സഖി

രംഗം 1

[കയാഫ്സിന്റെ ഗൃഹം. സായാഹ്നം.
രാജോചിതമായി അലങ്കരിച്ചിട്ടുള്ള ഒരു മുറി. അന്നാസ് ഒരു കസാലയിൽ ഒരുവശം ചാരി ഇരിക്കുന്നു. അയാളുടെ നിർജ്ജീവനേത്രങ്ങളിലും ചീടച്ചുവരണ്ട ചുണ്ടുകളിലും ഹാസ്യവും വഞ്ചനയും നിഴലിച്ചു നില്ക്കുന്നു. കയാഫ്സ് അക്ഷമനും കോപിഷ്ഠനുമായി നിലകൊള്ളുന്നു.]

കയാഫ്സ്: അവനാര്? അവൻ!...അവൻ!...അവനാര്? ഇവരു പറയുന്നതു കേട്ടാൽ—ഛായ്, പച്ചക്കള്ളം! അന്നാസ്, ഇവർ പറയുന്നതെല്ലാം പച്ചക്കള്ളമാണ്.

(അന്നാസിന്റെ മുഖത്തു് ദുർഗ്രഹമായ ആ മന്ദസ്മിതം അല്പംകൂടെ തെളിയുകമാത്രം ചെയ്യുന്നു.)

നന്ദികെട്ട കള്ളന്മാർ! ജെറിക്കോയിൽവച്ച് അവർ അങ്ങു പിടിച്ചതായിരുന്നുപോലും! എന്നിട്ട് എവിടെ? അവർ പിടിച്ചവനെവിടെ? അവരാണു പിടിക്കുന്നതു്! ചുണകെട്ട ചൂലുകൾ!

(അന്നാസ് പിന്നെയും യഥാപൂർവ്വം നിശ്ശബ്ദൻ.)

(ഒന്നുരണ്ടു ചുവടു നടന്നു പെട്ടെന്നു തിരിഞ്ഞുനിന്ന്) അന്നാസ്, ഇവരാണ് അവനെ വലുതാക്കുന്നതു്. ആ ആശാരിക്കിടാത്തനേ അവതാരപുരുഷനാക്കുന്നതു് ഈ ശപ്പന്മാരാണ്. കാശിനുകൊള്ളുകയില്ല. എന്നാൽ അവരുടെ നാണക്കേടു സമ്മതിക്കുമോ? അതിന്, അവൻമറഞ്ഞുകളഞ്ഞു, പറന്നുകളഞ്ഞു! കള്ളപ്പരിഷ

കൾ! അവൻെറ ശിഷ്യന്മാരല്ല ഈ പോക്കിരികളാണ് കള്ളക്കഥ പരത്തി ആ തെണ്ടിയെ ദൈവപുത്രനാക്കുന്നതു്.

അന്നാസ്: (ഭാവംപോലെതന്നെ അവ്യക്താർത്ഥസൂചകമായ സ്വരത്തിൽ) ആണോ?

കയാഫ്സ്: സംശയമില്ല! വേണ്ട, ഇവർ ഇനി ഒന്നും ചെയ്യേണ്ട. ജനങ്ങളുടെ കാര്യം വിട്ടുകളയുകയാണു ഭേദം. ജനങ്ങളേക്കൊണ്ടു് ഒന്നും നടക്കയില്ല. അവർ അവനെ പിടിച്ചു തരികയുണ്ടാകയില്ല.

അന്നാസ്: അവർതന്നെ പിടിച്ചുതരും.

കയാഫ്സ്: (അല്പം ആശ്ചര്യത്തോടെ) എന്തു്? അവർതന്നെ പിടിച്ചുതരുമെന്നോ?

അന്നാസ്: അല്ലാതെ? അവർതന്നെ പിടിക്കണം.

കയാഫ്സ്: പിടിക്കണം. പക്ഷേ, പിടിക്കുമോ?

അന്നാസ്: അവർതന്നെ പിടിച്ചേ ഒക്കൂ. അതുകൊണ്ടു് അവർ പിടിക്കയും ചെയ്യും.

കയാഫ്സ്: ഇത്ര ധൈര്യമെന്തു്?

(അന്നാസ് പഴയപടി മൗനം.)

എന്താ ഒന്നും പറയാത്തതു്? അങ്ങേക്കു് ഇത്ര നിശ്ചയമെന്താണു്?

അന്നാസ്: അവനെ പിടികിട്ടിയേ കഴിയൂ. അതു ജനങ്ങൾ പിടിച്ചുതന്നേ സാധിക്കുകയുമുള്ളു. അപ്പോൾ അവർ അങ്ങനെ ചെയ്തില്ലെങ്കിൽ നമ്മുടെ ഉദ്ദേശ്യം പരാജയപ്പെടുകയില്ലേ? അന്നാസിനു പരാജയം പരിചയമില്ല.

കയാഫ്സ്: എന്നാൽ ഇവക്കു ചുണയുമില്ല, ബുദ്ധിയുമില്ല.

അന്നാസ്: (പുച്ഛഹാസം കുറേക്കൂടി സ്പഷ്ടമായി തെളി

യുന്നു) അതു വലിയ കഷ്ടംതന്നെ, അല്ലേ? കയാഫ്സ്, മനുഷ്യൻ ബുദ്ധിശൂന്യനെന്നു് അങ്ങു വ്യസനിക്കുന്നുവോ? മനുഷ്യർ എല്ലാം ബുദ്ധിമാന്മാരായിരുന്നെങ്കിൽ നമ്മുടെ കഥ എന്നേ കുഴപ്പത്തിലാകുമായിരുന്നു. ലോകഭരണത്തിൻെറ അടിസ്ഥാനമേ ഭൂരിപക്ഷത്തിൻെറ ബുദ്ധിശൂന്യതയിലാണു്. അപൂവ്വം ബുദ്ധിമാന്മാരുള്ളവർ ആ ബുദ്ധിശൂന്യത വിതച്ചുകൊയ്തു കാലം കഴിക്കുന്നവരുമാണു്. മനുഷ്യരുടെ ബുദ്ധിശൂന്യതയിലാണു നമ്മുടെ വിജയം. അവരെ ബുദ്ധിശൂന്യരായി വച്ചുകൊണ്ടിരിക്കുന്നതാണു് നമ്മുടെ ഏകരക്ഷാമാർഗ്ഗം. ഈശ്വരേച്ഛയും അതുതന്നെ. ബുദ്ധിമാന്മാരെക്കൊണ്ടു നിറഞ്ഞ ലോകം നരകത്തേക്കാൾ ഭയങ്കരം! യഹോവാപോലും അവിടെ എത്തിനോക്കുവാൻ ധൈര്യപ്പെടുകയില്ല. അദ്ദേഹം ആദിപിതാവിനോടു വിജ്ഞാനവൃക്ഷത്തിൻെറ ഫലം ഭക്ഷിക്കരുതെന്നാജ്ഞാപിച്ചതു് വെറുതെയെന്നോ അങ്ങു വിചാരിക്കുന്നതു്?

കയാഫ്സ്: പക്ഷേ, ഈ ശപ്പന്മാർ എല്ലാം തെററിക്കുന്നല്ലോ.

അന്നാസ്: അതുതന്നെയാണല്ലോ നമുക്കു് ആവശ്യവും.

കയാഫ്സ്: ഏതുതന്നെ?

അന്നാസ്: എല്ലാം തെററിക്കുന്നതുതന്നെ.

കയാഫ്സ്: അന്നാസ്, എനിക്കു് അങ്ങയുടെ ക്ഷമയില്ല.

അന്നാസ്: അന്നാസിൻെറ ക്ഷമയേക്കാൾ കൂടുതലായി കയാഫ്സിൻെറ ക്ഷമകേടുകൊണ്ടു് എന്തു സാധിച്ചു?

കയാഫ്സ്: ഒന്നുമില്ലെങ്കിൽ അവൻ ഈ നാടുവിട്ടു പോയല്ലൊ.

അന്നാസ്: അതു വലിയ രക്ഷയായി, അല്ലേ?

കയാഫ്സ്: ഉപദ്രവമെങ്കിലും ഒഴിഞ്ഞില്ലേ?

അന്നാസ്: നേരെമറിച്ച് ഉപദ്രവം ഒഴിക്കുവാനുള്ള വഴി അടസ്സുകയാണു ചെയ്തതു്. കൈയ്ക്കുള്ളിൽ ഇരുന്ന പക്ഷിയെ പറത്തിവിട്ടു. അവനെ മുമ്പിൽ കാണാത്തതുകൊണ്ടു് ഒരു ദുസ്സ്വപ്നത്തിൽനിന്നു വിനിവർത്തിച്ചവരേപ്പോലെ നാം സമാധാനപ്പെട്ടുന്നു. അവനാകട്ടെ, സമ്പൂർണ്ണസ്വാതന്ത്ര്യനായി ചുറ്റിനടന്നു് അവിശ്രമം പ്രവർത്തിക്കുന്നു. നമുക്കു നാലുപാട്ടുമുള്ള ജനസഞ്ചയം അവനെ അനുഗമിക്കുന്നു. അവൻ ഒരു സമർത്ഥനായ സേനാനായകനെപ്പോലെ ചുറ്റുമുള്ള ദേശങ്ങൾ സ്വാധീനപ്പെടുത്തുന്നു. അവന്റെ ഈ വിപ്രവാസം സ്വദേശവാസത്തേക്കാൾ നമുക്കു് ആപന്മൂലമാണെന്നുള്ളതിനു സംശയമില്ല. അവൻ ഇങ്ങിനി വരികയില്ലെന്നാണു് നമ്മുടെ വിചാരം. എന്നാൽ ഒരു പ്രഭാതത്തിൽ നമുക്കു കേൾക്കാം, സർവ്വലോകജേതാവായ നസറേത്തിലെ യേശു തൻെറ സൈന്യസന്നാഹത്തെ ജറുസലേമിലേക്കു നയിക്കുന്നുവെന്നു്.

(സക്കറിയാസ് പ്രവേശിക്കുന്നു.)

കയാഫ്സ്: സക്കറിയാസ്, എന്താണു വിശേഷം?

സക്കറിയാസ്: യേശു തിരിച്ചെത്തിയിരിക്കുന്നു.

(അന്നാസും കയാഫ്സും സ്തബ്ധരാകുന്നു. കയാഫ്സ് നിന്നിടത്തു നിന്നു് ഇളകുന്നതിനുപോലും ശക്തനാകുന്നില്ല.)

അന്നാസ്: അവൻ എപ്പോൾ വന്നു?

സക്കറിയാസ്: ഇപ്പോൾ വന്നതേയുള്ളു.

കയാഫ്സ്: (പല്ലുകടിച്ചുകൊണ്ടു്) ജനങ്ങൾ അവനെ കല്ലെറിഞ്ഞു പായിച്ചില്ലേ?

സക്കറിയാസ്: (തലകുലുക്കിക്കൊണ്ടു്) മ്, ശരിയാ.

കയാഫ്സ്: (കോപത്തോടുകൂടി) എന്തു്? എന്താണു നീ പറയുന്നതു്? അവർ എന്തുചെയ്തു?

സക്കറിയാസ്: അവർ അവനെ ഭംഗിയായിട്ടു് എതിരേററു സ്വീകരിച്ചു.

കയാഫ്സ്: (വർദ്ധിച്ച കോപത്തോടും ആശ്ചര്യത്തോടും) എന്തെടാ?

സക്കറിയാസ്: യേശു ജറൂസലേമിൻെറ അതിർത്തിയിൽ എത്തിയപ്പോൾത്തന്നെ ബഹളമായി. അല്പസമയത്തിനുള്ളിൽ ഈ രാജ്യത്തുള്ള ആണും, പെണ്ണും, കുഞ്ഞും, കുട്ടിയുമെല്ലാം അവിടെ എത്തിക്കഴിഞ്ഞു. ചിലർ അവൻെറ കഴുതയ്ക്കു കാലുനോവാതിരിക്കുവാൻ വഴിനീളെ പട്ടു വിരിച്ചു. ചിലർ മരക്കൊമ്പുകൾ ഒടിച്ചു് ഇളന്തളിർ നിരത്തി.

കയാഫ്സ്: എന്തുപറഞ്ഞു, അവൻെറ കഴുതയെന്നോ, അതോ അവൻ കഴുതയെന്നോ?

സക്കറിയാസ്: അവൻെറ കഴുതയെന്നു്. അവൻ കഴുതപ്പുറത്താണു് എഴുന്നള്ളിയതു്.

കയാഫ്സ്: (രൂക്ഷമായി പൊട്ടിച്ചിരിച്ചിട്ടു്) അതു കൊള്ളാം, കൊള്ളാമെടാ കൊള്ളാം. അതു നിനക്കു പററിയ വാഹനംതന്നെ. ഹ—ഹ—ഹ—ഹ! നിൻെറ എഴുന്നള്ളത്തു്! മ്, എന്നിട്ടു്?

സക്കറിയാസ്: കുഞ്ഞുങ്ങളെ എടുത്തുകൊണ്ടു് അമ്മമാരും, വൃദ്ധന്മാരെ താങ്ങിക്കൊണ്ടു മക്കളും അവൻെറ പുറകെ ഓട്ടം തുടങ്ങി. മുടന്തന്മാരും കുരുടന്മാരും കുഷ്ഠരോഗികളും “അനുഗ്രഹിക്കണേ” “അനുഗ്രഹിക്കണേ” എന്നു നിലവിളിച്ചു. വരുന്നവർ വരുന്നവർ അവൻെറ മുൻപിൽ പൊത്തോ പൊത്തോന്നു് ഉരുണ്ടുവീണു നമസ്കരിച്ചു. അവൻെറ മുന്നിലും പിന്നില്

മായി തിക്കിക്കൂടിയ പുരുഷാരം "ദാവീദിന്റെ പുത്രനു മംഗളം!", "ഈശ്വരനാമത്തിൽ എഴുന്നള്ളുന്ന പുണ്യപുരുഷൻ!", "നസ്രേത്തിലെ യേശു, യഹൂദന്മാരുടെ രാജാവു്!" എന്നെല്ലാം—

(ഇതുവരെ കോപം അടക്കുവാൻ ശ്രമിച്ചുകൊണ്ടു നിന്നിരുന്ന കയാഫ്സ് ഇത്രയുമായപ്പോഴം ഭ്രാന്തനെപ്പോലെ മുന്നോട്ടു ചാടി സക്കറിയാസിന്റെ ഇരുഭുജങ്ങളിലും പിടിച്ചു കുലുക്കിക്കൊണ്ടു്)

കയാഫ്സ്: ആരെടാ, അവൻ ആരു്? ആരുടെ രാജാവു്? എടാ, തേവിടിയാക്കുടിതോറും തെണ്ടിനടക്കുന്ന ആ ആഭാസൻ ആരുടെ രാജാവെന്നു നീ പറഞ്ഞു? എടാ, ഭീരു! പറ, ജീവനിൽ കൊതിയില്ലെങ്കിൽ അതു് ഒന്നുകൂടെ പറ! (പിടിച്ചു കുലുക്കുന്നു.)

സക്കറിയാസ്: (ഉറക്കെ) ഇതെന്തു കൂത്താ? ഞാനെന്തു ചെയ്തു? ഞാനൊന്നും പറഞ്ഞില്ല. അയ്യോ! അയ്യോ! ഞാനൊന്നും പറഞ്ഞില്ലേ!

കയാഫ്സ്: (അവനെ വിട്ടിട്ടു്) നീ ഒന്നും പറഞ്ഞില്ല! അതേ, നീ ഒന്നും പറഞ്ഞില്ല. നീ എല്ലാം കേട്ടു. ആ ആഭാസക്കൂട്ടക്കോലം കൺകുളുക്കെക്കണ്ടു, അല്ലേ? അതു കണ്ടു് ഇളിച്ചുകൊണ്ടു് അവിടെ നിന്നു, അല്ലേ? എന്തിനെടാ നീ ആണായി പിറന്നതു്?

അന്നാസ്: (ഇരുന്ന ഇരുപ്പിൽത്തന്നെ) ഇവനെന്തുവേണം? ഇതെന്തു കഥ?

കയാഫ്സ്: ഇതെന്തു കഥയെന്നോ? ഇക്കഥ, ഇന്നാട്ടുന്ന കഥ, കഴുകുമരത്തിന്റെ കഥ, കാലം കഴുകാത്ത കഥ, ലോകം മറക്കാത്ത കഥ, സൂര്യചന്ദ്രന്മാരും സുന്ദരതാരങ്ങളും നടുങ്ങുന്ന കഥ. അന്നാസ്, ഇതെന്തു കഥയെന്നോ? ഇതാണു് അവസാനത്തെ കഥ. കയാഫ്സ് കെട്ടുന്ന കഥയ്ക്കുപ്പുറത്തു കഥയില്ല. യഹോവയുടെ

ബലിപീഠത്തിൽ ഇക്കഥ അപൂർവ്വദിവ്യാച്ഛനനടത്തും. ദൈവം അതു കണ്ടു കരയുകയും ചിരിക്കുകയുംചെയ്യും. കണ്ണുനീരിൽ കലൎന്ന മഞ്ജുസ്മേരം മഴവില്ലു ചാൎത്തും. (അല്പനേരം ഓൎത്തുനിന്നിട്ടു പെട്ടെന്നു സക്കറിയാസിനോട്ട്) എടാ, എന്നിട്ട്, നിൻെറ യഹൂദശേഖരനെവിടെ? അവൻെറ പട്ടണപ്രവേശം എങ്ങോട്ടു നയിച്ചു? പറയെടാ, ശേഷംകൂടെ പറഞ്ഞേക്കു്.

സക്കറിയാസ്: അവൻ നേരിട്ടു ദേവാലയത്തിലേക്കാണു പോയതു്.

കയാഫ്സ്: ഹാ! അങ്ങനെയോ? ബലിമൃഗം തനിയേ വധപീഠം തേടിപ്പോകയോ? എന്തെടാ, നിനക്കു് ഇത്ര ധിറുതിയോ? വരട്ടെടാ. നിൻെറ സ്ഥാനം ദേവാലയംതന്നെ. അവിടെ നിന്നെ ഞാൻ യഥാകാലം പ്രതിഷ്ഠിക്കാം. നില്ക്കു്, ബദ്ധപ്പെടാതെ—സക്കറിയാസ്! അവൻ അവിടെ എന്തുചെയ്തു?

സക്കറിയാസ്: അവൻ അവിടെ ഉണ്ടായിരുന്ന പണവ്യാപാരികളുടെ മേശകൾ തട്ടിമറിച്ചു. പ്രാക്കളെ വിററുകൊണ്ടിരുന്നവരെ തള്ളിമറിച്ചിട്ടു. എല്ലാക്കച്ചവടക്കാരേയും അടിച്ചുപായിച്ചു. എന്നിട്ടു ബഥനിയിലേക്കു മടങ്ങി.

കയാഫ്സ്: ഛായ്! ധിക്കാരം! എന്തെടാ, നീയാരു്? എടാ, നാലുകാശു വിലപ്പോകാത്ത കമ്മാളൻ, നീയോ എൻെറ ദേവാലയത്തിൽ അധികാരം കാട്ടിയതു്? മാനമായി കഴിയുന്ന പരീശന്മാരെ നീ തല്ലിയോടിച്ചുവെന്നോ? യഹൂദന്മാരുടെ രാജവു നീയാണു്, അല്ലേ? നിനക്കു സിംഹാസനം ഞാൻ ഒരുക്കുന്നുണ്ടു്! നിന്നെ നിൻെറ കഴുതയോടുകൂടി ചുട്ടു ചാമ്പലാക്കിയില്ലെങ്കിൽ ഞാൻ കയാഫ്സല്ല. നീ ഒളിച്ചിരിക്കുമായി

രിക്കും. എടാ, ഈ പുരോഹിതഹസ്തങ്ങൾ അനന്ത ദീർഘങ്ങളെന്നു ഞാൻ കാട്ടിത്തരാം. നീ അശുദ്ധ പ്പെടുത്തിയ ആ ദേവാലയം ഇനി ശുദ്ധമാക്കുന്നതു് നിൻെറ രക്തംകൊണ്ടു്. ഇന്നു നിനക്കു സ്വാഗതം പാടിയവർ നാളെ നിന്നെ ശകാരിച്ചില്ലെങ്കിൽ, നിൻെറ മുൻപിൽ നമസ്കരിച്ചവർ നിന്നെ നിലത്തിട്ടു വലിച്ചില്ലെങ്കിൽ, ഇന്നു പുഷ്പവൃഷ്ടി ചെയ്തവർ നാളെ നിൻെറ മുഖത്തു തുപ്പിയില്ലെങ്കിൽ, വഴിക്കു പട്ടുവി രിച്ചവർ നിൻെറ ദേഹത്തു മുള്ളു തറച്ചില്ലെങ്കിൽ!— എടാ, നീ കയാഫ്സിനോടു കളിക്കുന്നോ? (പെട്ടെ ന്നു സക്കറിയാസിനോടു്) നീ ഇതു പറയാൻ മാത്രമാ ണോ വന്നതു്?

സക്കറിയാസ്: അതെ, ഈ കാര്യം ഇവിടെ പറയണ മെന്നു് ഒരാൾ പറഞ്ഞു.

കയാഫ്സ്: ആരു്?

സക്കറിയാസ്: ഒന്നും വിട്ടുപോകാതെ പറയണമെന്നാ ണു പറഞ്ഞതു്.

കയാഫ്സ്: ആരാ പറഞ്ഞതു്?

സക്കറിയാസ്: ഉടനെ വന്നുപറയണമെന്നു പറഞ്ഞു.

കയാഫ്സ്: ആരു്? ആരു പറഞ്ഞയച്ചുവെന്നു്?

സക്കറിയാസ്: ഞാൻ ഒന്നു മടിച്ചുനിന്നിട്ടു് എന്നെ അടിച്ചോടിച്ചു.

കയാഫ്സ്: (അക്ഷമനായി) ഛേ! ആരെന്നു ചോദി ച്ചാൽ!

സക്കറിയാസ്: (ചെറുശൃംഗാരത്തോടുകൂടി) ഇസ്കാരിയ ട്ടിൻെറ പുത്രി.

കയാഫ്സ്: (ഉൽക്കടകോപജ്വാല തങ്ങിനിന്ന നേത്ര

ങ്ങളിൽ ശൃംഗാരദ്യുതിയോടുകൂടി മസൃണമായ സ്വരത്തിൽ) ആരു്; ജൂഡിത്തോ?

സക്കറിയാസ്: (ഒരു ശൃംഗാരകങ്കണക്കത്തോടുകൂടി) അല്ലാതെ പിന്നാരു്? അദ്ദേഹത്തിനു വേറെ പുത്രിമാരിരിക്കുന്നോ?

കയാഫ്സ്: (മന്ദസ്മേരച്ഛായയോടുകൂടി) നീ അവിടെ മടിച്ചുനിന്നതെന്തിനു്?

സക്കറിയാസ്: പോരാൻ മടിച്ചുനിന്നതായിരുന്നു.

കയാഫ്സ്: അതു മനസ്സിലായി. അതിൻെറ കാരണമല്ലേ ചോദിച്ചതു്?

സക്കറിയാസ്: അവൾ പറഞ്ഞു, എല്ലാ സംഗതികളും ഇവിടെ വന്നു വിസ്തരിച്ചു പറയണമെന്നു്.

കയാഫ്സ്: (കപടനോട്ടത്തോടുകൂടി) ഓഹോ! അതായിരുന്നു മടിച്ചുനിന്ന കാരണം, അല്ലേ?

സക്കറിയാസ്: അവിടുന്നു നിന്നുപോയെന്നേയുള്ളൂ.

കയാഫ്സ്: എന്തിനെടാ? (ചെറുതായി ഒന്നു ചിരിച്ചിട്ടു സാധാരണസ്വരത്തിൽ രണ്ടുപേരോടുമായിട്ടു്) നിങ്ങൾ പോകുവിൻ, എനിക്കു സ്വല്പം തനിയേ ആലോചിക്കുവാനുണ്ടു്.

(രണ്ടുപേരും പോകുന്നു. കയാഫ്സ് മെല്ലെ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടു് ആലോചിക്കുന്നു.)

ഇനി അമാന്തിക്കുവാൻ വയ്യ. ഒരു നിമിഷം കളയുവാൻ വയ്യ. ഈ ആപത്തിൻെറ ഗൗരവം അനുക്ഷണം വദ്ധിക്കുകയാണു്. ഇപ്പോൾത്തന്നെ അവൻെറ ശക്തി വിപുലവും ഏതാണ്ടു് അജയ്യവുമായിട്ടുണ്ടു്. അതു് അവൻതന്നെ അറിയുകയും ചെയ്യുന്നു. എന്താണീ കേട്ടതു്? വിദേശങ്ങളിൽ പതുങ്ങിനടന്നവൻ ഇങ്ങോട്ടു് ആക്രമിക്കുന്നുവെന്നോ? അവൻെറ വിജയകാ

ഹളം എൻെറ തലസ്ഥാനത്തു്, എൻെറ ഗൃഹത്തിൽ ത്തന്നെ മുഴക്കുകയോ? സിംഹത്തിനെ അതിൻെറ മാളത്തിൽത്തന്നെ ആക്രമിക്കയോ?...പക്ഷേ, അത്രയ്ക്കായില്ലെടാ. നിൻെറ കണക്കിൽ ഒരു സംഖ്യ പിണങ്ങിപ്പോയി. ജൈത്രയാത്രയ്ക്കു കാലമായില്ല!...എന്നാൽ ഇനി ഇങ്ങനെ മുന്നോട്ടു പോയാൽ അതിന്നു കാലമാകും. ഈ യാത്ര അവൻെറ അവസാനയാത്രയല്ലെങ്കിൽ ഇനി നമ്മുടെ യാത്രയ്ക്കു വലിയ താമസമില്ല. അതിനു്...അതേ...ഒരാളേ ഉള്ളു. ജൂഡിത്! അവൾ അതു ചെയ്യണം. അവൾ അവനേക്കൊണ്ടു് അതു ചെയ്യിക്കണം. ഞാൻ അവളേക്കൊണ്ടും... ജൂഡിത്! അവൾ ഒരു പുരുഷനാകാഞ്ഞതു് ജറൂസലേമിൻെറ നിർഭാഗ്യം. (പുഞ്ചിരിയോടുകൂടി) കയാഫ്സിൻെറ ഭാഗ്യവും! അവളേ കണ്ടിട്ടു് എത്ര— ഇല്ല—എങ്കിലും വളരെ ദിവസങ്ങളായെന്നു തോന്നുന്നു. അങ്ങോട്ടു പോകുകതന്നെ, എല്ലാംകൊണ്ടും. (പോകുന്നു.)

(കർട്ടൻ)

രംഗം 2

[ഗതസേമൻതോട്ടം. രാത്രി.
പീററർ, ജെയിംസ്, ജോൺ എന്നീ ക്രിസ്തുശിഷ്യന്മാർ സംഭാഷണം ചെയ്തുകൊണ്ടു നിൽക്കുന്നു. അല്പം അകലെ ആയി ജൂഡാസ് ചിന്താമഗ്നനായിരിക്കുന്നു.]

പീററർ: എന്തൊരു ആഹ്ലാദപൂർണ്ണമായ സ്വീകരണമാണു് ഇന്നു ഗുരുനാഥനു സിദ്ധിച്ചതു്! എത്ര അകൈതവമായ ഭക്തി, ഹൃദയംഗമമായ ആനന്ദം ആണു്

ഇവിടുത്തെ ആളുകൾ പ്രകടിപ്പിച്ചതു്! അദ്ദേഹം ഇതുവരെ ഇവിടെ വരാതിരുന്നതാണു് എനിക്കു് ആശ്ചര്യമായി തോന്നുന്നതു്.

ജെയിംസ്: എന്നാൽ, പീററർ, അദ്ദേഹത്തെ ഇപ്പോഴും സംശയഗ്രസ്തനായി ആശങ്കാപൂർണ്ണനായിട്ടാണല്ലോ കാണുന്നതു്.

പീററർ: അതെ. ജെയിംസ്, അതാണു് എനിക്കും അത്ഭുതം. ഈ ജനങ്ങളുടെ ആദരവിനും ഭക്തിക്കും ഇതിൽ കൂടുതൽ എന്തു തെളിവാണു കിട്ടേണ്ടതു്? എന്നിട്ടും സന്ധ്യയായപ്പോഴേക്കു് അദ്ദേഹം മനുഷ്യരിൽനിന്നും പട്ടണത്തിൽനിന്നും മാറി അജ്ഞാതവാസം ചെയ്യുന്നു.

ജെയിംസ്: ഇന്നു് ആ രോഗികൾ ഓരോരുത്തരായി വന്നു് അദ്ദേഹത്തിൻെറ ആശീർവാദത്തിനായി അർത്ഥിച്ച ആ കാഴ്ച! അതു കണ്ടുകൊണ്ടു നിന്ന ജനസഞ്ചയം അദ്ദേഹത്തെ 'യഹൂദരാജാവു്' എന്നു വിളംബരംചെയ്തതിൽ എന്തത്ഭുതം?

പീററർ: സ്വന്തകുഞ്ഞുങ്ങളെ അദ്ദേഹം ഒന്നു തൊട്ടനുഗ്രഹിക്കുവാനായി ആ സ്ത്രീകൾ എന്തു വിഷമം അനുഭവിച്ചു!

ജെയിംസ്: ഹൊ, ആ വൃദ്ധസ്ത്രീകളും പുരുഷന്മാരും പുത്രരുടെ ദേഹത്തു താങ്ങി അദ്ദേഹത്തിന്റെ പിമ്പേ നടന്നു് കണ്ണുനീർവാർത്തതാണു മറക്കുവാൻവയ്യാത്തതു്.

പീററർ: പിശുക്കന്മാരെന്നു പേരുകേട്ട ഈ കൂട്ടർ എത്ര വിലയേറിയ പട്ടാംബരങ്ങളാണു് ഇന്നു വഴിനീളെ വിരിച്ചതു്.

ജെയിംസ്: ഇങ്ങനെ ഒരു ഭക്തിയും ബഹുമാനവും

ഞാൻ ഇതുവരെ കണ്ടിട്ടില്ല. അദ്ദേഹത്തിൻെറ ശിഷ്യരായ നമ്മെപ്പോലും അവർ ആരാധിക്കുന്നതായി എനിക്കു തോന്നി.

പീററർ: പക്ഷേ, ഇതൊന്നും ആയിട്ടും അദ്ദേഹത്തിന്റെ ആശങ്ക വിട്ടുമാറുന്നില്ലല്ലോ. എന്താ ജോൺ, നിങ്ങൾ ഒന്നും പറയാത്തതെന്താണ്?

ജോൺ: പീററർ, നിങ്ങൾ ഗുരുനാഥൻെറ കാര്യത്തിൽ പറഞ്ഞതുപോലെ, എന്തുകൊണ്ടെന്നറിഞ്ഞുകൂടാ, എൻെറയും മനസ്സ് ആശങ്കാപൂർണ്ണമായിത്തീരുന്നു. പ്രത്യക്ഷമായ യാതൊരു കാരണവും എനിക്ക് പറയാനില്ല. എങ്കിലും ഒരു ദുർഭരമായ ദുഃഖഭാരം എന്നെ ബാധിക്കുന്നു.

പീററർ: ഇന്നു സായാഹ്നത്തിലെ രാജകീയമായ സ്വീകരണം. അസന്ദിഗ്ദ്ധമായ ബഹുമാനപ്രകടനം. ഇതെല്ലാം കണ്ടിട്ടും ഈ ചിത്തവൃത്തിക്കു മാററമില്ലെന്നോ?

ജോൺ: മാറ്റമോ? അതെല്ലാം കണ്ടപ്പോൾ എന്റെ ശോകാവേശം പൂർവ്വാധികം വർദ്ധിക്കയാണുണ്ടായതു്.

ജെയിംസ്: നീ അവിടെ ശോകകാരണമായി എന്തെങ്കിലും കണ്ടോ?

ജോൺ: ഞാൻ പ്രത്യേകമായി യാതൊന്നും കണ്ടില്ല. എങ്കിലും ആ രംഗം എന്നെ നിശ്ശേഷം പരിക്ഷീണനാക്കി. ചേട്ടാ, അവരുടെ അതിരുകവിഞ്ഞ ആഹ്ലാദാരവം ആസന്നമായ ആപത്സാഗരത്തിൻെറ ഇരമ്പലുകളായിട്ടാണ് എൻെറ കർണ്ണങ്ങളിൽ പതിഞ്ഞതു്. അവരുടെ ഭക്തിപൂർവ്വമായ ആശീർവാദങ്ങൾ പൈശാചികശാപങ്ങൾപോലെയാണ് ഞാൻ ശ്രവിച്ചതു്. നിലത്തു വിരിച്ചിരുന്ന പട്ടാംബരങ്ങളുടെ ശോണപ്രകാശം അധോലോകത്തുനിന്നുയരുന്ന നാരകീയാ

ഗ്നിജ്ജ്വാലപോലെയാണു ഞാൻ കണ്ടതു്. വഴിനീളെ വിതറിയിരുന്ന മൃദുലപല്ലവങ്ങൾ ദൈവദൂതന്മാർ പൊഴിച്ച ബാഷ്പകണങ്ങൾപോലെ തോന്നി. അദ്ദേഹത്തെ അനുഗമിച്ച അസംഖ്യം ജനസഞ്ചയം ആ കാഞ്ചനകളേബരം വലിച്ചുകീറുവാനാഞ്ഞെത്തുന്ന ദുർഭ്രുതങ്ങളാണെന്നാണു് എനിക്കു തോന്നിയതു്. അവരുടെ അനവരതമായ പാദപതനദ്ധ്വനി എന്റെ ഹൃദയസ്പന്ദനദ്ധ്വനിയെ മന്ദീഭവിപ്പിച്ചു. അവരുടെയിടയിൽക്കൂടെ യാത്രചെയ്തിരുന്ന ഗുരുദേവന്റെ അക്ഷുബ്ധവും അനുഗ്രഹപൂർണ്ണവും സന്താപസംവരിതവുമായ മുഖത്തുനിന്നു കണ്ണിളക്കുവാൻ എനിക്കു കഴിഞ്ഞില്ല. ഓരോ നിമിഷവും അദ്ദേഹം എന്നെ വിട്ടുപോകുമോ എന്നു ഞാൻ ഭയപ്പെട്ടുകൊണ്ടിരുന്നു. അദ്ദേഹം ദേവാലയത്തിൽ പ്രവേശിച്ചപ്പോൾ ഇനി തിരിച്ചു പുറത്തുവരികയില്ലെന്നു് എനിക്കു തോന്നിപ്പോയി.

പീററർ: ഇങ്ങനെ പരിഭ്രമിച്ചാലോ?

ജോൺ: അതേ, ഇതു് ഒരുതരം ഭ്രമം, ഒരുതരം ഭ്രാന്തുതന്നെയാണെന്നു് എനിക്കറിയാം. പക്ഷേ, ഞാൻ എന്തുചെയ്യട്ടെ? ഗുരുദേവൻ ജറൂസലേമിൽ കാലുകുത്തിയപ്പോൾത്തന്നെ എൻെറ ഹൃദയം കഠിനമായിഞെട്ടി. അവാച്യങ്ങളും അസ്പൃഷ്ടങ്ങളുമായ ആപത്തുകൾ അദ്ദേഹത്തെ ഗ്രസിക്കുവാൻ വാപിളന്നു് അടുക്കുന്നതുപോലെയും, എന്നാൽ അധൃഷ്യനും സർവ്വാതീതനുമായ ഗുരുദേവൻ അവയെല്ലാം അപ്രാപ്യനായി അത്ഭുതസ്വരൂപനായി പ്രകാശിക്കുന്നതായും എനിക്കു തോന്നി.

പീററർ: (ജൂഡാസിനെ നോക്കിക്കൊണ്ടു്) ജെയിംസ്,

നാമാണു ന്യൂനപക്ഷമെന്നു തോന്നുന്നു. നോക്കൂ, അതാ ജൂഡാസും ദുഃഖിതനായിരിക്കുന്നതു കണ്ടില്ലേ?

ജെയിംസ്: (അങ്ങോട്ടു നോക്കിയിട്ട്) എന്തായാലും ഇങ്ങോട്ടു വിളിക്കാം. എന്താണെന്നറിയാമല്ലോ. ജൂഡാസ്!

(ജൂഡാസ് തല ഉയർത്തിനോക്കുന്നു. മുഖം മ്ലാനം.)

എന്താ ദൂരെമാറി ദുഃഖിച്ചിരിക്കുന്നതു്? ഇങ്ങു വരണം.

(ജൂഡാസ് എഴുന്നേററു് അടുത്തുചെല്ലുന്നു.)

എന്താ വ്യസനിച്ചിരിക്കുന്നതു്? അല്ലാ, കരയുകയായിരുന്നോ?

ജൂഡാസ്: കരഞ്ഞില്ല.

പീററർ: ഗുരുദേവനെ വിചാരിച്ചു ദുഃഖിക്കയാണോ?

ജൂഡാസ്: അദ്ദേഹത്തെ അനുസ്മരിച്ചു ദുഃഖശാന്തി വരുത്തുകയായിരുന്നു.

ജെയിംസ്: ഇതൊരു പുതിയ കഥയാണല്ലോ. ജൂഡാസ്, പിന്നെ എന്തുവിചാരിച്ചാണു നിങ്ങൾ വ്യസനിക്കുന്നതു്?

ജൂഡാസ്: സ്നേഹിതാ, ഇന്നു് ആ ആൾക്കൂട്ടത്തിൽ ഞാൻ ജൂഡിത്തിനെ കണ്ടു.

ജെയിംസ്: ജൂഡിത്തിനേയോ?

ജൂഡാസ്: അതേ, എൻെറ സഹോദരി ജൂഡിത്തിനെ.

പീററർ: പാവം! കുടുംബബന്ധത്തിൽനിന്നു കരകയറുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല.

ജോൺ: (അനുകമ്പാസ്വരത്തിൽ) പീററർ, നമുക്കാർക്കും വലിയ കുടുംബം ഒന്നും ഇല്ലായിരുന്നു. കുടുംബം ഉള്ളവർക്കേ കുടുംബബന്ധത്തിൻെറ ദാർഢ്യം അറിഞ്ഞുകൂടൂ.

ജൂഡാസ്: (കൃതജ്ഞതാസൂചകമായി ജോണിന്റെ കൈ

ജ്ജുപിടിച്ചുകൊണ്ടു്) സോദരാ, അങ്ങനെ പറയരുതു്. എല്ലാവരുടെ കുടുംബവും അവരവൎക്കു വലിയതാണ്. എന്റെ ഈ അശക്തത എന്റെ കുടുംബത്തിന്റെ ശ്രേഷ്ഠതകൊണ്ടല്ല, എൻെറ ഹൃദയത്തിൻെറ അപകൃഷ്ടതകൊണ്ടാണെന്നു് എനിക്കറിയാം. നിങ്ങളുടേയും നമ്മുടെ ഗുരുദേവൻേറയും സാമീപ്യസഹവാസങ്ങളാൽ ഞാൻ അതു് ഒട്ടൊക്കെ ജയിച്ചിട്ടുണ്ടു്. എന്നാൽ ഇന്നു സായാഹ്നത്തിൽ ചിരവിരഹിതമായ ആ വത്സലമുഖം അപ്രതീക്ഷിതമായി കണ്ടപ്പോൾ എവിടെയോ തിങ്ങിനിന്ന പൂൎവ്വബന്ധം, രക്തബന്ധം, ചിരകാല മമതാബന്ധം ചിറമുറിഞ്ഞു പ്രവഹിച്ചുപോയി. ആ പ്രിയദർശനം എൻെറ മനസ്സിൽനിന്നു മറയുന്നുമില്ല.

ജെയിംസ്: നിങ്ങളുടെ സഹോദരിയും ആ ആൾക്കൂട്ടത്തിലുണ്ടായിരുന്നോ?

ജൂഡാസ്: (ഏതാണ്ടു് ഒരു മടിയോടുകൂടി) ആൾക്കൂട്ടത്തിലെന്നു പറഞ്ഞുകൂടാ. അല്പം അകലെയായി ഒരിടത്തു സഖിമാരോടുകൂടി നില്ക്കയായിരുന്നു.

ജെയിംസ്: നാം ഒരു തിരിവുതിരിഞ്ഞ അവസരത്തിൽ ഇടത്തുവശത്തായി ആ പൂക്കൾനിറഞ്ഞ ഉദ്യാനത്തിൽ ചുവന്ന പുഷ്പങ്ങൾകൊണ്ടു മൂടിയ ആ വൃക്ഷത്തിൻെറ ചുവട്ടിൽ ശോണാംബരംകൊണ്ടു മൂടി ഉദിച്ചുയരുന്ന സൂൎയ്യബിംബംപോലെ നിന്നിരുന്നതാണോ നിങ്ങളുടെ സോദരി?

ജൂഡാസ്: അവൾ അവിടെയാണു നിന്നിരുന്നതു്.

പീററർ: എന്നാൽ നിങ്ങളുടെ സോദരി ഗുരുനാഥനോടുള്ള ബഹുമാനംകൊണ്ടു വന്നതാണെന്നു തോന്നിയില്ല. അലക്ഷ്യവും, പുച്ഛവും, ലീലാരസവും കണ്ണുകളിൽ

പ്രകടമായി കാണാമായിരുന്നു. ആ ഭക്തിപൂർണ്ണമായ രംഗത്തിൽ അവരുടെ സാന്നിദ്ധ്യംമാത്രം ഒരു അപശ്രുതിപോലെയാണ് എനിക്കു തോന്നിയതു്.

(ജൂഡാസ് ലജ്ജിതനായി അധോമുഖനായി നിൽക്കുന്നു.)

ജോൺ: (പീററർ പറഞ്ഞ വാക്കുകൾ അല്പം അസ്ഥാനത്തിലായി എന്നുള്ള ഭാവത്തിൽ അദ്ദേഹത്തെ ഒന്നു നോക്കിയിട്ട് ജൂഡാസിനോടു സസ്നേഹം) സഹോദരാ, ജൂഡിത്തിനു നമ്മുടെ ഗുരുദേവനോടു് അസുഖമാണോ?

ജൂഡാസ്: സത്യം പറയാൻ ഞാൻ എന്തിനു മടിക്കുന്നു? അതേ ജോൺ, പീററർ പറഞ്ഞതു ശരിയാണ്. അവൾ അദ്ദേഹത്തോടുള്ള ബഹുമാനംകൊണ്ടു വന്നതായിരിക്കയില്ല. അവൾക്കു് അദ്ദേഹത്തെ എന്നും പുച്ഛമായിരുന്നു. ഞാൻ വീടുവിട്ടതോടുകൂടി അതിൻെറ കാരണക്കാരനെന്നനിലയിൽ അദ്ദേഹത്തെ വെറുക്കുകയും ചെയ്യുന്നു. അവൾ പ്രതികാരത്തിനിച്ഛിക്കുന്നില്ലേ എന്നുപോലും ഞാൻ ഭയപ്പെടുന്നു.

പീററർ: എന്നിട്ടും നിങ്ങൾ അവളെ സ്നേഹിക്കുന്നുണ്ടോ?

ജോൺ: പീററർ, നിങ്ങളുടെ ചോദ്യം കഠിനമല്ലേ?

ജൂഡാസ്: പീററർ, നിങ്ങൾ എന്തു പറയുന്നു? ജോൺ, ഞാൻ അവളെ സ്നേഹിക്കതന്നെ ചെയ്യുന്നു. എനിക്കു് അവളെ സ്നേഹിക്കാതിരിക്കുവാൻ കഴിയുമോ? അവളെ പ്രസവിച്ചു കുളിപ്പിച്ച് ധാത്രി എടുത്തുകൊണ്ടുവന്നു് എന്നെ കാണിച്ച് "ഇതാ അനുജത്തി" എന്നു് എന്നോടു പറഞ്ഞ വാക്കു് എനിക്കു മറക്കുവാൻ കഴിയുമോ? അവളെ എടുത്തുകൊണ്ടു നടന്നതും, നടക്കുവാൻ പഠിപ്പിച്ചതും, ഉരുണ്ടുവീണു നിലവിളിക്കുമ്പോൾ പൂക്കുല ഒടിച്ചുകൊടുത്തു് ആശ്വസിപ്പി

ച്ചതും, അവളുടെ മുൻപിൽക്കിടന്നു കൂത്താടിയതും, അവളെ ഭയപ്പെടുത്തി കരയിച്ചതും, പലഹാരങ്ങൾ കൊടുത്തു ചിരിപ്പിച്ചതും, ഒരുമിച്ചുനടന്നു്, ഒരുമിച്ചു കിടന്നു്, ഒരുമിച്ചു ഭക്ഷിച്ചു വളൎന്നതും, ഞാൻ എങ്ങനെ മറക്കും? അവൾ എനിക്കു തന്നിട്ടുള്ള പരസ്സഹസ്രം ചുംബനങ്ങൾ മറക്കയോ? ജോൺ, ഞാൻ ഇന്നും അവളെ സ്നേഹിക്കതന്നെ ചെയ്യുന്നു.

ജെയിംസ്: ഇങ്ങോട്ടും സ്നേഹിക്കുന്നുണ്ടായിരിക്കുമല്ലോ?

ജൂഡാസ്: അവൾ എന്നെ സ്നേഹിക്കുന്നില്ലേ? അവൾക്കു ഗുരുനാഥനോടുള്ള വിരോധംതന്നെ എന്നോടുള്ള സ്നേഹംകൊണ്ടാണല്ലോ. അവൾ എന്നെ സ്നേഹിക്കുന്നുണ്ടു്. ഇല്ലേ, ജോൺ, അവൾക്കു് എന്നോടു സ്നേഹമില്ലാതെവരുമോ?

ജോൺ: നിശ്ചയമായും സ്നേഹിക്കതന്നെ ചെയ്യും.

ജെയിംസ്: എന്നാൽ ജൂഡാസ് വിചാരിച്ചാൽ അവരുടെ മനസ്സുമാററാൻ കഴികയില്ലേ?

(ജൂഡാസ് ഒന്നും പറയുന്നില്ല.)

പീററർ: നിശ്ചയമായും സാധിക്കണം. എന്താ ജൂഡാസ്, സാധിക്കുകയില്ലേ?

ജോൺ: അതു ജൂഡാസ് പെട്ടെന്നു് എങ്ങനെ പറയും?

പീററർ: എന്തായാലും ശ്രമിക്കാമല്ലോ? ജൂഡാസ്, ഞാൻ പറയുന്നതു്, നിങ്ങൾ നിങ്ങളുടെ സഹോദരിയേ ചെന്നു കാണണമെന്നാണു്. നിങ്ങൾ വിചാരിച്ചാൽ തീച്ചയായും അവരെ സ്വാധീനമാക്കുവാൻ കഴിയും.

ജെയിംസ്: എനിക്കും അങ്ങനെയാണു തോന്നുന്നതു്! ജൂഡാസ് നേരിട്ടുകണ്ടാൽ ജൂഡിതു് അനുസരിക്കാതിരിക്കയില്ല.

(മെൽഷിയാർ പ്രവേശിക്കുന്നു.)

മെൽഷിയാർ: അതോ മറിച്ചു സംഭവിക്കുമോ?

പീററർ: നിങ്ങളാരു്?

മെൽഷിയാർ: എൻെറ ചോദ്യത്തിൻെറ മറുപടിക്കു് ആ വിവരം ആവശ്യമാണോ?

ജെയിംസ്: നിങ്ങൾ എവിടുന്നു വരുന്നു?

മെൽഷിയാർ: ആ വിവരവും ആവശ്യമാണെന്നു തോന്നുന്നില്ല. (ജൂഡാസിനോടു്) എന്താ ജൂഡാസ്, നിങ്ങൾ നിങ്ങളുടെ സഹോദരിയെ സന്ദർശിച്ചാൽ ആക്കായിരിക്കും മാനസാന്തരം സംഭവിക്കുക?

ജൂഡാസ്: നിങ്ങളാരു്?

മെൽഷിയാർ: (ജൂഡാസിൻെറ മുഖത്തു സൂക്ഷിച്ചുനോക്കിക്കൊണ്ടു്) ഞാനാരുമാകട്ടെ, നിങ്ങളുടെ ഗുരുനാഥനെ വഞ്ചിക്കുന്നതു ഞാനായിരിക്കയില്ല.

(ജൂഡാസ് അത്ഭുതത്തോടും ഭീതിയോടും ഹൃദയക്ഷീണത്തോടും പിന്നോട്ടുമാറി മെൽഷിയാറെത്തന്നെ നോക്കിനില്ക്കുന്നു.)

ജോൺ: പ്രഭോ, ഗലീലിയിൽവച്ചു് ഞങ്ങളുടെ ഗുരുനാഥൻ "മനുഷ്യപുത്രൻ വഞ്ചിതനായി മനുഷ്യഹസ്തങ്ങളിൽ അപ്പിക്കപ്പെട്ടും" എന്നു ഞങ്ങളോടു പറഞ്ഞു. അങ്ങും അതുതന്നെ പ്രതിധ്വനിപ്പിക്കുന്നു. അങ്ങു ഞങ്ങളെ അറിയുന്നു. ഞങ്ങൾ അങ്ങേ അറിയുന്നുമില്ല.

മെൽഷിയാർ: ജോൺ, നിങ്ങൾ ഇത്രനാളും അനുഗമിച്ച ഗുരുനാഥനെ നിങ്ങൾക്കു് അറിയാമോ?

പീററർ: അതുപോലെ ഒരാളാണോ അങ്ങും?

മെൽഷിയാർ: നിങ്ങൾ അറിയാത്ത രണ്ടുപേർ ഒരുപോലെയാണെന്നു വരട്ടെ, അല്ലെന്നു വരട്ടെ, നിങ്ങൾക്കു് എന്തു വിശേഷം?

പീററർ: ഞങ്ങൾക്കു ഞങ്ങളുടെ ഗുരുനാഥനെ അറിയാം.

മെൽഷിയാർ: ഓഹോ! അതു ഞാൻ ധരിച്ചിരുന്നില്ല.

നിങ്ങൾക്കു നിങ്ങളുടെ ഗുരുനാഥനെ അറിയാം, അല്ലേ? അദ്ദേഹത്തെ അറിഞ്ഞവക്ക് എന്നെ അറിയാൻകഴികയുമില്ല. പീററർ, അദ്ദേഹത്തെ അറിഞ്ഞവർ അറിയാത്തതായി ഒന്നുമില്ല. അതു് ആദ്യം മനസ്സിലാക്കണം.

ജെയിംസ്: അങ്ങു പറയുന്നതു ഞങ്ങൾക്കു മനസ്സിലാകുന്നില്ല.

മെൽഷിയാർ: ഞാൻ പറയുന്നതു മനസ്സിലാകുമ്പോൾ എന്നെയും മനസ്സിലാകും.

പീററർ: അറിഞ്ഞുകൂടാത്തതുകൊണ്ടു ചോദിക്കയല്ലേ? പറഞ്ഞുതന്നുകൂടെയോ?

മെൽഷിയാർ: എന്തു്?

പീററർ: അങ്ങു് ആരാണു്?

മെൽഷിയാർ: എന്തൊക്കെയാണു പറയേണ്ടതു്? ചോദിച്ചുകൊള്ളൂ.

പീററർ: അങ്ങേ വീടേതു്?

മെൽഷിയാർ: ലോകം.

പീററർ: (അത്ഭുതത്തോടുകൂടി) ലോകമോ?

മെൽഷിയാർ: അതെ, ലോകം.

ജെയിംസ്: അങ്ങേയ്ക്കു വീടില്ലേ?

മെൽഷിയാർ: എന്നാണോ പറഞ്ഞതു്? എന്താ, എന്നെ നിങ്ങൾക്കു മനസ്സിലാകയില്ലെന്നു് ഇപ്പോൾ ബോദ്ധ്യമായോ? ഇനി ജൂഡാസ്, ഞാൻ ചോദിച്ചതിനു മറുപടി പറയുമോ?

(ജൂഡാസ് ഒന്നും പറയുന്നില്ല.)

ജൂഡാസ്, നിൻെറ സഹോദരി നിന്നെ സ്നേഹിക്കുന്നുണ്ടു്. ഹൃദയപൂർവ്വം സ്നേഹിക്കുന്നുണ്ടു്. നീ അങ്ങോട്ടു

ചെല്ലാത്തതിൽ അവൾ കഠിനമായി ദുഃഖിക്കുന്നുമുണ്ട്. അവൾ നിനക്കു് ആളയയ്ക്കാതിരിക്കയുമില്ല. പക്ഷേ, തല്ക്കാലം അങ്ങോട്ടു പോകാതിരിക്കയാണു നന്നു്.

(മെൽഷിയാർ പോകുന്നു. എല്ലാവരും അത്ഭുതപരതന്ത്രരായി നില്ക്കുന്നു.)

പീററർ: ഇദ്ദേഹം ആരു്?

ജെയിംസ്: എവിടെനിന്നു വന്നു?

പീററർ: എന്തിനു വന്നു? ഇതു പറയാനോ?

ജോൺ: ഗലീലിയിൽവച്ചു ഗുരുദേവൻ പറഞ്ഞ വാക്കുകൾ എൻെറ ചെവിയിൽ സദാ മുഴങ്ങിക്കൊണ്ടിരിക്കുന്നു. ഇന്നത്തെ സായാഹ്നത്തിൽ, സകല ശബ്ദങ്ങളുടേയും മുകളിൽ "മനുഷ്യപുത്രൻ വഞ്ചിതനായി മനുഷ്യഹസ്തങ്ങളിൽ അപ്പിക്കപ്പെട്ടും. അവർ അവനെ വധിക്കും. മൂന്നാംദിവസം അവൻ മരണത്തിൽനിന്നു് ഉത്ഥാനംചെയ്യും" എന്ന വാചകങ്ങൾ എനിക്കു് എപ്പോഴും കേൾക്കാമായിരുന്നു. ഇപ്പോൾ ഇതാ ഈ അത്ഭുതപുരുഷനും അതുതന്നെ പറഞ്ഞിട്ടു പോയി.

ജൂഡാസ്: ഞാൻ ജൂഡിത്തിൻ്റെ അട്ടക്കൽ പോകരുതെന്നല്ലേ അദ്ദേഹം പറഞ്ഞതു്? ഞാൻ പൊയ്ക്കൂടയോ?

ജെയിംസ്: എനിക്കു് ഒരു സംശയം തോന്നുന്നു. ഇയാൾ പുരോഹിതന്മാരുടെ ചാരനായിരുന്നുകൂടെ?

ജോൺ: ആണെങ്കിൽ ആ വാചകം പറയാൻ എങ്ങനെ കഴിഞ്ഞു?

പീററർ: അല്ലെങ്കിൽ എങ്ങനെ കഴിഞ്ഞു? ജെയിംസ് പറഞ്ഞതാണു ശരിയെന്നു് എനിക്കു തോന്നുന്നു. അല്ലെങ്കിൽ ആളാരെന്നു പറഞ്ഞാലെന്തു്? വീടേതെന്നു ചോദിച്ചപ്പോൾ പറഞ്ഞ മറുപടി കേട്ടില്ലേ? തക്ക

ത്തരം പറഞ്ഞു കഴിച്ചതല്ലാതെ എന്തിനെങ്കിലും നേരെ സമാധാനം പറഞ്ഞോ?

ജെയിംസ്: ജൂഡാസിനെ അങ്ങോട്ടു് അയയ്ക്കരുതെന്നുള്ളതാണ് ഉദ്ദേശ്യം. അതാണ് അതുവരെ ഒളിച്ചുനിന്നിരുന്ന ആൾ അപ്പോൾ പ്രത്യക്ഷപ്പെട്ടതു്.

പീററർ: അതിനു സംശയമില്ല. ജൂഡാസ് നേരിട്ടുചെന്നാൽ ജൂഡിത്തിന്റെ മനസ്സുമാറും. ജൂഡിത്തുകൂടെ ഗുരുദേവനിൽ വിശ്വസിച്ചാൽ ഇസ്കാരിയട്ടും ഇങ്ങോട്ടു ചേരാതിരിക്കയില്ല.

ജെയിംസ്: അതിനു പ്രയോഗിച്ച വിദ്യ നന്നായി! ജൂഡാസുകൂടെ അവക്കു വശപ്പെട്ടുമെന്നു്!

പീററർ: എന്നാൽപ്പിന്നെ ജൂഡാസ് ആദ്യം പോരുമായിരുന്നോ? സുചിരവും സുദൃഢവുമായ ബന്ധം പൊട്ടിച്ചു പോരാൻ അന്നു കഴിഞ്ഞ ആൾ ഇന്നു് ഒന്നു കണ്ടാൽ മറിഞ്ഞുപോകുംപോലും.

ജൂഡാസ്: നിങ്ങളുടെ അഭിപ്രായം എന്താണ്?

ജോൺ: എന്തായാലും ഉടനെ പോകേണ്ടെന്നാണ് എനിക്കു തോന്നുന്നതു്.

പീററർ: എനിക്കു് അങ്ങനെ അല്ല തോന്നുന്നതു്.

ജെയിംസ്: എനിക്കും.

(ജൂഡിത്തിൻെറ സഖിയായ ഇസബെൽ അല്പം അകലെയായി പ്രവേശിക്കുന്നു.)

പീററർ: അതാരു്?

ജെയിംസ്: ഒരു സ്ത്രീയാണല്ലോ.

ജോൺ: (അവളോടു്) നിങ്ങളാരു്? ഈ അസമയത്തു് ഈ വിജനസ്ഥലത്തു വന്നതെന്തിനു്?

ഇസബെൽ: (ദുഃഖപൂർണ്ണയായി കാണപ്പെടുന്നു) ഇസ്കാരിയട്ടിൻെറ പുത്രൻ മുമ്പൊക്കെ എന്നെ അറിയുമായി

രുന്നു. പക്ഷേ, സവ്വസംഗപരിത്യാഗിയായ ജൂഡാസ് എന്നെ വിസ്മരിച്ചിരിക്കും.

ജൂഡാസ്: (അവളുടെ മുഖത്തു സൂക്ഷിച്ചുനോക്കിക്കൊണ്ടും മുമ്പോട്ടടുത്തുകൊണ്ടും) ഞാൻ നിങ്ങളെ അറിയുമായിരുന്നോ? (അവൾ ഇന്നാരെന്നറിഞ്ഞു്) അല്ലാ, ഇതാരു്? (ഓടിച്ചെന്നു് അവളുടെ കൈയ്ക്കുപിടിച്ചുകൊണ്ടു്) ഇസബെൽ, ഇതു നീതന്നെയോ? നിന്നെ ഞാൻ വിസ്മരിക്കുമോ?

ഇസബെൽ: പ്രഭോ, എന്തുകൊണ്ടു പാടില്ല? സ്വന്തപിതാവിനേയും ഏകസഹോദരിയേയും ഉപേക്ഷിച്ച ആൾ ആരെത്തന്നെ ഉപേക്ഷിക്കയില്ല?

(എല്ലാവരും കഠിനമായി ഞെട്ടുന്നു. ജൂഡാസിൻെറ പിടി വിട്ടുപോകുന്നു. അടിയേററു മരവിച്ചവനെപ്പോലെ നില്ക്കുന്നു.)

(ആശ്ചയ്യത്തോടുകൂടി) കുമാരാ, അങ്ങു് എന്താണു വല്ലാതെ നില്ക്കുന്നതു്? ഞാൻ അറിയാതെ വല്ല തെററും പറഞ്ഞുപോയെങ്കിൽ അതിനു മാപ്പുതരണം.

(ജൂഡാസ് ഒന്നും പറയുന്നില്ല.)

(മററുള്ളവരെ നോക്കി) നിങ്ങളെല്ലാവരും വല്ലാതെ നില്ക്കുന്നല്ലോ? ഞാൻ എന്തപരാധമാണു പറഞ്ഞതു്?

ജോൺ: നിങ്ങളൊന്നും പറഞ്ഞില്ല. ആരും പറയാത്തതു പലതും ഞങ്ങൾ കേൾക്കുന്ന ഒരു രാത്രിയാണിതു്. നിങ്ങൾ വെറുതെ കുണ്ഠിതപ്പെടേണ്ട.

ഇസബെൽ: ജൂഡാസ്!

ജൂഡാസ്: ഇസബെൽ!

ഇസബെൽ: എനിക്കു മനസ്സിലാകുന്നില്ല. ഞാൻ എന്തു തെററുചെയ്തു?

ജൂഡാസ്: നീ ഒരു തെററും ചെയ്തില്ല. നീ ഒട്ടും പരിഭ്രമിക്കുകയും വേണ്ടാ. ഏതു നിഴലു കണ്ടാലും ഞെട്ടുന്ന

ഒരു മനഃസ്ഥിതിയിലാണു ഞങ്ങൾ നില്ക്കുന്നതു്. അതിനു നീ കുററക്കാരിയാണോ? (വീണ്ടും അവളുടെ കൈയ്ക്കു പിടിച്ചുകൊണ്ടു്) ഇസബെൽ, നീ ഇവിടെ എങ്ങനെ വന്നു?

ഇസബെൽ: ദൈവത്തിനുതന്നെ അറിയാം.

ജൂഡാസ്: എന്തിനാണു് ഈ അസമയത്തു വന്നതു്?

ഇസബെൽ: വരാതെ എന്തുചെയ്യും? ഈ രാത്രിയിൽ ഒരു ലക്കമില്ലാതെ അലഞ്ഞുതിരിയാൻ ആരെങ്കിലും ഇഷ്ടപ്പെടുമോ? എങ്കിലും അവിടെ എങ്ങനെയിരിക്കും?

ജൂഡാസ്: എവിടെ?

ഇസബെൽ: അങ്ങയുടെ വീട്ടിൽ.

ജൂഡാസ്: (ഉൽക്കണ്ഠയോടുകൂടി) അവിടെ എന്താണു വിശേഷം?

ഇസബെൽ: ങ്ഹ! അവിടെ എന്താണു വിശേഷം! കഷ്ടം! ഞാൻ ഈ സംസാരിക്കുന്നതു് എൻെറ പഴയ കൊച്ചു യജമാനനോടുതന്നെയാണോ? അവിടെ എന്താണു വിശേഷമെന്നു്! കുമാരാ, പിന്നെ എവിടെയാണു വിശേഷം? അങ്ങേയ്ക്കു് ഈ കഠിനഹൃദയം എന്നുണ്ടായി?

ജൂഡാസ്: ഇസബെൽ, എൻെറ ഉൽക്കണ്ഠ വദ്ധിപ്പിക്കാതെ ഉള്ളകാര്യം പറയൂ. അച്ഛനും ജൂഡിത്തിനും സുഖമല്ലേ?

ഇസബെൽ: അവക്കു് ആപത്തൊന്നും സംഭവിച്ചിട്ടില്ല.

ജൂഡാസ്: എന്തു്, നീ എന്താണു പറയുന്നതു്?

ഇസബെൽ: ഞാൻ എന്തു പറയാനാണു്! ഞാൻ എന്തു പറയണം? അങ്ങയുടെ ജീവരക്തം അങ്ങയോടു പറയാത്തതു വല്ലതും എനിക്കു പറയാനുണ്ടോ?

ജൂഡാസ്: എൻെറ ജീവരക്തമോ? എൻെറ ജീവരക്തത്തിനു് എന്തുപററി?
ഇസബെൽ: അതു് ഉറഞ്ഞുപോയി.
ജൂഡാസ്: നീ എന്നെ ഭ്രാന്തനാക്കുന്നു.
ഇസബെൽ: ഭ്രാന്തനാക്കുന്നോ? ആരു് അങ്ങേ ഇനി ഭ്രാന്തനാക്കണം? അങ്ങേപ്പോലെ ഭ്രാന്തന്മാരു വേറുണ്ടോ?
ജൂഡാസ്: ഇസബെൽ, നീ എന്നെ എന്തിനു് ഇങ്ങനെ നീററുന്നു? കാര്യം പറകയില്ലേ?
ഇസബെൽ: പ്രഭോ, കാഠിന്യത്തിനും ഒരു കണക്കുവേണ്ടേ? വൃദ്ധനായ പിതാവിൻേറയും ആ ചെറുസഹോദരിയുടേയും ഏകാവലംബമായ അങ്ങു് അവരെ നിരാധാരരാക്കിയിട്ടു നാടുവിട്ടുപോയി. അങ്ങയുടെ അച്ഛൻെറ ആരോഗ്യം അന്നു് അവസാനിച്ചു. അങ്ങയുടെ സഹോദരിയുടെ പുഞ്ചിരി അന്നു് അസ്തമിക്കുകയും ചെയ്തു. അങ്ങയുടെ വരവുകാത്തു നാഴികയും ദിവസവും എണ്ണി അവൾ ഇരുന്നുതുടങ്ങിയിട്ടു് എത്രനാളായി? എന്നിട്ടു് ഇന്നു് അങ്ങു വന്നിട്ടുണ്ടെന്നു കേട്ടു് ആകുലാംഗന പെരുവഴിയിൽ വന്നു കാത്തുനിന്നു. അങ്ങു് അവളെ ഒന്നു നോക്കുകപോലും ചെയ്തില്ല. അവിടെ നിന്നു ചെന്നു നിലത്തുവീണ പാവം—പ്രഭോ, ഇതു ദൈവം സഹിക്കയില്ല. (വികാരാധിക്യത്താലെന്നപോലെ നിശ്ശബ്ദയാകുന്നു.)
ജൂഡാസ്: (സഗൽഗദം) അവൾ ഇപ്പോൾ എവിടെ?
ഇസബെൽ: എവിടെ ആയാൽ അങ്ങേയ്ക്കെന്തു്? വെറും നിലത്തുകിടന്നുരുണ്ടാലെന്തു്? ഉറക്കെക്കരഞ്ഞാലെന്തു്? ജ്യേഷ്ഠൻ വന്നിരിക്കുന്നുവെന്നു പറഞ്ഞു് ഭ്രാന്തിയെപ്പോലെ എണീററു് ഓടിയാലെന്തു്? 'ജൂഡാസ്! ജൂഡാസ്!' എന്നു ജപിച്ചുകൊണ്ടു കമഴ്ന്നു കിടന്നു

കളഞ്ഞാലെന്തു്? ഭാഗ്യവാനായ അങ്ങേയ്ക്കതൊന്നും കാണാതെ സൈ്വരമായി സഞ്ചരിക്കുവാൻ കഴിയും. അതു കണ്ടുകൊണ്ടിരിക്കുവാനുള്ള മഹാപാപി ഇവ ളല്ലേ? ആ വൃദ്ധനായ പിതാവും?

ജൂഡാസ്: അവൾ എൻെറ പേരുവിളിച്ചു കരഞ്ഞുകൊ ണ്ടു കിടക്കയാണോ?

ഇസബെൽ: ഹേയ്! അല്ലല്ല! ഒരു ശൃംഗാരഗീതം പാടി ആനന്ദിച്ചുകൊണ്ടിരിക്കുന്നു. അതല്ലേ ഞാൻ സൈ്വ രമായി വിട്ടിട്ടു് ഈ വിനോദയാത്രയ്ക്കു പോന്നതു്? കുമാരാ, അങ്ങേ നിർഘൃണതയ്ക്കു വിദൂരനമസ്കാരം. ഞാനിതാ പോകുന്നു. എൻെറ തോഴി അവളുടെ പാട്ടു നിത്തുന്നതിനുമുമ്പു് എനിക്കു് അങ്ങു ചെല്ലണം. (പോകാൻ ഭാവിക്കുന്നു.)

ജൂഡാസ്: ഇസബെൽ, നിൽക്കു ഞാൻകൂടെ—സഹോദ രന്മാരെ, ഞാൻ എന്തുവേണം?

ഇസബെൽ: അതെ, അങ്ങനെ സഹോദരന്മാരോടു ചോ ദിക്കണം. സ്വന്തസഹോദരി—കുമാരാ! കഷ്ടം! അങ്ങു് ഒന്നുചെയ്യണം. അവിടെ വന്നു് അവളേക്കൂ ടെ കൂട്ടിക്കൊണ്ടുപോരണം. അങ്ങു് എവിടെയോ അവിടെ അവൾ പരമാനന്ദമായി കഴിച്ചുകൊള്ളു മെന്നു് അങ്ങേയ്ക്കു് അറിഞ്ഞുകൂടെയോ? അവൾകൂടെ പോരട്ടെ. അവളും അങ്ങയുടെ ഗുരുദേവൻെറ, യഹൂദ രാജാവിൻെറ, പാദശുശ്രൂഷചെയ്തു ജീവിച്ചുകൊള്ളും.

ജൂഡാസ്: ഇസബെൽ, ഞാൻകൂടെ വരാം. പീററർ, ഞാൻകൂടെ പോയിവരട്ടയോ?

പീററർ: ധൈര്യമായി പോകണം. ജൂഡാസ്, അതു നി ഷ്ഫലമാകയില്ല.

ജൂഡാസ്: ഇസബെൽ നടക്കു. സോദരന്മാരേ, ഞാൻ

താമസിക്കയില്ല. എനിക്കുവേണ്ടിയും എന്റെ സഹോദരിക്കുവേണ്ടിയും പ്രാൎത്ഥിക്കണേ!

(രണ്ടുപേരും പോകുന്നു. മററുള്ളവർ അവർ പോയവഴിയെ നോക്കി നിശ്ചലരായി നില്ക്കുന്നു.)

ജോൺ: (സ്വല്പം നിന്നിട്ട്) "മനുഷ്യപുത്രൻ വഞ്ചിതനായി മനുഷ്യഹസ്തങ്ങളിൽ അൎപ്പിക്കപ്പെടും. അവർ അവനെ വധിക്കും!"... "ഞാനാരുമാകട്ടെ, നിങ്ങളുടെ ഗുരുനാഥനെ വഞ്ചിക്കുന്നതു് ഞാനായിരിക്കയില്ല!"... "സ്വന്തപിതാവിനേയും ഏകസഹോദരിയേയും ഉപേക്ഷിച്ച ആൾ ആരേത്തന്നെ ഉപേക്ഷിക്കയില്ല!"... എന്തൊരു വാചകങ്ങൾ!... ദൈവമേ!

(കർട്ടൻ)

രംഗം 3

[ജൂഡിത്തിൻെറ ഗൃഹത്തിലെ ഉദ്യാനം. രാത്രി.

ജൂഡിത് സൎവ്വാംഗവിഭൂഷിതയായി ദിവ്യാംബരധരയായി ഒരു സോഫയിൽ ഇരിക്കുന്നു. സോഫയുടെ കാൽക്കൽ നിലത്തു് അവളെത്തന്നെ നോക്കിരസിച്ചുകൊണ്ടു സക്കറിയാസും ഇരിക്കുന്നു.]

ജൂഡിത്: എടാ, നീ അവിടെനിന്നു് എണീററുപോകയില്ലേ?

സക്കറിയാസ്: ഞാനെങ്ങനാ പോകുന്നതു്?

ജൂഡിത്: എങ്ങനെയാണെന്നോ?

സക്കറിയാസ്: നീ പറഞ്ഞിട്ടല്ലിയോ ഞാൻ അയാളുടെ വീട്ടിൽ പോയതു്?

ജൂഡിത്: അതിന്റെ ക്ഷീണം പോക്കാനിരിക്കയാണോ?

സക്കറിയാസ്: അതിൻെറ ക്ഷീണമല്ല, കേടാണു്.

അയാൾ എന്നെപ്പിടിച്ചു കുലുക്കി എല്ലെല്ലാം ഞെരിച്ചാ വിട്ടിരിക്കുന്നതു്. മനസ്സിലായോ?

ജൂഡിത്: പോടാ അവിടുന്നെണീററു്!

സക്കറിയാസ്: അതിപ്പക്കുറച്ചു പ്രയാസമാ.

ജൂഡിത്: ആണ്ടു്ഹാ?

സക്കറിയാസ്: (തലകുലുക്കിക്കൊണ്ടു്) ആ! പിന്നെ, നിനക്കെൻെറ ദേഹമൊക്കെ ഒന്നു തിരുമ്മാമെങ്കിൽ ഒന്നു നോക്കാം.

ജൂഡിത്: ഇവനെന്തൊരു ഏഭ്യനാ?

സക്കറിയാസ്: പിന്നല്ലിയോ?

ജൂഡിത്: എന്തോന്നു്?

സക്കറിയാസ്: നീ എന്തോന്നാ പറഞ്ഞതു്?

ജൂഡിത്: നീ ഒരു ഏഭ്യനാണെന്നു്.

സക്കറിയാസ്: ഞാനും അതാ പറഞ്ഞതു്.

(ജൂഡിത് ചിരിക്കുന്നു.)

അങ്ങനെ ചിരി.

ജൂഡിത്: ഫാ!

സക്കറിയാസ്: പിന്നേ, ആണുങ്ങളെ ആട്ടുന്നതു മോശമല്ലിയോ?

ജൂഡിത്: നീ ആണാണോ?

സക്കറിയാസ്: അല്ലെങ്കിൽ ഇവിടെ വന്നു് ഇങ്ങനിരിക്കുമോ?

ജൂഡിത്: എവിടെ?

സക്കറിയാസ്: പെണ്ണുങ്ങളുടെ കാല്ക്കല്.

ജൂഡിത്: എണീരെടാ.

സക്കറിയാസ്: അതു മാത്രം ഒക്കുകേല.

ജൂഡിത്: നിന്നെ ഞാനിപ്പോഴെഴുന്നേല്പിക്കും.

സക്കറിയാസ്: അതിനാ ഞാനിവിടിരിക്കുന്നതു്.

ജൂഡിത്: എന്തിനു്?

സക്കറിയാസ്: നീ പിടിച്ചെണീപ്പിക്കാൻ.

ജൂഡിത്: ആങ്ഹാ? (അടുത്തുചെന്നു ചെവിക്കുപിടിക്കുന്നു.)

സക്കറിയാസ്: (അടക്കിയ സ്വരത്തിൽ) അയ്യോ! അയ്യോ! ഞാനിവിടെ കിടന്നു് ഇയ്യക്കാവോന്നു വിളിക്കും.

ജൂഡിത്: (ചെവി വിട്ടിട്ടു്) നീ ഇവിടെക്കിടന്നു വിളിക്കുമോ?

സക്കറിയാസ്: ചെവിക്കുപിടിച്ചാണോ പൊക്കുന്നതു്?

ജൂഡിത്: പിന്നെ നിന്റെ മൂക്കിനു പിടിച്ചു പൊക്കട്ടെ?

സക്കറിയാസ്: നിൻെറ കരപല്ലവംകൊണ്ടു് എൻെറ കരപല്ലവത്തിൽ പിടിച്ചു് അങ്ങനെ മൃദുമൃദുവായി പൊക്കണം.

ജൂഡിത്: എന്തു്, എന്തു്! നിനക്കെന്തുവേണം?

സക്കറിയാസ്: കൊച്ചുന്നാളിൽ കുറച്ചു വിദ്യാഭ്യാസം ചെയ്യണം. ഇതൊക്കെ മനസ്സിലാകണമെങ്കിൽ.

ജൂഡിത്: നീ അവിടിരുന്നു കൊഞ്ചുന്നോ? (വീണ്ടും ചെവിക്കു പിടിച്ചു പൊക്കുന്നു.)

സക്കറിയാസ്: (അടക്കിയ സ്വരത്തിൽ) അയ്യോ! അയ്—

ജൂഡിത്: എടാ! മിണ്ടരുതു്. (ഇതരകരത്താൽ വാ പൊത്തിപ്പിടിച്ചുകൊണ്ടു് അവനെ വലിച്ചുപൊക്കുന്നു.)

സക്കറിയാസ്: (ചെവി തിരുമ്മിക്കൊണ്ടു്) എന്നാലും നിൻെറ കൈയിൽ ഞാൻ ഒരുമ്മ തന്നേ.

ജൂഡിത്: ഇവനാരെടാ?

സക്കറിയാസ്: എൻെറ നാമം സക്കറിയാസ്. എൻെറ അമ്മ മരിച്ചുപോയി. അച്ഛനും തഥൈവ. അദ്ദേഹ

ത്തിൻെറ സ്വത്തെല്ലാം എനിക്കു്. അതെല്ലാം എന്റെ പ്രിയപത്നി ജൂഡിത്തിനും സന്താനങ്ങൾക്കും.

ജൂഡിത്ത്: നിൻെറ സ്വത്തുംകൊണ്ടു പോകുമോ?

സക്കറിയാസ്: നിനക്കു് എൻെറ സ്വത്തു വേണ്ടായോ?

ജൂഡിത്ത്: എടാ, സക്കറിയാസ്, നീ പോ. ഇസബൽ ഇപ്പോൾ വരും.

സക്കറിയാസ്: അതിനെന്തു്? വരട്ടെ. അവളു വന്നു് മറേറ ചെവിക്കും പിടിക്കട്ടെ!

ജൂഡിത്ത്: എടാ, ഒരുപക്ഷേ, ചേട്ടനും വരുമായിരിക്കും.

സക്കറിയാസ്: അവനും വന്നുകൊള്ളട്ടെ. അവൻ എൻെറ പ്രിയസ്യാലൻ. ചെവി രണ്ടും അന്യാധീനത്തിലായിപ്പോയെന്നു പറയും. തൃപ്തിപ്പെട്ടില്ലെങ്കിൽ മൂക്കു് അവനും സമ്മാനിച്ചുകളയാം.

ജൂഡിത്ത്: ചേട്ടൻ വരുമ്പോഴും നീ ഇവിടെ നില്ക്കാനാണോ ഭാവം?

സക്കറിയാസ്: ഒക്കുമോ എന്നു നോക്കും. നിവൃത്തിയില്ലെങ്കിലത്തെ കാര്യം നിശ്ചയമില്ല.

ജൂഡിത്ത്: ചേട്ടൻ നിന്നെ കാണട്ടെയെന്നോ?

സക്കറിയാസ്: അതെ. കാണട്ടെയെന്നുതന്നെ. അവൻ കണ്ടാലെന്തു്? നിന്നെ കല്യാണം കഴിക്കുന്നതു തീർച്ചയായും ഞാൻതന്നെയാണേ?

ജൂഡിത്ത്: (പൊട്ടിച്ചിരിച്ചുകൊണ്ടു്) നീയോ?

സക്കറിയാസ്: അതെ, ഞാൻതന്നെ. ഇന്നലെ നീ സമ്മതിച്ചില്ലേ?

ജൂഡിത്ത്: ഞാൻ സമ്മതിച്ചോ?

സക്കറിയാസ്: നീ ഇന്നലെ എന്നോടെന്തോന്നാ പറഞ്ഞതു്?

ജൂഡിത്ത്: ഇന്നലെപ്പറഞ്ഞതോ?

സക്കറിയാസ്: ഇന്നലെ നിൻെറ കൈക്കു കടന്നുപിടിച്ചപ്പോഴേ.

ജൂഡിത്: നിന്നെ തൊഴിക്കുമെന്നു പറഞ്ഞു.

സക്കറിയാസ്: അതെ, അതുതന്നെ.

ജൂഡിത്: എന്തൊന്ന്? അതിൻെറ അത്ഥം കല്യാണം കഴിക്കാമെന്നാണോ?

സക്കറിയാസ്: പിന്നല്ലിയോ? കല്യാണം കഴിക്കാതെ തൊഴിക്കാനൊക്കുമോ?

ജൂഡിത്: നിന്നെ ഞാൻ ഇപ്പോൾ ഇവിടെനിന്നും അടിച്ചിറക്കും.

സക്കറിയാസ്: എന്നാൽ ഞാൻ പോകുകയും ചെയ്യും.

ജൂഡിത്: അല്ലെങ്കിൽ?

സക്കറിയാസ്: അല്ലെങ്കിൽ പോകയുമില്ല.

ജൂഡിത്: ഇതു് എന്തുപദ്രവം!

സക്കറിയാസ്: അങ്ങനെയാ—ഈ ഭത്താവു്, ഭത്താവെന്നു പറഞ്ഞാലെ, അതു നേരംപോക്കൊന്നുമല്ല.

ജൂഡിത്: നിന്നെ ഞാനിവിട്ടന്നോടിക്കും!

സക്കറിയാസ്: നീ ഓട്ടുമ്പോൾ ഞാനും ഓട്ടും. നീ നിന്നാൽ ഞാനും നില്ക്കും. തിരിഞ്ഞു നടന്നാൽ പുറകേ വരും.

ജൂഡിത്: എൻെറ സക്കറിയാസ്, ഇപ്പോൾ പോ.

സക്കറിയാസ്: (പ്രസന്നനായി) അങ്ങനെ വാ. മയ്യാദക്കു പറ. ഒന്നുകൂടെ പറ. ഒന്നു കേൾക്കട്ടെ.

ജൂഡിത്: എൻെറ സക്കറിയാസല്ലിയോ!

സക്കറിയാസ്: ആണോ?

ജൂഡിത്: പിന്നല്ലിയോ!

സക്കറിയാസ്: "എൻെറ പൊന്നു്" എന്നു പറ.

ജൂഡിത്: എൻെറ പൊന്നു്.

സക്കറിയാസ്: "എൻെറ തങ്കം" എന്നു പറ.
ജൂഡിത്: എൻെറ തങ്കം.
സക്കറിയാസ്: "എൻെറ പൊന്നു തങ്കം" എന്നു പറ.
ജൂഡിത്: പോടാ ഇറങ്ങി.

(സക്കറിയാസ് വപ്പുകടിച്ചു മിണ്ടാതെ നില്ക്കുന്നു.)

ജൂഡിത്: (ആകാശത്തു നോക്കി സമയം അതിക്രമിക്കുന്നുവെന്ന വിചാരത്തോടുകൂടി) എൻെറ പൊന്നു തങ്കം, ഞാൻ എന്തു വേണമെങ്കിലും തരാം. ഒന്നു പോകണം.
സക്കറിയാസ്: ഞാനിപ്പോഴിങ്ങോട്ടു വന്നല്ലേ ഉള്ളു?
ജൂഡിത്: എൻെറ സക്കറിയാസല്ലേ; എപ്പൊഴും വരാമല്ലൊ. ഇപ്പൊഴൊന്നു പോകണം.
സക്കറിയാസ്: കുറച്ചുകൂടെ കഴിയട്ടെ.
ജൂഡിത്: (കുടിലവീക്ഷണത്തോടുകൂടി) സക്കറിയാസ്!
സക്കറിയാസ്: ഇത്തിരികൂടെ?
ജൂഡിത്: (പരിഭവസ്വരത്തിൽ) പോകുകയില്ലേ?
സക്കറിയാസ്: ഒരു ശകലം!
ജൂഡിത്: (ഗംഭീരഭാവത്തിൽ) പോകാനാണു പറഞ്ഞതു്.
സക്കറിയാസ്: ജൂഡിത്!
ജൂഡിത്: പോകുമോ ഇല്ലയോ?
സക്കറിയാസ്: പോകാം. എന്നാൽ എൻെറ—
ജൂഡിത്: പോകാൻ!

(സക്കറിയാസ് വിഷണ്ണനായി മെല്ലെ നടക്കുന്നു.)

(പൊട്ടിച്ചിരിച്ചുകൊണ്ടു പുറകേചെന്നു പുറത്തു കൊട്ടിക്കൊണ്ടു്) നാളെ വരണം.
സക്കറിയാസ്: വരാം. (പോകുന്നു.)
ജൂഡിത്: (അവൻ പോകുന്നതു നോക്കിനിന്നിട്ടു സന്തുഷ്ട

യായി പൊട്ടിച്ചിരിക്കുന്നു.) പാവം! പമ്പരവിഡ്ഢി! അവനും ജൂഡിത്തിന്റെ ദാസൻ! ജൂഡിത്ത്! ജൂഡിത്ത്! നീയാര്? അഖിലലോകസാരം. സൗന്ദര്യം. സൗന്ദര്യത്തിൻെറ സമുചിതമായ സാക്ഷാൽക്കാരം. ശൃംഗാരം. അവയുടെ സമ്മേളനം ജൂഡിത്ത്. അവളുടെ മധുരാധരമധുപൂരം പുരണ്ടു മുരളുന്ന മത്തഷഡ്പദങ്ങളാണ് പുരുഷവർഗ്ഗം. അവളുടെ കടാക്ഷവൈദ്യുതപാതമേറ്റു ചുരുളുന്ന പന്നഗങ്ങൾ! അവളുടെ മന്ദഹാസമൃദുഗാനം ശ്രവിച്ചു മയങ്ങുന്നു. പരിഹാസഹാസമേററു വിളറുന്നു. കോപരസം സ്ഫുരിച്ചാലോ, മരിക്കുന്നു. അനന്തരക്ഷണത്തിൽ അവളുടെ മൃദംഗുലീസ്പർശനത്താൽ കൺമിഴിച്ചു നിശ്വസിക്കുകയും ചെയ്യുന്നു! അവർ ജൂഡിത്തിന്റെ സജീവതാലവൃന്തങ്ങൾ—അവളുടെ പാദോപധാനങ്ങൾ—അവളുടെ ശരീരത്തിനു് അലങ്കാരസാധനങ്ങൾ നല്കുവാനുള്ള മാധവമാസങ്ങൾ—അവളുടെ പാദത്തിൽ പ്രണമിച്ചു ഗതിയടയേണ്ട പരമപാവങ്ങൾ! അവളുടെ മുൻപിൽ സകല പുരുഷനും സക്കറിയാസുതന്നെ! ത്രിലോകവഞ്ചകനായ കയാഫ്സ്, അയാളും ജൂഡിത്തിൻെറ ദാസൻ! അയാളുടെ മുൻപിൽ ജറുസലേം ഞെട്ടുന്നു! അയാൾ എൻെറ മുൻപിലും! ആ വിരസൻ ഗബ്രിയാസ് എന്റെ മുൻപിൽ എത്തിയാൽ രസികശിരോമണി! ആ കുപ്രസിദ്ധലുബ്ധൻെറ ഖജനാവിനു് എൻെറ കടാക്ഷം താക്കോലു്! ബാറബാസോ? അവൻ വിപ്ലവകാരി, അധികാരവിദ്വേഷി, ഭയങ്കരനായ ശാർദ്ദൂലംപോലും. എന്നാൽ ഈ ജൂഡിത്തിനു് അവൻ ഒരു കളിപ്പിറാവു്—ആജ്ഞാകരൻ—സന്ദേശവാഹകൻ! ആ മറയൻ ഗബ്രിയാസ് അവനോടു പറഞ്ഞു അവൻ എന്നെ ചുംബി

ക്കാറുണ്ടെന്നു്. വെറും പരമാത്ഥം! പക്ഷേ, അതു പറയണോ? പറഞ്ഞാൽ ഈ കാട്ടപോത്തു് ബാറബാസ് അവനെ കുത്തിക്കൊല്ലണോ? ഗബ്രിയാസ് എന്നെ ചുംബിച്ചാൽ ഇവനെന്തു നഷ്ടം? ഇവനു മതിവരുവോളം ഇവനും ചുംബിച്ചുകൊള്ളണം. അതല്ലേ ഉള്ളു? അതിനു് ആ മഠയനെ യാത്രയാക്കിയിട്ടു് ഈ മഠയൻ ജയിലിൽ! പതിനെട്ടു മാസമായി, കിടന്നു നരകിക്കയാണു്. അവിടെ കിടക്കട്ടെ! ബുദ്ധിയില്ലാത്ത വഷളന്മാക്കു് അതുതന്നെയാണു് അനുഭവം. പക്ഷേ, ആകെ തരക്കേടില്ലായിരുന്നു. അന്നു വല്ലതിനും കൊള്ളാമായിരുന്നു. ഇപ്പോൾ എങ്ങനെ ഇരിക്കുന്നോ? അവലക്ഷണംപിടിച്ചുകാണും. ഇനി അവിടെ കിടന്നു ചത്തൊളുകയാണു ഭേദം. എല്ലും തൊലിയും തിരിഞ്ഞു കൂനിപ്പിടച്ചു്, കൈയിലും കാലിലും ഇരുമ്പുചങ്ങലയുടെ വട്ടവുമായി ഇങ്ങോട്ടു് ഇറങ്ങി വന്നേച്ചാൽ പിന്നെ—(ചിരിക്കുന്നു.)

(ഇസബെൽ പ്രവേശിക്കുന്നു.)

ഇസബെൽ: എന്താ ആകാശത്തു നോക്കി ചിരിക്കുന്നതു്? ചന്ദ്രനെ മയക്കി താഴത്തിടരുതു്. അതോ ചേട്ടൻ വരാത്തതിലുള്ള സന്തോഷമാണോ?

ജൂഡിത്: അല്ലാ! എൻെറ ഇസബെലോ? എടീ, കള്ളി! നീ ഇത്ര പതുക്കെ എന്റെ അടുത്തു് എങ്ങനെ എത്തി? ഇങ്ങനെയായിരിക്കും പതിവു്. കള്ളീ! ഇസബൽ, ചേട്ടനെക്കണ്ടോ? അദ്ദേഹം ഇപ്പോൾ എവിടെ?

ഇസബൽ: അമ്പാ, ചേട്ടനെ നോക്കാൻപോയതിൻെറ നന്ദി! പാതിരാസ്സു കണ്ട ഭ്രാന്തന്മാരുടെ അടുത്തെല്ലാം തെണ്ടിനടന്നതിനു് വന്നയുടനെ—'കള്ളീ!' 'കള്ളീ!' ചേട്ടനെ ഞാൻ കണ്ടില്ല.

ജൂഡിത്: എൻെറ പൊന്നല്ലിയോ?

ഇസബെൽ: അല്ലല്ല, പൊന്നുമല്ല, വെള്ളിയുമല്ല, കള്ളിയാണ്. ചേട്ടനെ ഈ കള്ളി മോഷ്ടിച്ചു.

ജൂഡിത്: (കപടകടാക്ഷവിക്ഷേപത്തോടുകൂടി) അതു നീ പററിക്കുന്നവളാണ്. എനിക്കറിയാം. എങ്കിലും ഞാനൊന്നു കണ്ടുകൊള്ളട്ടെ. അതു കഴിഞ്ഞു നീ മോഷ്ടിച്ചോ. എനിക്കു വേണ്ടാ.

ഇസബെൽ: ആവൂ! ഒരു പുരുഷനെയെങ്കിലും വിട്ടുതന്നല്ലോ.

ജൂഡിത്: പോടീ. (ഇസബെലിൻെറ ചെകിട്ടത്തു നുള്ളുന്നു.)

ഇസബെൽ: ഹോ! എങ്ങനെ നൊന്തു!

ജൂഡിത്: (നുള്ളിയിടത്തു ചുംബിച്ചിട്ട്) ഇപ്പോഴോ?

ഇസബെൽ: ഇപ്പോൾ ചേട്ടൻ പടിക്കൽ നില്ക്കുന്നു.

ജൂഡിത്: അയ്യോടി! (പടിക്കലേക്കു ഓടാൻ ഭാവിക്കുന്നു.)

ഇസബെൽ: എങ്ങോട്ടാണ് ഓടുന്നത്?

ജൂഡിത്: (നിന്നിട്ട് അക്ഷമയായി) എങ്ങോട്ടാണെന്നോ? എന്താ സംശയം?

ഇസബെൽ: സംശയമൊന്നുമില്ല. ഇങ്ങനെ ചിരിച്ചോണ്ട് അങ്ങോട്ടു ചെന്നേച്ചാൽ ഭംഗിയായി.

ജൂഡിത്: പിന്നെ ഞാനെന്തുവേണം?

ഇസബെൽ: എന്തുവേണമെന്ന് എനിക്കറിഞ്ഞുകൂടാ. ഇവിടെ ചാകാറായി കിടക്കുന്നെന്നുംപറഞ്ഞാണ വിളിച്ചുകൊണ്ടുവന്നതു്. പക്ഷേ, ഇങ്ങു വരുമ്പോൾ കാണുന്നതു് ചാകുന്നതല്ല, മററു വല്ലവരേയും കൊല്ലുന്നതായിരിക്കുമെന്ന് എനിക്കറിയാം. അതുകൊണ്ടു പടിക്കൽ നിത്തിയിട്ടു ഞാൻ നേരത്തെ വന്നതാണ്.

ജൂഡിത്: ഇനി ഇപ്പോൾ ഞാൻ എന്തുചെയ്യണം?

ഇസബെൽ: (ആക്ഷേപസ്വരത്തിൽ) എന്നാൽ പഠിപ്പിക്കട്ടെ? അയ്യോ കൊച്ചുകുഞ്ഞല്ലിയോ? മനുഷ്യരെ കണ്ടിട്ടുണ്ടോ? നന്നാ കൊഞ്ചുന്നല്ലോ? (ജൂഡിത് അണിഞ്ഞിരുന്ന ഒരു പതക്കത്തിൽ നോക്കി കള്ളച്ചിരിയോടുകൂടി) പതക്കം നന്നായിരിക്കുന്നു. നല്ല ചേച്ച്. (ഉപേക്ഷാഭാവത്തിൽ) ഞാൻ പോകുന്നു. ജൂഡാസ് ഉടനെവരും. മനസ്സുപോലെ ചെയ്യണം. (പോകുന്നു.)

ജൂഡിത്: ഇവളല്ലെങ്കിൽപ്പിന്നെ കള്ളിയാരു്? ജൂഡിത് ഇല്ലായിരുന്നെങ്കിൽ ഇസബെൽ ജറുസലേം ആക്രമിച്ചേനേ. ഞാൻ എത്ര സുന്ദരികളുടെ തേജോവധം ചെയ്തു? ഞാൻ—പക്ഷേ, നേരം പോകുന്നു. ചേട്ടൻ ഉടനെ എത്തും. ഇപ്പോൾ സാധിക്കണം. എങ്ങനെ വഞ്ചിക്കും? എൻെറ ചേട്ടനോടു ഞാൻ അതെങ്ങനെ ചെയ്യും? എന്നാൽ അല്ലാതെ നിവൃത്തിയില്ല. കാര്യം കഴിഞ്ഞിട്ടു് എല്ലാം ശരിപ്പെടുത്തിക്കൊള്ളാം. (പതക്കം പിടിച്ചുനോക്കി ചിരിച്ചുകൊണ്ടു്) തരക്കേടില്ല. അയാളുടെ കൈയിൽ ഇനി ഇതുപോലെ എത്ര കാണും? അയാളുടെ മൺപാവയ്ക്കു് ഇതെല്ലാമെന്തിനു്? (പിന്നെയും നോക്കിയിട്ടു്) പിശുക്കൻ ഉള്ളതിലേക്കു മോശപ്പെട്ടതു നോക്കി എടുത്തുകൊണ്ടു വന്നിരിക്കയാണു്. ഇനി ഇങ്ങു വരട്ടെ! എന്നാൽ അതേ—(പെട്ടെന്നു സോഫായിൽ ഇരുന്നു്, തലചാരിയിൽ കൊട്ടുംകൈകുത്തി മുഖം താങ്ങിപ്പിടിച്ചുകൊണ്ടു വിങ്ങിവിങ്ങിക്കരയുന്നു.)

(ജൂഡാസ് പുറകിൽ പ്രവേശിച്ചു് അടുത്തുചെന്നു് അവളെത്തന്നെ നോക്കി വ്യസനാക്രാന്തനായി നില്ക്കുന്നു.)

(കരഞ്ഞുകൊണ്ടു്, അല്പനേരംകൂടി ഇരിക്കുന്നു.) ചേട്ടാ, ചേട്ടാ! അയ്യോ ചേട്ടാ! പോകരുതേ, എന്നെ

വിട്ടു പോകരുതേ! (പെട്ടെന്ന് എണീററു് ഭ്രാന്തിയെപ്പോലെ മുന്നോട്ട് ഓടുന്നു.)

ജൂഡാസ്: (മുമ്പോട്ടു് ഒന്നുരണ്ടടിവച്ചുകൊണ്ടു്) ജൂഡിത്! ജൂഡിത്!

ജൂഡിത്: (തിരിഞ്ഞുനിന്നു് അത്യത്ഭുതത്തോടും ആനന്ദപാരവശ്യത്തോടും) അയ്യോ, എൻെറ ചേട്ടൻ! (ഓടിച്ചെന്നു കഴുത്തിൽ ഞാന്നുകൊണ്ടു്) ചേട്ടാ! എൻ്റെ ചേട്ടാ! (പലവിധ ലാളനകൾ ചെയ്യുന്നു. മുഖം അല്പം അകററിപ്പിടിച്ചു നോക്കുന്നു. പെട്ടെന്നു സ്നേഹാതിരേകത്താൽ ഇരുകൈകളും തോളത്തു വീണ്ടും ഇട്ടു് മുറുകെപ്പിടിക്കുന്നു.) ചേട്ടാ! ചേട്ടാ!

ജൂഡാസ്: (അശ്രുപൂർണ്ണനായി) ജൂഡിത്!

ജൂഡിത്: ചേട്ടാ മിണ്ടരുതേ! ഞാൻ ചേട്ടനെ ഒന്നു കണ്ടുകൊള്ളട്ടെ. എൻെറ ചേട്ടനെ, ചേട്ടാ, ചേട്ടാ എന്നു വിളിച്ചു മതിവരുത്തട്ടെ! എൻെറ ചേട്ടനെ ഞാൻ കണ്ടിട്ടു് എത്ര നാളായി! എങ്കിലും എൻെറ ചേട്ടൻ, ചേട്ടൻ്റെ ജൂഡിത്തിനെവിട്ടു്—(പെട്ടെന്നു്) അയ്യോ ഞാനെത്ര ഭോഷി! ഞാൻ എല്ലാം മറന്നുപോയി. (ജൂഡാസ് പിടിക്കുവാൻ നീട്ടിയ കൈ തട്ടിക്കളഞ്ഞിട്ടു്) എന്നെത്തൊടരുതു്! ഞാൻ കലമ്പിയാണു്! (പെട്ടെന്നു് അകലെച്ചെന്നു പരാങ്മുഖിയായി നില്ക്കുന്നു.)

ജൂഡാസ്: (അടുത്തുചെന്നു്) ജൂഡിത്!

ജൂഡിത്: (കലഹിനിയെപ്പോലെ) ഞാൻ കലമ്പിയാണു്. എന്നോടു മിണ്ടണ്ടാ.

ജൂഡാസ്: (അവളുടെ ഭുജത്തിൽ മെല്ലെ പിടിച്ചുകൊണ്ടു്) അനുജത്തീ! ഞാൻ മിണ്ടണ്ടായോ?

ജൂഡിത്: വേണ്ട, മിണ്ടണ്ടാ. മിണ്ടണ്ടാ. എന്നോട്ട് എന്തിനു മിണ്ടുന്നു? എന്നോട്ട് ഒരക്ഷരം മിണ്ടണ്ടാ.

ജൂഡാസ്: എൻെറ മുഖത്തുനോക്കിപ്പറയൂ ജൂഡിത്, നീ എന്നോടു കലമ്പിയാണോ?

ജൂഡിത്: (മുഖത്തുനോക്കി പെട്ടെന്നു് സ്നേഹാവേശത്തോടുകൂടി കെട്ടിപ്പിടിച്ചുകൊണ്ടു്) ചേട്ടാ, എന്റെ ചേട്ടാ, ഞാൻ കലമ്പുമോ? എൻെറ ചേട്ടനോടു ഞാൻ കലമ്പുമോ? ചേട്ടനോടു കലമ്പിയാൽ പിന്നെ എനിക്കാരുണ്ടു്? എനിക്കു ചേട്ടനല്ലാതെ പിന്നെ ആരുണ്ടു്? ചേട്ടാ! ചേട്ടാ!

ജൂഡാസ്: ജൂഡിത്! അനുജത്തീ!

(രണ്ടുപേരും ഒരുനിമിഷം സ്വയം മറന്നു് ആനന്ദപൂർണ്ണരായി നില്ക്കുന്നു.)

ജൂഡിത്: (ഹൃദയംഗമമായ സ്വരത്തിൽ) എൻെറ ജീവിതത്തിൽ ഇതുപോലെ പരമപാവനമായ ഒരു ആനന്ദം ഞാൻ അനുഭവിച്ചിട്ടില്ല. (ദീർഘമായി നിശ്വസിക്കുന്നു.) എൻെറ ചേട്ടാ, എങ്കിലും എന്നെ, ചേട്ടന്റെ ജൂഡത്തിനെ വിട്ടു്—(കരയുന്നു.)

ജൂഡാസ്: ഓമനേ, ഞാൻ നിന്നെ—കുഞ്ഞേ, നീ ഇങ്ങനെ—

ജൂഡിത്: ചേട്ടാ, എനിക്കു് എൻെറ ചേട്ടനല്ലാതെ ആരുണ്ടു്? അമ്മയില്ലാത്ത ഈ പെണ്ണിനെ ഇങ്ങനെ വിട്ടുപോകാൻ ചേട്ടനു ധൈര്യംവന്നല്ലോ. ഞാൻ എന്തൊരപരാധംചെയ്തു? എന്തെ... ന ചേട്ടനു് എന്നെ ശിക്ഷിക്കാ... ി ച്ചുകൊള്ളണം, കൊന്നുകൊള്ള... ദ നെ അനാഥയായി വിട്ടുപോക...)

MUL 292022

ജൂഡാസ്: നീ എന്നോടപരാധം ചെയ്തുയോ? സോദരീ,

292022
032:2M858:
K7
UNIVERSITY LIBRARY
12 FEB 1975

നിനക്ക് അതു സാധിക്കുമോ? നിന്നോട്ട ഞാൻ പിണങ്ങുകയോ? നിന്നെ ഉപേക്ഷിക്കുകയോ? കഷ്ടം! ജൂഡിത്, നിനക്ക് ജൂഡാസിനെ അറിഞ്ഞുകൂടയോ?

ജൂഡിത്: ചേട്ടാ, എനിക്കറിഞ്ഞുകൂടാ. അറിയാമെന്നു വിചാരിച്ചിരുന്നു. എന്നാൽ എനിക്കറിഞ്ഞുകൂടെന്നു മനസ്സിലായി. എന്നെ ഉപേക്ഷിച്ചുപോയ ചേട്ടനെ ഞാനെങ്ങനെ അറിയാനാണ്?

ജൂഡാസ്: ഒരുപക്ഷേ, നീ പറഞ്ഞതാണു ശരി. നിനക്ക് എന്നെ അറിഞ്ഞുകൂടാ. ആക്കും എന്നെ അറിഞ്ഞുകൂടാ. ആരും അറിയാതെയും ഇരിക്കട്ടെ!

ജൂഡിത്: (പരിഭ്രമത്തോട്ടകൂടി) ചേട്ടാ!

ജൂഡാസ്: ഓമനേ, ഞാനിവിടെ താമസിച്ചിരുന്നുവെങ്കിൽ നീ ഇതില്യം കൂട്ടതൽ ദുഃഖിക്കുവാനിടയാകുമായിരുന്നു.

ജൂഡിത്: സത്യത്തിൽ ചേട്ടൻ പറയുന്നതു് എനിക്കു മനസ്സിലാകുന്നില്ല.

ജൂഡാസ്: നിനക്ക് എങ്ങനെ മനസ്സിലാകും? നീ ഇന്നും വീട്ടിനകത്തു കുത്തിയിരുന്നു കാലംകഴിക്കുന്ന കളിക്കുഞ്ഞു്. പൂപറിക്കുവാൻ നിൻെറ ചേട്ടനെ കിട്ടിയില്ലെങ്കിൽ നീ ഇന്നും കരയും. ആ നിനക്ക് എങ്ങനെ മനസ്സിലാകും? ജൂഡിത്, ഞാൻ പറയാം. എനിക്കിവിടം സഹിക്കവയ്യ. ഇവിടത്തെ മനുഷ്യരെ ഓക്കുവാൻ വയ്യ. മയ്യാദയുള്ള ഒരു പുരുഷനില്ല. മാനമുള്ള ഒരു സ്ത്രീയില്ല. അവരുടെ ദൈവം പണം! ദേവാലയം കച്ചവടസ്ഥലം! പണംകൊടുത്തു ദൈവത്തിനെത്തന്നെ വിലയ്ക്കുവാങ്ങുന്ന പുരോഹിതന്മാർ. പണത്തിനായി ഭത്താവിനേയും സ്വന്തസഹോദരനേയും വില്ക്കുന്ന കുലാംഗനകൾ.

(ജൂഡിത് ആ വാക്കുകൾ ഹൃദയത്തിൽ തറയ്ക്കുകയാൽ നിശ്ശബ്ദയായി നില്ക്കുന്നു.)
രക്തപാനംകൊണ്ടു മത്തുപിടിച്ച ഒരു ദുർഭൂതമാണ് അവരുടെ ദൈവം! ദേവാലയം കശാപ്പുകട! കശാപ്പുകാരൻ പുരോഹിതൻ!

ജൂഡിത്: (പരിഭ്രമത്തോടുകൂടി) ചേട്ടൻ എന്നെ ഉപേക്ഷിച്ചുപോയതിൻെറ കാരണമാണോ പറയുന്നത്?

ജൂഡാസ്: (അതു കേൾക്കാത്തതുപോലെ) അവൻ എന്തൊക്കെയാണു കശാപ്പുചെയ്യുന്നത്! അവൻെറ കശാപ്പുകത്തി എന്തിൻെറയൊക്കെ ശിരച്ഛേദമാണ് ദിവസേന അവിടെ നടത്തുന്നത്! അവൻെറ കത്തിയേററ് ധർമ്മം, സത്യം, പാതിവ്രത്യം, സ്നേഹം, മനുഷ്യത്വം ഇവ അവിടെ കിടന്നു നിണമണിഞ്ഞു പിടയ്ക്കുന്നു. അവൻെറ കത്തിയുടെ ഓരോ പതനത്തിലും മുറിവേററ ദൈവം ദീനദീനനായി നിലവിളിക്കുന്നു.

ജൂഡിത്: (വർദ്ധിച്ച പരിഭ്രമത്തോടുകൂടി) ചേട്ടാ!

ജൂഡാസ്: (പരിതഃസ്ഥിതികൾ അപ്പോൾമാത്രം ഗ്രഹിച്ചവനെപ്പോലെ) ജൂഡിത്, എനിക്കു് അതു സഹിക്കവയ്യ. അതു് ഓർക്കുമ്പോൾ എൻെറ രക്തം തിളയ്ക്കുന്നു. ഞാൻ ഭ്രാന്തനാകുന്നു.

ജൂഡിത്: ഞാൻ ഇതിനു് എന്തു തെററുചെയ്തു?

ജൂഡാസ്: നീയോ? പാവം! കുഞ്ഞേ, നീ എന്തു തെററു ചെയ്യാനാണ്? എന്നാൽ ഇവിടെ താമസിച്ചാൽ ഞാൻ തെററു ചെയ്തുപോകും. അഥവാ ഒരു ഭയങ്കരമായ ശരി ചെയ്തുപോകും.

ജൂഡിത്: ചേട്ടാ, എനിക്കു ഭയമാകുന്നു. ചേട്ടനെന്താണു പറയുന്നത്?

ജൂഡാസ്: എൻെറ അനുജത്തീ, എനിക്കു് ഇതു സഹി

ക്കുവാൻ സാധിക്കുകയില്ല. അതിൻെറ ഫലം കാരാഗൃഹമോ കഴുകുമരമോ ആയിരിക്കും. അതു കണ്ടുകൊണ്ടു് എൻെറ കൊച്ചനുജത്തി ജീവിച്ചിരിക്കേണ്ടതായും വരും. അതിൽഭേദം ഞാൻ പോയതല്ലേ?

ജൂഡിത്: ഇപ്പോൾ എനിക്കു മനസ്സിലാകുന്നു. ചേട്ടൻ അതു ഭയപ്പെട്ടാണോ—

ജൂഡാസ്: (ഒരു ചെറുചിരിയോടുകൂടി) ഭയപ്പെട്ടോ? ജൂഡിത്, നിൻെറ സഹോദരനു ഭയമില്ല. അവൻ ആരെയും ഒന്നിനെയും ഭയപ്പെടുന്നില്ല. ജൂഡാസിനു് ഒരാളെ മാത്രമേ ഭയമുള്ളു. അതു ജൂഡാസിനെത്തന്നെ! അതുകൊണ്ടു ഞാൻ ഭയപ്പെട്ടുപോയതല്ല, അങ്ങനെ പോകുകയുമില്ല. എന്റെ ദേശത്തേയും സമുദായത്തേയും പററിയുള്ള വിചാരം എൻെറ ഉള്ളിൽ സദാ നീറിക്കൊണ്ടിരുന്നു. അങ്ങനെയിരിക്കെയാണു് അതിനു് എന്നല്ല ഏതിനും പററിയ ഒരു പരിഹാരം ഒരു മഞ്ജുളഗീതംപോലെ എൻെറ കർണ്ണങ്ങളിൽ പതിച്ചതു്. ആ മൃദുഗാനം, മനോഹരഗാനം, സനാതനഗാനം, ശ്രവിച്ചു് അതിൻെറ വിശ്വപ്രേമലഹരിയിൽ മനം മയങ്ങി അതു പാടിയ പുംസ്കോകിലമെങ്ങെന്നു തേടിപ്പോയതാണു ഞാൻ സോദരീ!

ജൂഡിത്: പക്ഷിയെ പിടിക്കാനോ ചേട്ടാ?

ജൂഡാസ്: അതേ അനുജത്തി, പക്ഷിയെ പിടിക്കുവാൻ തന്നെ. മനുഷ്യശരീരമാകുന്ന സുന്ദരപഞ്ജരത്തിൽ അടച്ച ഈശ്വരശക്തിയാകുന്ന അപൂർവ്വശുകത്തെ സമാശ്ലേഷിക്കുവാൻ! മോക്ഷകാരണനായ, മനുഷ്യസമുദായസമുദ്ധാരകനായ, ഗുരുദേവനെ, സാക്ഷാൽ ക്രിസ്തുദേവനെ—

ജൂഡിത്: (പെട്ടെന്നു കൈവിട്ടു മാറി കഠിനസ്വര

ത്തിൽ) ചേട്ടാ! ചേട്ടനെന്തും ചെയ്തുകൊള്ളണം. വേണമെങ്കിൽ എന്നെ വധിച്ചുകൊള്ളണം. എന്നാൽ അവൻെറ പേരുമാത്രം എന്നോടു പറയരുതു്.

ജൂഡാസ്: ജൂഡിത്, നീ വിവരമില്ലാത്ത കുട്ടി! നിന്റെ അപരാധം ദൈവം ക്ഷമിക്കും. എങ്കിലും നീ അങ്ങനെ പറയരുതു്.

ജൂഡിത്: ദൈവം ക്ഷമിക്കട്ടെ! അഥവാ ശപിക്കട്ടെ! ജൂഡിത് വകവയ്ക്കുന്നില്ല. എൻെറ ചേട്ടനെ എൻെറ അടുക്കൽനിന്നകററിയ ആ ദ്രോഹിയുടെ പേരു് എനിക്കു കേൾക്കണ്ടാ. അവൻ നശിക്കുകതന്നെ ചെയ്യും!

ജൂഡാസ്: (അല്പം ഗൗരവത്തിൽ) ജൂഡിത്, നീ അങ്ങനെ പറയരുതു്. ഞാൻ അതു സഹിക്കുകയില്ല. എന്നോടു നിനക്കു സ്നേഹമുണ്ടെങ്കിൽ—

ജൂഡിത്: (വീണ്ടും കൈകൾ പിടിച്ചുകൊണ്ടു്) ചേട്ടനു് അതു സംശയമാണോ?

ജൂഡാസ്: എനിക്കോ അനുജത്തീ. പിന്നെ എനിക്കു വിശ്വസിക്കാനെന്തുണ്ടു്? എന്നാൽ എൻെറ അനുജത്തി അങ്ങനെ പറയരുതു്. ഞാൻ പറയുന്നതു വിശ്വസിക്കു്. അദ്ദേഹം ലോകരക്ഷാൎത്ഥം ജനിച്ചിട്ടുള്ള പുണ്യാത്മാവാണു്! സാക്ഷാൽ ദൈവപുത്രനാണു്.

ജൂഡിത്: (പൊട്ടിച്ചിരിച്ചിട്ടു്) ചേട്ടാ, എനിക്കു മാപ്പു തരണം. (പിന്നെയും ചിരിക്കുന്നു.) എന്നോടു പിണങ്ങരുതേ. (ചിരിക്കുന്നു.) ഞാൻ ചിരിച്ചുപോകുന്നതു തെററാണു്. പക്ഷേ, ചേട്ടാ—(ചിരിക്കുന്നു.)

ജൂഡാസ്: നിന്നോടു പിണങ്ങുവാൻ എനിക്കു സാദ്ധ്യമല്ല. പക്ഷേ, നീ എന്താണു് ഇങ്ങനെ ചിരിക്കുന്നതു്?

ജൂഡിത്: (ചിരിച്ചുകൊണ്ടു്) ചേട്ടാ, അയാളുടെ ശിഷ്യ

ന്മാരെല്ലാം ഭ്രാന്തന്മാരാണെന്നു കേട്ടിട്ടുണ്ട്. അയാൾ ഭ്രാന്തചക്രവത്തിയും. ചേട്ടനും—(ചിരി അടക്കുവാൻ ശ്രമിക്കുന്നു.)

ജൂഡാസ്: ജൂഡിത്, അവക്കെല്ലാം, അക്കൂട്ടത്തിൽ എനിക്കും, ഒരുതരം ഭ്രാന്താണു്. നിങ്ങൾക്കും മററുചിലതരം ഭ്രാന്താണു്. അങ്ങനെ പലതരം ഭ്രാന്തുകാട്ടിക്കഴിയുന്നവരല്ലേ നാമെല്ലാം?

ജൂഡിത്: എങ്കിലും ചേട്ടാ, ദൈവപുത്രനാണെന്നല്ലേ ചേട്ടൻ പറഞ്ഞതു്?

ജൂഡാസ്: അതേ ജൂഡിത്, നീ അതു വിശ്വസിക്കയാണു വേണ്ടതും. അതാണു സത്യം.

ജൂഡിത്: (പിന്നെയും ചിരി അടക്കിക്കൊണ്ടു്) പക്ഷേ, ദൈവപുത്രനെ രാത്രിയിലെങ്ങും പുറത്തുകാണണ്ട. ആരെ ഭയപ്പെട്ടാണോ ഒളിച്ചിരിക്കുന്നതു്?

ജൂഡാസ്: (സാശ്ചര്യം) ഭയപ്പെട്ടോ?

ജൂഡിത്: എന്തോ, അങ്ങനെയിവൾക്കു തോന്നിയെന്നേ ഉള്ളൂ. പകൽ പതിനായിരംപേരു ചുററുമുണ്ടെങ്കിൽ ദൈവപുത്രൻെറ ധൈര്യമൊന്നും പറയാനില്ല. പ്രസംഗിക്കും—മന്ദിരം പൊളിക്കും—കണ്ണിൽക്കണ്ടവരുടെ ഒക്കെ പുറം പൊളിക്കും. കഴുതപ്പുറത്തെഴുന്നെള്ളും. സന്ധ്യമയങ്ങിയാൽപ്പിന്നെ എവിടെ! രാത്രിയിലെവിടെയാ? അങ്ങു്, അച്ഛൻെറ അടുത്തു പോകുമായിരിക്കും.

ജൂഡാസ്: (അല്പം അന്ധാളിപ്പോടുകൂടി) ജൂഡിത്, നിനക്കറിയാൻപാടില്ലാത്തതിനെപ്പററി സംസാരിക്കാതിരിക്കു്.

ജൂഡിത്: എന്നാല്പിന്നെ എനിക്കറിഞ്ഞുകൂടാത്ത കാര്യം എന്നോടു പറഞ്ഞതെന്തിനു്? ഇല്ല ചേട്ടാ, ദൈവ

പുത്രൻ മനുഷ്യരെ ഭയപ്പെട്ടു് ഒളിച്ചുകളിക്കുന്നതു് എനിക്കു മനസ്സിലാകുന്ന വിഷയമല്ല.

ജൂഡാസ്: അദ്ദേഹം ആരേയും ഭയപ്പെടുന്നില്ല.

ജൂഡിത്: (ഹാസ്യസ്വരത്തിൽ) ഇല്ലില്ല! (തുറന്ന ചോദ്യരൂപത്തിൽ) പിന്നെന്തിനു ചേട്ടാ ഒളിച്ചിരിക്കുന്നു? നിങ്ങൾ എന്തിനു് ആ കളിപ്പാട്ടം ഒളിച്ചുവച്ചുകൊണ്ടിരിക്കുന്നു?

ജൂഡാസ്: ആരും ഒളിച്ചുവയ്ക്കുന്നില്ല.

ജൂഡിത്: ഇല്ലേ? എന്നാൽ പറയണം, ചേട്ടൻെറ ഗുരുദേവൻ ഇപ്പോൾ എവിടെ? അല്ലെങ്കിൽ വേണ്ട, എന്നോടെന്തിനു പറയുന്നു? ആ പുരോഹിതന്മാർ തേടിനടക്കയാണു്. അവരോടു ചെന്നു നേരിട്ടു പറയണം ഇന്ന സ്ഥലത്തുണ്ടെന്നു്.

ജൂഡാസ്: അദ്ദേഹത്തെ വഞ്ചിക്കണമെന്നോ നീ എന്നോടു പറയുന്നതു്?

ജൂഡിത്: (പരിഭവസ്വരത്തിൽ) എൻെറ ചേട്ടനോടു് അങ്ങനെ ഒരു നീചകൃത്യം ആവശ്യപ്പെടുന്നവളായിരിക്കാം ഈ അനുജത്തി.

ജൂഡാസ്: ഞാൻ അങ്ങനെ പറഞ്ഞില്ല. സംശയിച്ചുമില്ല.

ജൂഡിത്: ചേട്ടാ, ഞാനങ്ങനെ പറയുന്നവളല്ല. ചേട്ടനേ മാററം വന്നിട്ടുള്ളു. ഇതു പഴയ ജൂഡിത്തുതന്നെയാണു്. അങ്ങനെ ഇരിക്കുകയുംചെയ്യും. ചേട്ടൻ വലിയകാൎയ്യം പറഞ്ഞതുകൊണ്ടു് ഞാൻ വെറുതേ പറഞ്ഞെന്നേയുള്ളു. പേടിയില്ലെങ്കിൽ, വാസ്തവത്തിൽ ദൈവപുത്രനാണെങ്കിൽ—

ജൂഡാസ്: ഞാൻ പറഞ്ഞിട്ടും നിനക്കു വിശ്വാസമില്ലേ?

ജൂഡിത്: ചേട്ടൻ പറയുന്നതൊക്കെ വിശ്വാസമാണു്. പക്ഷേ, ഇതിൽ ചേട്ടനുതന്നെ വിശ്വാസമില്ല.

ജൂഡാസ്: നീ എന്താണ് അങ്ങനെ പറയുന്നതു്?

ജൂഡിത്: ചേട്ടാ, അദ്ദേഹം ദൈവപുത്രനാണെന്നു ചേട്ടനു വിശ്വാസമുണ്ടെങ്കിൽ എന്തുകൊണ്ടു ഞാൻ പറഞ്ഞതുപോലെ ചെയ്തുകൂടാ? ആ പുരോഹിതന്മാക്ക് അദ്ദേഹത്തെ എന്തെങ്കിലും ചെയ്യുവാൻ കഴിയുമോ? അല്ലെങ്കിൽ ചേട്ടനുതന്നെ സംശയമാണെന്നു സമ്മതിക്കണം.

ജൂഡാസ്: എനിക്കു യാതൊരു സംശയവുമില്ല.

ജൂഡിത്: എന്നാൽ ചേട്ടാ, ചേട്ടൻ എന്നെ തെററിദ്ധരിക്കരുതു്. ചേട്ടൻ ധൈര്യമായി അയാൾ ഇരിക്കുന്ന സ്ഥലം പറയുകയല്ല, വേണമെങ്കിൽ കാണിച്ചുകൊടുക്കുകകൂടെ ചെയ്യും.

ജൂഡാസ്: അതു വഞ്ചനയല്ലേ?

ജൂഡിത്: സത്യം പുറത്തുകാട്ടുന്നതു വഞ്ചനയാണെങ്കിൽ അതു വഞ്ചനതന്നെ. അല്ലെങ്കിൽ അതാണു ശരി. സത്യം.

ജൂഡാസ്: അതാണു സത്യമെന്നോ?

ജൂഡിത്: സംശയമെന്താണ്? അതാണ് സാക്ഷാൽ സത്യം. സത്യം വെളിവാക്കുന്ന സത്യം. ചേട്ടൻെറ ഗുരുനാഥൻ ദൈവപുത്രനെങ്കിൽ ആ സത്യം നിങ്ങൾ പന്ത്രണ്ടുപേരു മാത്രം അറിയേണ്ടതാണോ? അതു ലോകംമുഴുവൻ അറിഞ്ഞു് അദ്ദേഹത്തെ ആരാധിക്കേണ്ടതല്ലേ? അതറിയിക്കേണ്ടതു നിങ്ങളല്ലെങ്കിൽ ആരാണ്? അതുകൊണ്ടു്, അതു സത്യമെങ്കിൽ ചേട്ടൻ ചെയ്യുന്നതു് ഉത്തമമായ ലോകോപകാരം—മറിച്ചാണെങ്കിലോ, ആ മൺകട്ട തകൎന്നുപോയാൽ ആക്കെന്തു നഷ്ടം?

ജൂഡാസ്: അതു മൺകട്ടയല്ല; മഹത്തായ മാണിക്യംതന്നെയാണു സോദരീ!

ജൂഡിത്: എന്നാൽ സോദരാ! അതു പിന്നെയുള്ളവരുകൂടെ ഒന്നറിഞ്ഞുകൊള്ളട്ടെ. ഞാൻ പറഞ്ഞുപോയ വാക്കിനെല്ലാം മാപ്പുചോദിക്കാം; എന്തു പ്രായശ്ചിത്തവും ചെയ്യാം. പക്ഷേ, എനിക്കുകൂടെ വിശ്വാസം വരണം. പകൽ മുഴുവൻ പച്ചക്കള്ളം പരത്തുക, രാത്രിയിൽ വല്ല പാതാളത്തിലും പതുങ്ങിക്കൊള്ളുക. അങ്ങനത്തെ ദൈവപുത്രനെ എനിക്കു വേണ്ട.

ജൂഡാസ്: കുഞ്ഞേ, നീ അങ്ങനെ പറയാതെ.

ജൂഡിത്: (സ്വല്പം ആലോചിക്കുന്ന ഭാവം കാണിച്ചിട്ട്) ചേട്ടാ, എന്തായാലും ഞാൻ തുറന്നുപറഞ്ഞേക്കാം. ചേട്ടൻെറ ഗുരുദേവനിൽ ചേട്ടനു വിശ്വാസമുണ്ടെങ്കിൽ, അദ്ദേഹം ദൈവപുത്രനാണെന്നു ചേട്ടൻ വാസ്തവത്തിൽത്തന്നെ വിശ്വസിക്കുന്നുണ്ടെങ്കിൽ, അദ്ദേഹത്തെ ചേട്ടൻ പുരോഹിതന്മാർക്കു കാണിച്ചുകൊടുക്കണം. അവർക്ക് അദ്ദേഹത്തെ യാതൊന്നും ചെയ്യാൻ സാധിക്കയില്ല. അദ്ദേഹത്തിൻെറ മാഹാത്മ്യം അറിഞ്ഞു ലോകം രക്ഷനേടും. ചേട്ടൻെറ ഈ കൊച്ചനുജത്തി, അദ്ദേഹത്തിൻെറ പാദത്തിങ്കൽ നമസ്കരിച്ച്, സർവ്വാപരാധങ്ങളും ക്ഷമിക്കുവാൻ അപേക്ഷിച്ച്, ആ പാദങ്ങൾ ശുശ്രൂഷിച്ച്, എൻെറ ചേട്ടനോടുകൂടി ജീവിച്ചുകൊള്ളുകയും ചെയ്യാം. എന്താ ചേട്ടാ, ഞാൻ പറഞ്ഞതുപോലെ ചെയ്യാൻ ധൈര്യമുണ്ടോ? വിശ്വാസമുണ്ടോ?

ജൂഡാസ്: ജൂഡിത്, എനിക്കു സംശയം തീരുന്നില്ല.

ജൂഡിത്: എന്തു സംശയം? മാണിക്കമോ മൺകട്ടയോ എന്നു്, അല്ലേ?

ജൂഡാസ്: അതല്ല.

ജൂഡിത്: അതല്ലെങ്കിൽപ്പിന്നെ ഒന്നും ഇല്ല. അദ്ദേഹം മേഘം നീങ്ങിയ ചന്ദ്രനെപ്പോലെ സ്വന്തശോഭ പ്രകാശിപ്പിക്കും. ലോകം ധവളമാകും. ജൂഡാസ് കൃതകൃത്യനാകും. ഈ ജൂഡിത് ആ പുണ്യാത്മാവിൻെറ പാദസേവയാലും പ്രിയസഹോദരൻെറ സാമീപ്യത്താലും ആത്മാനുഭൂതിയടയുകയും ചെയ്യും.

ജൂഡാസ്: ഞാൻ അങ്ങനെ ചെയ്യട്ടയോ?

ജൂഡിത്: ഭയമുണ്ടെങ്കിൽ വേണ്ട.

ജൂഡാസ്: (ക്ഷീണസ്വരത്തിൽ) ഭയമില്ല.

ജൂഡിത്: പിന്നെ ചോദിക്കയും വേണ്ട. പരോപകാരത്തിലും സത്യപ്രകാശനത്തിലും വിശ്വാസമുണ്ടെങ്കിൽ നിശ്ചയമായും അങ്ങനെതന്നെ ചെയ്യണം.

ജൂഡാസ്: (ഗദ്ഗദസ്വരത്തിൽ) ഞാൻ അങ്ങനെ ചെയ്യാം.

ജൂഡിത്: (പെട്ടെന്നു കെട്ടിപ്പിടിച്ച്) ചേട്ടാ, അദ്ദേഹം ദൈവപുത്രനെന്നു ഞാൻ ഇപ്പോൾത്തന്നെ വിശ്വസിക്കുന്നു. ഈ ദുർവൃത്തരായ പുരോഹിതന്മാരുടെ കശാപ്പുകത്തിയുടെ കീഴിൽനിന്നു പ്രവൃദ്ധതേജസ്സായി പുറത്തുവരുന്ന ദൈവപുത്രൻെറ പാദങ്ങളിൽ പ്രണമിക്കുവാൻ എൻെറ ഹൃദയം കൊതികൊള്ളുന്നു. ചേട്ടാ, പിന്നെ എനിക്കു ചേട്ടനെ പിരിഞ്ഞു ജീവിക്കേണ്ടിവരികയില്ലല്ലോ.

ജൂഡാസ്: ഇല്ല.

ജൂഡിത്: ചേട്ടന് അച്ഛനെ കാണണ്ടയോ?

ജൂഡാസ്: (ഏററവും ക്ഷീണനായി) കാണണമെന്നുണ്ട്. പക്ഷേ, ഇപ്പോൾ എനിക്ക് ഒന്നിനും കരുത്തില്ല. ഞാൻ തല്ക്കാലം പോകട്ടെ.

ജൂഡിത്: വന്നിട്ട് ഒന്നിരുന്നില്ല. ഒന്നും കഴിച്ചില്ല. ഉടനേ പോകാനോ?

ജൂഡാസ്: ഇപ്പോൾ ഒന്നും വയ്യ. ഒന്നും വേണ്ട. ഞാൻ പോകട്ടെ. പിന്നെ വന്ന് അച്ഛനെ കണ്ടുകൊള്ളാം.

ജൂഡിത്: ചേട്ടനു സുഖമില്ലേ?

ജൂഡാസ്: എനിക്കോ തങ്കം?

ജൂഡിത്: എത്ര ക്ഷീണിച്ചിരിക്കുന്നു?

ജൂഡാസ്: ആര്? ഞാനോ? എനിക്കു ക്ഷീണമുണ്ട്. സുഖമില്ലെന്നു തോന്നുന്നു. ഞാൻ പോകട്ടെ.

ജൂഡിത്: സുഖമില്ലാതെ പോയാലോ?

ജൂഡാസ്: പോകണം. എനിക്കെന്തായാലുമൊന്നു പോകണം. പിന്നെ വരാം.

(ജൂഡിത് ഒന്നും മിണ്ടുന്നില്ല.)

(അവളുടെ കൈപ്പു പിടിച്ചുകൊണ്ട് ഹൃദയം തകർന്ന്) അനുജത്തീ!

ജൂഡിത്: (അധോമുഖിയായി) ചേട്ടാ!

ജൂഡാസ്: നീ നന്നാ തളർന്നിരിക്കുന്നു. ദേഹം സൂക്ഷിക്കണം. ഞാൻ പോകട്ടെ. (അശ്രുപൂർണ്ണനായി, ക്ഷീണനായി, പോകുന്നു.)

ജൂഡിത്: (പോകുന്നതു നോക്കിയിട്ട്) ചേട്ടാ, വാസ്തവമാണ്, ഞാൻ തളർന്നു! (സോഫായിൽ വീഴുന്നു.)

(കർട്ടൻ)

രംഗം 4

[സന്ധ്യാസമയം. അരിമത്തിയാജോസഫിൻെറ ഗൃഹത്തിലെ രണ്ടാം നിലയിലുള്ള ഒരു മുറി. ഒരു താഴ്ന്ന മേശ, അതിൻെറ മൂന്നുവശത്തും ചാരിയിരിക്കുവാൻ സൗകര്യമുള്ള ഇരിപ്പിടങ്ങൾ, മേശപ്പുറത്ത് ആഹാരസാധനങ്ങൾ.

ക്രിസ്തുവും അദ്ദേഹത്തിൻെറ പന്ത്രണ്ടു ശിഷ്യന്മാരും പ്രവേശിക്കുന്നു. അവർ അവരുടെ പാദരക്ഷകൾ വാതില്ക്കൽ ഇട്ടിട്ട് മേശയുടെ അടുത്തു ചെല്ലുന്നു. ക്രിസ്തു മദ്ധ്യത്തിലും അദ്ദേഹത്തിൻെറ വലത്തുവശത്ത് ജോണും ഇരിക്കുന്നു. മററുള്ളവർതമ്മിൽ പ്രധാനസ്ഥാനത്തിനായി നിശ്ശബ്ദമെങ്കിലും സ്പഷ്ടമായ ഒരു മത്സരം നടക്കുന്നു.]

ക്രിസ്തു: (ഇത്ര നിസ്സാരമായ കാര്യത്തിനു് അപ്പോൾപ്പോലും അവർ പ്രകടിപ്പിച്ച കലഹബുദ്ധി കണ്ടു് ഉണ്ടായ കുണ്ഠിതത്തോടുകൂടി സ്വഗതം) ഈ അവസരത്തിലും! ഇത്രനാളും കൂടെക്കൊണ്ടുനടന്നു ഗുണദോഷിച്ചിട്ടും! ഇനി തമ്മിൽ പിരിയുവാൻ നാലഞ്ചുനാഴികമാത്രം! ഈ അന്തിമമുഹൂർത്തത്തിലും ഇവരുടെ ചിത്തവൃത്തി ഇങ്ങനെ ആയാൽ—എന്തായാലും യാത്രപറയുംമുൻപു് ഒരു പാഠംകൂടി പഠിപ്പിച്ചിട്ടു പോകാം.

(ക്രിസ്തു എണീററു് ബാഹ്യാംബരം അഴിച്ചുവച്ചു് തോർത്തു് അരയിൽ ബന്ധിച്ചു് ചെമ്പുപാത്രത്തിൽ വെള്ളവുമായി ശിഷ്യന്മാരുടെ പാദങ്ങൾ ആദരപൂർവ്വം കഴുകി തോർത്തുകൊണ്ടു തുടയ്ക്കുന്നു. അവർ അത്ഭുതപരതന്ത്രരും ലജ്ജാഭാരത്താൽ വിവർണ്ണരുമായി നിശ്ചലരായി ഇരിക്കുന്നു. ജൂഡാസിൻ്റെ കാൽ കഴുകുമ്പോൾ അയാൾ പാപഭാരത്താൽ പുളയുന്നു, അധരങ്ങൾ അമരുന്നു, പുരികങ്ങൾ ചുളുങ്ങുന്നു, മുഖം ഭീതിയാലും ലജ്ജയാലും അപരാധബോധത്താലും ഭയങ്കരമാകുന്നു. ക്രിസ്തു പീററുടെ അടുത്തു് എത്തുന്നു.)

പീററർ: (ദുർഭരമായ ഹൃദയക്ഷോഭത്തോടുകൂടി) പ്രഭോ, അവിടുന്നു് എൻെറ കാൽ കഴുകുകയോ?

ക്രിസ്തു: പീററർ, ഞാൻ എന്താണു ചെയ്യുന്നതെന്നു നിനക്കു് ഇപ്പോൾ മനസ്സിലാകയില്ല. എന്നാൽ അതു് നീ പിന്നീടു് അറിഞ്ഞുകൊള്ളും.

പീററർ: അവിടുന്നു് എന്റെ കാലു കഴുകാൻ ഞാൻ അനുവദിക്കുകയില്ല.

ക്രിസ്തു: (ശാന്തമെങ്കിലും അനിഷേധ്യമായ ആജ്ഞാസ്വരത്തിൽ) നിൻെറ കാൽ കഴുകുവാൻ നീ അനുവദിക്കുന്നില്ലെങ്കിൽ ഇനി നിനക്കു് എന്നോടു ബന്ധമില്ല.

പീററർ: (ക്ഷീണിതനായി) നായകാ, അവിടുന്നു് എന്റെ പാദം മാത്രമല്ല കരങ്ങളും ശിരസ്സുംകൂടി കഴുകിയാലും. (നതശിരസ്കനായിരിക്കുന്നു.)

ക്രിസ്തു: സ്നാനം കഴിഞ്ഞവനു് കാലു കഴുകുകമാത്രമേ ആവശ്യമുള്ളു. അവൻ നിശ്ശേഷം വിശുദ്ധനാണു്...നിങ്ങളെല്ലാവരും വിശുദ്ധരാണു്—എങ്കിലും എല്ലാവരും അല്ലതാനും! (എല്ലാവരുടെയും കാൽ കഴുകിക്കഴിഞ്ഞു വീണ്ടും വസ്ത്രം ധരിച്ചു സ്വസ്ഥാനത്തു് ഇരുന്നിട്ടു്) ഞാൻ എന്തുചെയ്തുവെന്നു് നിങ്ങൾ അറിയുന്നുവോ? നിങ്ങൾ എന്നെ ഗുരുവെന്നും നാഥനെന്നും വിളിക്കുന്നു. അതു നന്നുതന്നെ. എന്തെന്നാൽ ഞാൻ ഗുരുവും നാഥനുമാണു്. എന്നാൽ നിങ്ങളുടെ ഗുരുവും നാഥനുമായ ഞാൻ നിങ്ങളുടെ കാലു കഴുകിയെങ്കിൽ നിങ്ങൾ അപ്രകാരം അന്യോന്യം പ്രവത്തിക്കുവാൻ സന്നദ്ധരാകണം. ഞാൻ മാതൃക കാട്ടി. അതു നിങ്ങൾ അനുസരിക്കണം. ഞാൻ ദൃഢമായി നിങ്ങളോടു പറയുന്നു, ദാസൻ യജമാനനേക്കാൾ വലിയവനല്ല; ദൂതൻ ദൗത്യദാതാവിനേക്കാൾ വലിയവനുമല്ല. ഇതുനിങ്ങൾക്കു മനസ്സിലായെങ്കിൽ, അപ്രകാരം അനുഷ്ഠിച്ചാൽ, നിങ്ങൾക്കു നന്മയുണ്ടാകും.

എൻെറ സങ്കടങ്ങൾ ആരംഭിക്കുന്നതിനു മുൻപു് ഈ ആഹാരം നിങ്ങളോടുകൂടി കഴിക്കണമെന്നു് ഞാൻ അത്യന്തം മോഹിച്ചു. (അപ്പം കൈയിൽ എടുത്തു

ധ്യാനിച്ച ശിഷ്യന്മാക്ക കൊടുത്തിട്ട്) സ്വീകരിക്കുക. ഭക്ഷിക്കുക. ഞാൻ എൻെറ ശരീരം ഇതിനാൽ നിങ്ങൾക്കു ദാനംചെയ്യുന്നു. എൻെറ സ്മരണയ്ക്കായി ഇതു നിങ്ങൾ ചെയ്യുക. (പാനപാത്രം കൈയിൽ എടുത്തു ധ്യാനിച്ച ശിഷ്യന്മാക്ക കൊടുത്തിട്ട്) എല്ലാവരും കുടിക്കുക. ബഹുജനങ്ങളുടെ പാപപ്രക്ഷാളനത്തിനായി നവനിയമരൂപത്തിൽ പ്രവഹിക്കുന്ന എന്റെ രക്തം നിങ്ങൾക്കായി ദാനംചെയ്യുന്നു! (അല്പം കഴിഞ്ഞു്) ഞാൻ നിങ്ങളെ എല്ലാവരെപ്പറ്റിയും പറയുന്നില്ല. ഞാൻ തിരഞ്ഞെടുത്തവരെ എനിക്കറിയാം. എങ്കിലും, "എൻെറകൂടെ ഭക്ഷണം കഴിക്കുന്നവൻ എന്നെ തൊഴിക്കുവാൻ കാലുയർത്തിയിരിക്കുന്നു" എന്ന വേദപ്രവചനം സത്യമാകാതെയിരിക്കയില്ല. (ഹൃദയക്ഷോഭത്തോടുകൂടി) ഞാൻ ദൃഢമായി നിങ്ങളോടു പറയുന്നു, നിങ്ങളിലൊരുവൻ നിശ്ചയമായി എന്നെ വഞ്ചിക്കും.

(ജൂഡാസ് മൃതപ്രായനാകുന്നു. മററു ശിഷ്യന്മാർ അത്യുൽകണ്ഠാപൂർവ്വം പരസ്പരം നോക്കുന്നു. അവർ ''നാഥാ, ഞാനാണോ?'' എന്നു് ഓരോരുത്തരായി ദയനീയമായ സ്വരത്തിൽ ചോദിക്കുന്നു.)

ക്രിസ്തു: (ദുഃഖത്തോടുകൂടി) എന്നോടുകൂടി ഈ കിണ്ണത്തിൽ കൈമുക്കുന്നവൻ എന്നെ വഞ്ചിക്കും. (പ്രവാചകൻെറ ഗാംഭീര്യത്തോടെ) പൂർവ്വലിഖിതമായ അനുഭവം ഭുജിക്കുവാനായി മനുഷ്യപുത്രൻ യാത്രയാകുന്നു. എന്നാൽ അവനെ വഞ്ചിക്കുന്നവനോ? അവൻ ദുർഭഗനത്രേ! അവൻ ജനിക്കാതിരുന്നെങ്കിൽ നന്നായിരുന്നു!

(അദ്ദേഹത്തിൻെറ പിൻഭാഗത്തിരുന്ന പീററർ അദ്ദേഹം കാണാതെ ജോണിനോടു് ആംഗ്യം കാണിക്കുന്നു.)

ജോൺ: (സ്വന്തശിരസ്സ് ക്രിസ്തുവിൻെറ മാറിടത്തിൽ ചേർത്തുവച്ചുകൊണ്ട്) നായകാ, അതാരാണ്?

ക്രിസ്തു: ഞാൻ ഈ ഫലഹാരക്കഷണം കൊടുക്കുന്നതു് ആർക്കോ അവനാണ്. (ഒരു അപ്പക്കഷണം ജൂഡാസിനു കൊടുക്കുന്നു.)

(ജൂഡാസ് അതു ഭക്ഷിക്കുന്നു. അയാളുടെ മുഖഭാവം ഭയങ്കരമാകുന്നു.)

ജൂഡാസ്: (ഇടറി അസുഖകരമായ സ്വരത്തിൽ) ഗുരുവേ, അതു ഞാനാണോ?

ക്രിസ്തു: നീ അതു പറഞ്ഞു!

(ജൂഡാസിൻെറ മുഖത്തു് ഒരു പൈശാചികമായ രൂക്ഷത വ്യാപിക്കുന്നു.)

നീ ചെയ്യുന്നതു വേഗം ചെയ്യ്!

(ജൂഡാസ് എണീററു പോകുന്നു.)

ഇപ്പോൾ മനുഷ്യപുത്രൻ മാഹാത്മ്യമാർന്നു. അവനിൽ ദൈവവും മഹത്വം പ്രാപിച്ചു. (ദീർഘനിശ്വാസത്തോടുകൂടി) കുഞ്ഞുങ്ങളേ, ഇനി നിങ്ങളോടുകൂടി എനിക്ക് അല്പസമയമേ ഉള്ളൂ; ഞാൻ നിങ്ങൾക്ക് ഒരു നവ്യശാസനം, ഒരു അന്ത്യശാസനം, നല്കുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കണം. ഞാൻ നിങ്ങളെ എങ്ങനെ സ്നേഹിച്ചുവോ അതുപോലെ അന്യോന്യം സ്നേഹിക്കണം. നിങ്ങളുടെ ഈ പരസ്പരസ്നേഹത്താൽ നിങ്ങൾ എൻെറ ശിഷ്യരാണെന്നു ലോകം ഗ്രഹിക്കട്ടെ!

പീററർ: നാഥാ, അവിടുന്ന് എവിടേക്കു പോകുന്നു?

ക്രിസ്തു: ഞാൻ പോകുന്നിടത്തു് എൻെറകൂടെ വരുവാൻ നിനക്ക് ഇപ്പോൾ സാദ്ധ്യമല്ല. എന്നാൽ പിന്നീടു നിനക്ക് അതു സാധിച്ചുകൊള്ളും.

പീററർ: വിഭോ, എന്തുകൊണ്ട് എനിക്ക് അങ്ങേ അനുഗമിച്ചുകൂടാ? അവിടുത്തേക്കുവേണ്ടി എൻെറ ജീവൻ ത്യജിക്കുവാനും ഞാൻ സന്നദ്ധനാണ്.

ക്രിസ്തു: (ദയാർദ്രമായ മന്ദസ്മിതത്തോടുകൂടി) എനിക്കുവേണ്ടി ജീവത്യാഗം ചെയ്യുവാനും നീ സന്നദ്ധനോ? പീററർ, ഞാൻ ഉറപ്പായി പറയുന്നു, ഇന്നു് കോഴികൂവും മുമ്പു്, നീ മൂവുരു എന്നെ പരിത്യജിക്കും!

(ശിഷ്യന്മാർ ഭഗ്നാശരും ദുഃഖിതരും ആകുന്നു.)

നിങ്ങളുടെ ഹൃദയം കലങ്ങരുതു്. ദൈവത്തിലും എന്നിലും വിശ്വസിക്കുക. ഞാൻ എൻെറ പിതാവിന്റെ ഗൃഹത്തിൽ നിങ്ങൾക്കു് ഒരു സ്ഥലം സജ്ജീകരിക്കുവാൻപോകുന്നു. ഞാൻ തിരിയെവന്നു് നിങ്ങളെ എന്നിൽത്തന്നെ സ്വീകരിക്കും. ഞാൻ എവിടെയോ നിങ്ങളും അവിടെത്തന്നെ വസിക്കയും ചെയ്യും. ഞാൻ എവിടേക്കു പോകുന്നുവെന്നും എതിലേ പോകുന്നുവെന്നും നിങ്ങൾക്കറിയാം.

തോമസ്: നാഥാ, അവിടുന്നു് എവിടേക്കു പോകുന്നുവെന്നു് ഞങ്ങൾ അറിയുന്നില്ല. അവിടേക്കുള്ള മാർഗ്ഗം പിന്നെ ഞങ്ങൾ എങ്ങനെ അറിയാനാണു്?

ക്രിസ്തു: ഞാനാണു മാർഗ്ഗം, ഞാനാണു സത്യം, ഞാൻതന്നെ ജീവനും! എന്നിൽക്കൂടിയല്ലാതെ ആരും പിതാവിനെ പ്രാപിക്കുന്നില്ല.

ഫിലിപ്പ്: നാഥാ, പിതാവിനെ ഞങ്ങൾക്കു കാട്ടിത്തരുക. ഞങ്ങൾ അതുകൊണ്ടു തൃപ്തിപ്പെട്ടുകൊള്ളാം.

ക്രിസ്തു: ഫിലിപ്പ്, ഇത്രനാളും ഞാൻ നിങ്ങളുടെകൂടെ കഴിച്ചിട്ടു് നിങ്ങൾ എന്നെ അറിഞ്ഞില്ലെന്നോ? എന്നെക്കണ്ടവൻ പിതാവിനേയും കണ്ടിരിക്കുന്നു. പിതാവിനെ കാട്ടിത്തരണമെന്നു പറയുന്നോ? ഞാൻ പിതാവിലും, പിതാവു് എന്നിലും ഉണ്ടെന്നു നിങ്ങൾ വിശ്വസിക്കുന്നില്ലയോ? ഞാൻ നിങ്ങളോടു പറയുന്ന വാക്കുകൾ എന്റെ വാക്കുകളല്ല. എന്നിൽ അധിവസിക്കുന്ന

പിതാവ് എന്നിൽക്കൂടെ പ്രവൎത്തിക്കുന്നു. നിങ്ങൾ ദുഃഖിക്കരുതു്. എന്നിലും എന്നിൽ അധിവസിക്കുന്ന ദൈവത്തിലും വിശ്വസിക്കുക. എന്നെ വിശ്വസിക്കുന്നവർ എൻെറ കൎമ്മങ്ങൾ അനുഷ്ഠിക്കുവാൻ പ്രാപ്തരാകും എന്നല്ല, ഞാൻ ദൈവത്തിലേക്കു മടങ്ങുന്നതിനാൽ, ശ്രേഷ്ഠതരങ്ങളായ കൎമ്മങ്ങൾ ചെയ്യുവാനും അവർ ശക്തരാകും. ഞാൻ നിങ്ങളെ അനാഥരായി വിട്ടുപോകയില്ല. ഞാൻ പിതാവിനോടു പ്രാൎത്ഥിക്കാം. അദ്ദേഹം നിങ്ങളുടെക്കൂടെ നിത്യാധിവാസംചെയ്യാനായി മറെറാരു സമാശ്വാസകനെ അയച്ചുതരും. പരിശുദ്ധാത്മാവായ ആ സമാശ്വാസകൻ നിങ്ങളോടു കൂടി നിത്യം നിവസിച്ച് എൻെറ ഉപദേശങ്ങൾ നിങ്ങളെ ധരിപ്പിക്കുകയും അനുസ്മരിപ്പിക്കുകയും ചെയ്യും. ഇനി ഞാൻ നിങ്ങളോടധികമൊന്നും പറയുന്നില്ല. എന്തെന്നാൽ പ്രപഞ്ചശക്തി എന്നോടടുക്കുന്നു. നിങ്ങൾ വ്യസനിക്കരുതു്. ശാന്തി, എൻെറ ആത്മശാന്തി, ഞാൻ നിങ്ങളിൽ നിക്ഷേപിക്കുന്നു... എഴുന്നേല്ക്കുക, നമുക്കു പോകാം.

(എല്ലാവരും പോകുന്നു.)

(കർട്ടൻ)

രംഗം 5

[ജൂഡിത്തിൻെറ ഗൃഹം. മനോഹരമായി അലങ്കരിച്ച മുറി. സമയം രാത്രി.

ജൂഡിത് ഒരു സോഫായിൽ അൎദ്ധശയനം ചെയ്യുന്നു. ഇസബെൽ അടുത്തിരുന്നു് ശുശ്രൂഷിക്കുന്നു.]

ഇസബെൽ: ജൂഡാസ് എന്തു പറഞ്ഞിട്ടു പോയി?

ജൂഡിത്: നിന്നേ കൂടാതെ ജീവിച്ചിരിക്കയില്ലെന്നു്!

ഇസബെൽ: ഓഹോ! കയാഫ്സ് എങ്ങോട്ടു പോയി?

ജൂഡിത്: പാവം എങ്ങോട്ടു പോകാനാണ്! 'ഇസബെൽ ഇസബെൽ!' എന്നു വിളിച്ചുകൊണ്ട് എങ്ങോട്ടോ ഓടിപ്പോയി.

ഇസബെൽ: അയ്യോ കഷ്ടം! പതക്കവും കൊണ്ടുപോയോ?

ജൂഡിത്: പതക്കമോ! (കഴുത്തിൽ തൂങ്ങിക്കിടന്നിരുന്ന പതക്കം പിടിച്ച് ഇസബെലിൻെറ ചുണ്ടിൽ ചേക്കുന്നു.)

ഇസബെൽ: (ആ സ്പർശനം ഇത്തുകളയുന്നതുപോലെ അധരം തുടച്ചുകൊണ്ട്) ഹാ!

ജൂഡിത്: അമ്പെടീ! ചേട്ടൻ തന്നതായിരുന്നെങ്കിലോ?

ഇസബെൽ. എന്നാൽ—(ശൃംഗാരപൂർവ്വം കടാക്ഷിക്കുന്നു.)

ജൂഡിത്: അയ്യ, അതിൻെറ ഒരു രസം!

ഇസബെൽ: ഹോ, പുരുഷന്മാരെന്നു പറഞ്ഞാൽ ഇങ്ങനെ വെറുപ്പുള്ള ഒരാളുണ്ടോ!

ജൂഡിത്: ചേട്ടനെ നിനക്കു തന്നേക്കാമായിരുന്നു.

ഇസബെൽ: ഇപ്പോഴെന്തുപററി?

ജൂഡിത്: ഞാൻ നിനക്കു വേറൊരാളെ നിശ്ചയിച്ചുപോയി.

ഇസബെൽ: എനിക്കു വേണ്ട.

ജൂഡിത്: പറയുമ്പോൾ സമ്മതിക്കുമേ.

ഇസബെൽ: ആങ്ഹാ? എന്നാൽ ഒന്നു കേൾക്കട്ടെ!

ജൂഡിത്: ഞാൻ നിന്നെ നമ്മുടെ സക്കറിയാസ്സിനെക്കൊണ്ട്—

ഇസബെൽ: അയ്യയ്യോ! എനിക്കു വേണ്ട! വേണ്ടായേ വേണ്ട!

ജൂഡിത്: എന്തെടീ?

ഇസബെൽ: വേണ്ട, വേണ്ട, വയ്യാവേലി ഒന്നും നമുക്കു വേണ്ട. പിന്നെവേണം നമ്മളു തമ്മിൽത്തല്ലാൻ.

ജൂഡിത്: നമ്മളോ?

ഇസബെൽ: അതേ നമ്മളേ, നമ്മളുതന്നെ. ഞാൻ വല്ല ആണുങ്ങളേയും കല്യാണംകഴിച്ചിട്ടുവേണം പിന്നെ കശപിശകൂടാൻ.

ജൂഡിത്: പിന്നെ നീ പെണ്ണുങ്ങളെ കല്യാണംകഴിക്കാൻ പോകയാണോ?

ഇസബെൽ: അതല്ലിയോ പറഞ്ഞതു്. വഴക്കൊന്നും വേണ്ട, ചേട്ടനെ മതിയെന്നു്.

ജൂഡിത്: ചേട്ടനെ കിട്ടാതെപോയാൽ നീ എന്തുചെയ്യും?

ഇസബെൽ: വലിയ വിഷമമാണു്. പിന്നെ ഒരാളേ ഉള്ളു. കുറെ അധികം വയസ്സായി. പല്ലു കുറേശ്ശെ പൊഴിഞ്ഞുതുടങ്ങിയിട്ടുണ്ടു്. എന്തുചെയ്യാം! അദ്ദേഹം മതിയെന്നുവയ്ക്കാം.

ജൂഡിത്: ആരെടീ?

ഇസബെൽ: യജമാനൻ.

ജൂഡിത്: (ചിരിച്ചുകൊണ്ടു്) അച്ഛനോ?

ഇസബെൽ: പിന്നല്ലാതാരു്? അങ്ങനെ രണ്ടുപേരെ മാത്രമേ എനിക്കറിയാവൂ.

ജൂഡിത്: നീ പറഞ്ഞതു സത്യമാണു്; ഇവരാണു് ലോകത്തിലെ ഭാഗ്യഹീനന്മാർ...ഇസബെൽ, ചേട്ടൻ പൊയ്ക്കളഞ്ഞതെന്തുകൊണ്ടാണെന്നു പറയാമോ?

ഇസബെൽ: ചേട്ടനായതുകൊണ്ടുതന്നെ.

ജൂഡിത്: അതേ; അല്ലെങ്കിൽ (കുടിലേക്ഷണത്തോടുകൂടി) ഒരു കടക്കണ്ണുകൊണ്ടു് കെട്ടി എന്റെ പാദത്തിൽ കിടത്തുമായിരുന്നു.

ഇസബെൽ: അതിനു ഞാനൊരു വിദ്യ പറയാം. ആ കട

ക്കണ്ണുകൊണ്ടു കെട്ടി നസറേയനെത്തന്നെ ഇങ്ങു കൊണ്ടുപോരണം. അപ്പോൾ ചേട്ടനുംകൂടെ പോരു മല്ലോ.

ജൂഡിത്: അവനെ കടക്കണ്ണുകൊണ്ടല്ലാ കാലപാശം കൊണ്ടാണു കെട്ടുന്നതു്. അതു് ഉടനേ ഉണ്ടുതാനും.

ഇസബെൽ: പക്ഷേ, ഇവരിലൊക്കെ സുന്ദരൻ അവ നാണു്.

ജൂഡിത്: കാൽകാശില്ലാത്ത തെണ്ടിയാണെന്നു മാത്രം.

ഇസബെൽ: യഹൂദന്മാരുടെ രാജാവാണു്.

ജൂഡിത്: അതേ, അതേ, ആശാരിയല്ലേ തന്തേ?

ഇസബെൽ: ആട്ടെ, ആ കടക്കണ്ണു് ഒന്നു പരീക്ഷിക്കാമോ?

ജൂഡിത്: അതെങ്ങനെയാണു്? ആകാശത്തു നോക്കിയ ല്ലേ നടക്കുന്നതു്? അവൻെറ അച്ഛനവിടെയാണു പോലും. എൻെറ മുഖത്തൊന്നു നോക്കിയിരുന്നെ ങ്കിൽ—

ഇസബെൽ: എന്നാൽ?

ജൂഡിത്: ഒന്നു നോക്കിയിരുന്നെങ്കിൽ—

ഇസബെൽ: എന്താ, ആഗ്രഹം പറയുകയാണോ?

ജൂഡിത്: ആഗ്രഹമോ? ജൂഡിത് പുരുഷനെ ആഗ്രഹി ക്കയോ? അവൾ ഇതുവരെ അത്രയ്ക്കു ദരിദ്രയായിട്ടില്ല.

ഇസബെൽ: ആഗ്രഹമല്ല, ഒരു സ്നേഹം.

ജൂഡിത്: ഹ—ഹ—ഹ—ഇസബെൽ, എല്ലാവരും ജൂഡി ത്തിനെ സ്നേഹിക്കുന്നു. അവൾ ആരേയും സ്നേഹി ക്കുന്നുമില്ല. സ്നേഹം! ഇസബെൽ, അതെങ്ങനെ ഇരിക്കും?

(കയാഫസ് പ്രവേശിക്കുന്നു.)

കയാഫ്സ്: (അടുത്തുചെന്നു് ജൂഡിത്തിനെ പിടിച്ചു കൊണ്ടു് പ്രേമപൂർവ്വം) അതു ഞാൻ കാണിച്ചുതരാം.

(ജൂഡിത് പെട്ടെന്നു പുറകോട്ടുമാറി വെറുപ്പോടും ഈർഷ്യയോടും കൂടി നോക്കിനില്ക്കുന്നു.)

കയാഫ്സ്: (വിഷണ്ണനായി അപേക്ഷാസ്വരത്തിൽ) ഓമനേ!

(ജൂഡിത് യഥാപൂർവ്വം നില്ക്കുന്നതല്ലാതെ ഒന്നും പറയുന്നില്ല.)

ഈ കാലുഷ്യത്തിനു ഞാൻ എന്തപരാധം ചെയ്തു?

(ജൂഡിത് ഒന്നും പറയുന്നില്ല.)

എന്നെ ശകാരിക്കുവാനായെങ്കിലും ഒരുവാക്കു പറക യില്ലേ?

(ജൂഡിത് പിന്നെയും മിണ്ടുന്നില്ല.

കയാഫ്സ് വിഷണ്ണനും ഇതികർത്തവ്യതാമൂഢനും തരളഹൃദയനു മായി തലതാഴ്ത്തുന്നു. ജൂഡിത്തിന്റെ രൂക്ഷഭാവം പെട്ടെന്നു മാറി കാമരൂപിണിയായി ഭവിക്കുന്നു. അവരം അനുരാഗാവേശത്തോടു കൂടി പെട്ടെന്നു് അടുത്തുചെല്ലുന്നു. അയാളെ താലോലിച്ചുകൊണ്ടു് സ്നേഹപൂർണ്ണമായ സ്വരത്തിൽ—)

ജൂഡിത്: കയാഫ്സ്!

(കയാഫ്സ് ചേതോഭാരം നീങ്ങി ദീർഘനിശ്വാസത്തോടുകൂടി തല ഉയർത്തി അവളെ ആർത്തനായി നോക്കുന്നു.)

എന്റെ പ്രേമചന്ദ്രനെന്താണു് ഇന്നു കറുത്തവാവു പോലെ കാണപ്പെടുന്നതു്? എത്ര ക്ഷീണിച്ചിരിക്കുന്നു? (നെററിക്കു തടവിനോക്കിയിട്ടു്) അല്ലാ, വിയർക്കു ന്നല്ലോ. ഇസബൽ, നോക്കിനില്ക്കുന്നോ? വിശറിയെ വിടെ? (കയാഫ്സിനോടു്) വരണം. ഇരിക്കണം. (പിടിച്ചുകൊണ്ടുപോയി സോഫായിലിരുത്തി അടു ത്തിരുന്നു ശുശ്രൂഷിക്കുന്നു.)

(ഇസബൽ രണ്ടുപേരേയും വീശുന്നു.)

കയാഫ്സ്: ജൂഡിത്!

ജൂഡിത്: എന്റെ പ്രേമസർവ്വസ്വത്തിനു് എന്തുവേണം? അയ്യോ, മുഖം എങ്ങനെ വിളറിയിരിക്കുന്നു!

ഇസബെൽ: സഖീ, ഈ വിശറി അങ്ങോട്ടു വാങ്ങൂ. ഞാൻ പോയി കുറേ വീഞ്ഞു കൊണ്ടുവരാം. (വിശറികൊടുത്തിട്ടു പോകുന്നു.)

ജൂഡിത്: എന്റെ സഖി ഉചിതജ്ഞയാണ്. (വീശുന്നു.) എന്താ ഇത്ര ക്ഷീണം? ഈയിടെ ഉറക്കമില്ലേ? ആരാ ഉപദ്രവിക്കുന്നതു്, യേശുവോ, റാച്ചലോ?

കയാഫ്സ്: (സാധാരണസ്വഭാവത്തെ അവലംബിച്ചുകൊണ്ടു്) അമ്പ! കുശുമ്പു നോക്കണം!

ജൂഡിത്: അയ്യ, ആ സാധനത്തോടു കുറേ കുശുമ്പു തോന്നുകയും ചെയ്യും. ഇങ്ങനെ ഒരു തങ്കക്കുടമുണ്ടോ? നിങ്ങൾക്കായിട്ടുതന്നെ ഇതിനെ എവിടെ വച്ചിരുന്നു?

കയാഫ്സ്: അവൾ പതിവ്രതയാണ്.

ജൂഡിത്: പതിവ്രതയോ? ബ്രഹ്മചാരിയാണ്. ആണുങ്ങൾക്കാക്കും വേണ്ടെങ്കിൽ പതിവ്രത!

കയാഫ്സ്: ആണുങ്ങൾക്കു വേണമെങ്കിൽ എങ്ങനെയാണ്?

(ഇസബെൽ ഒരു ഗ്ലാസ്സിൽ വീഞ്ഞുമായി പ്രവേശിക്കുന്നു.)

ജൂഡിത്: (വീഞ്ഞു വാങ്ങി കയാഫ്സിനു കുടിക്കുവാൻ പിടിച്ചുകൊടുത്തുകൊണ്ടു്) ഇങ്ങനെയാണ്.

കയാഫ്സ്: (വീഞ്ഞു കുടിച്ച് ഉത്സാഹഭരിതനായി) ജൂഡാസ് വന്നിരുന്നു.

ജൂഡിത്: (വാസ്തവമായ ഉത്സാഹത്തോടുകൂടി) വന്നിരുന്നോ? എന്നിട്ടു്?

കയാഫ്സ്: അവൻ ഭടന്മാരോടുകൂടി പോയിരിക്കുന്നു. ഇപ്പോൾ പിടിച്ചുകൊണ്ടുവരും.

ജൂഡിത്: (ആഹ്ലാദംകൊണ്ടു ചാടിയെണീററു് തത്തിക്കളിച്ച് കയാഫ്സിനെ പല ചില്ലറ ഉപദ്രവങ്ങളും ചെയ്തുകൊണ്ടു്) ഇപ്പോൾ കൊണ്ടുവരുമോ? ഇപ്പോ

ഴോ? അയ്യ നല്ല ആളുതന്നെ! എന്നിട്ടാണ് വന്നു മി ണ്ടാതെയിരുന്നതു്, മൂണ്ടായുടെകൂട്ട്! അവർ എ ങ്ങോട്ടാണു പോയിരിക്കുന്നതു്? കിട്ടുമെന്നു നിശ്ചയ മാണോ? ചേട്ടൻ പോയാൽ വെറുതെ വരികയില്ല; കയാഫ്സ്, എങ്കിലും ഇതുവരെ എന്നോടു പറഞ്ഞി ല്ലല്ലോ. ഇപ്പോൾത്തന്നെ കൊണ്ടുവരുമോ? നിശ്ചയ മാണോ?

കയാഫ്സ്: ഒരു സംശയവുമില്ല. എനിക്കു് ഉടനേ പോ കണം.

ജൂഡിത്: ഉള്ളതാണു്! ഇപ്പോൾ വിട്ടേക്കാം. എന്നോടു് ഒന്നും പറയാതെ പോകാൻ! അതു് ഒന്നു കാണണം.

കയാഫ്സ്: ഇനി എന്തു പറയണം?

ജൂഡിത്: എല്ലാം പറയണം. എല്ലാം, എല്ലാം വിസ്തരി ച്ചു പറയണം. അല്ലാതെ പോകാമെന്നാണോ? എ ന്നാൽ ഒന്നു പോകണം. കാണട്ടെ.

കയാഫ്സ്: ജൂഡാസ് വന്ന കാര്യമാണോ?

ജൂഡിത്: എനിക്കൊന്നുമറിഞ്ഞുകൂട. സകലതും വിസ്ത രിച്ചു പറയണം. അതു മാത്രമേ എനിക്കറിയാവൂ.

കയാഫ്സ്: നേരം പോകുന്നല്ലോ. ഞാൻ പിന്നീടു വന്നു് വിസ്തരിച്ചു പറയാം. ഇപ്പോൾ പോകട്ടെ.

ജൂഡിത്: (ക്രുദ്ധിച്ചു്) എന്നാൽ പോകണം! കാണട്ടെ! മ്! എന്താ പോകാത്തതു്?

കയാഫ്സ്: ജൂഡിത്! ഇങ്ങനെ കലഹിച്ചാലോ? ഞാൻ നിന്നോടു പറയാനല്ലേ വന്നതു്?

ജൂഡിത്: ആണോ? എന്നാൽ മര്യാദയ്ക്കു് അവിടിരുന്നു പറയണം.

കയാഫ്സ്: നീ എന്താണു് ഇരിക്കാത്തതു്?

ജൂഡിത്: എനിക്കു മനസ്സില്ലാഞ്ഞിട്ടു്. എന്നോടു് ഇരി

ക്കാനും നില്ക്കാനും പറയാൻ നിങ്ങളാരു്? എനിക്കു തോന്നിയതുപോലെ ചെയ്യും. നിങ്ങളുടെ അധികാരമൊക്കെ എന്നോടല്ല കാട്ടേണ്ടതു്; നിങ്ങളുടെ ആ മരപ്പാവയില്ലേ, അവളോടു കാട്ടണം.

കയാഫ്സ്: (വ്യസനസ്വരത്തിൽ) ജൂഡിത്! ജൂഡിത്!

ജൂഡിത്: (ആക്ഷേപമായി അനുകരിച്ചുകൊണ്ടു്) കയാഫ്സ്! കയാഫ്സ്! (പൊട്ടിച്ചിരിച്ചു തോളിൽ പിടിച്ചുകൊണ്ടു്) എന്റെ തങ്കമല്ലേ? ഞാൻ ഇവിടെ ഇരിക്കാം. (ഇരിക്കുന്നു.) ഇനി പറയണം. എനിക്കു് എന്തുത്സാഹമെന്നോ?

കയാഫ്സ്: ഞങ്ങൾ സഭകൂടിയിരിക്കയായിരുന്നു.

ജൂഡിത്: ആരെല്ലാമുണ്ടായിരുന്നു?

കയാഫ്സ്: എല്ലാവരുമുണ്ടായിരുന്നു.

ജൂഡിത്: റാച്ചലിന്റെ അച്ഛനോ? (പൊട്ടിച്ചിരിക്കുന്നു.)

കയാഫ്സ്: (പ്രേമപൂർവ്വം പിടിച്ചുതള്ളിയിട്ടു്) എല്ലാവരും ഉണ്ടായിരുന്നു എന്നു പറഞ്ഞില്ലേ?

ജൂഡിത്: (ചിരിച്ചുകൊണ്ടു്) എല്ലാവരുമോ? അവളും ഉണ്ടായിരുന്നോ? (സോഫായിൽ കിടന്നുരുണ്ടു ചിരിക്കുന്നു.)

കയാഫ്സ്: എന്നാൽ ഞാൻ പോകയാണു്.

ജൂഡിത്: ഇല്ലില്ല, പറയണം.

കയാഫ്സ്: അപ്പോഴാണു് ജൂഡാസ് വന്നതു്. ഞങ്ങൾ ആളയച്ചിട്ടുണ്ടായിരുന്നു.

ജൂഡിത്: അപ്പോൾ ചേട്ടനെങ്ങനെയിരുന്നു?

കയാഫ്സ്: ഓ! (മുഖംകൊണ്ടു ഗോഷ്ഠി കാട്ടിക്കൊണ്ടു്) ഇങ്ങനെയിരുന്നു.

ജൂഡിത്: (പൊട്ടിച്ചിരിച്ചിട്ടു്) അതല്ല, സന്തോഷിച്ചിരുന്നോ അതോ—?

കയാഫ്സ്: നല്ല സന്തോഷമാണ്! അവൻ ഞങ്ങളെ തിന്നുമെന്നു തോന്നി. എൻെറ മുമ്പിൽ നില്ക്കുന്നതു് ഒരു പിശാചാണെന്നു് എനിക്കു തോന്നി.

ജൂഡിത്: നിങ്ങളുടെ മുമ്പിൽ കണ്ണാടി ഉണ്ടായിരുന്നോ? (ചിരിക്കുന്നു.)

കയാഫ്സ്; പോ! (ഒരു നുള്ളുകൊടുക്കുന്നു.)

ജൂഡിത്: (നുള്ളുകൊണ്ടിടം ശൃംഗാരപൂർവ്വം തടവിക്കൊണ്ടു്) അല്ലല്ല! ശാസനകഴിഞ്ഞു ശിക്ഷ തുടങ്ങിയോ? ഇതു നല്ലതിനാണു്! മ്, ആട്ടെ, പറയണം.

കയാഫ്സ്: ആദ്യം അവൻ ധിക്കാരമായിട്ടാണു പെരുമാറിയതു്. ഞങ്ങളും പല അടവും മാറി മാറി സ്വീകരിക്കേണ്ടിവന്നു. പക്ഷേ, ജൂഡിത്, അവൻ ഇപ്രകാരം തീരുമാനിച്ചുതന്നെയാണു വന്നിരുന്നതു്. അവർ പിണങ്ങിപ്പിരിഞ്ഞിരുന്നുവെന്നു തോന്നുന്നു. തന്നെയുമല്ല എൻെറ ഊഹം അവരുടെ കൂടെയുള്ള ജീവിതവും അവനു വളരെ സുഖിച്ചിരുന്നില്ലെന്നാണു്. അവർ അവനെ വേണ്ടപോലെ മാനിച്ചിരുന്നില്ലെന്നു തോന്നുന്നു.

ജൂഡിത്: (ജ്വലിക്കുന്ന നേത്രങ്ങളോടുകൂടി) അവർ എൻെറ ചേട്ടനെ മാനിച്ചില്ലെന്നോ? ആ മാനംകെട്ട കൂട്ടം അദ്ദേഹത്തെ അപമാനിച്ചോ? കയാഫ്സ്, ജൂഡിത്തിൻെറ ജ്യേഷ്ഠനെ അപമാനിച്ചതാരു്? ആ മരക്കാന്മാരോ? ആ ആശാരിക്കിടാത്തനോ? കയാഫ്സ്, അവനെ ഇപ്പോൾ പിടിച്ചുകൊണ്ടുവരുമോ? ഹാ! ഞാനവനെ ഒന്നു കാണട്ടെ!

കയാഫ്സ്: എന്തായാലും അവസാനം അവൻ വശപ്പെട്ടു വന്നു.

ജൂഡിത്: എങ്ങനെ അവസാനിച്ചു?

കയാഫ്സ്: ഞങ്ങൾ വിലപറഞ്ഞുറപ്പിച്ചു.
ജൂഡിത്: വിലയൊ?
കയാഫ്സ്: മുപ്പതു വെള്ളിക്കു് ജൂഡാസ് അവനെ വില്ക്കാമെന്നു സമ്മതിച്ചു.
ജൂഡിത്: (ആശ്ചയ്യത്തോടും കപടഹാസത്തോടുംകൂടി) മുപ്പതുവെള്ളിക്കോ?
കയാഫ്സ്: അതേ.
ജൂഡിത്: അമ്പേ! പിശുക്കൻ! പിശുക്കരാജാവാണു നിങ്ങൾ! മുപ്പതു വെള്ളി! ലജ്ജയില്ലല്ലോ പറയാൻ.
കയാഫ്സ്: അതുതന്നെ അവൻ ആദ്യം സ്വീകരിച്ചില്ല. നിർബ്ബന്ധിച്ചു് ഏല്പിക്കയായിരുന്നു.
ജൂഡിത്: അദ്ദേഹം പണത്തിനുവേണ്ടി മാനം വില്ക്കയില്ല.
കയാഫ്സ്: ജൂഡിത്തിന്റെ സഹോദരനല്ലേ?
(ജൂഡിത്തിൻെറ മുഖത്തു് ഒരു ലജ്ജാമ്ലാനത വ്യാപിക്കുന്നു.)
(ഉള്ളുകൊണ്ടു് ഒന്നു ചിരിച്ചിട്ടു്) അവരിപ്പോൾ യേശുവിനേയുംകൊണ്ടു തിരിച്ചെത്തും.
ജൂഡിത്: (വീണ്ടും ഉത്സാഹത്തോടുകൂടി) ഇപ്പോൾത്തന്നെ വരുമോ? കയാഫ്സ്, ഇപ്പോൾ വന്നിരിക്കുമോ?
കയാഫ്സ്: ഒരുപക്ഷേ, വന്നിരിക്കാം. ഞാൻ പോകട്ടെ. (എണീക്കുന്നു.)
ജൂഡിത്: (എണീററു്) യേശുവിനെ പിടിച്ചുകൊണ്ടു വരുന്നതു് എനിക്കു കാണണം. ഞാൻകൂടെ വരുന്നു.
കയാഫ്സ്: ഇപ്പോഴോ?
ജൂഡിത്: അതേ, എനിക്കുകൂടി കാണണം.
കയാഫ്സ്: എൻെറ തങ്കം നാളെക്കാലത്തു വന്നാൽ മതി, ഇപ്പോൾ ഞാൻ തനിച്ചു പോകട്ടെ.

ജൂഡിത്: എന്നാൽ പോകണം.

(കയാഫസ് പോകാൻ ഭാവിക്കുന്നു.)

(കഠിനദുഃഖസ്വരത്തിൽ) കയാഫസ്!

കയാഫസ്: (സാശ്ചര്യം) ജൂഡിത്!

ജൂഡിത്: (പെട്ടെന്നു തിരിഞ്ഞു) ഇസബെൽ! ഇങ്ങുവാ.

(ഇസബെൽ അടുത്തുചെല്ലുന്നു.)

ഇങ്ങു വാ; എൻെറ മുഖത്തു നോക്കു. നീ എന്നോടു സത്യം പറകയില്ലയോ? സഖീ, ഞാൻ വിരൂപിയായിപ്പോയി, ഇല്ലേ?

ഇസബ്ൽ: സഖി എന്താണു പറയുന്നതു്?

ജൂഡിത്: എനിക്കറിയാം, നീ ഒന്നും പറയേണ്ട. എന്തിനു വല്ലവരും പറയണം? എനിക്കുതന്നെ അറിയാം. എൻെറ സൗന്ദര്യമെല്ലാം പൊയ്പ്പോയി. ഇസബെൽ, എൻെറ മുഖം ചുക്കിച്ചുളിഞ്ഞുപോയി, ഇല്ലെ? എൻെറ തലമുടി മുഴുവൻ നരച്ചു, ഇല്ലേ സഖീ?

കയാഫസ്: (അത്ഭുതത്തോടുകൂടി അടുത്തുചെന്നു പിടിച്ചുകൊണ്ടു്) ജൂഡിത്!

ജൂഡിത്: (കൈ മാററിയിട്ടു്) വേണ്ടാ, വേണ്ടാ, നിങ്ങൾ എന്നെ തൊടേണ്ട. കയാഫസ്! നിങ്ങൾ പോകണം. നിങ്ങൾ എന്നെ നോക്കരുതു്. നിങ്ങൾ എന്നെ നോക്കി ആക്ഷേപിക്കയാണോ? കഷ്ടം! സഖീ, എനിക്കു് ഇത്ര പെട്ടെന്നു് ഇങ്ങനെ വന്നുവല്ലോ!

ഇസബെൽ: തോഴി എന്താണു പറയുന്നതു്? എന്തു സംഭവിച്ചു?

ജൂഡിത്: നീയും എന്നെ പരിഹസിക്കയാണോ? ഇസബെൽ, നീയും! കഷ്ടം! പക്ഷേ, എനിക്കു വന്ന മാററം എനിക്കറിയാം. അല്ലെങ്കിൽ എൻെറ കയാഫസ്

ഇങ്ങനെയാണോ എന്നോട്ട യാത്രപറയുന്നതു്? ഇസബെൽ! (വിങ്ങിവിങ്ങിക്കരയുന്നു.)

കയാഫ്സ്: (അടുത്തുചെന്നു കുണ്ഠിതത്തോടുകൂടി) ജൂഡിത്! നീ എന്താണു പറയുന്നതു്? ഞാൻ എന്തുചെയ്തു? എന്തു കുററംചെയ്തു? എൻെറ തങ്കം, ജൂഡിത്, എനിക്കു നിന്നോടുള്ള സ്നേഹം—

(ജൂഡിത് പെട്ടെന്നു് തല ഉയർത്തി പൊട്ടിച്ചിരിക്കുന്നു.)

(അത്ഭുതപരതന്ത്രനായി) നീയാരു്?

ജൂഡിത്: (സഗൗരവം) ഞാനോ? ഞാനാണു് ലോകൈകസുന്ദരിയായ ജൂഡിത്! കാമസ്വരൂപിണിയാണു ഞാൻ! ലാവണ്യധാമം! ശൃംഗാരസാരസർവ്വസ്വം! കയാഫ്സ്, ഈ രാത്രി എനിക്കുത്സവമാണു്! നാളെയാണു് എൻെറ വിജയപതാക ഉയരുന്നതു്. കാമസംപൂർത്തി, ലാവണ്യസാഫല്യം, ശൃംഗാരസാക്ഷാത്കാരസംപ്രാപ്തി, നാളെയാണു്. കയാഫ്സ്, നാളെ എനിക്കു യേശുവിൻെറ രക്തം കാണണം.

കയാഫ്സ്: നാളെ സൂര്യൻ ഉദിക്കുമെങ്കിൽ യേശു കഴുമരത്തിൽ.

(ജൂഡിത് പൊട്ടിച്ചിരിക്കുന്നു.)

(കർട്ടൻ)

രംഗം 6

[സമയം അർദ്ധരാത്രിക്കുശേഷം. മഗ്ദലനമേരിയുടെ ഭവനം. ഒരു കട്ടിലിൽ മെത്ത വിരിച്ചിരിക്കുന്നു. അതിൻെറ മുമ്പിലായി മേരി മുട്ടുകുത്തി നിശ്ചലധ്യാനനിർലീനയായി നില്ക്കുന്നു.]

മേരി: നായകാ! സർവ്വലോകനായകാ! എൻെറ ജീവനായകാ! അവിടുന്നു് എവിടെ? അവിടുന്നു് ഇവിടെ

വന്നിരുന്നുവോ? അവിട്ടന്നു് ഈ ഏഴപ്പെണ്ണിനെ വിളിച്ചുവോ? മോക്ഷസംഗീതഗായകനായ നിന്തിരുവടിയുടെ മംഗലസ്വനമല്ലേ ഇവളുടെ ചെവിയിൽ പതിച്ചതു്? ആ മാംഗല്യമണിനാദം ഇപ്പോഴും മുഴങ്ങുന്നുവല്ലോ! ലോകേശാ, അവിട്ടന്നു് ഇവിടെ വന്നിരുന്നുവോ? ആ പരിപാവനതീർത്ഥം ഈ ചെറുകുടിലിൽക്കൂടെ പ്രവഹിച്ചുവോ നാഥാ? ഈ അപശപ്തയായ മഹാപരാധിനി, താവകപാവനസ്പർശനത്താലും അകളങ്കിതയാകാത്ത ഈ ആജന്മപാപി, നിന്തിരുപാദങ്ങൾ കാണുവാൻ കർമ്മമില്ലാതെ ബോധശൂന്യയായി മയങ്ങിയോ ദേവാ? അഥവാ അതു് ഇവളുടെ മായാവിഭ്രാന്തിയായിരുന്നുവോ? എങ്കിൽ അവിട്ടന്നു് ഇപ്പോൾ എവിടെ? അവിട്ടന്നു് എന്താണു ചോദിച്ചതു്? "ഒരു മുഹൂർത്തമാത്രം എന്നോടുകൂടി ഉണൎന്നിരിക്കുവാൻ നിങ്ങൾക്കു ശക്തിയില്ലേ?" എന്നല്ലേ അവിട്ടന്നു ചോദിച്ചതു്? ജഗന്മോഹനാ! ആ സന്താപനിർഝരി ആരുടെ കണ്ണുകളിലാണു് അവിട്ടന്നു മൊഴിഞ്ഞതു്? ഇവളുടേയോ ദേവാ? ഇവളുറങ്ങുകയോ? ആത്മനാഥാ! ഇവളുറങ്ങാറില്ല. അവിട്ടത്തെ വിശുദ്ധപാദങ്ങൾ ധ്യാനിച്ചു്, തിരുമൊഴി ജപിച്ചു് തദന്തർലീനമായ നിത്യപ്രേമപ്രവാഹത്തിൽ ഈ ജീവബിന്ദുവും ഒഴുക്കുവാൻ ആഗ്രഹിച്ചിരിക്കവേ നിന്തിരുവടിയിൽ ലയിച്ചുപോകുന്നതാണു്. അല്ലാതെ ഉറങ്ങുകയോ? ഇവൾ അവിട്ടത്തെ മൃദാംഗുലീസ്പർശനത്താൽത്തന്നെ ഉണർത്തപ്പെട്ടവളല്ലേ? ഇവൾക്കു് ഇനിയുമുറക്കമോ? സർവ്വാനുഗ്രഹമൂർത്തേ! അവിട്ടത്തെ ശബ്ദം ഒരു സന്താപസരിത്തുപോലെയാണല്ലോ പ്രവഹിച്ചതു്. ആ മനോഹരമണിനാദം ഇടറുവാൻ കാരണമെന്തു്?

ആ വിശ്വപ്രേമവിപഞ്ചികയുടെ വിലോലതന്ത്രികൾ വിറകൊള്ളുവാനെന്തു സംഭവിച്ചു? നിത്യാനന്ദസന്ദായകനായ അവിടുത്തേക്കും സന്താപഭാരമോ? നിസ്സംഗനും നിത്യമുക്തനുമായ അവിടുന്നും പ്രാരബ്ധവാനോ? അഥവാ സർവ്വലോകകുടുംബിയായ ഭവാനേക്കാൾ പ്രാരബ്ധവാനാര്? ലോകദുഃഖം തങ്കലാക്കിയവനേക്കാൾ ദുഃഖാർത്തനാര്?

ലോകേശാ! പ്രേമേശാ! മാമകജീവേശാ!
ലോകർക്കു നീയാശ, പാപനാശാ!
ആനന്ദദായകാ! മോക്ഷവിധായകാ!
വേദസുഗായകാ! മന്നായകാ!
ആശിസ്സു മാനവർക്കേകുവാനീലോക—
ഗോശാലതന്നിൽ ജനിച്ചവനേ!
വിശ്വത്തിൻ സൗഭാഗ്യസൗധം പണിയുവാൻ
ആശാരിക്കൊട്ടിലിൽ ജീവിച്ചോനേ!
ദ്വാദശവർഷത്തിൽ പണ്ഡിതശ്രീഷ്ഠരേ
വാദസമരത്തിൽ തോല്പിച്ചോനേ!
ദ്വാദശപാമര മുക്കുവമക്കളേ
വേദോപദേശത്തിനാക്കിയോനേ!
നാല്പതുരാപ്പകൽ ഘോരതപംചെയ്തു
ചിൽപ്പൂരുഷപ്രഭ കണ്ടവനേ!
അക്കാഴ്ചയനൃർക്കു പർവ്വതഭാഷണ—
മൗക്തികഹാരമായ് നല്കിയോനേ!
ഭാരാർത്തർക്കാകെയുമത്താണി താനെന്നു
കാരുണ്യപൂരത്താൽ ചൊല്ലിയോനേ!
പാരാകെപ്പാപത്തിലാഴ്ത്തോരിപ്പെണ്ണിനും
ചാരിത്രജ്യോതിസ്സു കാട്ടിയോനേ

എൻകണ്ണു നിൻരൂപം കാണുവാനാകണം
എൻകാതു നിൻസ്വനം കേൾക്കുവാനും,
എൻകരം നിൻദേഹശുശ്രൂഷയ്ക്കാകണം,
എൻകരൾ നിൻമെയ്ക്കു താലവൃന്തം,
താവകപാദപ്രക്ഷാളനത്തിന്നായി—
ട്ടാവണമെന്നുടെ ബാഷ്പധാര,
ദേവേശാ! നിൻകഴൽ തുത്തുതുടച്ചതി—
പാവനമാകട്ടെൻ കേശപാശം.

(മേരി പാട്ടവസാനിപ്പിച്ച് വീണ്ടും കണ്ണടച്ച് ധ്യാനിച്ചുകൊണ്ടിരിക്കുന്നു. പാട്ടുകേട്ടുണർന്ന മാത്ത പ്രവേശിച്ച് നിശ്ശബ്ദയായി മേരിയുടെ അടുത്തുചെന്നു മുട്ടുകുത്തിയിരുന്ന് കൈ മെല്ലെ അവളുടെ പുറത്തു വയ്ക്കുന്നു.)

മേരി: (കണ്ണുതുറന്ന് ഒരു കൈ മാത്തയുടെ പുറത്തു വച്ചുകൊണ്ട്) മാത്താ, നീ ഉറങ്ങിയില്ലേ?

മാത്ത: ഞാൻ ഉറങ്ങുകയായിരുന്നു. നിൻെറ പാട്ടുകേട്ടുണർന്നതാണ്. നീ എന്താണിതുവരെ ഉറങ്ങാഞ്ഞതു്?

മേരി: ഞാനുറങ്ങി.

മാത്ത: ഉറങ്ങിയോ? നിൻെറ കണ്ണിൽ വെള്ളം നിറഞ്ഞിരിക്കുന്നല്ലോ. നീ കരയുകയായിരുന്നോ?

മേരി: ഈ ആയുസ്സിലേക്കുള്ള ചിരി ഞാൻ നേരത്തേ ചിരിച്ചുപോയി. ഇനി ചിരി ബാക്കിയില്ല. മാത്താ, കണ്ണുനീർ മാത്രമേ ഉള്ളു.

മാത്ത: മേരീ, നിന്നെപ്പോലെ ഭാഗ്യവതി ആരുണ്ടു്?

മേരി: വാസ്തവം; മാത്താ, നീ പറഞ്ഞതു സത്യമാണ്. അഞ്ഞൂറു വരാഹൻ ഇളച്ചുകിട്ടിയ കടക്കാരിയല്ലേ ഞാൻ? പാപപാതാളത്തിൽനിന്നല്ലേ ആ പാവനപാദനിശ്രേണി എന്നേ സൂര്യപ്രകാശത്തിലേക്കു സമുദ്ധരിച്ചതു്? പരമപുരുഷാ, അവിട്ടത്തെ കാരുണ്യാതിരേകത്താൽ ഞാൻ ലോകോത്തരഭാഗ്യവതിതന്നെ!

മാത്ത: നീ എന്താണുറങ്ങാത്തതു്?

മേരി: അതിലെന്താണു വളരെ ചിരിക്കാനുള്ളതു്? സഹോദരീ, പാപസമാജ്ജനത്തിനായി എത്ര രാത്രി ഉറക്കൊഴിച്ചവളാണു ഞാൻ! അതിൻെറ പ്രമാജ്ജനത്തിനായി ചില രാത്രി ഉണന്നിരുന്നാലതിലെന്താശ്ചര്യം!

മാത്ത: മേരീ, ലോകനായകൻ തൊട്ടനുഗ്രഹിച്ചവളല്ലേ നീ? ഇനി നിനക്കു പാപമോ?

മേരി: അതേ, എന്നേ തൊട്ടാലും അശുദ്ധമാകാത്ത ഒരു കൈ ഇന്നു ലോകത്തിലുണ്ട സോദരീ. ആ കൈ കഴുകുവാനല്ലേ എൻെറ കണ്ണുനീർ തോരാതെ വീഴുന്നതു്?

മാത്ത: അശ്രുധാര നിനക്കു് അസാധാരണമല്ല. എന്നാൽ നിൻെറ നേത്രങ്ങളിൽനിന്നു പൊഴിയാറുള്ളതു് ആനന്ദബാഷ്പമാണു്. ഈശ്വരപ്രേമനിർഝരിയാണു്. എന്നാൽ ഇന്നു് അങ്ങനെയല്ല. നീ അത്യന്തം ദുഃഖിതയായിട്ടാണു കാണപ്പെട്ടുന്നതു്. എന്താണു വിശേഷം? എന്തു സംഭവിച്ചു?

മേരി: (മാത്തയെ ഗാഢമായി പിടിച്ചുകൊണ്ടു്) സോദരീ, എനിക്കറിഞ്ഞുകൂട. സ്വപ്നമായിരുന്നോ, വെറും ചിത്തഭ്രമമായിരുന്നോ, അതോ സത്യമായിരുന്നോ എന്നു് എനിക്കു നിശ്ചയമില്ല. ലോകനാഥൻ എന്നെ വിളിച്ചുവെന്നു് എനിക്കു തോന്നി. ഇവിടെ വന്നുവോ എന്നു് എനിക്കറിഞ്ഞുകൂട. ഇല്ലെങ്കിൽ എവിടെയെന്നും മനസ്സിലായില്ല.

മാത്ത: ഇത്രമാത്രമേ ഉള്ളോ?

മേരി: അല്ല; "മുഹൂത്തമാത്രം എന്നോടുകൂടി ഉണന്നിരിക്കുവാൻ നിങ്ങൾക്കു ശക്തിയില്ലേ" എന്നദ്ദേഹം ഹൃദയവേദനയോടുകൂടി ചോദിക്കുന്നതു കേട്ടു.

മാത്ത: നിന്നോടാണോ ചോദിച്ചതു്?

മേരി: അതറിഞ്ഞുകൂടാ. എന്നോടല്ലെന്നുതോന്നി. പിന്നെ ആരോടു്? അദ്ദേഹം എവിടെ? മാത്താ, അഥവാ എന്നോടുതന്നെയാണോ ചോദിച്ചതു്? അദ്ദേഹം കരയുന്നതുപോലെ എനിക്കു തോന്നി സോദരീ, അദ്ദേഹം കരയുക!

(രണ്ടുപേരുടേയും കണ്ണുകളിൽ വെള്ളം നിറയുന്നു.)

മാത്ത: മേരീ, വ്യസനിക്കാതിരിക്കൂ. ഞാൻകൂടി ഇവിടെ ഇരിക്കാം. നമുക്കു് ഒരുമിച്ചു പ്രാൎത്ഥിക്കാം.

(മെൽഷീയാർ പ്രവേശിക്കുന്നു. രണ്ടാളും എഴുനേല്ക്കുന്നു.)

മേരി: അവിടുന്നാരാണു്? എവിടുന്നു വരുന്നു?

മെൽഷിയാർ: നിങ്ങൾ ഉടനെ അമ്മയുടെ അടുക്കലേക്കു പോകണം.

മേരി: അയ്യോ! അമ്മയുടെ അടുക്കലേക്കോ? അവിടുന്നു് എന്താണു പറയുന്നതു്? എന്തു സംഭവിച്ചു? എന്റെ പ്രാണേശ്വരനെവിടെ?

മെൽഷിയാർ: അദ്ദേഹം എവിടെയാണില്ലാത്തതു്?

മേരി: ദൈവമേ, എനിക്കൊന്നും മനസ്സിലാകുന്നില്ല. അയ്യോ, എന്തുണ്ടായെന്നു പറയണേ! ദയവായി പറയണേ! എന്തു സംഭവിച്ചു?

മെൽഷിയാർ: സംഭവം സമാരംഭിച്ചു?

മേരി: (മാത്തയെ അവലംബിച്ചുകൊണ്ടു്) മാത്താ! അദ്ദേഹം!—അദ്ദേഹം!—(മെൽഷിയാറോടു്) പ്രഭോ, അവിടുന്നു മാപ്പുതരണം.

മെൽഷിയാർ: നിനക്കു മാപ്പുതരേണ്ടവൻ തന്നിട്ടുണ്ടു്.

മേരി: ഞങ്ങൾ വിവരമില്ലാത്തവരാണു്. ഞങ്ങൾക്കു് ഒന്നും അറിഞ്ഞുകൂടാ; ഞങ്ങൾ എന്തുചെയ്യണം?

മെൽഷിയാർ: നിങ്ങൾ അമ്മയുടെ അട്ടക്കലേക്കു പോകണം.

മേരി: പോകാം. ഞങ്ങൾ ഉടനേ പോകാം. എന്നാൽ ഞാൻ ചോദിക്കുന്നതുകൊണ്ടു് അങ്ങു കോപിക്കരുതു്. ഞങ്ങൾ പോയി എന്തുചെയ്യണം? പ്രഭോ, ഞങ്ങൾ എന്തിനാണു് ഇപ്പോൾ പോകുന്നതു്?

മെൽഷിയാർ: നിൻെറ ഹൃദയം നിന്നോടു പറയുന്നില്ലേ?

മേരി: എൻെറ ഹൃദയമോ? എൻെറ ഹൃദയം പതറുന്നു. എൻെറ കണ്ണു് ഇരുളടയുന്നു. ലോകമേ ഇരുളുന്നു. എനിക്കു് ഒന്നും നിശ്ചയമില്ല. ഞങ്ങൾ എന്തുചെയ്യണമെന്നു് അവിടുന്നു പറയുകയില്ലേ?

മെൽഷിയാർ: നിങ്ങൾ ആ ദേവിയെ ആശ്വസിപ്പിക്കണം. അഥവാ, അഖിലാണ്ഡകടാഹങ്ങളും ഉൾക്കൊള്ളുന്ന സർവ്വേശനെ ഗർഭഭരണംചെയ്ത ആ ദേവദേവേശ്വരി നിങ്ങളെ സമാശ്വസിപ്പിക്കും. (പോകുന്നു.)

മേരി: ദൈവമേ!...മാത്താ, എനിക്കു വയ്യാ. (ബോധരഹിതയായി മാത്തയുടെ തോളിൽ കിടക്കുന്നു.)

മാത്ത: മേരീ, സോദരീ, മേരീ, മേരീ! നമുക്കു് അമ്മയുടെ അട്ടക്കലേക്കു പോകേണ്ടയോ?

മേരി: (കണ്ണുതുറന്നു് തല മെല്ലെ ഉയർത്തി നിരാശാപാരവശ്യത്തോടുകൂടി) മാത്താ, പോകണം. പക്ഷേ, അയ്യോ ലോകേശാ! പ്രേമേശാ! എന്റെ ജീവിതേശാ!... മാത്താ നമുക്കു പോകണം...എന്നാൽ എനിക്കു്, അയ്യോ!...മാത്താ, നമുക്കു പോകാം. (നടക്കുന്നു.) സോദരീ, ഞാൻ—എൻെറ ദേഹം...ലോകേശാ! പ്രേമേശാ! എൻെറ ജീവേശാ!

(കർട്ടൻ)

രംഗം 7

[രാത്രി. ഗതസേമൻതോട്ടം.

സ്റ്റേജിന്റെ മുൻഭാഗത്തു് ഉറങ്ങിക്കിടക്കുന്ന പീറ്റർ, ജോൺ, ജെയിംസ് എന്നീ മൂന്നു ശിഷ്യന്മാരും പിൻഭാഗത്തു മങ്ങിയ വെളിച്ചത്തിൽ ദുസ്സഹദുഃഖാർത്തനായി ഊർദ്ധ്വനയനനായി മുട്ടുകുത്തിനില്ക്കുന്ന ക്രിസ്തുവും പ്രത്യക്ഷപ്പെടുന്നു.]

ക്രിസ്തു: നാളെ!—നാളെ!—ഭയങ്കരം!—വാത്സല്യവാനായ പിതാവേ! സഹിക്കവയ്യാ. നാളെ!—സ്മരിക്കവയ്യാ! (കമഴ്ന്നുവീഴുന്നു. കുറേക്കഴിഞ്ഞു് ഉയർന്നു് ഒരു കൈകുത്തി ഇരിക്കുന്നു.) ഹോ! വയ്യാ!—പാപം! മാനവകുലത്തിന്റെ പാപപാരമ്യം നാളെയാണു്. (ധൈര്യം അവലംബിച്ചു പിന്നെയും മുട്ടുകുത്തി നില്ക്കുന്നു. സ്വല്പസമയം നിശ്ശബ്ദനായി ധ്യാനിക്കുന്നു.) താതാ! അവിടുത്തെ ചൈതന്യം കുടികൊള്ളുവാൻ കൈക്കൊണ്ട ഈ മൺപാത്രം, പ്രിയതാതാ, അതു തകരുന്നതു നാളെയാണു്, നാളെ—ദുസ്സഹം! (എഴുന്നേല്ക്കുന്നു.) അന്ധകാരം! അധർമ്മപങ്കിലമായ മഹാന്ധകാരം! നിസ്സ്നേഹനികൃഷ്ടം! (മുട്ടുകുത്തുന്നു.) പിതാവേ... മനുഷ്യവംശത്തിന്റെ മഹാപാപം;—അതു കഴുകുവാൻ... അവിടുത്തെ പുത്രന്റെ രക്തംതന്നെ വേണമോ? പാപം തീരേണ്ടതു് പാപത്തിന്റെ പരമകാഷ്ഠകൊണ്ടോ? മനുഷ്യൻ അവന്റെ മനുഷ്യത്വം വീണ്ടെടുക്കുന്നതു തന്നെത്തന്നെ പിശാചിനു വിലനല്കി വേണമെന്നോ? അച്ഛാ, മനുഷ്യപുത്രന്റെ രക്തം മനുഷ്യഹസ്തം ഒഴുക്കണമോ?—ഈ ശരീരം—(ക്ഷീണനായി ഒരു കൈകുത്തി ഇരിക്കുന്നു.) ഹാ!—അതു്—ദുർബ്ബലം! പരിക്ഷീണം! അതു്—ഓരോ ഞരമ്പും മാംസപേശിയും വലിഞ്ഞു വലിഞ്ഞു്, തകർന്നു തകർന്നു്,

ജീവരക്തം തുള്ളിതുള്ളിയായി ഒഴിഞ്ഞു് ഒഴിഞ്ഞു്—പിതാവേ, അതല്ല—ഹാ അതല്ല—മനുഷ്യൻെറ; അവിട്ടത്തേ വത്സലസന്താനത്തിൻെറ—സ്വസഹോദരൻെറ—ക്രൗര്യം, ദൗഷ്ട്യം, പാപം, പൈശാചികത്വം! ഹാ! മനുഷ്യൻെറ പൈശാചികത്വം!—അതു നകന്നു നകന്നു് ആത്മാവു് എരിഞ്ഞു് എരിഞ്ഞു്—അച്ഛാ! അവിട്ടത്തേക്കു സർവ്വവും സാദ്ധ്യം. ഈ വിഷപാത്രം എന്നിൽനിന്നു് അകററണേ—എങ്കിലും പിതാവേ, അതു് എൻെറ ആഗ്രഹംപോലെയല്ല, അവിട്ടത്തേ ഇച്ഛപോലെ! അച്ഛാ! (കമഴ്ന്നുവീഴുന്നു. കിടന്നു പ്രാർത്ഥിക്കുന്നു. മെല്ലെ ഉയരുന്നു. അല്പമായ ആശ്വാസത്തോട്ടുകൂടി എണീക്കുന്നു.) മനുഷ്യസ്പർശനം! അവരുടെ, അതേ അവരുടെയെങ്കിലും സ്നേഹസ്പർശനം! (സാവധാനത്തിൽ ശിഷ്യരെ സമീപിക്കുന്നു. അവർ ഉറങ്ങിയിരിക്കുന്നുവെന്നു കണ്ടു് കഠിനമായ കുണ്ഠിതം മുഖത്തു സ്പഷ്ടമാകുന്നു.) പീററർ! പീററർ!

(ശിഷ്യന്മാർ ഉണരുന്നു. അവരുടെ മുഖത്തു വ്യസനവും അപരാധഭാവവും ക്ഷീണവും വ്യക്തമാകുന്നു.)

ഒരു മുഹൂർത്തം എന്നോട്ടുകൂടി ഉണർന്നിരിക്കുവാൻ നിങ്ങൾക്കു ശക്തിയില്ലേ? പ്രലോഭനങ്ങളിൽ പതിക്കായ്വാൻ ഉണർന്നു പ്രാർത്ഥിക്കുവിൻ! ആത്മാവു് സന്നദ്ധം, എന്നാൽ ശരീരം ദുർബ്ബലം.

(ക്രിസ്തു വീണ്ടും പഴയ സ്ഥലത്തേക്കു മടങ്ങുന്നു. ശിഷ്യന്മാർ വീണ്ടും മയങ്ങുന്നു.)

(വീണ്ടും ദുഃഖാർത്തനാകുന്നു.) ഇരുളു്! ഇരുളു്! എല്ലായിടവും ഇരുളുന്നു!—ആ ഇരുളു് കണ്ണും കരളും കരളുന്നു!... അച്ഛാ! അവിട്ടത്തെ പുത്രൻെറ രക്തം മനുഷ്യൻെറ ശിരസ്സിലോ? അവനതു ചെയ്യണോ? അല്ലാതെ—അല്ലാതെ— ഹാ!—അല്ലാതെ—മററു വഴി—

വയ്യാ! (മുട്ടുകുത്തുന്നു.) പിതാവേ! സാദ്ധ്യമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നു മാററണേ! എങ്കിലും താതാ, അവിട്ടത്തെ ഇച്ഛപോലെ! (വീണ്ടും നമസ്കരിച്ചു കുറേനേരം പ്രാത്ഥിച്ചു കൂടുതൽ ശാന്തനായി എണീക്കുന്നു.) ഒരു സ്പശനം, മനുഷ്യസ്നേഹത്തിന്റെ ഒരു മൃദുസ്പശനം! അവൻെറ നിസ്നേഹത്വം എന്നെ നീറ്റിത്തുടങ്ങുംമുമ്പു് ഒരു ചെറിയ സ്പശനമെങ്കിലും!(വീണ്ടും ശിഷ്യന്മാരുടെ അട്ടക്കലേക്കു ചെല്ലുന്നു. അവർ ഉറങ്ങിക്കിടക്കുന്നതു കാണുന്നു. അനുകമ്പയോട്ടം വ്യസനത്തോട്ടും) പീററർ! ജെയിംസ്! ജോൺ!

(ശിഷ്യന്മാർ ഉണന്നു് ബോധശൂന്യരെപ്പോലെ നോക്കി മിണ്ടാതെ കിടക്കുന്നു.)

ഭയാനകവും ആപത്സമ്പൂൎണ്ണവുമായ ദുർമ്മുഹൂത്തം! അവർ അറിയുകയും ചെയ്യുന്നു. സ്നേഹവും, അനുതാപവും, ദുഃഖവുംകൊണ്ടു് പരിഭ്രാന്തരും! എങ്കിലും എല്ലാററിന്റേയും അവസാനം നിദ്ര. (വീണ്ടും പഴയ സ്ഥലത്തേക്കു പോകുന്നു. ഭക്തിപൂവ്വം കണ്ണടച്ചു പ്രാത്ഥിക്കുന്നു. കണ്ണുതുറന്നു് ഊദ്ധ്വനയനനായി) പിതാവേ! ഈ ചഷകം ഞാൻ കുടിച്ചുതന്നെ തീരണമെങ്കിൽ അവിടത്തെ ഇംഗിതം നടക്കട്ടെ! (കൈനീട്ടി ഊദ്ധ്വനയനനായി നിശ്ചലം നിന്നു് ഈശ്വരചൈതന്യം ഉൾക്കൊള്ളുന്നു. മുഖം പ്രശാന്തവും തേജോമയവും ആകുന്നു. സാവധാനത്തിൽ ശ്രദ്ധ വീണ്ടും പരിസരങ്ങളിൽ പതിയുന്നു. ദൂരെയായി പന്തങ്ങളുടെ വെളിച്ചം കാണുന്നു.) അവർ!—അതു്!—ആ മുഹൂത്തം!... സവ്വം സമാഗതം! (ശിഷ്യന്മാരുടെ അട്ടക്കലേക്കു പോകുന്നു.) പീററർ! പീററർ! ജെയിംസ്! ജോൺ!

(ശിഷ്യന്മാർ ഉണരുന്നു.)

ഉറങ്ങിക്കൊള്ളണം. ആശ്വസിച്ചുകൊള്ളണം. നോക്കുക, മുഹൂർത്തമായി. മനുഷ്യപുത്രനെ വഞ്ചിച്ച് പാപികളുടെ കൈയിൽ സമർപ്പിക്കുന്നു. എഴുന്നേല്ക്കുക. പോകാം. വഞ്ചകൻ ഇതാ സമീപിക്കുന്നു.

(ശിഷ്യന്മാർ എഴുന്നേല്ക്കുന്നു.
ജൂഡാസ് ആയുധപാണികളായ ഭടന്മാരോടും പന്തംകൊളുത്തിപിടിച്ചിട്ടുള്ള അനുചരന്മാരോടുംകൂടി പ്രവേശിക്കുന്നു.)

സ്നേഹിതാ! നീ വന്ന കാര്യം?

ജൂഡാസ്: (ക്രിസ്തുവിനെ സമീപിച്ച്) ഗുരുവേ, മംഗളം! (ചുംബിക്കുന്നു.)

ക്രിസ്തു: ജൂഡാസ്, നീ മനുഷ്യപുത്രനെ ചുംബനത്താൽ വഞ്ചിക്കുന്നുവോ?

(ജൂഡാസ് ലജ്ജാധീനനായി പിന്നോക്കം മാറി മറയുന്നു.)

(മുമ്പോട്ടു നീങ്ങിനിന്ന്) നിങ്ങൾ ആരെ അന്വേഷിക്കുന്നു?

അവർ: നാസറത്തിലെ യേശുവിനെ.

ക്രിസ്തു: (അതിശാന്തമായി) അതു ഞാനാണ്.

(അവർ ഭയവിഹ്വലരായി പിന്നോക്കം മാറുന്നു.)

(വീണ്ടും) നിങ്ങൾ ആരെയാണ് അന്വേഷിക്കുന്നത്?

അവർ: നാസറത്തിലെ യേശുവിനെ.

ക്രിസ്തു: ഞാൻ പറഞ്ഞല്ലോ അതു ഞാനാണെന്ന്. എന്നാൽ, നിങ്ങൾ എന്നെയാണ് അന്വേഷിക്കുന്നതെങ്കിൽ ഇവർ പോകട്ടെ.

(ക്രിസ്തു കീഴടങ്ങാൻ നിശ്ചയിച്ചിരിക്കുന്നു എന്നറിഞ്ഞു് ശിഷ്യന്മാർ വിഷണ്ണരാകുന്നു. പീറ്റർ വാളൂരി ഒരാളുടെ ചെവി ഛേദിക്കുന്നു.)

വാൾ ഉറയിലിടു്! വാളെടുക്കുന്നവൻ വാളുകൊണ്ടു നശിക്കും. എനിക്ക് ആവശ്യമുണ്ടെങ്കിൽ എന്റെ പിതാവിൻെറ കാരുണ്യത്താൽ, എന്നെ രക്ഷിക്കുവാൻ പന്ത്രണ്ടു ശിഷ്യന്മാരല്ല പന്ത്രണ്ടുലക്ഷം ദൈവദൂതന്മാ

രുണ്ടാകും. (ഭടന്മാരോട്ട്) ഇത്രയുംകൂടെ അനുവദിക്കുക.
(മുറിവേറ്റവൻെറ മുറിവു സ്വന്തകൈയാൽ തടവുന്നു.)
(ഭടന്മാർ മുമ്പോട്ടടുത്തു് ക്രിസ്തുവിനെ പിടിക്കുന്നു.)
നിങ്ങൾ വാളും വടിയുമായി ഒരു കള്ളനെ പിടിക്കാനെന്നപോലെ വന്നിരിക്കുന്നോ? ഞാൻ നിത്യവും നിങ്ങളോടുകൂടി ദേവാലയത്തിലുണ്ടായിരുന്നിട്ടും നിങ്ങൾ എൻെറനേരെ കൈ നീട്ടിയില്ല. എന്നാൽ ഇതു നിങ്ങളുടെ സന്ദർഭമാണു്; അന്ധകാരത്തിൻെറ ദുർവ്യാപാര സന്ദർഭം.
(ശിഷ്യന്മാർ ഓടുന്നു.)

ഭടപ്രമാണി: മതിയെടാ നിൻെറ പ്രസംഗം! (ഒരു ഭടനോട്ട്) കെട്ടെടാ അവൻെറ കൈ!
(ഭടൻ കൈകെട്ടുന്നു.)
മ്, നട! ഇനി അങ്ങു ചെന്നിട്ടു ചെലച്ചാൽ മതി.
(പോകുന്നു.
സ്റ്റേജിൻെറ ഒരററത്തു് പ്രേതത്തെ കണ്ടവനെപ്പോലെ നിർജ്ജീവവദനനായി നിരാശാഭ്രാന്തനായി ജൂഡാസ് പ്രവേശിക്കുന്നു. ഓരോ അടിയായി ക്രിസ്തു പോയ ദിക്കിലേക്കു് അഞ്ചാറു ചുവടുവെച്ചിട്ടു് പെട്ടെന്നു മുമ്പോട്ടു് ഓടുന്നു. പെട്ടെന്നു നില്ക്കുന്നു.)

(കർട്ടൻ)

രംഗം 8

[വെളുക്കാറായ സമയം. ജയിൽ. ഇരുമ്പഴികൊണ്ടു വിഭജിച്ച മുറി. ഒരു മുറിയിൽ കൈയ്ക്കും കാലിനും വിലങ്ങുവച്ച ബാറബാസ് നിവന്നു് മലൻകിടന്നുറങ്ങുന്നു. മറേറ മുറിയിൽ അപ്രകാരംതന്നെ വിലങ്ങുവച്ച ഹാനൻ അത്യന്തം അസഹിഷ്ണുവായി ജയിൽഭിത്തികളെത്തന്നെ തുറിച്ചുനോക്കിക്കൊണ്ടിരിക്കുന്നു. അയാളുടെ മുഖത്തു് കോപം, ഭയം, ക്ഷീണം, പ്രതികാരേച്ഛ എന്നിങ്ങനെ പല ദുഷ്ടവികാരങ്ങളും വിളയാടുന്നു.]

ഹാനൻ: (ചുററും നോക്കിയിട്ടു്) അയ്യോ, നേരം വെളു

ക്കാറായല്ലോ? (നിരാശയോടുകൂടി കണ്ണുമിഴിക്കുന്നു.) ദ്രോഹികൾ, ദിവസം ഒന്നു കഴിഞ്ഞു, ജലപാനം തന്നിട്ട്. (കഠിനമായ വെറുപ്പോടുകൂടി) ദ്രോഹികൾ! ദ്രോഹികൾ! (അങ്ങനെ കുറെ ഇരുന്നിട്ട് ബാറബാസ് കിടക്കുന്ന മുറിയിലേക്കു നോക്കുന്നു.) അവനു വിശപ്പുമില്ല! കൊലപാതകി! ആ തേവിടിശ്ശിക്കുവേണ്ടി മററവനെ കൊന്നു. അതിനു ഞാനും ജയിലിൽ കിടക്കണം. (കുറച്ച് ആലോചിച്ചിട്ട്) ബാറബാസ് കൊന്നു! ഹാനനും ജയിലിൽ! ഒന്നരക്കൊല്ലമായി. ഇപ്പോൾ ഭക്ഷണവുമില്ല. റോമിൻെറ നീതി! സീസറിൻെറ ഭരണം! (വീണ്ടും മുഖം രൂക്ഷമാകുന്നു. ബാറബാസിനെ നോക്കുന്നു.) അവൻ കിടന്നുറങ്ങുന്നു! കൊലപാതകി കിടന്നുറങ്ങുന്നു! അവനു വിശപ്പുമില്ല, ക്ഷീണവുമില്ല! കിടന്നുറങ്ങുന്നു! (എണീററു് അഴിയുടെ അടുത്തുചെന്നു നിന്നുകൊണ്ട്) ബാറബാസ്! ബാറബാസ്! എടാ ബാറബാസ്! എണീക്കെടാ, നേരം വെളുത്തു. എണീക്ക്. ബാറബാസ്! ബാറബാസ്!

(ബാറബാസ് കണ്ണുതുറന്നു നോക്കി വീണ്ടും കണ്ണടയ്ക്കുന്നു.)

എടാ ബാറബാസ്, എണീക്ക്, നേരംവെളുത്തു.

ബാറബാസ്: (കണ്ണുതുറക്കാതെ) വല്ലിടത്തും പോകുന്നോ?

ഹാനൻ: (കോപത്തോടുകൂടി) പോകുന്നോ! പോകുന്നോ! പോകുന്നെടാ പോകുന്നു. നീയല്ലിയോ, എന്നെ ഇങ്ങനെ ആക്കിയതു്?

(ബാറബാസ് ഒന്നും പറയുന്നില്ല.)

ബാറബാസ്, നീ എണീക്കുന്നില്ലേ?

ബാറബാസ്: എന്തിനു്?

ഹാനൻ: എടാ, നേരംവെളുത്തെന്നു പറഞ്ഞതു കേട്ടില്ലേ?
ബാറബാസ്: കേട്ടു.
ഹാനൻ: കേട്ടോ? നീ എന്തു കേട്ടു? എടാ ഭക്ഷണം കിട്ടിയിട്ട് ഒരു ദിവസം കഴിഞ്ഞില്ലേ?
ബാറബാസ്: എനിക്കോ?
ഹാനൻ: എനിക്കു വിശക്കുന്നെടാ.
ബാറബാസ്: എനിക്കും.
ഹാനൻ: നിനക്കോ! നിനക്കു വിശപ്പുമില്ല, ദാഹവുമില്ല. നീയിതിനുണ്ടായതല്ലേ? നിനക്കിതു വേണം. നിന്നെ തുക്കാതിരുന്നതു് നിൻെറ ഭാഗ്യം. ഞാനെന്തുവേണം? ഞാൻ വല്ലതും ചെയ്തോ?
ബാറബാസ്: എന്നാൽ നീ ഇറങ്ങിപ്പൊയ്ക്കോ.
ഹാനൻ: എടാ, നീ എന്നെ കളിയാക്കുന്നോ? എടാ നശിച്ചവനേ, ഞാനിപ്പോൾ ചാകും.
ബാറബാസ്: കഷ്ടംതന്നെ!
ഹാനൻ: അയ്യോ, ഇവൻ ചത്തെങ്കിൽ! ഇവൻ എൻെറ കൺമുമ്പിൽ കിടന്നു ചത്തെങ്കിൽ! എടാ, എനിക്കു വിശക്കുന്നു; ഞാനിപ്പോൾ ചാകും.
ബാറബാസ്: ഞാൻ ചാകണം, നീ ചാകുന്നതു കഷ്ടവും, അല്ലേടാ? (സഗൗരവം) എടാ ഹാനൻ, നീ എന്തെടാ ഈ പറയുന്നതു്? നിനക്കു ഭക്ഷണം കിട്ടിയില്ലെങ്കിൽ ഞാനെന്തുവേണം? അവിടെ മിണ്ടാതെ കിടക്കു്. (പിൻതിരിഞ്ഞു കിടക്കുന്നു.)
ഹാനൻ: എടാ ദ്രോഹീ! പിശാചേ! നീ എന്നെ ഈ നിലയിലാക്കി. എന്നിട്ട് നീ എന്തുവേണമെന്നോ? നീ തുലയണം. നിന്നെ കുരിശിൽ തറയ്ക്കണം. നിന്നെ തൊലിയുരിക്കണം. നീ എന്തുവേണമെന്നോ? എന്നെ

നശിപ്പിച്ചിട്ട്, പട്ടിണിയാക്കിയിട്ട്, എന്തുവേണമെന്നോ? എടാ കൊലപാതകി! നിനക്കു ഞാൻ തരുമെടാ. പുറത്തിറങ്ങിയാൽ ആദ്യം നിനക്കാടാ വച്ചിരിക്കുന്നത്.

ബാറബാസ്: അതുണ്ടാകയുമില്ല.

ഹാനൻ: എടാ നീ പ്രാകുന്നോ? നീ നശിച്ചുപോമെടാ! നിൻെറ തല തെറിച്ചുപോമെടാ!

ബാറബാസ്: (ഹാനൻെറ നേരെ തിരിഞ്ഞു്) എടാ, നീ അവിടെ അനങ്ങാതെ കിടക്കുന്നുണ്ടോ?

ഹാനൻ: എടാ, നീയല്ലിയോടാ എന്നെ ഈ നിലയിലാക്കിയതു്?

ബാറബാസ്: അതെ.

ഹാനൻ: എടാ, നീ എന്നെ ആക്ഷേപിക്കുന്നോ? എന്തെടാ പിശാചെ, എടാ നീയല്ലിയോ ഗബ്രിയാസിനേ കൊന്നതു്?

ബാറബാസ്: അതെ. ഇനി മിണ്ടാതെ കിടക്കുമോ?

ഹാനൻ: മിണ്ടാതെ കിടക്കാനോ? എടാ ചെകിത്താനേ, നിന്നെ ഞാൻ കൊല്ലും.

ബാറബാസ്: എടാ ഹാനൻ! നീ എന്നെ കൊല്ലുമോ? ഒന്നാമതു് ഇപ്പുറത്തു വരുകയില്ല. വന്നാൽ കൊല്ലുന്നതു ഞാനും ചാകുന്നതു നീയും. അതു ഞാൻ പറയണോ?

ഹാനൻ: എടാ ഗബ്രിയാസല്ലെടാ ഞാൻ.

ബാറബാസ്: (ക്ഷമകെട്ടു്) അവിടെയെങ്ങാനും മിണ്ടാതെ കിടക്കെടാ! (തല താഴ്ത്തുവെച്ചു് കണ്ണടയ്ക്കുന്നു.)

ഹാനൻ: (അഴിക്കിടയിൽക്കൂടെ കൈനീട്ടി മുഷ്ടിചുരുട്ടി കുലുക്കിക്കൊണ്ടു്) എടാ, ദുഷ്ടാ! ദ്രോഹീ! മഹാ

പാപീ! നിന്നെ ഞാൻ പഠിപ്പിക്കുമെടാ! നിൻെറ തേവിടിശ്ശിയുടെ അട്ടക്കലല്ലെങ്കിൽ—

ബാറബാസ്: (ഒററച്ചാട്ടത്തിന് ഹാനൻെറ കൈയ്ക്കു പിടികൂടുന്നു. കൈകൾ ഇരുമ്പഴിയോടു ചേർത്ത് അമർത്തി ഞെരിച്ചുകൊണ്ട്) എന്തെടാ, നീ എന്തു പറഞ്ഞു? പറയെടാ! ഒന്നുകൂടെ പറ! നിന്റെ കൈ ഞാൻ ഇവിടെവച്ച് ഒടിച്ചു പറിച്ചെടുക്കും! പറ!

ഹാനൻ: അയ്യോ! അയ്യോ! വിടെടാ! എടാ പിശാചേ! അയ്യോ! അയ്യോ! എൻെറ കൈ ഒടിഞ്ഞേ! വിടോ! എൻെറ കൈ വിടോ!

ബാറബാസ്: (കൈ വിട്ടിട്ട്) ഇനി അവിടെപ്പോയി ഉരിയാടാതെ കിടക്ക്. (ഒരിടത്തു പോയി ഇരിക്കുന്നു.)

ഹാനൻ: (കഠിനവേദനയോടുകൂടി അല്പം മാറിനിന്ന് ചതഞ്ഞ കൈകൾ പരസ്പരം ഞെക്കുകയും, മുഖത്തും മാറത്തും മററും അമർത്തുകയും പലതരം ഗോഷ്ടികൾ കാട്ടുകയും ചെയ്തുകൊണ്ട്) എടാ, നീ നശിച്ചുപോകുമെടാ! നീ!—അയ്യോ, എൻെറ കൈയ്! എൻെറ കൈ ചതഞ്ഞു് ഒടിഞ്ഞുപോയി! എടാ ദ്രോഹീ! ഇതിനു നീ അനുഭവിക്കുമെടാ! ഹോ, എല്ലെല്ലാം തകർന്നു! എടാ, എന്നെ നീ നശിപ്പിച്ചു! ജയിലിൽ കയററി! പട്ടിണിയിട്ടു ചാകാറാക്കി! എന്നിട്ട് എന്റെ കൈയ്! എൻെറ കൈ ചതഞ്ഞു പൊടിഞ്ഞു്— ഹോ! ഹോ! നീ ഇതിന് അനുഭവിക്കുമെടാ! നീ നശിച്ചുപോകും!

(വെളിയിൽ ഒരു വലിയ ആരവം കേൾക്കുന്നു.)

(വീണ്ടും അഴിയുടെ അടുത്തുചെന്ന്) എടാ, ആരാണ്ടു വരുന്നെടാ! ബാറബാസ്! അതാരാടാ വരുന്നതു്? ഹൊ! ഹൊ! എൻെറ കൈ!

(ബാറബാസ് ഒന്നും പറയുന്നില്ല.)

എടാ, ബാറബാസ്, എന്താടാ നീ ഒന്നും പറയാത്തതു്? (കൈ നോക്കിയിട്ടു്) അയ്യോ! എന്റെ കൈ പോയെടാ. എടാ ആരാടാ വരുന്നതു്?

(ബാറബാസ് ഒന്നും പറയുന്നില്ല.
വെളിയിൽ പിന്നെയും ആരവം.)

എടാ, ഒരുപാട്ടപേരുണ്ടെടാ. അവരെന്തിനായിട്ടാടാ വരുന്നതു്? (പെട്ടെന്നു് എന്തോ ഓർത്തുപോലെ) എടാ, അവരേ, നിന്നെ കൊണ്ടുപോകാൻവരുകാടാ. നിന്നെ തൂക്കാൻ കൊണ്ടുപോകാൻ! അതേ, ബാറബാസ്, നിന്നെ ഇന്നു തൂക്കുമെടാ. അതിനാ, തീച്ച്യായിട്ടും അതിനാ അവർ വരുന്നതു്. അല്ലാണ്ടു് പിന്നെ വേറെ—(വീണ്ടും എന്തോ ഓർത്തുപോലെ ഭയത്തോട്ടുകൂടി) അയ്യോ, എടാ...ബാറബാസ്... പിന്നേ...എടാ... അയ്യോടാ... എന്നേയും... എടാ, അവർ എന്നെയും തൂക്കുമോടാ? ഇല്ലെടാ ബാറബാസ്, അവർ എന്നെ തൂക്കുകയില്ല.

(വെളിയിൽ ബഹളം.)

(വിറച്ചുകൊണ്ടു്) ബാറബാസ്, ഒന്നു പറയെടാ, എടാ, നിൻെറ നാക്കു് ആരു കൊണ്ടുപോയെടാ? ഒന്നു പറ. അവർ എന്നേ—

(വെളിയിൽ പിന്നെയും ബഹളം.)

അയ്യോ! എന്നെയും തൂക്കുമോ? എന്നെ അവർ തൂക്കുമോ? എന്നെ അവർ തൂക്കുമോ? എടാ എന്നെ എന്തിനാടാ തൂക്കുന്നതു്? ഇല്ലെടാ നിന്നെ മാത്രമേ തൂക്കൂ. ഞാൻ എന്തുചെയ്തു? ഗബ്രിയാസിനെ കൊന്നതു നീയല്ലേ? പിന്നെ എന്നേ...

(ബാറബാസ് കിടന്നിരുന്ന ജയിലിന്റെ വാതിൽ തുറക്കുന്നു. പെട്ടെന്നു വെളിച്ചം കയറുകയാൽ ബാറബാസിൻെറ കണ്ണുകൾ അടയുന്നു. രണ്ടു ഭടന്മാരും ഒരു ഭടപ്രമാണിയും അകത്തു പ്രവേശിക്കുന്നു.)

അയ്യോ, ഒന്നു കേൾക്കണേ! ഞാൻ ഒന്നും ചെയ്തില്ല. ഗബ്രിയാസിനെ കൊന്നതു ബാറബാസാണ്. അവനെ തൂക്കണം. നിശ്ചയമായി തൂക്കിക്കൊല്ലണം. പക്ഷേ, ഞാനൊന്നും ചെയ്തില്ല. ഭക്ഷണം തന്നിട്ടു മൂന്നുദിവസമായി. എനിക്കു വിശക്കുന്നു. ഞാനിപ്പോൾ...

ഭടപ്രമാണി: എടാ, മിണ്ടരുത്.

(ഹാനൻ ഭയപ്പെട്ടു് പിന്നോക്കം മാറിനില്ക്കുന്നു.)

(ബാറബാസിനോട്) എടാ എണീക്ക്.

(ബാറബാസ് എഴുന്നേല്ക്കുന്നു.)

നടക്ക്.

(ബാറബാസ് നടക്കുന്നു. അവൻെറ ഇരുപുറവും ഓരോ ഭടനും പിന്നിൽ ഭടപ്രമാണിയുമായി പോകുന്നു. കതകു വീണ്ടും അടയുന്നു.)

ഹാനൻ: (ഉറക്കെ നിലവിളിക്കുന്നു.) അയ്യോ! പോയോ? എന്നെ ഇട്ടേച്ചുപോയോ? എന്നെത്തന്നെ ഇട്ടേച്ചു പോയോ! അയ്യോ എന്നെക്കൂടെ കൊണ്ടുപോകണേ! എനിക്കു വിശക്കുന്നേ! ഞാനിപ്പോൾ ചാകുമേ! അയ്യോ! വായോ! ഇങ്ങോട്ടു വായോ! വാതില്ല തുറക്കോ! ഞാനൊന്നു പറയട്ടോ! വാതില്ല തുറക്കോ! വാതില്ല തുറക്കോ!

(വെളിയിൽ വലിയ ബഹളം.)

(കർട്ടൻ)

രംഗം 9

[വെളുക്കാറായ സമയം. ജൂഡിത്തിൻെറ ഗൃഹത്തിൻെറ മുൻവശത്തുള്ള വരാന്ത.

സർവ്വാലങ്കാരവിഭൂഷിതയായി ജൂഡിത്തും സമീപത്തു സഖി ഇസബെലും നില്ക്കുന്നു.]

ജൂഡിത്: (പുറത്തേക്കു് അക്ഷമയായി നോക്കിക്കൊണ്ടു്)

ഛര! നേരം വെളുക്കുന്നില്ലല്ലോ. ഈ ചത്ത സൂര്യൻ എവിടെപ്പോയി കിടക്കുന്നു?

ഇസബെൽ: ഇതെന്തൊരു ബഹളമാണ്? അയാൾ പതുക്കെ എണീററ് ഇങ്ങു വരണ്ടേ?

ജൂഡിത്: കുറെ വേഗം ഇങ്ങു വരരുതോ? വേറെ വല്ല തൊഴിലുമുണ്ടോ?

ഇസബെൽ: അയാൾക്ക് ഒരു തൊഴിലെങ്കിലുമുണ്ടല്ലോ!

ജൂഡിത്: പിന്നെ ആക്കാടീ തൊഴിലൊന്നുമില്ലാത്തതു്?

ഇസബെൽ: ആക്കാണോ! എനിക്കറിഞ്ഞുകൂട.

ജൂഡിത്: എനിക്കാണോ?

ഇസബെൽ: അല്ലെങ്കിൽപ്പിന്നെ ഇത്ര പിടയ്ക്കുന്നതെന്തിന്? അവിടെ അടങ്ങിയിരിക്കരുതോ?

ജൂഡിത്: നിനക്കെന്തറിയാമെടീ!

ഇസബെൽ: എനിക്കെന്തറിയാം? നേരം വെളുക്കുമ്പോൾ വെളുക്കുമെന്നറിയാം.

ജൂഡിത്: ഓഹോ! എടീ മിടുക്കീ, നിനക്കതറിയാം, അല്ലേ?

ഇസബെൽ: ഇല്ലെങ്കിൽ വേണ്ട. അവിടെക്കിടന്നു തുള്ളിച്ചാടണം. അങ്ങനെ വെളുപ്പിക്കുന്നതു് ഒന്നു കാണാമല്ലോ.

ജൂഡിത്: വെളുത്താലും കൊള്ളാം ഇല്ലെങ്കിലും കൊള്ളാം; എനിക്കു വയ്യാ ഈ മിനക്കേട്ട്. ഞാൻ പോകയാണ്.

ഇസബെൽ: അതു തരക്കേടില്ല. എന്നാൽ അങ്ങോട്ടു ചെന്നാട്ടെ.

ജൂഡിത്: എന്താ പാടില്ലേ? നീ വരുന്നില്ലെങ്കിൽ വരണ്ട. ഞാൻ പോകാൻതന്നെ നിശ്ചയിച്ചു.

ഇസബെൽ: എന്നാൽ അങ്ങനെ പൊക്കോണ്ടാൽ മതി. ഞാൻ ഈ അദ്ധരാത്രിക്ക് എങ്ങും വരുന്നില്ല.

ജൂഡിത്: അദ്ധരാത്രിയോ?

ഇസബെൽ: അല്ല, നട്ടുച്ച. കേട്ടോ? വല്ലിടത്തും കിടന്നുറങ്ങാനുള്ളതിനു കിടന്നു ചാടുന്നതു നോക്കണേ!

ജൂഡിത്: എൻെറ ഇസബെൽ, വാ, നമുക്കു പോകാം.

ഇസബെൽ: ഇതെന്തൊരു കിറുക്കാണു്! ഈ രാത്രിയിലങ്ങോട്ടു ചെന്നാൽ അവിടെ വല്ലവരും ഇരിക്കുന്നോ? അതോ വെളുപ്പിനെ അങ്ങോട്ടു ചെന്നേക്കാമെന്നു പറഞ്ഞാണോ യാത്രയാക്കിയതു്?

ജൂഡിത്: (ഇസബെലിനെ പിടിച്ചു തള്ളിയിട്ടു്) പോടീ! വിളിച്ചാലൊട്ടു വരുകയുമില്ല, പിന്നെ നിന്നോണ്ടു് അധികപ്രസംഗം പറയുകയാണു്. നീ വരണ്ടാ, ഞാൻ പൊയ്ക്കൊള്ളാം.

ഇസബെൽ: അങ്ങനെയാണോ പറഞ്ഞിരിക്കുന്നതു്? ഓഹോ, ഞാനിതാ പോയി കിടന്നുറങ്ങിക്കൊള്ളാം. (പോകാൻ ഭാവിക്കുന്നു.)

ജൂഡിത്: ഇസബെൽ! എൻെറ പൊന്നല്ലേ? നമുക്കു പോകാം.

ഇസബെൽ: ഇതെന്തുകളിയാണു്! ഇപ്പോഴെന്തിനാണു് അങ്ങോട്ടു പോകുന്നതു്?

ജൂഡിത്: എടീ ശവമേ, അവനെ കൊണ്ടുവന്നതോ കണ്ടില്ല. ഇനി വിസ്താരവും കാണണ്ടയോ?

ഇസബെൽ: അതിനിപ്പോൾ പോകണോ?

ജൂഡിത്: നേരം വെളുക്കുമ്പോൾ പിലാത്തോസിൻെറ മുമ്പിൽ ഹാജരാക്കുമെന്നല്ലേ അവൻ വന്നു പറഞ്ഞിട്ടു പോയതു്?

ഇസബെൽ: അതിനു രാത്രിയിൽ എന്തിനു പോകുന്നു?

ജൂഡിത്: രാത്രിയോ? എടീ, നേരം വെളുക്കാറായില്ലേ? നിനക്കു കണ്ണില്ലേ?

ഇസബെൽ: അതെ, എനിക്കു കണ്ണുണ്ട്. അതല്ലെ രാത്രി യാണെന്നു പറഞ്ഞതു്.

ജൂഡിത്: (മുഷിഞ്ഞു്) നീ ഇപ്പോൾ വരുന്നുണ്ടോ?

ഇസബെൽ: ഞാൻ ഇപ്പോൾ വരുന്നില്ല.

ജൂഡിത്: ഇല്ലെങ്കിൽ വേണ്ട. ഞാൻ ഇതാ പോകുന്നു.
(ജൂഡിത് പോകാൻ ഭാവിക്കുന്നു. ഇസ്ലാരിയട്ട് പ്രവേശിക്കുന്നു.)

ഇസ്ലാരിയട്ട്: മകളേ!

ജൂഡിത്: (തിരിഞ്ഞുനോക്കി അച്ഛനെക്കണ്ടു് ഓടിച്ചെന്നു് അദ്ദേഹത്തിന്റെ കഴുത്തിൽ കൈകോർത്തു് കെട്ടിപ്പിടിച്ചുകൊണ്ടു്) അച്ഛാ!

ഇസ്ലാരിയട്ട്: നീ എങ്ങോട്ടു പോകുന്നു?

ജൂഡിത്: അച്ഛൻ ഇത്ര നേരത്തെ എണീററതെന്തു്?

ഇസ്ലാരിയട്ട്: എനിക്കു് ഇന്നലെ ഉറക്കം ശരിയായില്ല. നീയും ഉറങ്ങിയില്ലേ?

ജൂഡിത്: (ലാളിച്ചുകൊണ്ടു്) എന്താ അച്ഛാ, അച്ഛനു വല്ല സുഖക്കേടുമുണ്ടോ? എന്നിട്ടു് എന്നെ വിളിക്കാഞ്ഞതെന്തു്?

ഇസ്ലാരിയട്ട്: സുഖക്കേടൊന്നുമില്ല. മനസ്സിൽ പല വിചാരവും കടന്നുകൂടി.

ജൂഡിത്: എന്തു വിചാരം? അച്ഛനെന്തു ദുഃഖം? അച്ഛന്റെ ദുഃഖമെല്ലാം തീരാറായി. അച്ഛൻ മനസ്സു നന്നേ ക്ലേശിപ്പിക്കുന്നുണ്ടു്.

ഇസ്ലാരിയട്ട്: ഇല്ല മകളെ, അങ്ങനെയൊന്നുമില്ല. നീ എന്താ എന്റെ ദുഃഖമെല്ലാം തീരാറായിയെന്നു പറഞ്ഞതു്?

ജൂഡിത്: അച്ഛൻ എന്തിനെപ്പററിയാണു് ദുഃഖിച്ചുകൊണ്ടു കിടന്നതു്?

ഇസ്ലാരിയട്ട്: നിനക്കറിയാമല്ലോ?

ജൂഡിത്: അറിയാം. ആ ദുഃഖംതന്നെയാണു തീരാറായി യെന്നു ഞാൻ പറഞ്ഞതു്.

ഇസ്കാരിയട്ടു്: എന്തു കുഞ്ഞേ, എന്തു വിശേഷം ഉണ്ടായി?

ജൂഡിത്: ചേട്ടൻ തിരിച്ചുവരാൻ ഇനി വളരെ താമസമില്ല.

ഇസ്കാരിയട്ടു്: ജൂഡിത്, നീ എന്താ പറയുന്നതു്?

ജൂഡിത്: അച്ഛാ, ചേട്ടനെക്കുറിച്ചുള്ള വിചാരമല്ലെ അച്ഛനെ വ്യസനിപ്പിക്കുന്നതു്?

ഇസ്കാരിയട്ടു്: ഉന്നതനായ യഹോവയുടെ കാരുണ്യത്താൽ മറെറല്ലാക്കാര്യത്തിലും ഈ വൃദ്ധൻ ഭാഗ്യവാൻതന്നെ.

ജൂഡിത്: ചേട്ടൻ തിരിച്ചുവന്നാൽ ഈയൊരു നിഴലുകൂടെ മാറി അച്ഛൻെറ ഭാഗ്യം പൂർണ്ണമാകയില്ലേ?

ഇസ്കാരിയട്ടു്: അവൻ തിരിച്ചുവരുമെന്നാണോ നീ പറയുന്നതു്? മകളേ, ഇതു നീ വൃദ്ധനെ ആശ്വസിപ്പിക്കാൻ പറയുന്ന വെറുംവാക്കുകളാണോ?

ജൂഡിത്: അല്ലച്ഛാ. ഞാൻ അച്ഛനോടു് അങ്ങനെ വെറുംവാക്കു പറയുമോ? ഞാൻ പറയുന്നതു സത്യമാണു്. ചേട്ടൻ മായയിൽനിന്നു മോചിച്ചിരിക്കുന്നു. ചേട്ടൻ ചേട്ടൻെറ കൃത്യം ഭംഗിയായി ചെയ്തു. ജറുസലത്തേയും യഹോവയേയും ആ യേശുവിൽനിന്നു രക്ഷിക്കയും ചെയ്തിരിക്കുന്നു.

ഇസ്കാരിയട്ടു്: മകളേ, എനിക്കൊന്നും മനസ്സിലാകുന്നില്ല.

ജൂഡിത്: അച്ഛൻ എന്നെക്കാണുന്നില്ലേ?

ഇസ്കാരിയട്ടു്: ഉണ്ടു്. നീ എവിടെയോ പോകാൻ ഭാവിക്കുന്നെന്നു തോന്നി. നീ എവിടെപ്പോകയാണു്?

ജൂഡിത്: പിലാത്തോസിൻെറ കച്ചേരിയിലേക്കു്.

ഇസ്കാരിയട്ടു്: കച്ചേരിയിലേക്കോ? അവിടെ എന്താണു വിശേഷം?

ജൂഡിത്: യേശുവിനെ നേരം വെളുക്കുമ്പോൾ ഗവർണ്ണരുടെ മുമ്പിൽ ഹാജരാക്കും.

ഇസ്കാരിയട്ട്: എന്തിനു്?

ജൂഡിത്: രാജദ്രോഹത്തിനും ദൈവനിന്ദയ്ക്കും വിസ്തരിക്കുവാനായി.

ഇസ്കാരിയട്ട്: അവൻ ഇപ്പോൾ എവിടെ?

ജൂഡിത്: യേശു പുരോഹിതന്മാരുടെ ബന്ധനത്തിലാണു്.

ഇസ്കാരിയട്ട്: അവക്കു് അവനെ എങ്ങനെ കിട്ടി?

ജൂഡിത്: ചേട്ടൻ പിടിച്ചുകൊടുത്തു.

ഇസ്കാരിയട്ട്: (സാശ്ചര്യം) ആരു്?

ജൂഡിത്: ചേട്ടൻ. ചേട്ടനാണു് അവനെ കാണിച്ചുകൊടുത്തതു്.

ഇസ്കാരിയട്ട്: ജൂഡാസോ? ജൂഡാസ് യേശുവിനെ പിടിച്ചുകൊടുത്തോ? മകളേ, അപ്പോൾ അവൻ യേശുവിനെ ഉപേക്ഷിച്ചോ? നിനക്കു് അതെങ്ങനെ അറിയാം?

ജൂഡിത്: ഞാനാണു് അങ്ങനെ ചെയ്യിച്ചതു്.

ഇസ്കാരിയട്ട്: (കെട്ടിപ്പിടിച്ചുകൊണ്ടു്) നീയോ? എന്റെ ഓമന! നീയാണോ? തങ്കം, ഇതിനു ഞാൻ നിനക്കു് എന്തു തരും? എൻെറ മകളേ, എന്നിട്ടു് അവൻ ഇപ്പോൾ എവിടെ?

ജൂഡിത്: അതു് എനിക്കു നിശ്ചയമില്ല. എന്നാൽ ഉടനെ ഇങ്ങു വരാതിരിക്കയില്ല.

(ജൂഡാസ് ഭ്രാന്തനെപ്പോലെ പ്രവേശിക്കുന്നു. കീറിപ്പറിഞ്ഞ വസ്ത്രം. ചിന്നിച്ചിതറിയ കേശം. പതറുന്ന നോട്ടം. ഭയങ്കരമായ മുഖഭാവം. ജൂഡിത്തിൻെറയും ഇസ്കാരിയട്ടിൻെറയും മുമ്പിൽ ചെന്നു നില്ക്കുന്നു. പെട്ടെന്നുള്ള വരവും ഭാവഭേദവും കണ്ടു് രണ്ടുപേരും ഒന്നമ്പരക്കുന്നു. എങ്കിലും അടുത്ത ക്ഷണത്തിൽ ''മകനേ'' എന്നു വിളി

ച്ചുകൊണ്ടു് ഇസ്കാരിയട്ടും, ''ചേട്ടാ'' എന്നു വിളിച്ചുകൊണ്ടു് ജൂഡിത്തും ഒരേസമയത്തു് ജൂഡാസിന്റെനേരെ അണയുന്നു. ജൂഡാസ് ഇരുവരേയും ഇരുകൈകളാൽ ശക്തിയായി പിന്നോക്കം തള്ളുന്നു. രണ്ടുപേരും ദൂരെ മാറിപ്പോകുന്നു. അവർ ഭയപ്പെട്ടും ആശ്ചര്യപ്പെട്ടും നില്ക്കുന്നു.)

ജൂഡിത്: (ആശ്ചര്യഭയവ്യസനത്തോടുകൂടി) ചേട്ടാ!

ജൂഡാസ്: (ജൂഡിത്തിന്റെനേരെ ഗജ്ജനസ്വരത്തിൽ) എടീ! എവിടെടീ എന്റെ ഗുരുനാഥൻ? നീ അദ്ദേഹത്തെ പൂട്ടിയിട്ടു, അല്ലേ? എവിടെ? എവിടെയെന്നു പറ! എവിടെ, എന്റെ ഗുരുനാഥൻ എവിടെ? പറയുന്നോ?

ജൂഡിത്: ചേട്ടാ!

ജൂഡാസ്: ഹ—ഹ—ഹ—ഹ—നീ എന്തു പറയാനാ? ഇതാ കേട്ടോ. പറയാമെങ്കിൽ പറഞ്ഞോ. എന്റെ കൂടെ ആഹാരംകഴിക്കുന്നതിൽ ഒരാൾ എന്നെ വഞ്ചിക്കും—ആരെടീ? പറ! നിനക്കു പറയാമോ? പറയെടീ! ഛര്ശ്ശ്! മിണ്ടാതെ നില്ക്കുന്നോ? പറ!...ഹ—ഹ—ഹ—നിനക്കറിഞ്ഞുകൂടാ! നിനക്കെന്തറിയാം! നിനക്കറിഞ്ഞുകൂടാ അല്ലേ? (നെഞ്ചത്തു് ഉറക്കെ തല്ലിക്കൊണ്ടു്) ഞാൻ! ഞാൻ! കേട്ടോടീ, ഞാൻതന്നെ! ഹ...ഹ...ഹ...ഞാൻ! വഞ്ചിക്കുമെന്നു്! ഹ...ഹ...ഹ...ഹ...ഹ...!

ജൂഡിത്: ചേട്ടാ! ചേട്ടാ!

ജൂഡാസ്: ഹാ! നീയാരെടീ? ചേട്ടാ, ചേട്ടാ! ആരെടീ നിന്റെ ചേട്ടൻ? നിന്റെ ചേട്ടനാരു്? (സ്വല്പനേരം അവളെ നോക്കിനിന്നിട്ടു്) മതിയാക്കിയോ? എന്താ മിണ്ടാത്തതു്? ധാരാളമായി, ഇല്ലേ? ഹ...ഹ...ഹ...ഹ...ഹ...(പെട്ടെന്നു കുനിഞ്ഞു് ഇരുകൈയും എളിക്കു് ഊന്നി ജൂഡിത്തിനെ തുറിച്ചുനോക്കിക്കൊണ്ടു്

UNIVERSITY LIBRARY

ഹാസ്യരൂപത്തിൽ) ഇവരാരാ ഇത്ര ചേട്ടനെത്തേടി നടക്കുന്ന അനുജത്തി? (ഒരു ബീഭത്സമായ ചിരിയോട്ടും അതിനുചേർന്ന വാത്സല്യത്തോട്ടും) അല്ലാ ഇതാരു്! എൻെറ ജൂഡിത്തല്ലേ? അമ്പോ! എന്നിട്ടു് അറിയുന്ന ഭാവം വേണമല്ലോ. ജൂഡിത്! എൻെറ അനുജത്തിയല്ലേ? എൻെറ കൊച്ചനുജത്തിയല്ലേ? ഇങ്ങനെ കലമ്പിയാലോ? വാ, എൻെറ അടുത്തു വരികയില്ലേ?

(ജൂഡിത് അടുത്തുചെല്ലുന്നു.)

(പെട്ടെന്നു നിവന്നു രണ്ടുമൂന്നടി പിന്നോട്ടുവച്ചു്) ഛരായ്! നീയാർ?

(ജൂഡിത് പെട്ടെന്നു ഭയപ്പെട്ടുനില്ക്കുന്നു.)

ആരെടീ നീ? നില്ലവിടെ! നീ എന്നെ പിടിക്കാൻ വരുന്നോ? എന്നെ പിടിക്കാനോ? എടീ, ഞാൻ പിടിക്കും! പിടിക്കും, പിടിക്കും, പിടിച്ചുകൊടുക്കും! എന്നെ ആരും പിടിക്കയില്ല. പിന്നെ നീ! എന്നെ പിടിക്കാൻ നീയാരു്? എന്നെ പിടിച്ചു പൂട്ടിയിടാമെന്നാണു്, അല്ലേ? ഹ—ഹ—ഹ—ഹ—ഹ! എന്നെ നീ പിടിക്കുമോ? എന്നാൽ കാണട്ടെ! പിടിച്ചോ! (ഉറക്കെ ചിരിച്ചുകൊണ്ടു് കുതിച്ചുചാടി ചുറ്റും ഓടുന്നു. നിന്നിട്ടു്) എന്താ, പിടിച്ചോ? നീ എന്നെ പിടിക്കുംപോലും! എടീ, ഞാൻ പിടിച്ചതു് ആരെയാണെന്നു് നിനക്കറിയാമോ? ദൈവപുത്രനെ! (തന്നോടുതന്നെയെന്നപോലെ) ആരെ? ദൈവപുത്രനെ! ദൈവപുത്രനെ! ഹാ! (കണ്ണുമിഴിച്ചു മേല്പോട്ടു നോക്കി സ്വല്പം നില്ക്കുന്നു.) എവിടെ? നാഥാ! എവിടെ? (മുഖം ഭയങ്കരമാകുന്നു.) ഇവിടെയുണ്ടു്! ഇവിടെ! ഇവളുടെ കൈയിൽ! (പെട്ടെന്നു തിരിഞ്ഞു് ഒററച്ചാട്ടത്തിനു് ജൂഡിത്തിൻെറ കൈക്കുപിടിക്കുന്നു.) തരുന്നുണ്ടോ?

എടീ, എന്റെ ഗുരുനാഥനെ തരുന്നുണ്ടോ? തരാനാണു പറഞ്ഞതു്? തന്നേരു്! അതാണു നിനക്കു നല്ലതു്. നീ എന്നെ അറിയുമോ? ജൂഡാസിനെ അറിയുമോ? എടീ കണ്ണുമിഴിക്കുന്നോ? നീ എന്നെ അറിയുമോ എന്നു്? മുപ്പതുവെള്ളിക്കു് ദൈവത്തെ വിററവനാണു ഞാൻ! നീ എൻെറ ഗുരുനാഥനെ തരുന്നുണ്ടോ?

ജൂഡിത്: ചേട്ടാ! എൻെറ ചേട്ടാ!

ജൂഡാസ്: (അവളെ കഠിനമായി കുലുക്കിക്കൊണ്ടു്) ഛായ്! കൊണ്ടുവാ, എന്റെ ഗുരുനാഥനെ കൊണ്ടുവാ!

ഇസ്കാരിയട്ടു്: (അടുത്തുചെന്നു കൈക്കുപിടിക്കുവാൻ ശ്രമിച്ചുകൊണ്ടു്) ജൂഡാസ്, മകനെ!

ജൂഡാസ്: (കൈ തട്ടിക്കളഞ്ഞിട്ടു്) ഛട്ടു്! മിണ്ടരുതു്! മകനോ? ഏതു മകൻ? മകനെ വിററതു ഞാനാണു്. ഇനി മകനില്ല. പിതാവു കരയുന്നു! പുത്രനെ കാണാഞ്ഞു പിതാവു കരയുന്നു! (ഉൽക്കടദുഃഖത്തോടും കോപത്തോടും ജൂഡിത്തിനോടു്) എടീ ദ്രോഹീ! പിതാവു കരയുന്നെടീ! അദ്ദേഹം കരയുന്നു! (സങ്കടം വദ്ധിക്കുന്നു.) എൻെറ പിതാവു്, പുത്രൻെറ പിതാവു്, കരയുന്നു! (വിങ്ങിക്കരഞ്ഞുകൊണ്ടു്) കരയുന്നു! കരയുന്നു! പുത്രനേ തരുകയില്ലേ? എടീ, നീ പുത്രനെ തരുകയില്ലേ?

(ജൂഡിത് സ്വാതന്ത്ര്യമായി കൈ ജൂഡാസിൻെറ തോളിൽ വയ്ക്കുന്നു.)

(ആ സ്പർശനത്തിൽ കഠിനമായി ഞെട്ടി) തീ! തീ! എല്ലാം തീ! (ചുററും നോക്കി ഭയപ്പെട്ടിട്ടു്) തീ! തീ! എടീ, തീ കത്തുന്നു! എരിയുന്നു! വിട്ടു്! പുത്രനെ വിട്ടു്! എരിയുന്നു! എരിയുന്നു! നീ അദ്ദേഹത്തെ വിടുമോ? (ജൂഡിത്തിൻെറ കൈ വിട്ടിട്ടു്) ഇല്ല, അവൾ വിടുകയില്ല! (വീണ്ടും കോപം വദ്ധിക്കുന്നു.) എനി

ക്കറിയാം, നീ വിട്ടുകയില്ല! (അത്യന്തം രൂക്ഷനായി) എന്റെ നാഥനെ നീ വിട്ടുകയില്ലേ? എടീ, ദ്രോഹീ! കൊലപാതകീ! കുലടേ! പിശാചേ! നീ നശിച്ചുപോമെടീ! നീ എന്റെ നാഥനെ! എന്റെ നാഥനെ—ഹാ! ലോകനാഥാ!—നാഥാ!—(ഓടിമറയുന്നു.)

(അണിയറയിൽ)
നാഥാ!—നാഥാ!

(കർട്ടൻ)

രംഗം 10

[സമയം പ്രഭാതം. പിലാത്തോസിന്റെ അതിപ്രൗഢവും അത്യാഡംബരപൂർണ്ണവുമായ കച്ചേരി.

സ്റ്റേജിന്റെ മുൻഭാഗത്തിട്ടിരിക്കുന്ന പ്ലാറ്റ്ഫാറത്തിന്റെ മദ്ധ്യത്തിൽ ഉന്നതസിംഹാസനത്തിൽ പിലാത്തോസും കയാഫ്സ്, അന്നാസ് മുതലായ പുരോഹിതപ്രമാണികളും ഇരിക്കുന്നു. പ്ലാററ്ഫാറത്തിനു താഴെ ഇടത്തുവശത്തു് ക്രിസ്തുവിനെ കൈകരം ബന്ധിച്ചു് നിത്തിയിരിക്കുന്നു. ഇരുവശത്തും വളരെ ആളുകരം തിങ്ങിക്കൂടി നില്പുണ്ടു്. വലത്തുവശത്തു് ആളുകളുടെ ഏററവും പിന്നിലായി, അതായതു് സ്റ്റേജിന്റെ ഏററവും മുൻഭാഗത്തായി, ജൂഡിത്തും ഇസബെലും നില്ക്കുന്നു. പിലാത്തോസ് കുണ്ഠിതനും ഇതികത്തവ്യതാമൂഢനും ആയും, പുരോഹിതന്മാർ ഉത്സാഹപൂർണ്ണരും വിജയികളും ആയും, ക്രിസ്തു ശാന്തനും വികാരവിരഹിതനും ആയും, ജൂഡിത് ലീലാവിലോലയായും, ബഹുജനങ്ങരം അക്ഷമരായും കാണപ്പെടുന്നു. "അവനെ കൊണ്ടുപോകട്ടെ! കൊണ്ടുപോയി കുരിശിൽ തറയ്ക്കട്ടെ! കുരിശിൽ തറയ്ക്കട്ടെ!" എന്നു് അത്യുച്ചത്തിൽ ഉള്ള വിളിയോടുകൂടി കർട്ടൻ ഉയരുന്നു.

ബന്ധനസ്ഥനായ ബാറബാസിനെ ഭടന്മാർ സ്റ്റേജിന്റെ വലത്തുവശത്തുകൂടി പ്രവേശിപ്പിച്ചു് ആരംക്കൂട്ടത്തിൽക്കൂടെ കടത്തി മുൻപിൽ കൊണ്ടുവന്നു് പ്ലാറ്റ്ഫാറത്തിൽനിന്നു് ക്രിസ്തുവിനെക്കാരം സ്വല്പം കൂടെ അകലെ ഒരു സ്ഥാനത്തു നിത്തുന്നു. പിലാത്തോസും പുരോഹിതന്മാരും ഇരിക്കുന്ന സ്ഥലത്തേക്കും ആരംക്കൂട്ടത്തിലേക്കും പരിഭ്രാന്തനായി നോക്കുന്ന ബാറബാസ് ആദ്യം ക്രിസ്തുവിനെ കാണുന്നില്ല.]

ആളുകൾ: അവനെ കൊണ്ടുപോയി കുരിശിൽ തറയ്ക്കട്ടെ! കുരിശിൽ തറയ്ക്കട്ടെ!

ബാറബാസ്: (ജനങ്ങളുടെ വീക്ഷണലക്ഷ്യംതേടി ക്രിസ്തുവിനെ കാണുന്നു. അത്ഭുതപരതന്ത്രനായി) ഇദ്ദേഹം ആര്? (ആരും മറുപടി പറയാത്തതിനാൽ സ്വയമേവ മന്ത്രിക്കുന്നു.) ഇദ്ദേഹം ആര്! പ്രകാശസ്വരൂപൻ! ശക്തിസ്വരൂപൻ! ഉന്നതം, ശാന്തഗംഭീരം, ദൈവതുല്യം! ഇദ്ദേഹം ആര്? (ഈ വിചാരത്തിൽ നിന്ന് ജനങ്ങളുടെ നിഷ്ഠുരനിനദം അയാളെ ഉണർത്തുന്നു.)

ആളുകൾ: കുരിശിൽ തറയ്ക്കട്ടെ! കുരിശിൽ തറയ്ക്കട്ടെ!

ജൂഡിത്: (ആ ശബ്ദത്തിന്റെ എല്ലാം മുകളിൽ സ്പഷ്ടമായി കേൾക്കത്തക്കവണ്ണം) കുരിശിൽ തറയ്ക്കട്ടെ!

(ബാറബാസ് കഠിനമായ ഞെട്ടലോടുകൂടി ചുററും നോക്കുന്നു.)

ആളുകൾ: (ഉത്സാഹത്തോടുകൂടി) കുരിശിൽ തറയ്ക്കട്ടെ! കുരിശിൽ തറയ്ക്കട്ടെ!

(പിലാത്തോസ് എണീററ് മുൻപോട്ടുവന്ന് നിശ്ശബ്ദമായിരിക്കുവാൻ കൈ ഉയർത്തി ആംഗ്യത്താൽ ആജ്ഞാപിക്കുന്നു. എല്ലാവരും നിശ്ശബ്ദരാകുന്നു.)

ജൂഡിത്: (പിലാത്തോസിനു പുറംതിരിഞ്ഞുനിന്നു ലീലാരസപൂർണ്ണവും അസ്പഷ്ടഹാസ്യസമ്മിളിതവുമായ സ്വരത്തിൽ) അവനെ ക്രൂശിക്കട്ടെ!

ബാറബാസ്: (വീണ്ടും ഞെട്ടി) അയ്യോ! അതാരുടെ ശബ്ദം? (ചുററും നോക്കുന്നു.)

പിലാത്തോസ്: (തന്റെ ആജ്ഞയെ ധിക്കരിച്ചു വിളിച്ചുപറഞ്ഞതു് ആരെന്നറിയാൻ ചുററും നോക്കിയിട്ട് ശാന്തമായി സഗൗരവം) എന്തിന്? അവൻ എന്തപരാധം ചെയ്തു?

ആളുകൾ: (കുപിതരും അക്ഷമരുമായി) അവനെ കുരി

ശിൽ തറയ്ക്കട്ടെ! തറയ്ക്കട്ടെ! കുരിശിൽ തറയ്ക്കട്ടെ! കുരിശിൽ തറയ്ക്കട്ടെ!

(പുരോഹിതന്മാരും അവരോടു ചേൎന്ന് "കുരിശിൽ തറയ്ക്കട്ടെ!" എന്നു വിളിച്ചുപറയുന്നു.)

(പിലാത്തോസ് അവർ അങ്ങനെ വിളിക്കുന്നതുകേട്ട് പുച്ഛനീരസങ്ങളോടുകൂടി അങ്ങോട്ടു നോക്കുന്നു.)

കയാഫ്സ്: (പിലാത്തോസിൻെറ മുഖത്തു വിജയസൂചകമായ കള്ളച്ചിരിയോടുകൂടി നോക്കിക്കൊണ്ടു പതുക്കെ) കുരിശിൽ തറയ്ക്കട്ടെ!

അന്നാസ്: (അധോമുഖനായിരുന്ന് കണ്ണുമാത്രം മേല്പോട്ടാക്കി പിലാത്തോസിനെ നോക്കിക്കൊണ്ടു് താഴ്ന്ന സ്വരത്തിൽ) സത്യത്തിൽ ഇവൻ അങ്ങനെ ചാകുക തന്നെയാണു ഭേദം. ബഹുമാനപ്പെട്ട ഗവൎണ്ണൎക്കു സംശയം തീരുന്നില്ല. പക്ഷേ, ഇവൻ സീസറിന്റെ ബന്ധുവല്ല.

(പിലാത്തോസ് അത്യന്തം പുച്ഛത്തോടുകൂടി അന്നാസിനെ ഒന്നു നോക്കുകമാത്രം ചെയ്തിട്ട് വീണ്ടും ആസനസ്ഥനായി ചിന്താമഗ്നനും അധോമുഖനും ആയി ഇരിക്കുന്നു.)

ബാറബാസ്: (അടുത്തുനിന്ന ഭടനോട്) ദയവായി പറയുമോ? ആ ബന്ധനസ്ഥനായ രാജാവാരാണ്?

ഭടൻ: (പുച്ഛമായി പൊട്ടിച്ചിരിച്ചുകൊണ്ടു്) രാജാവ്! അതേയതേ! അവൻ പറയുന്നതു യഹൂദന്മാരുടെ രാജാവ് അവനാണെന്നാണ്! പക്ഷേ, അവൻ നസറേത്തിലുള്ള ഒരു വെറും ആശാരിച്ചെറുക്കൻ യേശുവാണ്.

ബാറബാസ്: (താഴ്ന്ന സ്വരത്തിൽ) ഒരു ആശാരിച്ചെറുക്കനോ? ഒരു വെറും മരപ്പണിക്കാരനോ? ഈ അത്ഭുതപുരുഷൻ നിന്ദിതനായ ഒരു നസറേയനോ? (പൂൎവ്വസ്മരണകൾ ഓൎത്തുകൊണ്ടു്) യേശു—യേശു—അങ്ങനെ ഒരാൾ രോഗികളെ രക്ഷിച്ചും കുരുടന്മാൎക്കു കാഴ്ച

നല്ലിയും മററും സഞ്ചരിച്ചിരുന്നില്ലേ? ആ ആളാണോ? അതു് ഇദ്ദേഹമാണെങ്കിൽ...ഈ മംഗളസ്വരൂപനാണെങ്കിൽ! ഇദ്ദേഹത്തെ! (ക്രിസ്തുവിൽത്തന്നെ നോക്കി സ്വല്പനേരം നിന്നിട്ടു് ഉറക്കെ) ഇല്ല! പാടില്ല! സാദ്ധ്യമല്ല! അദ്ദേഹത്തെ ക്രൂശിക്കുവാൻ നിങ്ങൾക്കു ശക്തിയില്ല! ധൈര്യ്യമില്ല! അതു്— അതു്—ഒരു മനുഷ്യനല്ല! അങ്ങനെ ഒരു മനുഷ്യനില്ല!—ഒരു ആത്മാവു്—ഒരു പുണ്യാത്മാവു്—ഒരു ദൈവം!

ഭടൻ: എടാ വിഡ്ഢീ! മിണ്ടരുതു്! (ബാറബാസിന്റെ മുഖത്തടിക്കുന്നു.)

(ബാറബാസിൻെറ ചുണ്ടുകളിൽനിന്നു് രക്തം ഒലിക്കുന്നു. വേദനകൊണ്ടു് കണ്ണു ചുളുക്കിക്കൊണ്ടു് വിലങ്ങുവച്ച കൈകൊണ്ടു് ചോര തുടയ്ക്കുന്നു. ക്രിസ്തുവിൻെറ കൃപാപൂർണ്ണമായ വീക്ഷണം അവനിൽ പതിക്കുന്നു. ആ അനുതാപപ്രകടനത്തിൻെറ ദർശനത്തിൽ അവന്റെ ഹൃദയം തുടിക്കുന്നു.)

പിലാത്തോസ്: (വീണ്ടും തല ഉയർത്തി സാവധാനം) ജനങ്ങളെ ദുർമ്മാർഗ്ഗത്തിലേക്കു പ്രേരിപ്പിക്കുന്നുവെന്നു പറഞ്ഞു് ഇവനെ കൊണ്ടുവന്നിരിക്കുന്നു. ഏതു പ്രത്യേക കുററമാണു നിങ്ങൾക്കു പറയാനുള്ളതു്?

(കയാഫ്സും അന്നാസും ആശ്ചര്യത്തോടും അസുഖത്തോടും പരസ്പരം നോക്കുന്നു.)

കയാഫ്സ്: (അപമാനിതനെന്നുള്ള ഭാവത്തിൽ ചുറ്റും നോക്കിക്കൊണ്ടു്) ബഹുമാനപ്പെട്ട ഗവർണ്ണരുടെ ചോദ്യത്തിൻെറ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. കുറ്റപത്രം നിങ്ങൾ എല്ലാവരും വായിച്ചുകേട്ടതല്ലേ? ഇനി സാക്ഷികളുടെ ആവശ്യം എന്തെന്നറിയുന്നില്ല. ഇവൻ ഒരു കുററക്കാരനല്ലെങ്കിൽ ഞങ്ങൾ ഇവനെ ഇവിടെ ഹാജരാക്കുമോ? അവൻ ഈ രാത്രി നമ്മുടെ മുമ്പിൽ വച്ചുതന്നെ ദൈവദൂഷണം ചെയ്തു. അവൻ ദൈവ

പുത്രനായ ക്രിസ്തുവാണോ എന്നു നാം അവനോടുത ന്നെ ചോദിച്ചു. "അതെ, മനുഷ്യപുത്രൻ ശക്തിസ്വ രൂപൻെറ ദക്ഷിണപാൎശ്വത്തിൽ സ്ഥിതിചെയ്യുന്നതും സ്വൎഗ്ഗീയവലാഹകങ്ങളിൽ ആഗതനാകുന്നതും നി ങ്ങൾക്കു കാണുമാറാകും." എന്നാണു് അവൻ ധിക്കാ രമായി മറുപടി പറഞ്ഞതു്. (ജനങ്ങളോടു്) നി ങ്ങൾക്കെന്തു തോന്നുന്നു? അവൻ മരണശിക്ഷയ്ക്കു് അ ൎഹനാണെന്നോ അല്ലെന്നോ?

ആളുകൾ: ധിക്കാരി! ദൈവദൂഷകൻ! നിശ്ചയമായും അ വനെ വധിക്കണം.

ജൂഡിത്: അവനെ കുരിശിൽ തറയ്ക്കണം.

ബാറബാസ്: (ഞെട്ടി) ഈശ്വരാ! അതാരു്? (ചുററും നോക്കുന്നു.)

മെൽഷിയാർ: (ബാറബാസിൻെറ പുറകിൽനിന്നുകൊ ണ്ടു്) അവൾതന്നെ.

ബാറബാസ്: (ആശ്ചൎയ്യത്തോടുകൂടി തിരിഞ്ഞുനോക്കി വിദേശവസ്ത്രധാരിയും പ്രത്യക്ഷത്തിൽത്തന്നെ അസാ ധാരണനുമായ മെൽഷിയാറെക്കണ്ടു വൎദ്ധിച്ച ആശ്ച ൎയ്യത്തോടുകൂടി) നിങ്ങളാരു്?

മെൽഷിയാർ: (ഒരു ചെറുചിരിയോടുകൂടി) ഞാൻ തന്നെ!

(ബാറബാസ് അത്ഭുതത്തോടുകൂടി അദ്ദേഹത്തെത്തന്നെ നോക്കി നില്ക്കുന്നു. പിലാത്തോസിൻെറ വാക്കു കേട്ടു് തിരിയുന്നു.)

പിലാത്തോസ്: നിങ്ങൾ കടംകഥ പറയുന്നു. അവൻ മനു ഷ്യപുത്രനെന്നു സ്വയമേവ സമ്മതിച്ചു എങ്കിൽ നി ങ്ങൾ അവനെ ദൈവപുത്രനാക്കുന്നതെങ്ങനെയെന്നെ നിക്കു മനസ്സിലാകുന്നില്ല.

കയാഫസ്: (പെട്ടെന്നുണ്ടായ കോപാവേശം അടക്കി

ചെറുചിരിയോടുകൂടി ആക്ഷേപസ്വരത്തിൽ) പിലാത്തോസ്, സത്യത്തിൽ അങ്ങു് ഏററവും ദയാലുതന്നെ. സീസർചക്രവത്തി നിർദ്ദയത്വത്തിനു് അങ്ങേഒരിക്കലും പഴിക്കയില്ല. ദൈവദൂഷണംചെയ്യുന്ന പാപികൾ ഞങ്ങളുടെ നിയമപ്രകാരം മരണശിക്ഷയാണു വിധിക്കേണ്ടതു്. അതുകൊണ്ടു പറഞ്ഞുപോയെന്നേയുള്ളു. അങ്ങയുടെ നിയമസംഹിതയിൽ ദൈവദൂഷണം ശിക്ഷാഹമല്ലായിരിക്കാം. പക്ഷേ, രാജദ്രൂഷണത്തെപ്പററി എന്താണഭിപ്രായമെന്നറിഞ്ഞാൽ കൊള്ളാം. എന്തെന്നാൽ സീസറിനു് എതിരായി ജനങ്ങളെ പ്രക്ഷോഭണത്തിനു പ്രേരിപ്പിക്കുകയാണു് ഇവൻെറ മറെറാരു തൊഴിൽ. പോരെങ്കിൽ ജറുസലേമിലെ പരിപാവനമന്ദിരം കല്ലോടുകല്ലില്ലാത്തവണ്ണം തകത്തു മൂന്നുനാളിനുള്ളിൽ ശ്രേഷ്ഠതരമായ ഒരു നൂതനദേവാലയം സൃഷ്ടിക്കുമെന്നു വിളിച്ചുപറഞ്ഞ ധിക്കാരിയുമാണു്. ഇത്തരം വൃഥാവാദങ്ങൾ ജനങ്ങളെ വഴിപിഴപ്പിക്കുന്നു. അവസാനമായി യഹൂദന്മാരുടെ രാജാവെന്നു് വിളംബരം ചെയ്തുകൊണ്ടു ഘോഷയാത്രയായി ജറുസലേമിൽ പ്രവേശിച്ചിട്ടു് അഞ്ചുദിവസമേ കഴിഞ്ഞിട്ടുള്ളു.

പിലാത്തോസ്: (സ്വല്പനേരം ആലോചിച്ചുകൊണ്ടിരുന്നിട്ടു് ക്രിസ്തുവിൻെറ നേരെ തിരിയുന്നു. രണ്ടുപേരുടേയും നേത്രങ്ങൾ പരസ്പരം ഇടയുന്നു, പിന്നെയും സംഭ്രമിക്കുന്നു. ആ മനഃക്ഷീണം അടക്കിക്കൊണ്ടു്) നീ യാതൊന്നും പറയുന്നില്ലേ? നിൻെറ പേരിൽ എത്ര കുററങ്ങളാണു് ആരോപിക്കുന്നതു് എന്നു നീ കേൾക്കുന്നില്ലേ?

(ക്രിസ്തു ഒന്നുരണ്ടു ചുവടുകൂടെ സമീപിച്ചു് പിലാത്തോസിൻെറ

മുഖത്തു സുസ്ഥിരമായി നോക്കിക്കൊണ്ടു് പാപസമ്മതം കേൾക്കും മുമ്പുതന്നെ മാപ്പുകൊടുക്കുന്നതുപോലെ കൃപാപൂർണ്ണമായ ഒരു മന്ദസ്മിതം തൂകുകമാത്രം ചെയ്യുന്നു.
പിലാത്തോസ് ദുസ്സഹമായ ഹൃദയവേദനയോടും ക്ഷോഭത്തോടും പെട്ടെന്നു പുറകോട്ടു ചായുന്നു. അതിൻെറശേഷം സാവധാനത്തിൽ എണീററു് ക്രിസ്തുവിനെ കണ്ണിളക്കാതെ നോക്കിക്കൊണ്ടു് സ്വപ്നദർശിയെപ്പോലെ പിന്നോട്ടു രണ്ടുമൂന്നു ചുവടു വയ്ക്കുന്നു. താഴെ വീണുപോകാതെ സിംഹാസനത്തിൽ പിടിച്ചുകൊണ്ടു് മ്ലാനവദനനായി നില്ക്കുന്നു.
ചുററും ഇരിക്കുന്ന യഹൂദപണ്ഡിതന്മാർ അദ്ദേഹത്തിൻെറ ഭാവഭേദം കണ്ടു് മുഷിച്ചിലോടും നിരാശയോടും പരസ്പരം നോക്കുന്നു.)

അന്നാസ്: പിലാത്തോസ്, അങ്ങേയ്ക്കു സുഖമില്ലെന്നു തോന്നുന്നല്ലോ? വാതകോപമാണ്. ദേഹം വിറയ്ക്കുന്നല്ലോ. ബുദ്ധിക്കും മന്ദത കാണുന്നു. ഒന്നു പോയി കിടന്നുറങ്ങണം. താമസിക്കരുത്. ഇതു വേഗം തീർത്തുകളയണം. ഈ പസഹാകാലത്തു ജനങ്ങളുടെ അഭീഷ്ടം മറുക്കണ്ടാ. ഈ കുററവാളി അങ്ങേയ്ക്കാരാണ്? ചുമ്മാ കുരിശിൽ തറച്ചേക്കാൻ പറയണം. അങ്ങേയ്ക്കു് എന്തു നഷ്ടം? തുലയട്ടെന്നേ ശപ്പൻ! അവൻ രാജാവാണെന്നാണു പറയുന്നതു്. അല്ലെങ്കിൽ അങ്ങുതന്നെ ചോദിച്ചുനോക്കണം.

പിലാത്തോസ്: (പരിക്ഷീണനും സംഭ്രാന്തനുമായി അന്നാസിനേയും ക്രിസ്തുവിനേയും സഭാവാസികളേയും മാറിമാറി നോക്കുന്നു. വൈവശ്യം മുഖത്തു സ്പഷ്ടമായി പ്രത്യക്ഷമാകുന്നു. ഗത്യന്തരമില്ലാത്തതുകൊണ്ടു് ധൈര്യമവലംബിക്കുന്നു. ഉണങ്ങിയ ചുണ്ടുകൾ നനച്ചിട്ടു താഴ്ന്നതും അസ്പഷ്ടവുമായ സ്വരത്തിൽ ചോദിക്കുന്നു) നീ യഹൂദന്മാരുടെ രാജാവാണോ?

ക്രിസ്തു: ഇതു നിങ്ങൾ സ്വയമേവ ചോദിക്കുന്നതോ? അതോ വല്ലവരും പറഞ്ഞുതന്നതോ?

പിലാത്തോസ്: (മുഖം വിവർണ്ണമാകുന്നു. സിംഹാസന

ത്തിൻെറ പിന്നിൽ കൈ മുറുകുന്നു. അസഹിഷ്ണുത യോടും പെട്ടെന്നും എന്നാൽ വിറയ്ക്കുന്ന ശബ്ദത്തോടു കൂടിയും ചോദിക്കുന്നു.) താൻ ഒരു യഹൂദനാണോ? നിൻെറ ആളുകളും പുരോഹിതപ്രമാണികളും നിന്നെ പ്പിടിച്ച് എന്നെ ഏല്പിച്ചു. നീ എന്താണു ചെയ്തതു്?

ക്രിസ്തു: എൻെറ രാജ്യം ഐഹികമല്ല. ആയിരുന്നെ ങ്കിൽ എന്നെ യഹൂദന്മാരുടെ കൈയിൽ ഏല്പിക്കാ ത്തവണ്ണം എൻെറ സേവകർ പോരാട്ടമായിരുന്നു. എന്നാൽ എൻെറ രാജ്യം ഐഹികമല്ല.

(പിലാത്തോസ് വീണ്ടും വിവശനാകുന്നു. അദ്ദേഹം പുരോഹിത ന്മാരുടെ മുഖത്തേക്കു് ഒരു ഒളിനോട്ടം നയിക്കുന്നു. അവർ അപ്പോ ഴം അക്ഷുബ്ധരായിരുന്നു. കയാഫ്സ് പുച്ഛരസത്തിൽ ഒരു മന്ദ സ്മിതം തൂകി അന്നാസിൻെറ ചെവിയിൽ എന്തോ ഒന്നു മന്ത്രി ക്കുന്നു. രണ്ടുപേരും അല്പമായി ഒന്നു ചിരിക്കുകയും ചെയ്യുന്നു.)

പിലാത്തോസ്: (ശാന്തത അഭിനയിച്ചുകൊണ്ടു്) അ പ്പോൾ നീ ഒരു രാജാവാണോ?

ക്രിസ്തു: എന്നു നിങ്ങൾ പറയുന്നു.

(പിലാത്തോസ് വീണ്ടും ഇതികർത്തവ്യതാമൂഢനും ക്ഷീണനും ആകുന്നു.)

ബാറബാസ്: (ആത്മഗതം) അങ്ങനെ ആരാണു പറയാ ത്തതു്? (പെട്ടെന്നു് എന്തോ ഓർത്തു പിൻതിരിഞ്ഞു മെൽഷിയാറോടു്) ഇദ്ദേഹം എന്തപരാധം ചെയ്തു?

മെൽഷിയാർ: ജീവിതത്തെ അനുഗ്രഹിച്ചു; മരണത്തെ മധുരീകരിച്ചു!

(ബാറബാസ് വീണ്ടും അത്ഭുതപൂർവ്വം അദ്ദേഹത്തെ നോക്കി നില്ക്കുന്നു.)

കയാഫ്സ്: (അന്നാസിനോടു്) നേരം സന്ധ്യയായയോ?

അന്നാസ്: റോമാക്കാർക്കു വിശപ്പില്ലേ?

(രണ്ടുപേരും ചിരിക്കുന്നു.)

പിലാത്തോസ്: (വിചാരത്തിൽനിന്നുണർന്നു് കഠിന

പുച്ഛത്തോടുകൂടി അവരെ നോക്കിയിട്ടു വീണ്ടും ക്രിസ്തുവിന്റെ നേരെ തിരിയുന്നു. പെട്ടെന്നു് എന്തോ ഓൎത്തതുപോലെ കയാഫ്സിനോടു്) ജൂഡാഡ് എവിടെ?

(എല്ലാവരും വിഷമിക്കുന്നു.)

അവനാണു് ഇയാളെ പിടിച്ചുതന്നതു് എന്നു നിങ്ങൾ പറയുന്നു. ഇക്കാൎയ്യത്തിൽ അത്ര പ്രധാനഭാഗം വഹിച്ച ആൾ ഇവിടെ ഉണ്ടായിരിക്കേണ്ടതാണു്. അവനേ കൊണ്ടുവരണം. ആദ്യം അനുഗമിക്കുകയും, അനന്തരം പരിത്യജിക്കുകയും ചെയ്തവനു് എന്താണു് പറയാനുള്ളതെന്നു കേൾക്കട്ടെ.

അന്നാസ്: (മുമ്പോട്ടു കുനിഞ്ഞു് വിനയപൂൎവ്വം) ആ യുവാവു് പട്ടണം വിട്ടു് എവിടെയോ ഓടിപ്പോയെന്നാണു കേൾവി. അവന്റെ ബുദ്ധിക്കു് എന്തോ തകരാറു പററിയെന്നു തോന്നുന്നു. ഇന്നലെ രാത്രി, ഏകദേശം വെളുക്കാറായപ്പോൾ, അവൻ ഭ്രാന്തന്റെകൂട്ടു് ഞങ്ങളുടെ അടുത്തു് കയറിവന്നു. നീതിപാലനത്തിനു സഹായിച്ചതിനു പ്രതിഫലമായി പററിയിരുന്ന പണവും കൈയിലുണ്ടായിരുന്നു. വൎത്തമാനം പറഞ്ഞുകൊണ്ടിരുന്നതിനിടയ്ക്കു് ആ പണവും വലിച്ചെറിഞ്ഞിട്ടു് ഒരു ഓട്ടം. പിന്നെ കണ്ടിട്ടില്ല.

പീലാത്തോസ്: അത്ഭുതം! (കുറേനേരം ചിന്താമഗ്നനായിരുന്നിട്ടു് വിവശസ്വരത്തിൽ) ഞാൻ ഈ മനുഷ്യനിൽ യാതൊരു കുററവും കാണുന്നില്ല.

കയാഫ്സ്: (രുഷ്ടനായി ചാടിയെണീറ്റു്) എന്തു് ഒരു കുററവും കാണുന്നില്ലേ? ഒരു കുറ്റവും? പീലാത്തോസ്, അങ്ങേയ്ക്കു ഭ്രാന്താണോ? ഗലീലിമുതൽ ജറുസലേം

വരെയുള്ള യഹൂദരാജ്യത്തെ മുഴവൻ വഴിപിഴപ്പിച്ചു വിപ്ലവത്തിനു സന്നദ്ധമാക്കുന്ന ഇവൻ—

അന്നാസ്: (കഴുത്തുനീട്ടി) അത്രതന്നെയോ? പതിതന്മാരോടും പാപികളോടും ചങ്ങാത്തംകൂടിക്കൊണ്ടു് പരിശുദ്ധജീവിതം നയിക്കുന്നവരെ ഉപദ്രവിക്കുകയും ശപിക്കുകയുമാണിവൻെറ തൊഴിൽ!

കയാഫ്സ്: യഹൂദന്മാരുടെ രാജാവെന്നും പറഞ്ഞു കഴുതപ്പുറത്തു പട്ടണപ്രവേശം നടത്തിയ അധികപ്രസംഗി!

അന്നാസ്: (കണ്ണുമിഴിച്ചു് ആശ്ചര്യം നടിച്ചുകൊണ്ടു്) കൊള്ളാം, എന്നിട്ടെന്തുചെയ്തു? ഉള്ള ആഭാസന്മാരെയെല്ലാം വിളിച്ചുകൊണ്ടു് ദേവാലയത്തിൽ കയറിനിന്നു് 'പരീശന്മാരെ, ശാസ്ത്രിമാരെ, കപടവൃത്തികളെ, നിങ്ങൾ നശിച്ചുപോകും' എന്നു് ആയിരം തവണ പരസ്യമായി നിലവിളിച്ചിരിക്കുന്നു.

പിലാത്തോസ്: (അമൎന്ന അധരങ്ങളുടെ കോണുകളിൽ ഒരു ചെറുചിരിയോടുകൂടി) എന്നാൽ ഞാൻ പറയുന്നു, നിങ്ങൾ ആരോപിച്ചിട്ടുള്ള യാതൊന്നിലും ഇവനെ കുററക്കാരനായി കാണുന്നില്ല. നിങ്ങൾ ഇന്നലെ ഇവനെ യരോദാവിന്റെ മുമ്പിൽ കൊണ്ടുപോയില്ലേ? അദ്ദേഹവും മരണശിക്ഷ നല്കുന്നതിനുള്ള കാരണം ഒന്നും കണ്ടില്ല. അതിനാൽ പസഹാകാലത്തു് ഒരു തടവുകാരനെ മോചിപ്പിക്കണമെന്നുള്ള ആചാരമനുസരിച്ചു ഞാൻ ഇയാളെ വിട്ടയയ്ക്കുവാൻ വിചാരിക്കുന്നു.

കയാഫ്സ്: (പരിഭ്രമത്തോടുകൂടി പെട്ടെന്നു് മുമ്പോട്ടു നീങ്ങി) അരുതു്! എന്തു്? പിലാത്തോസ്, നിങ്ങൾ

എന്താണു പറയുന്നതു്? നിങ്ങളുടെ ബുദ്ധിക്കു സ്ഥിരത പൊയ്പ്പോയോയെന്നു തോന്നുന്നു. നിങ്ങൾ എന്തുചെയ്യുമെന്നാണു പറഞ്ഞതു്? അവനെ വിട്ടയയ്ക്കുയോ? പിലാത്തോസ്, ജനങ്ങൾ നിങ്ങളെ വലിച്ചുകീറും! എന്തു്? നാടൊട്ടുക്കു നടന്നു് വായിൽത്തോന്നിയ വിഡ്ഢിത്തം മുഴവൻ വിളിച്ചുപറഞ്ഞു് അജ്ഞരായ സാധുജനങ്ങളെ വഴിപിഴപ്പിക്കുക, ആഭാസന്മാരോടും ദുർവൃത്തന്മാരോടും മദ്യപന്മാരോടും തേവിടിശ്ശികളോടും കൂട്ടുചേർന്നു് മാന്യന്മാരേയും കുലീനന്മാരേയും അവമാനിക്കുക, ദേവാലയത്തിൽ കയറിനിന്നു് ശാപവർഷം ചൊരിയുക, ദൈവത്തെ ദൂഷിക്കുക, ചക്രവർത്തിയെ എതിർക്കുക!—ഇതിനു ശിക്ഷയില്ലെന്നു്! പിലാത്തോസ്, അങ്ങു് ഒരമാനുഷനായ വിധികർത്താവു തന്നെ! എങ്കിലും ഈയുള്ളവരും ഒട്ടൊക്കെയെങ്കിലും നീതിയും ന്യായവും നിയമവും ഗ്രഹിച്ചിട്ടുണ്ടെന്നു ധരിച്ചാൽക്കൊള്ളാം. പെസഹാകാലത്തു് ഒരു ബന്ധനസ്ഥനെ മോചിപ്പിക്കണംപോലും! എന്നാൽ പിലാത്തോസ്, അതു് ആരെന്നു നിശ്ചയിക്കേണ്ടതു് ഗവണ്മെന്റല്ല, ജനങ്ങളാണു്. അവർ അതു നിശ്ചയിച്ചിട്ടുമുണ്ടു്. അതിനായി അവനെ കൊണ്ടുവന്നു നിർത്തിയിട്ടുമുണ്ടു്.

പിലാത്തോസ്: ആരാണതു്?

കയാഫ്സ്: ബാറബാസ്.

പിലാത്തോസ്: (കോപത്തോടുകൂടി) ബാറബാസ്! ബാറബാസ്! അവനെ മോചിപ്പിക്കുകയോ? ആ വ്യാമോഹം വൃഥാവിലാണു്. സകല ദേവന്മാരേയും കൊണ്ടു ഞാൻ ശപഥംചെയ്യുന്നു, ബാറബാസിനെ ഞാൻ കുരിശിൽ തറയ്ക്കും! ബാറബാസിനെ മോചി

പ്പിക്കുക! കയാഫ്സ്, അന്നാസ്, ദുഷ്ടതയ്ക്കും അസൂയയ്ക്കും അതിരില്ലെന്നോ? നെട്ടവഴിയിൽ നിന്നു് നിയമലംഘനം പ്രസംഗിച്ചവൻ—കൊലപാതകി—കൊള്ളക്കാരൻ—അവനെ വിട്ടയയ്ക്കുവാൻ! നിർദ്ദോഷിയായ ഈ മനുഷ്യനെ കുരിശിൽ തറയ്ക്കുവാനും! ഇല്ല, നിങ്ങൾ ആളുകളെ തെററിക്കുന്നു. ഞാൻതന്നെ അവരോടു ചോദിക്കട്ടെ. (മുമ്പോട്ടു നീങ്ങുന്നു.)

അന്നാസ്: (പെട്ടെന്നു് അടുത്തുചെന്നു്) പിലാത്തോസ്, ഞാനൊന്നു പറയുന്നതു കേൾക്കണേ! ഇതിൽ അങ്ങു് വളരെ ബുദ്ധിപൂർവ്വമല്ല പ്രവർത്തിക്കുന്നതു്. ഒരുത്തനുവേണ്ടി അങ്ങു് ജനങ്ങളുടെ മുഴുവൻ വിരോധം സമ്പാദിക്കുന്നതെന്തിനു്? (കള്ളനോട്ടത്തോടുകൂടി) വല്ലവരും പറഞ്ഞു് സീസറേയും കാര്യം മനസ്സിലാക്കിയാൽ അതും ശല്യമല്ലേ? പിന്നെ അങ്ങുതന്നെ ഒന്നു് ഓർത്തുനോക്കണം. ബാറബാസ് കൊലപാതകിയും കള്ളനും വിപ്ലവകാരിയും ആയിരിക്കും. എങ്കിലും അതിലും കൂടുതൽ ഭയപ്പെടേണ്ടതു് ഇവനെ ആണെന്നു ഞാൻ പറയണോ? അവൻെറ നോട്ടം കണ്ടു് അങ്ങുതന്നെ പേടിക്കുന്നില്ലേ? (കള്ളച്ചിരിയോടുകൂടി) ഇതാ ഇപ്പഴും കിടുകിടാ വിറയ്ക്കുന്നു. പിന്നെ മററുള്ളവരുടെ കാര്യം പറയണോ? ഒരു കാര്യം ആരും സമ്മതിക്കും. അവൻ ഒരു സുന്ദരനാണു്. പക്ഷേ, എന്താ, ബാറബാസിനെ കണ്ടാൽ മോശമാണോ? അവൻ വലിയ അലങ്കാരങ്ങൾ ചേർത്തു് അസംബന്ധം പറയുമെന്നാണു വേറൊരു വിശേഷം. (കണ്ണുമിഴിച്ചുകൊണ്ടു്) പക്ഷേ, അങ്ങു് ബാറബാസിൻെറ പ്രസംഗം കേട്ടിട്ടുണ്ടോ? ഒന്നു കേൾക്കേണ്ടതാണു്. അതും മുഴുവൻ കവിതയും അലങ്കാരവുമാണു്. പിലാ

ത്തോസ്, അതങ്ങനെയാണ്. ഈ കൂട്ടരെല്ലാം ആ രീതിക്കാരാണ്. ഇവൻ ഒരു മൂത്ത ബാറബാസ്—അത്രേയുള്ളു. അതുകൊണ്ടു ഞാൻ പറയുന്നത്—പിന്നെ നേരം വളരെയായില്ലേ? ജനങ്ങളും നന്നാ ഇളകിയിരിക്കുന്നു. അങ്ങ് ആകെ ഭയപ്പെട്ടിരിക്കുകയും ചെയ്യുന്നു. പോയി കുളിച്ച് സുഖമായി കിടന്ന് ഒന്നുറങ്ങേണ്ടതു് അത്യാവശ്യം. അല്ലെങ്കിൽ ഇതു് അപസ്മാരത്തിൽ കലാശിച്ചേക്കും. അതുകൊണ്ട് ആകെക്കൂടെ ഈ ശല്യം അങ്ങു തീർത്തേക്കുകയല്ലേ ഉത്തമം?

(ഒരു ഭൃത്യൻ പ്രവേശിച്ച് പിലാത്തോസിൻെറ കൈയിൽ ഒരെഴുത്തു കൊടുത്തിട്ടു പോകുന്നു. സഭാവാസികൾ ജിജ്ഞാസുക്കളായി നോക്കിനില്ക്കുന്നു.)

പിലാത്തോസ്: (എഴുത്തു പൊട്ടിച്ചു നോക്കുന്നു. ആശ്ചര്യവും സംഭ്രമവും വ്യക്തമാകുന്നു. വായിക്കുന്നു.) "അങ്ങ് ആ നീതിമാനെ യാതൊന്നും ചെയ്യരുതു്. അദ്ദേഹംനിമിത്തം ഞാൻ ഇന്ന് ഒരു സ്വപ്നത്തിൽ കഠിനസങ്കടം അനുഭവിച്ചു!" (എഴുത്തു കൈയിൽവച്ചു ചുരുട്ടിക്കൊണ്ട് ആത്മഗതം) ആ നീതിമാനെ യാതൊന്നും ചെയ്യരുതു്!—സ്വപ്നത്തിൽ കഠിനസങ്കടം അനുഭവിച്ചു!—ഞാൻ ഉണർന്നിരുന്നുതന്നെ അനുഭവിക്കുന്നു! ക്ലാഡിയാ! ശകുനങ്ങളേയും, ലക്ഷണങ്ങളേയും അപഹസിക്കാറുള്ള ക്ലാഡിയാ! അവൾ എഴുതുന്നു—ആ നീതിമാനെ ഒന്നും ചെയ്യരുതെന്ന്! അതെ ചെയ്യരുതു്. ആക്കു ചെയ്യുവാൻ കഴിയും? (കടക്കണ്ണുകൊണ്ടു ക്രിസ്തുവിനെ നോക്കിക്കൊണ്ട് ചിന്താമഗ്നനായി ഇരിക്കുന്നു. അനന്തരം അത്യദ്ധ്വാനത്താൽ വികാരസംയമനം ചെയ്തുകൊണ്ട് എഴുന്നേൽക്കുന്നു. പ്ലാററ്ഫാറത്തിൻെറ മുമ്പിൽച്ചെന്നു ക്രിസ്തുവിനെ

വിളിച്ച് അടുത്തു ജനങ്ങൾക്കഭിമുഖനായി നിർത്തി ക്കൊണ്ട്) നിങ്ങളുടെ രാജാവിനെ കാണുവിൻ!

(ജനങ്ങളിൽനിന്നു് ആക്ഷേപഹാസങ്ങരം പുറപ്പെടുന്നു. കയാഫ്സ് പുച്ഛമായി പുഞ്ചിരിക്കുന്നു. അന്നാസ് ചിരി അടക്കുവാൻ പണിപ്പെടുന്നു.)

(കൈ ഉയർത്തി നിശ്ശബ്ദമായിരിക്കാൻ ആജ്ഞാപിച്ചു കൊണ്ട്) പസഹാകാലത്ത് ഒരാളെ മോചിപ്പിക്കണമെന്നു നിങ്ങൾക്ക് ഒരാചാരമുണ്ടല്ലോ? ഞാൻ 'യഹൂദന്മാരുടെ രാജാവിനെ' നിങ്ങൾക്കു വിട്ടുതരട്ടയോ?

ആളുകൾ: ഇവനേ വേണ്ടാ, ഇവനല്ല, ബാറബാസ്! ബാറബാസ്!

പിലാത്തോസ്: (ഈഷ്യയോടും നിരാശയോടുംകൂടി പിൻമാറിക്കൊണ്ട്) അസാദ്ധ്യം! അസാദ്ധ്യം! ചോര കുടിക്കുവാൻ തയ്യാറാക്കിക്കൊണ്ടുവന്നിരിക്കുന്ന ചെന്നായ്ക്കൾ! ഒന്നും സാദ്ധ്യമല്ല! (ചിന്താമഗ്നനായി അല്പം നിന്നിട്ട് ഒരു നിശ്വാസത്തോടുകൂടി) ബാറബാസ് എവിടെ? അവനെ മുമ്പോട്ടു നീക്കിനിർത്തട്ടെ!

(ബാറബാസിനെ മുമ്പോട്ടുനീക്കി പിലാത്തോസിനു് അഭിമുഖമായി നിർത്തുന്നു. രണ്ടുപേരും തുല്യമായ വെറുപ്പോടും വിരോധത്തോടും പരസ്പരം നോക്കിനില്ക്കുന്നു.)

(കഠിനസ്വരത്തിൽ) അപ്പോൾ നീ ഗബ്രിയാസ് പരീശനെ വധിച്ചു, ഇല്ലേ?

ബാറബാസ്: (പുച്ഛമായി ചിരിച്ചുകൊണ്ട്) വധിച്ചു! അതുപോലെ ഒരു പച്ചക്കള്ളനെ പട്ടണത്തിൽ എവിടെയെങ്കിലും കണ്ടാൽ ഇനി വധിക്കുകയും ചെയ്യും.

പിലാത്തോസ്: (നിന്ദയോടുകൂടി പുരോഹിതന്മാരോട്) ഇവനേയാണു മോചിപ്പിക്കേണ്ടതു്, അല്ലേ?

കയാഫ്സ്: (അന്നാസിനോട് അനുകമ്പാസ്വരത്തിൽ) കഷ്ടം, വിദ്യാവിഹീനനായ മൂർഖൻ!

അന്നാസ്: പോരെങ്കിൽ ഒരുകൊല്ലമായില്ലയോ ജയിലിൽ കിടക്കുന്നു.

പിലാത്തോസ്: (പുച്ഛത്തോടുകൂടി തിരിഞ്ഞുകളയുന്നു. വീണ്ടും ജനങ്ങളോട്) ആരെ വിട്ടുതരണമെന്നാണു് നിങ്ങൾ ആഗ്രഹിക്കുന്നതു്? ബാറബാസിനേയോ, ക്രിസ്തുവെന്നു വിളിക്കുന്ന യേശുവിനേയോ?

ആളുകൾ: ബാറബാസ്! ബാറബാസ്! ബാറബാസ്!

പിലാത്തോസ്: (പ്രവൃദ്ധമായ നിരാശയോടുകൂടി) യഹൂദന്മാരുടെ രാജാവെന്നു നിങ്ങൾ വിളിക്കുന്നവനെ എന്തുചെയ്യണമെന്നാണു് നിങ്ങളുടെ ആഗ്രഹം?

ആളുകൾ: കുരിശിൽ തറയ്ക്കണം! കുരിശിൽ തറയ്ക്കണം!

ജൂഡിത്: കുരിശിൽ തറയ്ക്കണം!

ബാറബാസ്: (പരിഭ്രാന്തനായി ചുറ്റും നോക്കുന്നു. ജൂഡിത്തിനെ കാണുന്നില്ല. തന്നെത്താനറിയാതെ ഉറക്കെ വിളിച്ചുപറയുന്നു.) ഇല്ല! ഇല്ല! അവൾ അങ്ങനെ പറഞ്ഞില്ല! അവൾ അങ്ങനെ പറയുകയില്ല! അങ്ങനെ പറയാൻ അവൾക്കു സാദ്ധ്യമല്ല! സ്ത്രീകൾ ദയാലുക്കൾ! അവർ ഒരു സഹജീവിയുടെ സങ്കടത്തിനാഗ്രഹിക്കയില്ല! ജറുസലേംനിവാസികളേ! യഹൂദന്മാരേ! ഈ പ്രവാചകൻെറ കൊലയ്ക്കായി നിങ്ങൾ എന്തിനു മുറവിളികൂട്ടുന്നു? അദ്ദേഹം നിങ്ങളിലാരെയും വധിച്ചില്ല. യാതൊന്നും അപഹരിച്ചില്ല. ഭവനഭേദനം ചെയ്തില്ല. രോഗങ്ങൾ ശമിപ്പിച്ചുവെന്നു്, ദുഃഖത്തിൽ ആശ്വസിപ്പിച്ചുവെന്നു്, അത്ഭുതങ്ങൾ പലതും കാട്ടിയെന്നു് നിങ്ങൾതന്നെ പറയുന്നു. ഇവയ്ക്കോ അദ്ദേഹം മരിക്കേണ്ടതു്? നിങ്ങൾ നീതിമാന്മാരല്ലേ? അദ്ദേഹമല്ല ഞാനാണു മരിക്കേണ്ടതു്—ഞാൻ, ഗബ്രിയാസിനെ കൊലചെയ്തവൻ, ആ കൊലപാതകത്തിൽ

ഇപ്പോഴും ആഹ്ലാദിക്കുന്നവൻ—ഞാൻ, രക്തപങ്കിലൻ, പാപപങ്കിലൻ, പശ്ചാത്താപരഹിതൻ—ആ ഞാൻ സ്വതന്ത്രൻ! ഈ പരിശുദ്ധനെ—

കയാഫ്സ്: എടാ ഭ്രാന്താ! നിർത്തെടാ നിന്റെ പ്രസംഗം.

പിലാത്തോസ്: ഭ്രാന്തനായിരിക്കാം, അല്ലായിരിക്കാം. എന്നാൽ, നിങ്ങൾ സ്വയമേവ തിരഞ്ഞെടുത്തവനാണ്. അതോ യേശുവിനോടു് ഈ കരുണ കാട്ടിയതുകൊണ്ടു നിങ്ങളുടെ അഭിപ്രായം പിൻവലിക്കുന്നുണ്ടോ?

ആളുകൾ: ബാറബാസിനെ മോചിപ്പിക്കണം! യേശുവിനെ കുരിശിൽ തറയ്ക്കണം!

പിലാത്തോസ്: ഞാൻ നിങ്ങളുടെ രാജാവിനെ കുരിശിൽ തറയ്ക്കട്ടെയോ?

ആളുകൾ: ഞങ്ങൾക്കു് സീസറല്ലാതെ രാജാവില്ല.

അന്നാസ്: പിലാത്തോസ്, അങ്ങയുടെ സംശയം ആപത്തിൽ അവസാനിക്കും. ജനങ്ങൾ അക്ഷമരായിരിക്കുന്നതു് അങ്ങു കാണുന്നില്ലേ?

പിലാത്തോസ്: (ആംഗ്യത്താൽ ക്രിസ്തുവിനെ അടുത്തുവിളിച്ചു സൂക്ഷിച്ചുനോക്കിക്കൊണ്ടു്) എവിടെനിന്നാണു്?

(ക്രിസ്തു നിശ്ശബ്ദനായി നോക്കിനില്ക്കുന്നു.)

എന്നോടു നീ ഉരിയാടുകയില്ലേ? നിന്നെ കുരിശിൽ തറയ്ക്കാനും മോചിപ്പിക്കാനും എനിക്കു ശക്തിയുണ്ടെന്നു നീ അറിയുന്നില്ലേ?

ക്രിസ്തു: മുകളിൽനിന്നു സിദ്ധിക്കാത്ത യാതൊരു ശക്തിയും നിങ്ങൾക്കു് എൻെറമേൽ ഉണ്ടായിരിക്കയില്ല. (അനുകമ്പാപൂൎണ്ണമായ ഒരു ദീർഘനിശ്വാസത്തോടു

കൂടി) അതിനാൽ നിങ്ങളുടെ കൈയിൽ എന്നെ ഏല്പിച്ചവനാണു കൂടുതൽ പാപി.

(ക്രിസ്തുവിൻെറ നേത്രങ്ങരം കയാഫ്സിൽ പതിക്കുന്നു. കയാഫ്സ് നടുങ്ങുകയും അയാളുടെ ദേഹം ചുളുങ്ങുകയും ചെയ്യുന്നു.)

പിലാത്തോസ്: (ആത്മഗതം) ആ വീക്ഷണം! ഒരേസമയത്തുതന്നെ ശാന്തശരച്ചന്ദ്രികപോലെയും തീക്ഷ്ണാഗ്നേയശലാകപോലെയും പ്രകാശിക്കുന്ന ആ വീക്ഷണം! ആ നിശ്ശേഷമായ നിർഭയത്വം, അജയ്യമായ ആത്മീയപ്രഭാവം, അനിഷേധ്യമായ അധികാരഭാവം! ഇദ്ദേഹം വാസ്തവത്തിൽ ഒരു രാജാവുതന്നെയോ? യഹൂദവംശവുമായി ഒരു സാദൃശ്യവുമില്ലാത്ത ഈ യുവാവ്—സത്യവും ഗാംഭീര്യവും പ്രകാശിക്കുന്ന മുഖഭാവം, സ്ഫടികസങ്കാശവും എന്നാൽ നീലമേഘനിഭവുമായ വിശാലലോചനങ്ങൾ, അത്യന്തഗംഭീരവും അതുലലളിതവുമായ ശരീരം—അത്ഭുതാകാരനായ ഈ യുവപ്രവാചകൻ ചെങ്കോലു താഴത്തുവച്ച് പരിത്യാഗനിഷ്ഠനായി ലോകോപകാരാർത്ഥം സഞ്ചരിക്കുന്ന ഏതോ ഈജിപ്റ്റുരാജാവല്ലേ? (പ്രകാശം) അങ്ങ് ഒരു രാജാവാണോ?

ക്രിസ്തു: (ഒരു ചെറിയ നിശ്വാസത്തോടുകൂടി) ഞാൻ ഒരു രാജാവാണെന്നു നിങ്ങൾ പറയുന്നു. (അനുകമ്പാപൂർവ്വം) ഈ പരിണാമത്തിനായിട്ടാണു ഞാൻ ജനിച്ചതു്, ഈ പരിണാമത്തിനത്രെ ഞാൻ ഈ ലോകത്തിൽ വന്നതും—സത്യത്തിനു സാക്ഷ്യംവഹിക്കുവാൻ! സത്യജ്ഞർ എൻെറ ശബ്ദം തിരിച്ചറിയുകയും ചെയ്യും.

പിലാത്തോസ്: സത്യത്തിനു സാക്ഷ്യംവഹിക്കുവാൻ! സത്യം! അക്ഷന്തവ്യമായ അപരാധം! പുരോഹിതന്മാർ ആരോപിച്ചിട്ടുള്ള സകല അപരാധങ്ങളിൽ

നിന്നും രക്ഷകിട്ടാം. എന്നാൽ സത്യം! അസത്യത്തിൽ പട്ടത്തു് അസത്യംകൊണ്ടു നിർമ്മിച്ചു് അസത്യത്താൽ താഴികക്കുടം വച്ച ഈ ലോകത്തിൽ സത്യവാനേക്കാൾ ഹന്തവ്യനാരു്? (ഹൃദയവേദനയടക്കി തിരിച്ചു നടന്നുകൊണ്ടു്) എന്താണു സത്യം? (സ്വന്തം ഇരിപ്പിടത്തിൻെറ അട്ടത്തു ചെന്നുനിന്നു ചുററും ഒന്നുകൂടെ നോക്കിയിട്ടു് ഒരു ഭയങ്കരനിശ്ചയത്തോട്ടുകൂടി ഒരു ഗൃമസ്ഥനോട്ടു് എന്തോ പറയുന്നു.)

(ഗൃമസ്ഥൻ പോയി ഒരു വെള്ളിപ്പാത്രത്തിൽ വെള്ളവുമായി പ്രവേശിക്കുന്നു.)

(ആ് ഗൃമസ്ഥനാൽ അനുഗതനായി വീണ്ടും പ്ലാറ്റ്ഫാറത്തിൻെറ മുൻഭാഗത്തു വരുന്നു. ഉടുപ്പിൻെറ കൈകൾ തെറുത്തുകയററിയിട്ടു് കൈ രണ്ടും വെള്ളത്തിൽ മുക്കി മൂന്നുപ്രാവശ്യം കഴുകുന്നു. പിന്നീടു കൈയിൽ പററിയിരുന്ന വെള്ളം ജനങ്ങൾ കാൺകെ കുടഞ്ഞിട്ടു്) ഈ നീതിമാൻെറ രക്തത്തിൽ ഞാൻ നിർദ്ദോഷിയാണ്. അതു നിങ്ങൾ ഏററുകൊള്ളണം.

ആളുകൾ: (ആഹ്ലാദാരവം മുഴക്കിക്കൊണ്ടു് ഏകകണ്ഠമായി) അവൻെറ രക്തം ഞങ്ങളുടെയും ഞങ്ങളുടെ സന്താനങ്ങളുടെയും തലയിൽ പതിക്കട്ടെ!

(പിലാത്തോസ് ശേഷം കൃത്യങ്ങൾകൂടെ ചെയ്തുതീർക്കുവാൻ അക്ഷമനാകുന്നു. അദ്ദേഹം ഒരാംഗ്യം കാട്ടുന്നു. ഭടന്മാർ ക്രിസ്തുവിനെ ചുററുന്നു. ബാറബാസിനെ കാത്തുനിന്നിരുന്ന ഭടന്മാർ അവനെ വിട്ടു് മററവരുടെ കൂട്ടത്തിൽ ചേരുന്നു. പിലാത്തോസ് ഒരു ചുററികവാങ്ങി ബാറബാസിൻെറ വിലങ്ങു തല്ലിക്കളയുന്നു.)

ആളുകൾ: ബാറബാസ്! ബാറബാസിനു സ്വാതന്ത്ര്യം! ബാറബാസിനു മംഗളം! ബാറബാസ്! ബാറബാസ്!

കയാഫ്സ്: (വിലങ്ങു ചൂണ്ടിക്കാണിച്ചുകൊണ്ടു പിലാത്തോസിനോട്ടു്) ആ വള നസറേയനെ അങ്ങുതന്നെ അണിയിക്കണം.

പിലാത്തോസ്: (രൂക്ഷാക്ഷനായി) എന്തിന്? അവൻ ഭടന്മാരോടു കലഹിച്ചുവോ? നിന്നിടത്തുനിന്നനങ്ങിയോ? ശബ്ദിച്ചുവോ? എൻെറ വിധിയെ എതിർത്തുവോ? ഞാൻ യഹൂദനല്ല ഭീരുത്വം കാട്ടാൻ. (പെട്ടെന്നു ബാറബാസിനോട്) നീ എന്തിനിവിടെ നില്ക്കുന്നു? പോ! പശ്ചാത്താപശൂന്യനായ മോഷ്ടാവും കൊലപാതകിയുമാണു നീ! എന്നാൽ നിൻെറ വർഗ്ഗത്തിൻെറ നിയമം നിന്നെ സ്വതന്ത്രനാക്കിയിരിക്കുന്നു— സ്വതന്ത്രമായി മോഷ്ടിക്കുവാനും കൊല്ലുവാനും!

(ബാറബാസ് ലജ്ജിതനായി തല കുനിക്കുന്നു. വീണ്ടും തല ഉയർത്തി ചുററും നോക്കുന്നു. അവൻെറ കണ്ണുകൾ ക്രിസ്തുവിൽ തങ്ങുന്നു.)

കയാഫ്സ്: (ബാറബാസിനോട്) എടാ, ഗവർണ്ണർ ആജ്ഞാപിച്ചതു നീ കേട്ടില്ലേ? പോ! സൂക്ഷിച്ചു നടന്നുകൊള്ളണം! (അടക്കിയ സ്വരത്തിൽ) ഇസ്കാരിയട്ടിന്റെ ഗൃഹത്തിനു സമീപം എങ്ങും പോകാതെ കരുതിക്കോ!

(ബാറബാസ് അതിരൂക്ഷമായി കയാഫ്സിനെ ഒന്നു നോക്കിയിട്ട്, പെട്ടെന്നു നടന്ന് ആൾക്കൂട്ടത്തിൽ പ്രവേശിക്കുന്നു. അവർ ചുററും കൂടി തത്തിക്കളിക്കയും ആർത്തുവിളിക്കയും ചെയ്യുന്നു. അതിനിടെ ഒരു ഭടൻ ക്രിസ്തുവിൻെറ ഉടുപ്പ് അഴിക്കുന്നു. ജനങ്ങളിൽ ഒരാൾ, ''അതാ അവനെ അടിക്കാൻ തുടങ്ങുന്നു!'' എന്നു വിളിച്ചു പറയുന്നു. എല്ലാവരും അങ്ങോട്ടു തിരിയുന്നു. ബാറബാസ് തിരിഞ്ഞുനോക്കി നിർജ്ജീവനെപ്പോലെ നില്ക്കുന്നു. ഭടൻ ഉടുപ്പഴിച്ച് അദ്ദേഹത്തിൻെറ പുറം നഗ്നമാക്കുന്നു. മറെറാരു ഭടൻ ഒരു കൊരടാവ് പിലാത്തോസിനു നീട്ടുന്നു. മ്ലാനവദനനായി ആകാശത്തു നോക്കിനില്ക്കുന്ന അദ്ദേഹം അതു് അശക്തനായി ഉപേക്ഷിക്കുന്നു. കയാഫ്സും അന്നാസും പരസ്പരം നോക്കുന്നു.)

കയാഫ്സ്: പിലാത്തോസ്, നിയമം നടത്താൻ ഇനിയും അമാന്തിക്കുന്നോ?

അന്നാസ്: അവൻെറ രക്തം എല്ലാം ഞങ്ങളേററല്ലോ.

ഇനി അതു തരുന്ന ജോലിയല്ലേ ഉള്ളൂ? അതിനിത്ര പ്രയാസമോ?

കയാഫ്സ്: സമയം പോകുന്നു. കൃത്യം നിർവ്വഹിക്കണം! അടിക്കണം.

(പിലാത്തോസ് ബോധരഹിതനെപ്പോലെ കൈനീട്ടി കൊരടാവു വാങ്ങുന്നു. പതറുന്ന കാലുകളോടുകൂടി ക്രിസ്തുവിനെ സമീപിക്കുന്നു. ഭടന്മാർ ക്രിസ്തുവിൻെറ കൈ കെട്ടുന്നു. പിലാത്തോസ് ലജ്ജയോടും നിരാശയോടും കഠിനദുഃഖത്തോടുംകൂടി മുഖം തിരിച്ചുപിടിക്കുന്നു. അടിക്കുന്നു—പിന്നെയും പിന്നെയും അടിക്കുന്നു. രക്തം തെറിക്കുകയും ഒഴുകുകയും ചെയ്യുന്നു.)

ബാറബ്ബാസ്: ഹാ! മൃഗങ്ങൾ! പിശാചുക്കൾ!—അശരണൻെ!—ബന്ധനസ്ഥനെ!—ഹാ! (മുഖം തിരിച്ചു പുറത്തേക്കു് ഓടുന്നു.)

(പിലാത്തോസ് അടി നിർത്തി രക്തവർണ്ണമായ മുഖത്തോടും ഭ്രാന്തമായ നോട്ടത്തോടും വികൃതമായ ഒരു ചിരിയോടുംകൂടി ചുററും നോക്കുന്നു.)

കയാഫ്സ്: (പൈശാചികമായ സംതൃപ്തിയോടുകൂടി) പിലാത്തോസ്, അവൻ ഇത്ര കൊച്ചുകുഞ്ഞോ? ഒരു മകനെ ശിക്ഷിക്കുന്നതുപോലല്ലേ തല്ലിയതു്!

പിലാത്തോസ്: (രൂക്ഷനായി) ഹേ, പുരോഹിതാ, എന്നെ പരീക്ഷിക്കരുതു്! എൻെറ നശിച്ച വേല ഞാൻ ചെയ്തു. ഇനി നിങ്ങളുടേതു്! (കൊരടാവു് വലിച്ചെറിഞ്ഞിട്ടു ഭ്രാന്തനെപ്പോലെ സ്വസ്ഥാനത്തേക്കു മടങ്ങി സിംഹാസനത്തിൽ പിടിച്ചുകൊണ്ടു കണ്ണുതുറിച്ചു് ആകാശത്തിൽ നോക്കിനില്ക്കുന്നു.)

കയാഫ്സ്: (പിലാത്തോസിന്റെ ഭാവഭേദം കണ്ടുണ്ടായ അമ്പരപ്പു് അടക്കിയിട്ടു ഭടന്മാരോടു്) ഇനി—(കൈയും തലയുംകൊണ്ടു് 'ആയിക്കൊള്ളിൻ' എന്നു് ആംഗ്യംകാട്ടുന്നു.)

(പുരോഹിതന്മാർ ഗവണ്ണരെ വന്ദിച്ചിട്ട പോകുന്നു. പിലാത്തോസ് അല്പം ഒന്നു മാറി ഒരു തൂണിൽ ചാരി ജനങ്ങറംക്കു നല്ലവണ്ണം കാണാൻ പാടില്ലാത്തവണ്ണം നില്ക്കുന്നു.

ഭടന്മാർ ക്രിസ്തുവിനെ കുന്തത്തിൻെറ ചുവടുകൊണ്ടു് കുത്തിയും തള്ളിയും ആളുകളുടെ ഇടയ്ക്കു കൊണ്ടു നിർത്തുന്നു. ''യഹൂദന്മാരുടെ രാജാവു്!'' ''ആശാരിച്ചെറുക്കൻ!'' ''ദാവീദിൻെറ പുത്രൻ!'' ''ദൈവത്തിന്റെ പുത്രൻ!'' ''ചെകുത്താൻെറ പുത്രൻ!'' എന്നിങ്ങനെ ഓരോന്നു വിളിച്ചുപറയുകയും ഓരോന്നു പറയുമ്പോഴും അട്ടഹസിക്കുകയും കൂവിവിളിക്കുകയും അദ്ദേഹത്തെ തള്ളുകയും തല്ലുകയും കുന്തത്തിൻെറ ചുവടുകൊണ്ടു കുത്തുകയും ചെയ്യുന്നു. ജൂഡിത് കൈകൊട്ടിച്ചിരിച്ചാനന്ദിക്കുന്നു.)

ഒരു ഭടൻ: (അവിടെ ചവിട്ടിത്തേച്ചിട്ടിരുന്ന ഒരു ബാഹ്യാംബരം എടുത്തു് അദ്ദേഹത്തെ ധരിപ്പിച്ചിട്ട മുമ്പിൽ ചെന്നു മുട്ടുകുത്തിക്കൊണ്ടു്) യഹൂദന്മാരുടെ രാജാവു് സർവ്വോൽക്കർഷേണ വർത്തിച്ചാലും!

എല്ലാവരും: സർവ്വോൽക്കർഷേണ വർത്തിച്ചാലും! (കൂവുന്നു, അട്ടഹസിക്കുന്നു, അദ്ദേഹത്തെ ഉപദ്രവിക്കുന്നു.)

മറെറാരു ഭടൻ: (ഓടിപ്പോയി ഒരു റോസാക്കമ്പു പറിച്ചു് ഇലയെല്ലാം കളഞ്ഞു് ഒരു വളയമാക്കി) ഇതാ രാജാവിൻെറ കിരീടം (എന്നു പറഞ്ഞു് അദ്ദേഹത്തിൻെറ ശിരസ്സിൽ അമർത്തി താഴ്ത്തുന്നു. മുള്ളു തറച്ചു കയറി രക്തം ഒലിക്കുന്നു. അവനും അദ്ദേഹത്തിന്റെ മുമ്പിൽ മുട്ടുകുത്തുന്നു.) യഹൂദന്മാരുടെ രാജാവു് സർവ്വോൽക്കർഷേണ വർത്തിച്ചാലും!

(എല്ലാവരും പഴയപടി.)

മറെറാരു ഭടൻ: ഒരു ചെങ്കോലു്! ഒരു ചെങ്കോലുകൂടി വേണം. (ഓടിപ്പോയി ഒരു നായിങ്കണ കൊണ്ടുവന്നു് അദ്ദേഹത്തിൻെറ ബന്ധിച്ച കൈകളിൽ കൊടുത്തിട്ടു് മുട്ടുകുത്തിക്കൊണ്ടു്) യഹൂദന്മാരുടെ രാജാവു് സർവ്വോൽക്കർഷേണ വർത്തിച്ചാലും!

(എല്ലാവരും പിന്നെയും പഴയപടി.

ഇതെല്ലാം കണ്ടുകൊണ്ടു നിന്ന പിലാത്തോസ് ഇറങ്ങി അടുത്തു

വരുന്നു. അദ്ദേഹത്തെക്കണ്ടു് എല്ലാവരും നിശ്ശബ്ദരാകുന്നു. അദ്ദേഹം ക്രിസ്തുവിൻെറ ബാഹ്യാംബരത്തിൻെറ തുമ്പത്തു പിടിക്കുന്നു. ക്രിസ്തു തിരിഞ്ഞുനോക്കുന്നു. രണ്ടുപേരും അഭിമുഖരായി നില്ക്കുന്നു. പിലാത്തോസിൻെറ മുഖത്തു് കഠിനമായ വേദന പ്രത്യക്ഷപ്പെടുന്നു. പെട്ടെന്നു് വസ്ത്രാഞ്ചലം വിട്ടു് പിന്നോക്കം മാറി കൈ രണ്ടും ആകാശത്തിൽ ഉയരത്തിൽ വീശിക്കൊണ്ടു്, ''മനുഷ്യനേ കാണുവിൻ! മനുഷ്യനേ കാണുവിൻ.'' എന്നു നിലവിളിക്കുന്നു. രൂക്ഷമായി ഭ്രാന്തനെപ്പോലെ പൊട്ടിച്ചിരിക്കുന്നു. സ്വന്തബാഹ്യാംബരത്താൽ വാ മൂടി നിലവിളി പുറത്തുവരാതെ തടയുന്നു. അടുത്തക്ഷണത്തിൽ കാലുറയ്ക്കാതെ ബോധശൂന്യനായി നിലത്തുവീഴുന്നു.)

(കർട്ടൻ)

രംഗം 11

[ഒരു വഴി. കന്യകാമേരി, മഗ്ദലനമേരി, മാത്ത എന്നിവർ പ്രവേശിക്കുന്നു. കന്യകാമേരിയുടെ അധരങ്ങൾ അല്പമൊന്നനങ്ങും കൺപോളസ്വല്പമൊന്നു തളർന്നു താഴ്ന്നും ഇരിക്കുന്നതല്ലാതെ മററു ഭാവഭേദങ്ങൾ ഒന്നും പ്രത്യക്ഷമല്ല. മാത്ത കണ്ണുനീരു പൊഴിക്കയും ഇടയ്ക്കിടയ്ക്കു് ദീർഘമായി നിശ്വസിക്കുകയും ചെയ്യുന്നു. മഗ്ദലനയാകട്ടെ മാത്തയുടെ തോളത്തു് കൈ ഇട്ടു് വിങ്ങിവിങ്ങിക്കരഞ്ഞുകൊണ്ടു് പരവശയായി കാലു മുമ്പോട്ടു നീങ്ങാതെ നിന്നുപോകുന്നു. എല്ലാവരും നില്ക്കുന്നു.]

മാത്ത: മേരി!

മഗ്ദലന: (ക്ഷീണസ്വരത്തിൽ) സോദരീ!

മാത്ത: ഇങ്ങനെ ആയാലോ? നമുക്കു മുമ്പോട്ടു പോകണ്ടയോ? അങ്ങു്...അവിടെ...അതിനുമുമ്പു്...(ശേഷം പറയുവാൻ ശക്തയാകുന്നില്ല.)

മഗ്ദലന: ഹാ! അവിടെ!...അതിനുമുമ്പു്...നായകാ!... അതിനുമുമ്പു്!...ഹാ! മാത്താ! ജീവനാഥാ! ഹാ! അമ്മാ!

മാത്ത: പെററമ്മയല്ലേ കൂടെ നില്ക്കുന്നതു്? ആ...അമ്മയെ...ആശ്വസിപ്പിക്കണ്ടേ...(കരയുന്നു.)

മഗ്ദലന: (ഹൃദയം തകൻറ്) അമ്മാ! അമ്മാ! ഈ പാപി! അമ്മാ! ഇവൾ എന്നും പാപിതന്നെ! അമ്മാ! പെററവയററു ചിന്തിക്കാതെ! ഹാ! അമ്മാ! ദേവമാതാവേ! കരുണാമയി! ഹാ! ഞാൻ!...ഞാൻ!... എന്തു ചെയ്യട്ടെ? ദേവീ! എനിക്ക്...ഹാ! വയ്യാ!

കന്യകാമേരി: (വാത്സല്യപൂർവ്വം കൈ അവളിൽ വച്ചുകൊണ്ട്) മകളേ!

മഗ്ദലന: അമ്മാ! എന്റെ അമ്മാ! ഞാൻ...അമ്മയ്ക്കു്... സമാധാനം നൽകേണ്ട ഞാൻ...എന്റെ അമ്മയ്ക്കു് ഒരു ഭാരമായല്ലോ? എന്നാൽ അമ്മേ, അമ്മയാര്? ഞാനാര്? ദേവേശ്വരീ, സകല ലോകരക്ഷകനേയും രക്ഷിച്ചുപോററിയ നിന്തിരുവടി എവിടെ? ആ പരമപുരുഷൻെറ പാദപാംസുക്കൾ പൂശി പുണ്യമടയുവാൻ കേഴുന്ന ഈ പരമപാപി എവിടെ? ആർത്തത്രാണപരായണനായ പരംപുരുഷനു് അമ്മിഞ്ഞകൊടുത്തു് ആർത്തിതീർത്ത ദേവീ! ഈ ഞാൻ അവിടത്തെ എങ്ങനെ—(കരയുന്നു.)

കന്യകാമേരി: മകളേ, നീ സമാശ്വസിച്ചാൽമാത്രം മതി.

മഗ്ദലന: അമ്മാ, ഞാൻ എങ്ങനെ സമാശ്വസിക്കും? ഈ പരിത്യക്തയായ മഹാപരാധിനിയുടെ ഏകാവലംബം! ലോകത്തിനേകാവലംബം! ഹാ! എൻെറ—നായകാ!—അമ്മാ! എനിക്കു വയ്യാ! എൻെറ നായകൻ—അമ്മാ! അവിടുന്നു സർവ്വജ്ഞയല്ലേ? എൻെറ നായകനു്—(കരയുന്നു.)

കന്യകാമേരി: മകളേ, നിൻെറ നായകനെ യാതൊന്നും ചെയ്യുവാൻ ആർക്കും കഴിയുകയില്ല.

(അണിയറയിൽ അത്യുച്ചസ്വരത്തിൽ:)

"ഹാ! നിൻെറ വെള്ളിക്കാശു് ആർക്കെടാ? എടാ!

നീ എന്തു വിചാരിച്ചു? നിൻെറ കാശു കണ്ടു മിരണ്ടു പോയെന്നോ? ഛായ്! ഇതാടാ നിൻെറ കാശ്! എടുത്തോ!")

(ജൂഡാസ് പെട്ടെന്നു പ്രവേശിക്കുന്നു. സ്ത്രീകൾ മൂവരും ഒരുമിച്ചു ചേൻ്റ് ഒതുങ്ങിനില്ക്കുന്നു.

ജൂഡാസ്: (ഒരു കൈ പുറകോട്ടു ചൂണ്ടിക്കൊണ്ട്) നിന്റെ കശു തിന്നെടാ എടുത്ത്! നീതന്നെ തിന്നോ! കാശു കാട്ടി വിരട്ടിയെന്നോ? (ഉറക്കെ പൊട്ടിച്ചിരിക്കുന്നു.) എന്നേ വിരട്ടിയെന്നോ? (പിന്നെയും ചിരിക്കുന്നു.) എടാ! നീ എൻെറ ഗുരുനാഥനെ അറിയുമോ? നീ എൻെറ ഗുരുനാഥനെ തൊടുമോ? നിനക്കു തൊടാമോ? എന്തെടാ, ദൈവപുത്രനെ നിനക്കു തൊടാമോ? ഹ—ഹ—ഹ—ഹ—എടാ പൊള്ളും! പൊള്ളും! നീ ചാമ്പലാകും! ചാമ്പല്! ചാമ്പല്! നിനക്കറിയാമോ? പിന്നെ നിന്റെ വെള്ളി! (പെട്ടെന്നു കോപിഷ്ഠനായി) എന്നോടു കളിക്കുന്നോ? ഇതാണോടാ വെള്ളി? എടാ പറ! (നിലത്ത് ആഞ്ഞു ചവിട്ടുന്നു.) ഛായ്! പറയെടാ, ഇതാരുടെ എല്ല്? (പിന്നെയും ചവിട്ടിയിട്ട്) പറ, ഈ അസ്ഥി ആരുടെ? (ആകാശത്തു നോക്കിനില്ക്കുന്നു. കോപം ക്രമേണ മാറി ഭയം വദ്ധിക്കുന്നു.) അസ്ഥി! അതാ! കങ്കാളം! (വിറയ്ക്കുന്നു. വിറച്ചുകൊണ്ടു തിരിയുന്നു. സ്ത്രീകളെ കാണുന്നു. കന്യകയെത്തന്നെ നോക്കുന്നു. ആശ്വാസത്തോടും സന്തോഷത്തോടും മുന്നോട്ടടുത്തുകൊണ്ട്) അമ്മാ!

കന്യകാമേരി: (വാത്സല്യപൂർവ്വം) പുത്രാ!

ജൂഡാസ്: (പെട്ടെന്നു നിന്നു് പിന്നോട്ടു നടന്നുകൊണ്ട്) പുത്രൻ!...പുത്രൻ!...പുത്രനില്ല!... ചത്തു!...കൊന്നു!

ഞാൻ കൊന്നു!...ജൂഡാസ് കൊന്നു! ഹാ! ദൈവ പുത്രാ! ഹാ! നാഥാ! (പാഞ്ഞു മറയുന്നു.)

(അണിയറയിൽ)

നാഥാ! നാഥാ!

(കർട്ടൻ)

രംഗം 12

[ഒരു ഹോട്ടൽ. കട്ടൻ ഉയന്നു് സക്കറിയാസും രണ്ടു സ്നേഹിതന്മാരും ബദ്ധപ്പെട്ടു് ഭക്ഷണം കഴിക്കുന്നതായി പ്രത്യക്ഷപ്പെടുന്നു.]

സക്കറിയാസ്: (ഭൃത്യനോടു്) എന്തെടാ, നീ എവിടെ നോക്കി നില്ക്കുന്നു? ഒഴിയെടാ!

ജോസഫ്: ഇവൻ നിന്നു് ഉറങ്ങുന്നോ?

സാൾ: ഇവൻെറ ഹോട്ടലിൽ കയറിയതേ അബദ്ധം.

ഭൃത്യൻ: (ബദ്ധപ്പെട്ടു വിളമ്പുന്നതിനിടയ്ക്കു്) അയ്യോ! ഞാൻ—പിന്നെ—

ജോസഫ്: നീ പിന്നെയോ? എടാ, ഞങ്ങൾക്കു് ഇവി ടിരുന്നാൽ പോരാ.

ഭൃത്യൻ: ഞാനും വരുന്നുണ്ടു്. ഞാൻ വിസ്താരം കണ്ടില്ല. എന്തു വന്നാലും ശരി ഇനി ഞാനും പോകും.

സക്കറിയാസ്: നീ വിസ്താരം കണ്ടില്ലേ? ഇനി എന്തി നെടാ നീ ജീവിച്ചിരിക്കുന്നതു്?

ജോസഫ്: എങ്കിലും അവൻ എന്തൊരു കട്ടപ്പക്കാരൻ? ആ അടിയെല്ലാം കൊണ്ടിട്ടു് ഒരു കുലുക്കം വേണ മല്ലോ?

സാൾ: ചോര അങ്ങനെ ഒഴുകുന്നു. എന്നിട്ടു് ഒരു അന ക്കം? എങ്ങ്ഹേ?

ഭൃത്യൻ: അവനെ തല്ലിയോ?

സക്കറിയാസ്:ഹ—ഹ—ഹ— തല്ലിയോന്നു്! എടാ, അവൻെറ പുറത്തു് ഭളേർ! ഭളേർ! ചോര അങ്ങനെ ശീക്ക്! ശീക്ക്! ശീക്ക്! അപ്പോൾ ജൂഡിത്തിൻെറ സന്തോഷം കണ്ടോ?

സാൾ: (തലകുലുക്കിക്കൊണ്ടു്) അതേ, അതേ, ഞാൻ അവളേ നോക്കിയിട്ടു വേണം നീ എന്നെ കാച്ചാൻ!

സക്കറിയാസ്: (സംതൃപ്തനായി ജോസഫിനോടു്) നീയോ?

ജോസഫ്: നീ ഒന്നും ചെയ്യേലെങ്കിൽ ഞാൻ സത്യം പറയാം.

സക്കറിയാസ്: (ചിരിച്ചുകൊണ്ടു്) മ്, പറഞ്ഞോ!

ജോസഫ്: ഞാൻ ഒന്നു നോക്കി.

സക്കറിയാസ്: ഹ— ഹ— ഹ— കള്ളൻ! കള്ളൻ! സാൾ, ഇവൻ വലിയ കള്ളൻ! ഹ—ഹ—ഹ— സാൾ, നീയും ഒന്നു നോക്കിക്കോ, സമ്മതിച്ചിരിക്കുന്നു.

ഭൃത്യൻ: ജൂഡിത്തോ? അതാരു്?

സക്കറിയാസ്: ഇവനെവിടെ കിടന്നവനെടാ? എടാ ജൂഡിത്, എൻെറ പ്രിയതമ ജൂഡിത്, മനസ്സിലായോ? (ഗ്ലാസ്സ് നീട്ടിക്കൊണ്ടു്) ഒഴിക്കു്!

ജോസഫ്: ഗവർണ്ണർ ആകെ മിരണ്ടുപോയി.

സാൾ: അയാൾ വെറുതേ വിട്ടേനേ. പക്ഷേ,—

സക്കറിയാസ്: മ്, എന്നാൽ കാണാമായിരുന്നു! എല്ലാം കൂടെ ഇന്നു കഴിഞ്ഞേനേ! അയാളുടെ മട്ടുകണ്ടിട്ടു് എനിക്കു തൊഴിക്കണമെന്നു തോന്നി. പക്ഷേ, സാൾ, ഈ പെണ്ണുങ്ങളുടെ കാര്യം വലിയ വിഷമംതന്നെ.

സാൾ: എന്തു പററി?

സക്കറിയാസ്: ഹ്, അവൾ എന്നേ ഒന്നു വിടാതെ എന്തുചെയ്യും?

ജോസഫ്: ആര്?

സക്കറിയാസ്: ജൂഡിത്തേ, അവളെൻെറ കൈയിൽ തുങ്ങിക്കൊണ്ടാൽ പിന്നെന്താ നിവൃത്തിയെന്നോ?

ഭൃത്യൻ: ഇവൻെറ ധൈര്യമൊക്കെ കുരിശിൽ തൂങ്ങുമ്പോഴും കാണുമോ?

സക്കറിയാസ്: ഓ, ഈ പിത്തലാട്ടം ഒന്നും അവിടെ വേണ്ട. അവിടെ കിടന്നു നായടെകൂട്ട മോങ്ങിയതു തന്നെ.

സാൾ: നേരം പോകുന്നു.

സക്കറിയാസ്: ഉള്ളതാണ്. അവൾ എന്നെ കാത്തു നില്ക്കും.

(ബാറബാസിൻെറ മൂന്നുനാലു സ്നേഹിതന്മാർ അവനെ കൂട്ടിക്കൊണ്ടു പ്രവേശിക്കുന്നു. അവൻ മനസ്സുഖമില്ലാത്തവനേപ്പോലെ കാണപ്പെടുന്നു. എല്ലാവരും എഴുനേല്ക്കുന്നു. സക്കറിയാസ് അല്പം അകലെ നില്ക്കുന്നു. ജോസഫും സാളും അടുത്തുചെന്ന് അവൻെറ കൈ പിടിച്ചു കലുക്കുന്നു.)

(അടുത്തുചെന്നു സ്നേഹസ്വരത്തിൽ) ബാറബാസ്, എൻെറ പ്രിയതമയുടെ അഭിമാനസംരക്ഷണത്തിനായി മഹാദുഃഖം അനുഭവിച്ച ധീരനായ സഹോദരാ, സ്വാഗതം!

(സാളും ജോസഫും പരസ്പരം നോക്കിച്ചിരിക്കുന്നു.)

ബാറബാസ്: (ദുശ്ശങ്കയോടും കോപത്തോടും) നിങ്ങളാര്? നിങ്ങളുടെ പ്രിയതമ ആര്? എനിക്കെന്തു ബന്ധം?

സക്കറിയാസ്: (വിധേയഭാവത്തിൽ) എന്നെ അറിയുകയില്ലേ?

ബാറബാസ്: ഇല്ല.

സക്കറിയാസ്: അയ്യോ, ഇസ്കാരിയട്ടിന്റെ പുത്രി എന്റെ ഭാര്യയല്ലിയോ?

ബാറബാസ്: (സകലതും മറന്നു് ഉല്ക്കടകോപത്തോടു കൂടി) നിൻെറ ഭാര്യയോ?

സക്കറിയാസ്: (ഭയപ്പെട്ടു് ഒന്നുരണ്ടടി പിന്നോക്കംവച്ചിട്ടു്) എൻെറ ഭാര്യയല്ല—

ബാറബാസ്: നിൻെറ ഭാര്യയല്ലേ?

സക്കറിയാസ്: ഭാര്യയല്ല, എന്റെ പ്രതിശ്രുതയായ വധു.

(ബാറബാസ് ഉരിയാടുവാൻ ശക്തനല്ലാതെ അവനെ തുറിച്ചുനോക്കിക്കൊണ്ടു് ഇരുന്നുപോകുന്നു.)

(ഭയത്തോടുകൂടി) അയ്യോ, അതിനു് ഇത്ര കോപിക്കണോ? അവൾ നിങ്ങളെക്കണ്ടു് (പതുക്കെ മുമ്പോട്ടു് അടുക്കുന്നു) നന്ദി പറയാനായി അവിടെ കാത്തി—(കൈ നീട്ടുന്നു.)

ബാറബാസ്: ഛായ്! തൊടരുതു്. (കൈ ഉഗ്രമായി തട്ടിക്കളയുന്നു.)

(സക്കറിയാസ് മാറിനിന്നു കൈ തിരുമ്മുന്നു. സാളും ജോസഫും ചിരിയടക്കാൻ വിഷമിക്കുന്നു.)

സക്കറിയാസ്: (അവരോടു്) എന്തിനാ കിളിക്കുന്നതു്? ഞാനായതു ഭാഗ്യം! അല്ലെങ്കിൽ കാണാമായിരുന്നു! കൈ രണ്ടു തുണ്ടം! (കൈ തിരുമ്മുന്നു.)

(എല്ലാവരും പൊട്ടിച്ചിരിക്കുന്നു.)

ബാറബാസ്: (ഒരു സ്നേഹിതനോടു്) ഇവനാരു്?

സ്നേഹിതൻ: ഇവനൊരു ഭ്രാന്തനാണു്! നീ വാ! (പിടിച്ചിരുത്തുന്നു. ഹോട്ടൽക്കാരനോടു്) എടാ ഉള്ളതെല്ലാം കൊണ്ടുവാ.

(ഹോട്ടൽക്കാരൻ ഭോജ്യപേയങ്ങൾ നിരത്തുന്നു. എല്ലാവരും ഭക്ഷിക്കുന്നു.)

സ്നേഹിതൻ: ബാറബാസിൻെറ ആരോഗ്യത്തിനു്!

എല്ലാവരും, എല്ലാവരേക്കാളും ഉച്ചത്തിൽ സക്കറിയാസും }: ബാറബാസ്! ബാറബാസ്!

സക്കറിയാസ്: (ഹോട്ടൽക്കാരനോട്ട്) എടാ, നോക്കി നില്ക്കുന്നോ? ഒഴി!

(ഹോട്ടൽക്കാരൻ വൈൻ ഒഴിക്കുന്നു.)

ബാറബാസിൻെറ സ്വാതന്ത്ര്യത്തിന്ന്!

എല്ലാവരും: ബാറബാസിന്ന സ്വാതന്ത്ര്യം! ബാറബാസ്! ബാറബാസ്!

സക്കറിയാസ്: (വീണ്ടും ഹോട്ടൽക്കാരനോട്ട്) എപ്പോഴും പറയണോ? ഒഴിക്ക്!

(ഹോട്ടൽക്കാരൻ വൈൻ ഒഴിക്കുന്നു.)

ബാറബാസിൻെറ പ്രിയതമ ജൂഡിത് ഇസ്കാരിയട്ടിൻെറ ആരോഗ്യത്തിന്ന്!

(സക്കറിയാസുമാത്രം കുടിക്കുന്നു. ബാക്കി എല്ലാവരും ചിരിച്ച വിഷമിക്കുന്നു. ബാറബാസ് ഈ ഭീമാബദ്ധത്തിൽ സ്തബ്ധനായി തുറിച്ചുനോക്കിക്കൊണ്ട് ഇരുന്നുപോകുന്നു.)

(കുടിച്ചുകഴിഞ്ഞിട്ട് ബാറബാസിനോട്ട്) എന്തിനാ നോക്കുന്നതു്? എങ്ഹേ, നമുക്കു വേണ്ട. ഇതിന്നു മുതലില്ല. (കൈ തിരുമ്മിക്കൊണ്ട്) ഇനി ഒന്നുകൂടെ ക്കൊണ്ടാൽ എല്ലൊടിഞ്ഞതുതന്നെ! നമ്മളിതാ വിട്ടിരിക്കുന്നു. എട്ടത്തോണ്ടാൽമതി!

(മെൽഷിയാർ പ്രവേശിക്കുന്നു.)

മെൽഷിയാർ: കിട്ടുമെങ്കിൽ, അല്ലേ, സക്കറിയാസ്?

(എല്ലാവരും അറിയാതെതന്നെ എഴുന്നേല്ക്കുന്നു; ബാറബാസ് അദ്ദേഹത്തെക്കണ്ട് അത്ഭുതപ്പെടുന്നു.)

കിട്ടാതിരിക്കുവാൻ കാരണമെന്തു്? പതിവ്രതയായ ജൂഡിത് പാവനചരിതനായ ബാറബാസിനേയല്ലാതെ ആരെ പരിണയിക്കും? ഞാൻ നിങ്ങളെ ഉപദ്രവിച്ചതിന്നു മാപ്പുതരണം. ഇസ്രയേലിൻെറ സന്താനങ്ങൾ ശ്രേഷ്ഠന്മാർ! അവരാൽ തിരഞ്ഞെടുക്കപ്പെട്ട ബാറബാസോ? ശ്രേഷ്ഠന്മാരിൽ ശ്രേഷ്ഠൻ. അദ്ദേഹത്തിൻെറ മുൻപിൽ ഞാൻ നമിക്കുന്നു.

ബാറബാസ്: (അസുഖത്തോടുകൂടി) നിങ്ങളെ എനിക്കറിഞ്ഞുകൂട. നിങ്ങളുടെ അനുമോദനംകൊണ്ടു് എനിക്കു് ഉപയോഗവുമില്ല.

(വെളിയിൽ ആരവം കേൾക്കുന്നു.)

സാൾ: അവർ കാൽവരിയിലേക്കു പോകയാണു്. (ഓടുന്നു.)

എല്ലാവരും: ബാറബാസ്, ഞങ്ങൾ പോകയാണു്. (ഓടിപ്പോകുന്നു.)

ബാറബാസ്: എനിക്കു പോകണം.

മെൽഷിയാർ: ഈ വേഷത്തിലോ? ഇതെത്ര ബീഭത്സമായിരിക്കുന്നു. എൻെറ താമസം ഇതിൻെറ മുകളിലത്തെ നിലയിലാണു്. വരണം. ഒന്നു കുളിച്ചു വസ്ത്രം മാറിയിട്ടു പോകാം. അതല്ലേ ഭേദം? എന്തെന്നാൽ നിങ്ങളുടെ പ്രിയതമയും അക്കൂട്ടത്തിൽ കാണും. അവൾ നിങ്ങളെ നോക്കി ചിരിക്കയില്ലേ? പണ്ടത്തേപ്പോലെ?

ബാറബാസ്: (മുഖം ചുവന്നു എങ്കിലും വികാരം അടക്കിക്കൊണ്ടു്) ഞാൻ ആരുടേയും ആജ്ഞ അനുസരിക്കാറില്ല. ഞാൻ സ്വാതന്ത്ര്യനായതു് പെട്ടെന്നു് ഒരാളുടെ അടിമയാകാനും അല്ല. ഞാൻ പോകുന്നു. എനിക്കു് നസറേയൻെറ മരണം കാണണം.

മെൽഷിയാർ: (മുഖത്തു് ഒരു കാർമേഘം വ്യാപിക്കുകയും മറയുകയും ചെയ്യുന്നു.) അതു നിന്നെ കാണിക്കാം. അതു് ആരാണു കാണാത്തതു്? സകല ലോകവും അപ്പോൾ അവിടെ ഉണ്ടായിരിക്കും. മാനവവംശത്തിൻെറ കൊലപാതകമഹാഘോഷമല്ലേ? യഹൂദന്മാരുടെ ദൈവസൃഷ്ടി! നിസ്തുലമഹോത്സവം! അവിസ്മരണീയം! അതു നിശ്ചയമായും നിന്നേക്കാണിക്കാം.

പക്ഷേ, ബാറബാസ്, ഞാൻ പറയുന്നതു വിശ്വസി ക്കു്. നിൻെറ പ്രേമഭാജനവും അവിടെ കാണും! അവൾ അവളുടെ കാമുകനെ ഈ വേഷത്തിൽ, കൂട്ടിൽ നിന്നു രക്ഷപെട്ട കരടിയെപ്പോലെ, കണ്ടാൽ എന്തു വിചാരിക്കും! എങ്കിലും ഞാൻ പറയുന്നതു കേൾക്കണ്ട. നീ സ്വതന്ത്രബുദ്ധിമാൻ! നിൻെറ ഇഷ്ടംപോലെ ചെയ്താൽ മതി. വരുന്നെങ്കിൽ വന്നാൽ മതി. (ഒന്നു രണ്ടു ചുവടു നടന്നു തിരിഞ്ഞുനിന്നു്) ഇന്നു് പിലാത്തോസിൻെറ കച്ചേരിയിൽ കേട്ട ആ മധുരസ്വനം കാൽവരിയിലും കേൾക്കാറാകും. (പോകുന്നു.)

ബാറബാസ്: (അത്ഭുതപൂർവ്വം സ്വല്പം നിന്നിട്ടു് പെട്ടെന്നു നടന്നുകൊണ്ടു്) ഞാനും വരുന്നു. (പുറകെ പോകുന്നു.)

(കർട്ടൻ)

രംഗം 13

[കാൽവരിയിലേക്കുള്ള വഴി. കട്ടൻെറ അകത്തുനിന്നു വലിയ ആരവം കേൾക്കുന്നു. കർട്ടനുയരുന്നു. ഒരുവശത്തുകൂടെ ആളുകൾ തിക്കിത്തിരക്കി പ്രവേശിക്കുന്നു. കൂകിവിളിച്ചുകൊണ്ടു മുമ്പോട്ടു നടക്കുന്നുവെങ്കിലും അവരുടെ നോട്ടം പിന്നോട്ടുതന്നെയാണു്.]

ഒരുത്തൻ: (വിളിച്ചുപറയുന്നു) എടാ മാറിനില്ലെടാ! അവൻ ഉരുണ്ടു പുറത്തു വീഴും; മാറിക്കോ!

രണ്ടാമൻ: അമ്പേ! വീണേച്ചാലോ! പത്തുപേർ ചത്തതു തന്നെ അടയാളം.

(ചിരി.)

മൂന്നാമൻ: പോരെങ്കിൽ പുറത്തു് ഒരുകണ്ടിത്തടിയുമുണ്ടു്. ഭൂമി കുലുങ്ങിയതുതന്നെ.

(ചിരി.

ക്രിസ്തു കുരിശു ചുമന്നുകൊണ്ടു് അത്യന്തം ക്ഷീണനായി കാലുറ യ്ക്കാതെ നടന്നു പ്രവേശിക്കുന്നു.)

ഒരു ഭടൻ: വീഴാൻപോകുന്നോ! നിന്നെ വീഴിച്ചേക്കാം.

(കുന്തംകൊണ്ടു കുത്തിത്തള്ളുന്നു.)

(ക്രിസ്തു കുത്തിൻെറ വേദനകൊണ്ടു ഞെളിയുന്നു. നിന്നുപോകുന്നു.)

രണ്ടാംഭടൻ: ച്ശ്രു! നില്ക്കുന്നോടാ! (അടിക്കുന്നു.)

(ക്രിസ്തു പിന്നെയും വേച്ചുവേച്ചു നടക്കുന്നു.)

ഒന്നാംഭടൻ: നീ എങ്ങോട്ടാടാ നടക്കുന്നതു്? എടാ, മുൻ പോട്ടു നടക്കാനാണു പറഞ്ഞതു്. (അടിക്കുന്നു.) മുൻപോട്ടു്, മനസ്സിലായോ? (അടിക്കുന്നു.) മുൻപോട്ടു്, മുൻപോട്ടു്. (അടിക്കുന്നു.)

(ക്രിസ്തു കാലുപതറി വീഴാൻതുടങ്ങുന്നു. നിന്നു് ആടുന്നു.)

ഒന്നാമൻ: (ക്രിസ്തുവിനെ നോക്കി) എടാ, പൊണ്ണാ, പറ ഞ്ഞേച്ചേ വീഴാവേ!

രണ്ടാമൻ: അടിയെടാ, അവൻെറ ചെപ്പക്കു്. പൊണ്ണ ത്തടിയൻ നിന്നോണ്ടാടുന്നതു കണ്ടില്ലേ?

മൂന്നാമൻ: അതാണു വേണ്ടതു്! ഈ കള്ളത്തരത്തിനു് അടിച്ചു പല്ലുതുപ്പിക്കണം!

ഒന്നാമൻ: (ആക്ഷേപസ്വരത്തിൽ) അയ്യോ! അവൻ ലോ കത്തിൻെറ ഭാരം ചുമന്നു ചുമന്നു തളൎന്നുപോയില്ലേ? (ക്രിസ്തുവിനെ തുപ്പിയിട്ടു്) എവിടെടാ നിൻെറ പ്ര സംഗമൊക്കെ? നിനക്കു ലോകത്തിൻെറ ഭാരം ചുമ ക്കാം, ഒരു തടിക്കഷണം ചുമ്മാൻ വയ്യാ, അല്ലേടാ? (തുപ്പുന്നു.)

(പിന്നാലെ കുറച്ചു സ്ത്രീകൾ കരഞ്ഞുകൊണ്ടു പ്രവേശിക്കുന്നു.)

ഒരുത്തി: ദൈവമേ! ഇതെന്തു കഷ്ടം! അയ്യോ! ഇപ്പോൾ താഴെവീഴും! പാവം! വല്ലവരും ഒന്നു്—ഹാ!

(ക്രിസ്തു ക്ഷീണിച്ചു് കുരിശിനടിയിൽ വീഴുന്നു. സ്ത്രീകൾ ഉറക്കെ കരയുന്നു. പുരുഷന്മാരിൽനിന്നു് ''അയ്യോ ചത്തു!'' ''അവൻ

തുലഞ്ഞു!'' ''അവിടെ കുഴിച്ചിട്ടേച്ചാൽ മതി!'' ''കള്ളം! പച്ച ക്കള്ളം!'' എന്നിങ്ങനെ പല ശബ്ദങ്ങളും പുറപ്പെടുന്നു.)

ഒരുത്തൻ: ചവിട്ടെടാ, അവനെ! കരിങ്കള്ളൻ! പിത്ത ലാട്ടം കാണിക്കുന്നോ?

രണ്ടാമൻ: (ഹാസ്യമായി) എണീക്കാനും ഭാവമില്ലേ? (സകോപം) കിടക്കുന്നോ അവിടെ, തടിമാടൻ? വലിച്ചു പൊക്കെടാ ശവത്തിനെ!

മൂന്നാമൻ: എന്തിനാ പൊക്കുന്നതു്? അവിടിട്ടു പറുപറാ വലിക്കണം, അതാണു വേണ്ടതു്.

(ഭടന്മാർ ക്രിസ്തുവിനെ ഉയർത്തുവാൻ ശ്രമിക്കുന്നു.)

ഒന്നാമൻ: അമ്പെടാ ഈ സാധനം എങ്ങനെ വലിച്ചു പൊക്കും? കപ്പീം കായ്യാവും വേണമല്ലോ.

രണ്ടാമൻ: പതുക്കെ വേണേ! ഇപ്പോഴേ കൊല്ലരുതേ!

മൂന്നാമൻ: ഉള്ളതാണു്, അങ്ങുകൊണ്ടു പററിക്കണേ!

ഒന്നാമൻ: ഞങ്ങളീ വെയിലെല്ലാം കൊണ്ടതു വെറുതേ ആക്കരുതേ!

(ക്രിസ്തുവിനെ എഴുന്നേല്പിച്ചു താങ്ങിനിർത്തുന്നു. ഒന്നുരണ്ടുപേർ കുരിശും താങ്ങിപ്പിടിക്കുന്നു.)

ഒന്നാമൻ: അവൻ ഉറങ്ങുകയാണു്. എടോ, അങ്ങോട്ടു നടന്നാട്ടെ, കേട്ടോ?

രണ്ടാമൻ: അങ്ങു ചെന്നിട്ടുറങ്ങാമല്ലോ!

മൂന്നാമൻ: പിന്നൊട്ടുണരുകയും വേണ്ട.

ഒന്നാമൻ: (ഭടന്മാരോടു്) നിങ്ങളെന്തോന്നാ ഈ നോക്കി നില്ക്കുന്നതു്? നേരം സന്ധ്യയാകാറായല്ലോ!

രണ്ടാമൻ: പിലാത്തോസിന്റെ ശേഷക്കാരല്ലിയോ? ഉച്ച തിരിയുന്നതുവരെ അയാളുടെപേക്കു്; പിന്നെ വൈ കുന്നതുവരെ ഇവരും.

ഒന്നാമൻ: (കുരിശു പിടിച്ചിരിക്കുന്ന ഭടനോടു്) എടുത്തു വയ്ക്കരുതോ ആ കുന്തം അവൻെറ പിടലിക്കു്.

(സ്ത്രീകളുടെ കരച്ചിൽ വർദ്ധിക്കുന്നു.)

ഒരു സ്ത്രീ: കഷ്ടം! കഷ്ടം! ദ്രോഹികളെ! അദ്ദേഹത്തിന്ന് ഒരുതുള്ളി വെള്ളമെങ്കിലും കൊടുക്കാൻ ഒരുത്തരുമില്ലേ?

ഒന്നാമൻ: വെള്ളമല്ല വീഞ്ഞാണു കൊടുക്കുന്നതു്! അവനു കൊടുക്കുന്നു! അവൻെറ കള്ളത്തരത്തിനു വല്ലതും കൊടുക്കേണ്ടതാണു്. (ക്രിസ്തുവിനെ പിടിച്ചിരിക്കുന്ന ഭടനോടു്) താനെന്തിനാടോ അവനെ പിടിച്ചിരിക്കുന്നതു്?

രണ്ടാമൻ: അമ്പോ! കൊച്ചു കുഞ്ഞല്ലിയോ? ഇയാളു പിച്ചനടത്താൻ തുടങ്ങുകയാണോ?

മൂന്നാമൻ: വിടെടൊ അവനെ! നടക്കാൻ പറയൂ!

(ഭടൻ വിടുന്നു, ക്രിസ്തു വീണ്ടും വീഴാൻ തുടങ്ങുന്നു, ഭടൻ വീണ്ടും പിടിക്കുന്നു.)

ഒരു സ്ത്രീ: മഹാപാപികളെ! അദ്ദേഹത്തെ വഴിക്കിട്ടു കൊല്ലണമെന്നു നിങ്ങളുടെ ഗവണ്ണരു പറഞ്ഞിട്ടുണ്ടോ?

മറെറാരുത്തി: കഷ്ടം! കഷ്ടം! അദ്ദേഹം മരിക്കാറായി! അയ്യോ! ഈ പിശാചുക്കളേയും പെണ്ണുങ്ങൾ പ്രസവിച്ചതാണോ? ദൈവമെ! കുറച്ചു വെള്ളമെങ്കിലും കൊടുക്കാനാരുമില്ലെ?

ഒന്നാമൻ: ഉള്ളതാ പറഞ്ഞതു്. ഞാൻ കൊടുക്കാം. ഇവിടെ ഉരുണ്ടുവീണു ചത്താൽ നമുക്കല്ലിയോ നഷ്ടം.

(അയാറം പോയി ഒരു ഗ്ലാസ്സിൽ കുറെ വെള്ളം കൊണ്ടുവന്നു് ഉയത്തി പിടിച്ചുകൊടുക്കുന്നു. ഗ്ലാസ്സ് ക്രിസ്തുവിൻെറ അധരങ്ങളിൽ മുട്ടുന്നു. കുടിക്കുന്നില്ല. ക്രിസ്തു കണ്ണു തുറക്കുന്നു. മനോഹരവും കൃതജ്ഞതാപൂണ്ണവുമായ ഒരു പുഞ്ചിരി പ്രകാശിക്കുന്നു.)

രണ്ടാമൻ: അയ്യോടാ, കിളിച്ചല്ലോടാ? അടിയടാ അവന്റെ മോന്തയ്ക്കു്!

മൂന്നാമൻ: ഇനി അങ്ങോട്ടു് എഴുന്നള്ളരുതോ?

ഒരു ഭടൻ: കുരിശു് ആരെങ്കിലുമെടുത്തേ ഒക്കൂ. ഇനി ഇവനെക്കൊണ്ടു ചുമപ്പിക്കുവാൻ സാധിക്കുകയില്ല.

ഒന്നാമൻ: എന്നാൽ താൻതന്നെ എടുത്തു തോളത്തു വെച്ചോളൂ.

രണ്ടാമൻ: വേണമെങ്കിൽ അവനേയുംകൂടി ചുമന്നോളൂ.

മൂന്നാമൻ: വേണ്ടടാ. ഇതാ വരുന്നു പററിയ പുള്ളി.

(സൈമൺ പ്രവേശിക്കുന്നു. എല്ലാവരും തുള്ളിച്ചാടി ആർത്തുവിളിക്കുന്നു.)

ഒന്നാമൻ: എടാ പൊണ്ണാ, അങ്ങോട്ടു ചെല്ലു്! എടുക്കു് ആ കുരിശു്!

സൈമൺ: (ചുററും നോക്കിയിട്ടു്) എന്തൊരു പേക്കോലമാണിതു്? ഈ രാജ്യത്തുള്ള കള്ളന്മാരേയും പോക്കിരികളേയും എല്ലാം അടിച്ചോടിക്കാൻ തുടങ്ങുകയാണോ? ജറുസലേമിൽ ഇനി ആരും വേണ്ടന്നോ? (ക്രിസ്തുവിനെക്കണ്ടു്) അല്ലാ! ആ രാജാവാരു്?

രണ്ടാമൻ: ഫാ! പട്ടി! ആരെടാ നിൻെറ രാജാവു്? നീ എന്തു പറഞ്ഞെടാ? ഞങ്ങളെല്ലാം ആരെന്നാടാ നീ പറഞ്ഞതു്?

മൂന്നാമൻ: എടെടാ ആ കുരിശു്!

ഒന്നാമൻ: ച്ശ്ശു! കഴുതേ! അതെടുക്കാനല്ലേ പറഞ്ഞതു്.

(''എടുക്കെടാ'' ''എടുക്കെടാ'' എന്നു പറഞ്ഞുകൊണ്ടു് എല്ലാവരും ചുററും കൂടുന്നു. സൈമൺ കൈ ചുരുട്ടുന്നു. എന്നാൽ ക്രിസ്തുവിൻെറ ദൃഷ്ടി അവൻെറ മുഖത്തു തറയ്ക്കുന്നു. അവൻ നിശ്ചേഷ്ടനാകുന്നു. ജനങ്ങരം അവനെ തള്ളി കുരിശിൻെറ അടുത്തു കൊണ്ടുചെല്ലുന്നു. ഭടന്മാർ കുരിശു പൊക്കി അവൻ്റെ പുറത്തു വയ്ക്കുന്നു. എല്ലാവരും പതുക്കെ മുൻപോട്ടു നീങ്ങുന്നു. സ്ത്രീകരം കരഞ്ഞുകൊണ്ടു തടുക്കുന്നു. പുരുഷന്മാർ ''ഇവർ എന്തൊരു വിഡ്ഡികരം!'' ''ഇതെന്തു പദ്രവം!'' ''എടാ ഇവർ വിടുകയില്ലല്ലോ!'' ''സമയം പോകുന്നല്ലോ!'' ''മുൻപോട്ടു നോക്കട്ടെ!'' എന്നെല്ലാം വിളിച്ചുപറയുന്നു. എന്നാൽ സ്ത്രീകരം പിന്നെയും കൂട്ടതലായി കരഞ്ഞുകൊണ്ടു തിങ്ങിക്കൂടുന്നു.)

ക്രിസ്തു: (ഏററവും ക്ഷീണിച്ചതെങ്കിലും മധുരവും കൃപാർദ്രവുമായ സ്വരത്തിൽ) ജെറുസലേമിൻെറ പുത്രികളേ, എനിക്കുവേണ്ടി കരയണ്ട. എന്നാൽ നിങ്ങൾക്കും നിങ്ങളുടെ സന്താനങ്ങൾക്കുംവേണ്ടി കരയുവിൻ! (ദീഘനിശ്വാസം വിട്ടു്, ഗംഭീരസ്വരത്തിൽ) എന്തെന്നാൽ മലടികൾ അനുഗൃഹീതർ, സന്താനഭാരം ചുമക്കാത്ത ഗർഭപാത്രങ്ങളും, മുലകൊടുക്കാത്ത മാറിടങ്ങളും അനുഗൃഹീതങ്ങൾ എന്നു പറയാനിടയാകുന്ന ഭാവി അതാ സമീപിക്കുന്നു. അന്നു പർവ്വതങ്ങളോടു് "ഞങ്ങളുടെമേൽ പതിക്കുക" എന്നും, കുന്നുകളോടു് "ഞങ്ങളെ കുഴിച്ചുമൂടുക" എന്നും നിലവിളിക്കുവാൻ തുടങ്ങും. എന്തെന്നാൽ മരം തളിർത്തുനില്ക്കുമ്പോൾ ഇവർ ഇങ്ങനെ ചെയ്താൽ അതു് ഉണങ്ങുമ്പോൾ എന്തുതന്നെ ചെയ്കയില്ല!

(സ്ത്രീകൾ നിശ്ശബ്ദരായി, അശ്രുപൂർണ്ണരായി, വഴിമാറി ക്രിസ്തുവിനെ നോക്കിനില്ക്കുന്നു. ആൾക്കൂട്ടം ക്രിസ്തുവിനേയും കുരിശു ചുമക്കുന്ന സൈമണേയുംകൊണ്ടു മുൻപോട്ടു നീങ്ങുന്നു.)

(കർട്ടൻ)

രംഗം 14

[ഗത്സേമൻ. കർട്ടൻ ഉയരുന്നു. ജൂഡാസ് ഒരു ദുർഭൂതംപോലെ പ്രവേശിക്കുന്നു.]

ജൂഡാസ്: (കൈ ചുരുട്ടി ശ്വാസംപിടിച്ചു് കണ്ണു തുറിച്ചു് പല്ലു കടിച്ചു് പൈശാചികഭാവത്തോടുകൂടി) അവൻ എവിടെ? ആ ദ്രോഹി, ആ പരമദ്രോഹി, എവിടെ? എടാ ജൂഡാസ്, നീ എവിടെ? നീ നിൻ്റെ ഗുരുനാഥനെ ചതിച്ചു; അല്ലേ? നിൻെറ രക്ഷകനെ,

ലോകരക്ഷകനേ ചതിച്ചു; ചതിച്ചു കശാപ്പിനു കൊടു ത്തു. അല്ലേ? എന്നിട്ട്, എടാ കൂടെനിന്നുകൊണ്ട് കൊലയ്ക്കു കൊടുത്തിട്ട്, മഹാപാപീ! നീ ഒളിച്ചിരി ക്കുന്നോ? മഹാതീർത്ഥത്തിൽ വിഷം കലക്കിയിട്ട്, സ്വർഗ്ഗലോകത്തിൽ നരകം പടുത്തിട്ട്, നീ ഒളിച്ചിരി ക്കുന്നോ? നിന്നെ ഞാൻ ഒളിച്ചിരുത്താം! (കോപം വർദ്ധിക്കുന്നു, അണയ്ക്കുന്നു.) നിന്നെ...നിന്നെ... എടാ...ജൂഡാസ്...നിന്നെ ഞാൻ വിട്ടേക്കാം. എടാ നിന്നെ ഞാൻ ഞെരിക്കും—നിന്നെ ഞാൻ ഉരിക്കും— നിൻെറ മാംസം ഞാൻ വലിച്ചുപറിക്കും...നിന്നെ ഞാൻ പൊരിക്കും—വിഷത്തിലിട്ടു പൊരിക്കും! നീ ഒളിക്കുമോ? നിന്നെ ഞാൻ കടിച്ചുരിക്കും. നിൻെറ ചോരയിൽ ഞാൻ കുളിക്കും! വാ! വാ! ഇവിടെ വാടാ! (കണ്ണു തുറിച്ചുനോക്കിക്കൊണ്ടു നില്ക്കുന്നു. മുഖ ത്തെ മാംസപേശികൾ ക്രമേണ അയയുന്നു. മുഖത്ത് അത്ഭുതവും ദുഃഖവും വ്യാപിക്കുന്നു.) എടാ, ദ്രോഹീ! വാ! അതാ നോക്ക്! കാണെടാ അത്! ആ കാഴ്ച കാ ണേണ്ടവൻ നീയല്ലാതെ പിന്നാര്? എടാ, അപശപ്ത നായ പരമവഞ്ചകീ! നിൻെറ വിഷജ്ജ്വാലയേററു കത്തിക്കാളുന്ന കല്പപാദപമല്ലേ അത്? നിന്റെ വിഷ പ്പല്ലേററു പിടഞ്ഞു മൃതിയടയാൻ തുടങ്ങുന്ന മൃഗശാ ബകമല്ലേ? അതു കാണ്! കണ്ടു നിൻെറ കണ്ണു കുളി ക്കട്ടെ. അതാ! ഹാ! നീ പലനാൾ പിന്തുടന്നു പരിച രിച്ച പരിശുദ്ധപാദങ്ങളിൽ, നിന്റെ തലയിൽ പല വുരു തൊട്ടനുഗ്രഹിച്ച പാവനപാണികളിൽ, ഇരു മ്പാണി അടിച്ച് ആ അതിപേലവപല്ലവങ്ങൾ മറി ഞ്ഞു, ചതഞ്ഞു, ജീവരക്തം തുള്ളിതുള്ളിയായി ഒ ഴിഞ്ഞു, നിന്നിൽ കൃപാമഴ പൊഴിച്ചുപോന്ന ദീർഘ

ലോചനങ്ങൾ പ്രാണവേദനയാൽ ഒട്ടൊന്നടഞ്ഞു്, നിനക്കു ധർമ്മോപദേശം ചെയ്തുതന്ന മൃദുലാധരങ്ങൾ തെല്ലൊന്നമർന്നു്, ഓരോ മുഖരേഖയിലും പ്രാണസങ്കടം തെളിഞ്ഞു്, മാംസപേശികൾ വലിഞ്ഞു്, ഓരോ ഞരമ്പും തകർന്നു്, ഹാ! ആകെ തളർന്നു്, അതാ ലോകനാഥൻ—നിന്റെ ഗുരുനാഥൻ!—(ആകാശത്തു നോക്കിനില്ക്കുന്നു. കൈ വീണ്ടും ചുരുളുന്നു. ദേഹം വീണ്ടും ചുരുങ്ങുന്നു. ഉള്ളടദുഃഖവും നിരാശയും ബാധിക്കുന്നു.) ചത്തു! ചത്തു! കൊന്നു! അവർ കൊന്നു! ആ ദ്രോഹികൾ കൊന്നു!...ആ...ദ്രോഹികൾ...ആ...ആ...ദ്രോഹി! അവൻ——ഞാൻ!...ജൂഡാസ്! ഹാ! (ബോധശൂന്യനായി വീഴുന്നു. സ്വല്പം കിടന്നിട്ടു് 'ഹാ' എന്നലറിക്കൊണ്ടു് ചാടിയെണീക്കുന്നു. അത്യന്തഭീതിയോടുകൂടി) തീ! തീ! അഗ്നി! പാതാളവഹ്നി! ഗന്ധകഗന്ധം!... കാളസർപ്പങ്ങൾ! കങ്കാളകേളി!...കരാളദംഷ്ട്രകൾ!... വിഷം!...അസ്ഥി!...കഠാരി!...ഖഡ്ഗം!...മരണം!... മരണം!...(പെട്ടെന്നു് ആരെയോ കണ്ടതുപോലെ) ഹാ! നീ ആരു്? (പുറകോട്ടു് ആഞ്ഞുകൊണ്ടു്) നീ എന്നെ പിടിക്കാൻ വരുന്നോ? (ഒന്നുരണ്ടടി പുറകോട്ടുവയ്ക്കുന്നു. ശബ്ദം ഉയരുന്നു.) നില്ലെടാ അവിടെ! (പിന്നെയും പിന്നോട്ടു മാറി കൈ രണ്ടും നീട്ടിത്തട്ടിക്കൊണ്ടു് ഗർജ്ജിക്കുന്നു.) എന്നെ തൊടരുതു്! (ഭയങ്കരമായ വേദനയോടുകൂടി) ആ! (എന്നലറിക്കൊണ്ടു് ഒരു വശത്തു് ഏതോ പരുക്കേററതുപോലെ അങ്ങോട്ടു കുനിഞ്ഞു് ഏതോ സാങ്കൽപ്പികരൂപത്തെ പിടിച്ചു് ഉതറിക്കൊണ്ടു്) കടിച്ചു!...പൊടിഞ്ഞു! (ഉടനെ മറുപുറത്തേക്കു് അങ്ങനെ തിരിഞ്ഞലറിക്കൊണ്ടു്) ഹയ്! തീ! പൊള്ളി!...വെന്തു! (നാലു

പുറത്തുനിന്നും ഉപദ്രവങ്ങൾ നേരിട്ടതുപോലെ ചുറ്റും തിരിയുകയും പുളയുകയും ചാട്ടുകയും അലറുകയും മറ്റും ചെയ്തുകൊണ്ട്) ആ! കരിഞ്ഞു!...ഹയ്യോ!...ഒടിഞ്ഞു!...ഹോ പറിഞ്ഞു!...ചത്തു!...നീ!...ആ!...നീ എന്നെ...ആ!...ദ്രോഹീ!...പിശാചേ!...ഹയ്യോ!... ആ!...നിന്നേ...നിന്നേ...(ചാടി എന്തിനേയോ പിടിക്കുന്നു. ഉലയ്ക്കുകയും ഇടിക്കുകയും കടിക്കുകയും കിടന്നുരുളുകയും മററും ചെയ്തുകൊണ്ട്) നീ! എടാ! പിശാചേ! നീ എന്നേ കടിക്കുമോ? നീ!...ആ!...നിന്നെ ഞാൻ വിട്ടുമോ? നിന്നെ...ആ...നിന്നേ...ഞാൻ കാണിച്ചുതരാം. ഇനി...നിന്നേ...എടാ, ഞാൻ നിന്നെ കെട്ടിയിട്ടും. (ഉരുണ്ടു മറയുന്നു.)

(അണിയറയിൽ)

(ആ! നിന്നേ ഞാൻ കെട്ടിത്തൂക്കും. ഈ മരക്കൊമ്പത്തു്—(കഴുത്തിറുകിയതുപോലെ) ആ!

(കർട്ടൻ)

രംഗം 15

[കാൽവരി. കുട്ടന്റെ ഉള്ളിൽനിന്നു പൈശാചികമായ ആട്ടഹാസരവം ഉച്ചത്തിൽ മുഴങ്ങുന്നു. ഒരു ഭയങ്കരമായ ഇടി വെട്ടുന്നു. ആരവം പെട്ടെന്നു നിലയ്ക്കുന്നു. വീണ്ടും ഇടി വെട്ടുന്നു. ജനങ്ങൾ ഭയവിഹ്വലരായി കൂട്ടം നിലവിളിക്കുന്ന ശബ്ദം കേൾക്കുന്നു. വീണ്ടും ഇടി വെട്ടുന്നു. അസംഖ്യം കണ്ഠത്തിൽനിന്നു പുറപ്പെട്ട ''യഹോവേ!'' എന്നുള്ള വിളി ദീർഘമായി മുഴങ്ങുന്നു. കർട്ടൻ ഉയരുന്നു. രംഗം അന്ധകാരത്തിൽ മൂടിയിരിക്കുന്നു. വെളിച്ചം അല്പാല്പമായി വ്യാപിച്ച് അരമിനിട്ടു സമയംകൊണ്ടു രംഗം പൂർണ്ണപ്രകാശം പ്രാപിക്കുന്നു. മദ്ധ്യഭാഗത്തു് ക്രിസ്തുവും അദ്ദേഹത്തിന്റെ ഓരോവശത്തും ഓരോ കള്ളനും കുരിശിൽ തൂങ്ങിക്കിടക്കുന്നു. വലത്തുവശത്തു് കന്യകാ

മേരി, മഗ്ദലനമേരി, മാത്ത, ജോൺ, ബാറബാസ്, മെൽഷിയാർ എന്നിവരും ഇടത്തുവശത്തു് കയാഫസ്, അന്നാസ്, ജൂഡിത് ഇവരും ഇരുവശത്തുമായി മററു വളരെ ആളുകളും മുട്ടുകുത്തിയിരിക്കുന്നു. അരമിനിട്ടുകൂടെക്കഴിഞ്ഞു് കർട്ടൻ വീഴുന്നു.]

രംഗം 16

[പിലാത്തോസിൻെറ ഗൃഹം. സമയം രാത്രി. പിലാത്തോസ് ക്ഷീണനായി ഒരു സോഫായിൽ ചാരിക്കിടക്കുന്നു. സമീപത്തായി അരിമത്തിയാജോസഫ് നില്ക്കുന്നു.]

പിലാത്തോസ്: നിങ്ങളാരു്? അടുത്തുവരൂ. കുറേക്കൂടെ. (സൂക്ഷിച്ചുനോക്കിയിട്ടു്) നിങ്ങളാരു്? ഒരു നിഴൽ പോലെ ഇരിക്കുന്നു. ഈ മുറി മുഴുവൻ നിഴലാണു്. അശരീരികളായ ഛായകൾ! നിങ്ങൾ—(ഓർത്തിട്ടു്) നിങ്ങൾ ജോസഫാണു്, അല്ലേ? അരിമത്തിയായിലെ ജോസഫ്?

ജോസഫ്: അതേ പ്രഭോ.

പിലാത്തോസ്: അതേ, ജോസഫ്—ഒരു യഹൂദൻ. ഇനി നിങ്ങൾക്കെന്തുവേണം? നിങ്ങൾക്കു വേണ്ടതൊക്കെ ഞാൻ ചെയ്തുകഴിഞ്ഞില്ലേ?

ജോസഫ്: എന്നെ വിശ്വസിക്കണം. ആ ഭയങ്കരകൃത്യത്തിനു് അങ്ങേ നിർബ്ബന്ധിച്ചവരുടെ കൂട്ടത്തിൽ ഞാനില്ല. ഞാൻ, ഇപ്പോൾ വന്നതു ക്രിസ്തുവിൻെറ ദേഹത്തിനായി യാചിക്കുവാൻ.

പിലാത്തോസ്: (ഞെട്ടലോടുകൂടി എണീററിരുന്നു് വിറയ്ക്കുന്ന കൈകൊണ്ടു സോഫായിൽ പിടിച്ചുകൊണ്ടു്) ക്രിസ്തുവിൻെറ ദേഹം! ദേഹം! എന്തുപറഞ്ഞു? ക്രിസ്തുവിൻെറ ദേഹമോ?

ജോസഫ്: (അനുതാപത്തോടുകൂടി) അതേ പ്രഭോ,

ഞാൻ അദ്ദേഹത്തിൻെറ ശരീരത്തിനുതന്നെയാണു യാചിക്കുന്നതു്. നിയമപ്രകാരം വധിച്ച ഒരാളുടെ ശരീരം നല്കുന്നതിനു് അങ്ങേയ്ക്കു മാത്രമേ അധികാരമുള്ളു. അല്ലെങ്കിൽ ഈ അവസരത്തിൽ അങ്ങയെ ഞാൻ ഉപദ്രവിക്കുകയില്ലായിരുന്നു. എനിക്കായിത്തന്നെ ഞാൻ നിർമ്മിച്ചിട്ടുള്ള കല്ലറയിൽ അദ്ദേഹത്തെ സോപചാരം സംസ്കരിക്കണമെന്നാണു് എന്റെ ആഗ്രഹം.

പിലാത്തോസ്: (സംഭ്രാന്തവീക്ഷണത്തോടുകൂടി) മരിച്ചോ? മരിച്ചുകഴിഞ്ഞോ? നിശ്ചയമാണോ?

(ജോസഫ് ഒന്നും പറയുന്നില്ല.)

മരിച്ചു! ആരു്? വിഡ്ഢികൾ! അന്ധന്മാർ! നസറേയനെ മരിപ്പിക്കുക! മരണവിഹീനനെ മനുഷ്യൻ മരിപ്പിക്കുക! ആദ്യന്തവിഹീനനെ! സനാതനനെ! എന്തു്? നിങ്ങൾ അവനെ കുരിശിൽ തറച്ചു, അല്ലേ? അവൻെറ മാംസം മുറിയുന്നതു്, രക്തം പ്രവഹിക്കുന്നതു്, ശരീരം ശാരീരികവേദനകൾക്കു വിധേയമാകുന്നതു്, നിശ്ചേതനമാകുന്നതു്, നിങ്ങൾ കണ്ടു, അല്ലേ? അജ്ഞാനാന്ധന്മാർ! ശരീരത്തിനപ്പുറം കണ്ണെത്താത്ത ഹ്രസ്വദൃഷ്ടികൾ! ഞാൻ—പിലാത്തോസ്—അപ്പുറത്തേക്കു നോക്കി. ഞാൻ കണ്ടു. ഹാ! (ഞെട്ടുന്നു. ദേഹം വിറയ്ക്കുന്നു. ദൂരെ നോക്കിയിരിക്കുന്നു.) അരുതു്! അരുതു്! മിണ്ടരുതു്! കരയരുതു്! കഴിഞ്ഞു! ഫലമില്ല! ആ നശിച്ച ദ്രോഹികൾ എന്നെക്കൊണ്ടു് അതു ചെയ്യിച്ചു. ഞാൻ വിളിച്ചുപറഞ്ഞു—അവർ കാണുന്നെങ്കിൽ, അവക്കു കണ്ണുണ്ടെങ്കിൽ, കാണട്ടെയെന്നു വിചാരിച്ചു ഞാൻ വിളിച്ചുപറഞ്ഞു—ആ മാഹാത്മ്യം, ആ അത്ഭുതം, ആ പ്രകാശം! എന്നാൽ—എന്നാൽ—ഹാ! (പിന്നെയും അല്പനേരം

മൗനമായിരുന്നിട്ട്) സ്നേഹിതാ നിങ്ങൾ എന്തിനാണു വന്നതു്?

ജോസഫ്: പ്രഭോ, അങ്ങു് അസ്വസ്ഥനായിരിക്കുന്നല്ലോ. ഞാൻ എങ്ങനെ പറയും? അവിടത്തെ അനുവാദം കിട്ടിയാൽ—

പിലാത്തോസ്: അനുവാദമോ! ഞാൻ എന്തു് അനുവദിക്കണം?

ജോസഫ്: ക്രിസ്തുവിനെ സംസ്കരിക്കുവാൻ.

പിലാത്തോസ്: (സോഫായിലേക്കു ചായുന്നു) ക്രിസ്തുവിനെ സംസ്കരിക്കുവാൻ? നിങ്ങൾക്കു ക്രിസ്തുവിനെ സംസ്കരിക്കണമോ?

ജോസഫ്: അതാണെൻെറ ഏക ആഗ്രഹം.

പിലാത്തോസ്: നിങ്ങളുടെ സ്വന്തം കല്ലറയിൽ?

ജോസഫ്: അതെ.

പിലാത്തോസ്: അതു വിശാലമാണോ? അനന്തവിശാലം? ആദിമദ്ധ്യാന്തവിരഹിതം? അനന്തനെ ഉൾക്കൊള്ളുവാൻതക്കവണ്ണം?

ജോസഫ്: പ്രഭോ!

പിലാത്തോസ്: മനസ്സിലായില്ല, അല്ലേ? കഷ്ടം! എത്രയായാലും യഹൂദനല്ലേ? മനസ്സിലാകയില്ല. ആകട്ടെ അനുവദിച്ചിരിക്കുന്നു, നസറേയനെ അതിൽ അടച്ചുകൊള്ളുവാൻ. സർവ്വാന്തര്യാമിയെ, സ്ഥലകാലാതീതനെ, അടച്ചുപൂട്ടുവാൻ. പൊയ്ക്കൊള്ളൂ. ശ്രമിച്ചുകൊള്ളൂ. അനുവദിച്ചിരിക്കുന്നു.

(ജോസഫ് കൃതജ്ഞതാപൂർവ്വം നമിച്ചു് പിൻതിരിയുവാൻ തുടങ്ങുന്നു. പെട്ടെന്നു വാതിൽ തള്ളിത്തുറന്നു് കയാഫസ് പ്രവേശിക്കുന്നു.

കയാഫസ്: (അത്യധികമായ കോപാവേശത്താൽ നിരുദ്ധശബ്ദനായി) പിലാത്തോസ്, നിങ്ങൾ ഒരു രാജ

ദ്രോഹിയത്രേ! നസറേയൻെറ കപടോത്ഥാനത്തിനായി ഒരു ഉപജാപത്തിൽ പങ്കുകൂടിയിരിക്കുന്ന സ്വാമിദ്രോഹി!

പിലാത്തോസ്: (പരിപൂർണ്ണശാന്തത പ്രാപിച്ച് എണീററു് കയാഫ്സിനെ അഭിമുഖീകരിച്ചുകൊണ്ടു്) ആരു്, റോമിന്റെ പ്രജയായ നിങ്ങൾ ആരെയാണു് രാജദ്രോഹിയെന്നു വിളിച്ചതു്? ഹേ! യഹൂദപുരോഹിതപ്രധാനി, റോമാചക്രവർത്തിയായ സീസറിന്റെ പ്രതിനിധിയുടെ മുമ്പിലാണു നില്ക്കുന്നതെന്നു് നിങ്ങൾക്കറിയാമോ?

കയാഫ്സ്: (കോപംകൊണ്ടു മതിമറന്നു്) അറിയാം. അതിനപ്പുറം പലതും അറിയാം. സീസറിൻെറ ഗവർണ്ണർ ആ ചക്രവർത്തിയോടു് ദ്വേഷം പ്രസംഗിച്ചുകൊണ്ടു നടന്ന ഒരു ദുരഹങ്കാരിയായ അരാജകനെ ദൈവപുത്രനാക്കാൻ സഹായിക്കയാണെന്നറിയാം. ആ നീചനായ ലോകവഞ്ചകൻ 'മൂന്നാംനാളിൽ ഉയർന്നെണീക്കും' എന്നു പറഞ്ഞുകൊണ്ടു നടന്നതു് നിങ്ങൾ മറന്നുപോയിയെന്നു ഞാൻ വിചാരിക്കുന്നില്ല. നിങ്ങൾ അവൻെറ ശവം ഇയാളെ ഏല്പിക്കുവാൻ ഭാവിക്കുന്നു. എന്നിട്ടുവേണം ആ ശരീരം രഹസ്യമായി മാററിയിട്ടു് 'ക്രിസ്തു വീണ്ടും ജീവിച്ചിരിക്കുന്നു' എന്നു വിളംബരംചെയ്യാൻ. അല്ലെങ്കിൽ ആരും ആവശ്യപ്പെടാത്ത ഈ ഔദാര്യവുംകൊണ്ടു് ഈ മഹാനുഭാവൻ പുറപ്പെട്ടിരിക്കുന്നതെന്തിനു്?

ജോസഫ്: കയാഫ്സ്, നിങ്ങളുടെ ദോഷാരോപണം ഞാൻ വകവയ്ക്കുന്നില്ല. അതു പച്ചക്കള്ളമാണെന്നു് നിങ്ങൾക്കുതന്നെ അറിയാം. ഭീരുത്വത്തിൻെറ ലജ്ജാശൂന്യതകൊണ്ടു മാത്രമാണു് നിങ്ങൾ ഈ വിഡ്ഢിത്തം

പറഞ്ഞതെന്നെനിക്കറിയാം. പോയി കുറേക്കൂടെ ധൈര്യമായിരിക്കണം. എന്നെ ഏല്പിക്കുന്ന ശരീരം ആരും കൊണ്ടുപോകയില്ല. അദ്ദേഹത്തിൻെറ ശരീരത്തിനു് അന്തിമവിശ്രമം നല്കുവാൻ അനുവദിക്കണമെന്നു മാത്രമാണു് ഞാൻ അപേക്ഷിക്കുന്നതു്. അദ്ദേഹം ദൈവമാകട്ടെ, മനുഷ്യനാകട്ടെ, പാവനചരിതനായിരുന്നു. വഞ്ചനയാൽ അനർഹമായി മൃതിയടയുകയുമാണുണ്ടായതു്.

കയാഫ്സ്: (അതിയായ കോപത്തോടുകൂടി) ധിക്കാരം! ഹാ! പിലാത്തോസ്, നിങ്ങൾ ഈ ധിക്കാരം സഹിക്കുന്നുവോ? നിങ്ങളുടെ മുമ്പിൽവച്ചു് പുരോഹിതസിംഹാസനത്തെ ഇയാൾ അധിക്ഷേപിക്കുന്നതു് നിങ്ങൾ അനുവദിക്കുന്നുവോ?

പിലാത്തോസ്: എന്തു ധിക്കാരം! എന്തു് അധിക്ഷേപം! നിങ്ങളുടെ ഭീരുത്വവും കൗടില്യവുമല്ലേ ആളുകളെ ഇളക്കി എന്നെക്കൊണ്ടു് ആ വിധി പറയിപ്പിച്ചതു്?

കയാഫ്സ്: (കോപഹാസ്യങ്ങളോടുകൂടി പൊട്ടിച്ചിരിച്ചുകൊണ്ടു്) ഹ—ഹ—ഹ—നിർദ്ദോഷിയെ വധിക്കുവാൻ വിധിച്ച നീതിനിഷ്ഠൻ! ജനങ്ങളുടെ ഭാവഭേദം കണ്ടു് അന്യായംകാട്ടിയ മഹാധീരൻ! വധിക്കുവാൻ വിധിച്ചവൻെറ പുറകെ 'യഹൂദരാജാവു്' എന്നു് എഴുതി അയച്ച സ്ഥിരചിത്തൻ! അതിൽപ്പിന്നെ കിടക്കയിൽനിന്നു് എണീററിട്ടില്ലാത്ത പുരുഷകേസരി! രാജദ്രോഹിയെ ദൈവപുത്രനാക്കുവാൻ ഉപജാപംചെയ്യുന്ന വിശ്വസ്തൻ! ഹ—ഹ—ഹ— പിലാത്തോസ്! ഹ—ഹ—ഹ—കയാഫ്സ് നിങ്ങളുടെ മുമ്പിലോ അധിക്ഷിപ്തൻ? ഹ—ഹ—ഹ— അതു കളയണം.

പിലാത്തോസ്: (ശാന്തത വിടാതെ) കയാഫ്സ്, ഈ രാജ്യത്തു് മരക്കഷണം എത്തിപ്പോയിട്ടില്ല. എന്റെ ധൈര്യം അല്പംകൂടെ കാട്ടുവാൻ എനിക്കു മടിയുമില്ല. എന്നാൽ നിങ്ങളുടെ അനുഭവം അങ്ങനെ തീരേണ്ടതല്ല. അതുകൊണ്ടു്, ഇപ്പോൾ നിങ്ങൾക്കെന്തുവേണം? പറയൂ.

കയാഫ്സ്: അവൻെറ മൃതശരീരം ഇയാളെ ഏല്പിച്ചുകൂടാ.

പിലാത്തോസ്: ഇനി അതു സാദ്ധ്യമല്ല, ഞാൻ അനുവദിച്ചുപോയി.

കയാഫ്സ്: (കോപത്തോടുകൂടി) എന്നാൽ നിങ്ങളുടെ ഇഷ്ടംപോലെ ചെയ്യണം. വരുന്നതൊക്കെ അനുഭവിച്ചുകൊള്ളുകയുംവേണം! (ഒന്നുരണ്ടടി നടന്നു് പിന്നെയും തിരിഞ്ഞുനിന്നു്) ഹേ, മഹാനായ ഗവണ്ണർ മനസ്സുണ്ടെങ്കിൽ കേൾക്കണം. നിങ്ങളുടെ പട്ടാളക്കാർ സകല തെററും ഇപ്പോൾത്തന്നെ ചെയ്തുകഴിഞ്ഞിരിക്കുന്നു. ആ ഭീരുക്കൾ പതിവുപടി അവൻെറ കൈകാലുകൾ ഒടിച്ചില്ല. അവൻ അതിനു മുമ്പുതന്നെ ചത്തുപോയിപോലും. പോകട്ടെ! അതിനിവക്ക് എന്തുവേണം? (ജ്വലിക്കുന്നു.) ഞാനായിരുന്നുവെങ്കിൽ അവന്റെ ഓരോ എല്ലും തകക്കുമായിരുന്നു. അവൻെറ കൈകാലുകൾ വലിച്ചുപറിക്കുമായിരുന്നു. അവൻെറ മാംസം പറിച്ചു് ദൂരത്തെറിയുമായിരുന്നു. (വിറയ്ക്കുന്നു.) ഈ ഏഭ്യന്മാർ അതൊന്നും ചെയ്തില്ലെന്നു മാത്രമോ? ആ ശരീരം ആ പെണ്ണുങ്ങളെ ഏല്പിച്ചു. ആ ശവങ്ങൾ അതുവച്ചുകൊണ്ടു കിടന്നു മോങ്ങുന്നു. രാത്രിയായതു ഭാഗ്യം. ഇല്ലെങ്കിൽ വലിയ ബഹളമാകുമായിരുന്നു. ആ പെണ്ണുങ്ങൾ മരുന്നു പുരട്ടുന്നു.

ചത്തവനെ മരുന്നുതേപ്പിക്കുന്നു! അവിടെ അവളുമുണ്ടു്. ആ തേവിടിശ്ശി മഗ്ദലന. ഞങ്ങൾ പറഞ്ഞിട്ടു് അവൾ ശരീരം തരികയില്ല. ഇയാൾ ഇങ്ങോട്ടു പോന്നിട്ടുണ്ടെന്നുംപറഞ്ഞു് വച്ചുകൊണ്ടിരിക്കുകയാണു്. നിങ്ങളുടെ പട്ടാളക്കാരാണിതെല്ലാം ചെയ്തതു്.

പിലാത്തോസ്: കയാഫ്സ്, പ്രസംഗം നന്നായി. പക്ഷേ, അതത്ഭുതമില്ല. നിങ്ങൾ സംഹരിച്ചവന്റെ മൃതശരീരത്തെപ്പോലും നിങ്ങൾ എത്ര ഭയപ്പെടുന്നു എന്നെനിക്കറിയാം. നിങ്ങളെ ആശ്വസിപ്പിച്ചാൽ കൊള്ളുമെന്നു് എനിക്കും ആഗ്രഹമുണ്ടു്. എന്നാൽ വാക്കു പിൻവലിക്കാൻ സാദ്ധ്യമല്ല. ഒരു കാര്യം ചെയ്യാം. നിങ്ങൾ ആ കല്ലറയ്ക്കു മുദ്രവച്ചു കാവൽക്കാരെയും നിർത്തിക്കൊള്ളുണം.

കയാഫ്സ്: മതി. എങ്കിലും പിലാത്തോസ്, ഇതിനൊന്നും ഇടകൊടുക്കാതെയിരിക്കയായിരുന്നു നന്നു്.

പിലാത്തോസ്: അതേ, അതായിരുന്നു നന്നു്!

കയാഫ്സ്: (അസുഖഭാവത്തിൽ ഒന്നു നോക്കിയിട്ടു വീണ്ടും സാധാരണ ഭാവത്തിൽ) ഞാൻ പോകുന്നു. (പോകാൻ ഭാവിക്കുന്നു.)

പിലാത്തോസ്: (പെട്ടെന്നു്) കയാഫ്സ്, ഒരു കാര്യം വിട്ടുപോയി. ഇസ്കാരിയട്ടിന്റെ പുത്രനെ അന്വേഷിച്ചോ?

കയാഫ്സ്: (അല്പം അസ്വാസ്ഥ്യത്തോടുകൂടി) അന്വേഷിച്ചു; ഒരു വിവരവുമില്ല.

ജോസഫ്: അവൻ മരിച്ചു.

കയാഫ്സ്: (തലതിരിഞ്ഞു വീഴാൻ ഭാവിക്കുന്നവനെപ്പോലെ അരിമത്തിയാജോസഫിനെ പിടിച്ചു

കൊണ്ടു് അടഞ്ഞ സ്വരത്തിൽ) മരിച്ചു! മരിച്ചു! (ബോധശൂന്യനായി നിൽക്കുന്നു.)

(പിലാത്തോസ് ആശ്ചര്യത്തോടുകൂടി എണീററുവന്നു് കയാഫ് സിനെ നോക്കിനില്ക്കുന്നു.)

ജോസഫ്: (കയാഫ്സിനെ കുലുക്കിവിളിച്ചുകൊണ്ടു്) കയാഫ്സ്, കയാഫ്സ്, എന്തു്? എന്താണു സുഖക്കേടു്? എന്തുപററി?

കയാഫ്സ്: (ബോധം വീണിട്ടു്) ഒന്നുമില്ല, ഒന്നുമില്ല. (പിടിവിട്ടിട്ടു മാറിനിവർന്നുനിന്നു്) നിങ്ങൾ പറഞ്ഞു ജൂഡാസ് മരിച്ചുവെന്നു്, ഇല്ലേ? അസംബന്ധം! അവൻ എങ്ങനെ മരിക്കാനാണു്?

ജോസഫ്: അവൻ ഒരു മരക്കൊമ്പിൽ കെട്ടിത്തൂങ്ങി മരിച്ചുവെന്നാണു കേട്ടതു്.

കയാഫ്സ്: (ഒരു കൈകൊണ്ടു കണ്ണുമൂടത്തക്കവണ്ണം നെററിക്കു് അമർത്തിക്കൊണ്ടു സ്വല്പം നിന്നിട്ടു് ഒരു അനുകമ്പാസ്വരത്തിൽ ഗംഭീരമായ പുരോഹിതഭാവത്തിൽ) നോക്കണം, ഇതാണു ലോകസ്ഥിതി! ഇന്നലെ നവയൗവനയുക്തനായിരുന്നു. ഇന്നു് ഒരു ബീഭത്സമൃതശരീരം! ഒരു ബുദ്ധിയില്ലാത്ത പാവമായിരുന്നു. വികാരാധീനൻ. പലവുരു വഴിപിഴച്ചു. എങ്കിലും ആ വൃദ്ധപിതാവിൻെറ ഏകപുത്രൻ. അവൻെറ സഹോദരി ജൂഡിത്—(കോപവേദനകളോടുകൂടി പെട്ടെന്നു് ജോസഫിൻെറ കൈയ്ക്കു പിടിച്ചുകൊണ്ടു്) വരണം, കല്ലറ ഒന്നു കാണട്ടെ. പിലാത്തോസ്, അങ്ങേയ്ക്കു വേഗം സുഖമാകട്ടെ. അല്പം അമാന്തിച്ചെങ്കിലും നീതിചെയ്തതിനു നന്ദി. ഞാൻ കാവലുനിർത്തിക്കൊള്ളാം. ഇനി ഞാൻ ഏററു. അവൻെറ പ്രവചനം! മൂന്നുദിവസം—മൂവായിരമായാലെന്തു്? ഭൂമി പിള

രട്ടെ! പവ്വതങ്ങൾ പൊടിയട്ടെ! ബ്രഹ്മാണ്ഡം തക രട്ടെ! മരിച്ചവൻ ഇനി എണീക്കുകയില്ല!

(കയാഫ്സും ജോസഫും പോകുന്നു.)

പിലാത്തോസ്: (അല്പം ആലോചിച്ചുകൊണ്ടുനിന്നിട്ട്) മരിച്ചവൻ എഴുന്നേല്ക്കുകയില്ല! ഇല്ല, കയാഫ്സ്, മരിച്ചവൻ എഴുന്നേല്ക്കുകയില്ല! എന്നാൽ മരിക്കാത്ത വനോ? മരണം മരണമാണെങ്കിൽ അതു സാദ്ധ്യമല്ല. എന്നാൽ കയാഫ്സ്, മരണം ജനനമാണെങ്കിലോ?

(കർട്ടൻ)

രംഗം 17

[രാത്രി. ജൂഡിത്തിന്റെ ഗൃഹം.

ജൂഡിത് ഒരു വലിയ നിലക്കണ്ണാടിയുടെ മുമ്പിൽ നിന്നു് സ്വന്ത സൗന്ദര്യം കണ്ടാനന്ദിക്കുന്നു. ഇടയ്ക്കിടയ്ക്ക് ഓരോന്നു സാവധാന ത്തിൽ ആലോചിക്കുന്നു. ഇടയ്ക്കിടയ്ക്ക് മൃദുവായി പാടുന്നു.]

ജൂഡിത്: ഈ ആണുങ്ങൾക്കു ധൈര്യമുണ്ടെന്നു പറഞ്ഞ വിഡ്ഢ്യാനെ ഒന്നു കണ്ടിരുന്നെങ്കിൽ ഒരാട്ടെങ്കിലും കൊടുക്കാമായിരുന്നു. ഇന്നു് അവിടെ എന്തൊരു ഭീരു ത്വമാണു കാട്ടിയതു്? ആ ബാറബാസ്, തടിമാടൻ, നിന്നു വിറയ്ക്കുന്നതു കാണണം. ആ നസറേയനോടുള്ള അനുകമ്പയാണെന്നാണു് ആ പൊണ്ണന്റെ ഭാവം. ശുദ്ധകള്ളം! പേടിച്ചു തുള്ളുകയാണു്. ആ കയാഫ് സോ? ആകെ വിരണ്ടുപോയില്ലേ? ആ കണ്ട പ്രകൃതി വിഭ്രമങ്ങളെല്ലാം നസറേയന്റെ മന്ത്രവാദമാണെന്നു വിളിച്ചുപറയാൻ ഞാൻ അയാളോടു പറഞ്ഞു. നാക്കു പൊങ്ങേണ്ടമല്ലോ. എല്ലാരും ശരിതന്നെ! (സ്വന്ത പ്ര തിഫലനത്തിൽ കണ്ണുറയ്ക്കുന്നു. ശരീരാലങ്കാരങ്ങൾക്കു

ചില ചെറിയ ശുശ്രൂഷകൾ ചെയ്തുകൊണ്ട് താഴ്ന്ന സ്വരത്തിൽ)

കനകവാരുണീചഷകം ത്രുവ്യമാ–
റിനൻ പകന്നൊരു മധു മുഴവനും
കുടിച്ചു മത്തയായ് ത്തുടുത്തൊരു സന്ധ്യ
സ്ഫുടാനുരാഗമോടടുത്തു കാന്തനേ
പുണൎന്നു ചുംബിച്ചു പിടിച്ചു നിസ്തുപം
മണവറതന്നിൽ ബലാലണയ്ക്കുവേ—

ആ ബാറബാസിന്നു വലിയ മാററമൊന്നുമില്ല. ഒരു ഉടവ്, ഒരു ചെറിയ വാട്ടം, അത്രേയുള്ളു. ഗാംഭീൎയ്യം പൂൎവ്വാധികം വൎദ്ധിച്ചിട്ടുണ്ടുതാനും. ആ കുടവയറൻ കയാഫ്സിനേക്കാൾ അവനെത്ര സുന്ദരൻ! പക്ഷേ, വല്ലതും കൊണ്ടുവന്നു തരണമെങ്കിൽ മററു വല്ലവരുടേതും കാണാതെപോകണം! എന്നാൽ എന്തു്? (ഒരു പതക്കത്തോടുകൂടിയ മുത്തുമാല പിടിച്ചു നോക്കിക്കൊണ്ടു്) ഇത്ര നല്ല മുത്തു് എവിടെ കിട്ടും? ബാറബാസിന്റെ മുത്തുമാലയ്ക്കു് കയാഫ്സിന്റെ പതക്കം. (ചിരിച്ചുകൊണ്ടു്)

പലവുരു നിജ തരുമണാളനേ
തലോടിയാടവേ തളൎന്നൊരു ലത,
അഴിഞ്ഞു ധമ്മില്ലമുലഞ്ഞു സൂനങ്ങൾ
പൊഴിഞ്ഞൊഴിഞ്ഞ തൻ തലയലസമായ്
ചരിച്ചു കാന്തനിൽ ലയിച്ചുറങ്ങവേ
സരാഗഭോഗങ്ങൾ കിനാവുകാണവേ,—

പക്ഷേ, അവനെ അടുപ്പിക്കുവാൻ വയ്യ. അവൻ ഒരു അനുരാഗബുഭുക്ഷുവാണു്. ഉൽക്കടവികാരങ്ങൾക്കധീനനും. ഭയങ്കരൻ! എങ്ങനെയും അകററണം. ഇന്നു് അവൻ എന്തു പരിഭ്രമങ്ങളാണു കാട്ടിയതു്! പക്ഷേ,

അവിടെ ഒരു ഭയങ്കരത ഉണ്ടായിരുന്നുതാനും! അയാളുടെ രഹസ്യമെന്തായിരുന്നു? അത്യന്തം സുന്ദരൻതന്നെ. എങ്കിലും ആ സൗന്ദര്യ്യം അനുഭോഗയോഗ്യമല്ല. അത്യന്തം ഗംഭീരം, വിദൂരം, വികാരവിരഹിതം! ആ കണ്ണിൽ ഒരു ഭയങ്കരദ്യുതിയുണ്ടു്. ഞാൻതന്നെ—ഈ ഞാൻപോലും—ഒരു നിമിഷത്തേക്കു്—(ചെറുതായി ഒന്നു ഞെട്ടുന്നു.) എന്തായാലും അവൻ മരിച്ചതു നന്നായി. ഇനി ചേട്ടൻ രക്ഷപ്പെട്ടും. പ്രഥമവിഭ്രമം ഒട്ടൊന്നാറുമ്പോൾ ഇങ്ങു വന്നു് ഇന്നലത്തെ കോപാവേശത്തിനു മാപ്പുചോദിക്കാതെ ഇരിക്കയില്ല. ആ ദൈവദോഷിയുടെ മരണത്തോടുകൂടി ജൂഡാസ് രക്ഷപ്പെട്ടുമെന്നു കയാഫ്സ് പറഞ്ഞതു പരമാത്ഥമാണു്. കയാഫ്സ് ഒരു അസാദ്ധ്യസൃഷ്ടിതന്നെ. എന്നാൽ ജൂഡിത്, നിൻെറ മുൻപിൽ—(ഒരു കുടിലേക്ഷണത്തോടുകൂടി സ്വന്തപ്രതിഫലനത്തിലേക്കു നോക്കുന്നു. ആനന്ദിക്കുന്നു.)

ചിരപ്രതീക്ഷിതവരസമാഗമം
ധരിച്ചധീരയായ് വിറച്ചു, തൻതനു
മറച്ചിരുന്നതാമിരുൾപടം ക്രമാ—
ലുരിഞ്ഞുപോവതു ഗ്രഹിച്ചു, ലജ്ജയാൽ
പകച്ചുനില്ക്കുമാ രജനിതൻ തുകിൽ,
സകാമമമ്പിളി പിടിച്ചഴിക്കവേ,
മദജലാർദ്രമെൻ മദോൽക്കടേക്ഷണം
മുകരുവാൻ മമ മുകുരം മാത്രമോ?
മൃദുകളേബരം, വിലോലവൈദ്യുത
ലതോപമോൽഭ്രമം, നിതാന്തഭോഗസം—

സുധാരസപൂൎണ്ണകനകഭാജനം
വൃഥാവിലാകയോ? കഴികയോ നിശ?

വരിക നായകാ! വരപ്രദായകാ!
ചൊരിക ചുംബനം തളരുവോളവും!

അനുഗ്രഹിക്കുവാൻ, പരിണതപ്രേമ-
കനി നുകരുവാൻ, പുണരുവാൻ മമ

പ്രണയസാഗരാപ്ലവസുഖം സ്വയ-
മനുഭവിക്കുവാൻ, ജവാൽ വരിക നീ!

(കണ്ണാടി നോക്കി ആനന്ദപൂൎണ്ണയായി നില്ക്കുന്നു.)

(പിൻഭാഗത്തു് ബാറബാസ്, മെൽഷിയാർ എന്നിവരും ജൂഡാസിൻെറ മൃതശരീരം വഹിച്ചുകൊണ്ടു് ഏതാനുംപേരും പ്രവേശിക്കുന്നു.)

(പ്രദവിന്യാസത്താൽ ആകൃഷ്ടയായി തിരിഞ്ഞു നോക്കുന്നു.) നിങ്ങൾ ആ—? (ബാറബാസിനെ കണ്ടു്) ബാറബാസ്! ഇപ്പോൾ ഇവിടെ—(മൃതശരീരം കണ്ടു്) അതു്— ഹാ!— (സ്തബ്ധയാകുന്നു. ഒരു കൈകൊണ്ടു തലമുടി തട്ടത്തും മറുകൈ ഏതോ ആപത്തു തടുക്കുവാനെന്നപോലെ മുൻപിലായി പിടിച്ചും ഒരോ അടി മുന്നോട്ടു നടന്നു മൃതശരീരത്തിനടുത്തു ചെല്ലുന്നു. അതിൽത്തന്നെ തുറിച്ചുനോക്കി നില്ക്കുന്നു.) അതേ! അതേ! (ഒരു വികൃതമായ ചിരിയോടുകൂടി) ചേട്ടനാണു്! ചേട്ടൻതന്നെ! (കോപത്തോടുകൂടി മറ്റുള്ളവരോടു്) നിങ്ങൾ എന്തിനു ചേട്ടനെ ഇങ്ങനെ മൂടിപ്പൊതിഞ്ഞു വച്ചിരിക്കുന്നു? അതൊക്കെ മാററണം!

(ആരും അനുസരിക്കുന്നില്ല. അവളുടെ മുഖത്തു സംശയം പ്രത്യക്ഷപ്പെടുന്നു. ദേഹം വിറയ്ക്കുന്നു. മെല്ലെ ഇരിക്കുന്നു. വീണ്ടും തുറിച്ചു

നോക്കുന്നു. വിറയ്ക്കുന്ന കൈകൊണ്ടു് മുഖംമൂടിയിരുന്ന വസ്ത്രത്തിൻെറ തുമ്പിൽ പിടിക്കുന്നു. മെല്ലെ മാററുന്നു. മുഖവും കഴുത്തും കഴുത്തിലെ കയറും കാണാറാകുന്നു. പിടിച്ചിരുന്ന വസ്ത്രത്തിൽ നിന്നു വിടാൻപോലും ശക്തയല്ലാതെ അതോടുകൂടെ എണീററു് ഹൃദയഭേദകമായ ഒരു നിലവിളിയോടുകൂടി ബോധശൂന്യയായി നിലത്തു വീഴുന്നു.)

(കർട്ടൻ)

രംഗം 18

[കല്ലറ. കല്ലറ മുദ്രവച്ചു് സായുധരായ ഭടന്മാർ കാവൽനില്ക്കുന്നു.]

ഒരു ഭടൻ: (മുഖത്തു വിയർപ്പു തുടച്ചുകൊണ്ടു്) ഹോ, പൊരിയുന്നു! ഇങ്ങനെ ഒരു നാശമുണ്ടോ? കുഴിച്ചിട്ട ശവത്തിനു് കാവൽനില്ക്കണംപോലും.

രണ്ടാമൻ: ഇന്നലെ ആ കയാഫ്സിൻെറ മരണവേദന കാണേണ്ടതായിരുന്നു. അരിമത്തിയാജോസഫ് നസറേയൻെറ മൃതശരീരം ആവശ്യപ്പെട്ടവാൻ ഗവണ്ണരുടെ അടുക്കലേക്കു പോയിട്ടുണ്ടെന്നു് ആ പെണ്ണുങ്ങളാരോ പറഞ്ഞുതീരുംമുമ്പു് ആ പൊണ്ണത്തടിയൻ കുടവയറും കുലുക്കി ഓടുന്ന ഓട്ടം കാണണം. പോയിക്കിടന്നു വഴക്കുപിടിച്ചു് ഇതാ വന്നു് മുദ്രയുമടിച്ചു് ഈയുള്ളോരെ പിടിച്ചു് ഇവിടെ ആക്കിയതിൽ പിന്നെയേ അയാൾ ഒരിടത്തിരുന്നിട്ടുള്ളു.

ഒന്നാമൻ: അതേ, അതിനും ഈയുള്ളവരുവേണം വെയിലുകൊള്ളുവാൻ. അതോ, ഇവന്റെയൊക്കെ രാജ്യം ചെകിത്താൻെറ രാജ്യവുമാണു്! വെയിലാണോ ഇതു്? ഇതാണു് നരകാഗ്നി! എരിയുന്നു. (മുഖം തുടയ്ക്കുന്നു.) ഭീരുക്കൾ! ആ നസറേയൻ ജീവിച്ചിരുന്ന

പ്പോൾ ഇവക്കു ഭയമായിരുന്നു. മരിച്ചുകഴിഞ്ഞപ്പോൾ അതിൽ കൂടുതൽ ഭയം. വെറുതേയാണോ കണ്ടവരുടെ അടിമകളായിരിക്കുന്നതു്? നീ ചരിത്രം പഠിച്ചിട്ടുണ്ടല്ലോ, ഇവർ എന്നും ഇങ്ങനെ കണ്ടവരുടെ അടിമകളായിരുന്നു, ഇല്ലേ?

രണ്ടാമൻ: എന്നു പറഞ്ഞുകൂടാ. എങ്കിലും എന്നും ഭീരുക്കളായിരുന്നു.

ഒന്നാമൻ: എന്നും അങ്ങനെ ഇരിക്കുകയും ചെയ്യും. (ദൂരെ നോക്കിയിട്ടു്) ആരാ വരുന്നതു്?

(ബാറബാസ് പ്രവേശിക്കുന്നു. മുഖത്തു് ഹൃദയക്ഷോഭവും ക്ഷീണവും തെളിഞ്ഞുകാണാം. സൂക്ഷിപ്പിൻെറ രീതി കണ്ടു് ആശ്ചര്യത്തോടുകൂടി മുന്നോട്ടടുത്തുചെല്ലുന്നു.)

ഇങ്ങോട്ടടുക്കരുതു്,

(ബാറബാസ് നില്ക്കുന്നു.)

നിങ്ങളാരാണു്? എന്തുവേണം?

രണ്ടാമൻ: നീ ബാറബാസല്ലേ? ഇന്നലെ ജയിലിൽനിന്നു പുറത്തിറങ്ങി വന്നവൻ?

ഒന്നാമൻ: ബാറബാസോ? ശവം മോഷ്ടിക്കാൻ വന്നിരിക്കയാണു്, അല്ലേ? വേഗം തിരിഞ്ഞുനടന്നുകൊള്ളണം! അടുത്തു വല്ലയിടത്തും കണ്ടുപോയാൽ—!

ബാറബാസ്: ശവം മോഷ്ടിക്കയോ? ആരു്? ഞാനോ? നിങ്ങളിവിടെ എന്തിനു നില്ക്കുന്നു?

രണ്ടാമൻ: ഇതിനുതന്നെ. ശവം കാക്കുവാൻ. നിങ്ങളുടെ പുരോഹിതൻ ഈ കല്ലറയിൽ ഒരു ശവം കുഴിച്ചിട്ടിട്ടുണ്ടു്. അതു ദിവ്യമാണു്. അതു കിളിർത്തു് തഴച്ചു പുഷ്പിച്ചു് പക്വഫലപരിപൂർണ്ണമാകും. കയാഫസ് ലോകത്തിനു നല്കുന്ന മഹാധനമാണതു്.

ബാറബാസ്: ഞാനതിനൊന്നും വന്നതല്ല.

ഒന്നാമൻ: അതൊക്കെ അറിയാം. തല്ക്കാലം നടക്കണം.

ബാറബ്ബാസ്: (ദൂരെ മാറിനിന്നുകൊണ്ട്) ആ കാണുന്ന തെന്തു്? ആ ദിവ്യവേദിയിൽ വിതച്ചതു് ഏതു വിത്തു്? അതു മുളച്ചു വളൎന്നുവന്നാൽ കായ്ക്കുന്ന ഫലമെന്തു്? ആ ഫലം ഭുജിക്കുന്നതാരു്? ആ ശിലാഗൎഭത്തിൽ ഉൾക്കൊള്ളുന്നതേതു ചൈതന്യം? അതിൽനിന്നു ജനിക്കുന്ന ദിവ്യസന്താനമാരു്? ജനിക്കയോ? മരിച്ചവൻ ജനിക്കയോ? അതോ ദൈവമോ? ദൈവം മരിക്കയോ? എന്തു മരണം! അതു് എന്തു മരണമായിരുന്നു? മരണം! ദുസ്സഹമായ ത്ര്യക്ഷരരൂക്ഷശബ്ദം: ഭയങ്കരം! അതായിരുന്നോ ആ കണ്ടതു്? ഇരുപുറവും ഭയങ്കരപ്രാണവേദനയോടുകൂടി രണ്ടുപേർ—നാലുചുറ്റും വിദ്വേഷവിഷവാഗ്നി വമിച്ചുകൊണ്ടു കൊലക്കോലം തുള്ളിയ മനുഷ്യദുൎഭൂതങ്ങൾ—ഘോരാട്ടഹാസമുഖരിതയും, നീരന്ധ്രാന്ധകാരപരിപൂൎണ്ണയും, ഭ്രരിവിഭ്രാന്തയുമായ ഭീകരപ്രകൃതി—ആ നാരകീയപരിസരത്തിൽ അനന്യമായി പ്രകാശിച്ച സ്വൎഗ്ഗീയകാന്തികന്ദളം—കാളമേഘാവൃതമായ സുധാകരരൂപംപോലെയും ദുൎവ്വികാരഗ്രസ്തമായ നിഷ്കളങ്കപ്രേമംപോലെയും ശോഭിച്ച ആ പ്രശാന്തശീതളരേഖ—അവിടെ മരണമോ? (നിശ്ചലനായി നില്ക്കുന്നു.)

(മഗ്ദലനമേരി പ്രവേശിക്കുന്നു. ബാറബ്ബാസിനെ സൂക്ഷിച്ചുനോക്കി നില്ക്കുന്നു. ബാറബ്ബാസ് ക്രമേണ അവളെ കാണുന്നു.)

മഗ്ദലന: നിങ്ങൾ ബാറബ്ബാസല്ലേ? ഇന്നലെ കുരിശിൽ മരിച്ച അദ്ദേഹത്തിനുപകരം മരിക്കേണ്ടിയിരുന്ന ബാറബ്ബാസല്ലേ നിങ്ങൾ?

ബാറബ്ബാസ്: നിങ്ങൾക്കെന്നെ അറിയാമോ?

മഗ്ദലന: അറിയാം. നിങ്ങൾക്കിന്നലെ മരിക്കുവാൻ,

മരിച്ച് അദ്ദേഹത്തെ രക്ഷിക്കുവാൻ, കഴിഞ്ഞില്ലല്ലോ. പാവം ബാറബാസ്!

ബാറബാസ്: പാവമോ? ബന്ധനവിമുക്തൻ, മരണത്തിൽനിന്നു രക്ഷിതൻ, ഞാൻ എങ്ങനെ പാവമായി? ഞാൻ ആനന്ദിക്കയല്ലേ വേണ്ടതു്?

മഗ്ദലന: ആണോ? ജീവിതവും നിങ്ങളുടെ ഈ സ്വാതന്ത്ര്യവും അത്ര ആനന്ദപ്രദമോ? ഈ ലോകം അത്ര മോഹനമോ? എന്നാൽ നിങ്ങളുടെ മുഖം അതു സൂചിപ്പിക്കുന്നില്ല. ഇന്നലെ നിങ്ങളെ ആനന്ദപൂർണ്ണനായി കണ്ടതുമില്ല.

ബാറബാസ്: (അല്പം ആലോചിച്ചു നിന്നിട്ട്) നിങ്ങൾ പറഞ്ഞതു സത്യമാണ്. ഞാൻ ആനന്ദപൂർണ്ണനല്ല. ഇന്നലെ ആ സ്ഥാനത്തു മരിക്കുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ!—നിങ്ങൾ മഗ്ദലനയല്ലേ?

മഗ്ദലന: മഗ്ദലന മരിച്ചുപോയി. അവൾ ലോകനായകൻെറ കാരുണ്യപ്പൂനിലാവിൽ സാനന്ദം ചാമ്പലായി. ആ പാവനകരസ്പർശനത്താൽ നവചേതനയേററു ജനനാവേദയനുഭവിക്കുന്ന മേരിയാണു ഞാൻ. ബാറബാസ്, നിങ്ങൾ എന്നെ വെറുക്കുന്നില്ലല്ലോ?

ബാറബാസ്: നസറേയൻ അനുഗ്രഹിച്ചവളെ എനിക്കു വെറുക്കുവാൻ സാദ്ധ്യമല്ല.

മഗ്ദലന: ബാറബാസ്, ഞാൻ ഒന്നു ചോദിക്കട്ടെ? നിങ്ങൾക്കു് ഇത്ര ദുഃഖമെന്തു്? ജൂഡാസിൻെറ മരണത്തെക്കുറിച്ചു കേട്ടു. അതുകൊണ്ടാണോ നിങ്ങൾ ദുഃഖിച്ചിരിക്കുന്നതു്?

ബാറബാസ്: അതുകൊണ്ടെന്നു പറഞ്ഞുകൂടാ. എന്തിനു മടിക്കുന്നു? മേരീ, നിങ്ങൾ പാപവിമുക്തയായ ഭാഗ്യ

വതി! ഞാൻ ഇന്നും പാപി. ഞാൻ പറയാം, ഇന്ന ലെ മരിക്കേണ്ടതു ഞാനായിരുന്നു. ആ മഹാനുഭാവൻ, നിങ്ങളുടെ നായകൻ, അനുഭവിച്ച ഓരോ വേദനയും ഞാനും അനുഭവിച്ചു. എന്നെ അദ്ദേഹം എവിടെയും അനുഗമിക്കുന്നു. ഞാൻ ലോകമെല്ലാം അദ്ദേഹത്താൽ നിറഞ്ഞു കാണുന്നു. എന്റെ ഹൃദയം പരവശമാകുന്നു. അപ്പോഴാണു് ജൂഡാസിൻെറ മരണവാൎത്ത കേട്ടതു്. ആ ശരീരവുംകൊണ്ടു് അവൻെറ വീട്ടിൽ പോകുവാനും എനിക്കാണിടയായതു്. അവിടെ ചെന്നിട്ടു്— ആ കാഴ്ച—അവന്റെ ഏകസഹോദരി—ജൂഡിത്—അവൾ അതു കണ്ടപ്പോഴത്തെ ആ രൂപം! ആ നിലവിളി! ആ വീഴ്ച! ബോധശൂന്യമായ ആ കിടപ്പു്!— പിന്നെ ആ വൃദ്ധപിതാവു്!—ഓക്കവയ്യ!—ഒരു വിധത്തിൽ അവിടുന്നു പുറത്തു പോന്നു. ഇന്നു കേട്ടു, ജൂഡിത്തിനെ കാണാനില്ലെന്നു്!

മഗ്ദലന: അയ്യോ! ആ ഇസ്കാരിയട്ടിൻെറ സ്ഥിതി എന്താണു്? കഷ്ടം! എനിക്കു ജൂഡിത്തിനെ അറിയാം. അത്ര സുന്ദരിയായ ഒരു സ്ത്രീയെ ഞാൻ കണ്ടിട്ടില്ല. അവൾ അതുപോലെതന്നെ വിശുദ്ധയുമല്ലേ?

ബാറബാസ്: (ഹൃദയവേദനയോടുകൂടി) ആയിരുന്നുവെങ്കിൽ!

മഗ്ദലന: കഷ്ടം! എന്നാൽ അവൾ കൂടുതൽ ദയനീയ! ബാറബാസ്, നിങ്ങൾ അവളെ സ്നേഹിക്കുന്നുണ്ടു്, ഇല്ലേ?

ബാറബാസ്: ഞാൻ അവളെ സ്നേഹിച്ചിട്ടുണ്ടു്.

മഗ്ദലന ഞാനും അന്വേഷിക്കാം. വല്ലതും അറി

ഞ്ഞാൽ നിങ്ങളെ അറിയിക്കാം. അവളുടെ ജ്യേഷ്ഠൻ മരിച്ച സ്ഥലത്തു് അന്വേഷിച്ചോ?

ബാറബാസ്: ഇല്ല, ഞാൻ അങ്ങോട്ടു പോകുകയാണു്. വല്ല വിവരവും കിട്ടിയാൽ എന്നെ അറിയിക്കുമോ?

മഗ്ദലന: നിശ്ചയമായും അറിയിക്കാം.

ബാറബാസ്: ഞാൻ പോകട്ടെ. (കല്ലറ ചൂണ്ടിക്കാണിച്ചുകൊണ്ടു്) നിങ്ങൾ അങ്ങോട്ടല്ലേ?

മഗ്ദലന: അതാണാശ. എന്നാൽ അതു സദ്ധ്യമല്ല. അടുത്തു ചെല്ലുവാൻ അനുവദിക്കയില്ല. നാളെ നേരം വെളുത്താൽ കാവലവസാനിക്കും. പിന്നെ അടുത്തുചെല്ലാം. എന്റെ ജീവദായകന്റെ ശവകുടീരത്തിലെങ്കിലും തൊട്ടു നിലവിളിക്കാം. (കണ്ണു നിറയുന്നു.) ആ പാറക്കല്ലിലെങ്കിലും കണ്ണുനീരു വീഴ്ത്താം. അതുവരെ—ഇവിടെ ഇങ്ങനെ—ദൂരെ—(മുട്ടുകുത്തുന്നു.) നാഥാ! ഇവിടെ ഇത്ര അകന്നു്—അതേ ദേവാ! അവിടുത്തെ നിസ്സീമമായ സ്നേഹാതിരേകത്തിനാലല്ലെങ്കിൽ ഈ കളങ്കചരിതയായ അനാഥയ്ക്കു് ആ സംശുദ്ധപാദത്തോടു് സമീപിക്കുവാനെന്തവകാശം!

(ബാറബാസും അറിയാതെ മുട്ടുകുത്തിപ്പോകുന്നു.)

അഥവാ ഇവിടെ നിന്നാലെന്തു്? സർവ്വവ്യാപിയായ നിന്തിരുവടിയുടെ പ്രേമാംഗുലീസ്പർശനമേല്ക്കാത്ത പൂല്ലൊടിയുണ്ടോ? സർവ്വജ്ഞനായ അവിടുത്തെ കണ്ണുകളിൽ എത്താത്ത രോദനസ്വനമുണ്ടോ? എങ്കിലും നാഥ, ഈ അബലയുടെ ചാപല്യമാണു്, ഭൂതകാലസ്മരണയാലുണ്ടാകുന്ന കാതരതയാണു്—തിരുപ്പാദങ്ങൾ കാണാതിരുന്നാൽ—ഹാ! നായക!—ദുർബ്ബല, പാപഭാരവിമൂർച്ഛിത, അവിടുത്തെ കാരുണ്യകണിക താങ്ങുവാനശക്ത— ഇനി—ഹാ ദേവാ!— ഇനിയും—

ജീവനായക! ഈ അഗതിയെ, അശക്തയെ, താവക സ്മരണൈകശരണയെ, അവിടുന്നു കൈക്കൊള്ളേണമേ!

(കർട്ടൻ)

രംഗം 19

[രാത്രി. ഗത്സേമൻതോട്ടം.
കയാഫ്സ് ക്ഷീണനും വിചാരവിവശനുമായി പ്രവേശിക്കുന്നു.]

കയാഫ്സ്: ഈ രാത്രി അവസാനിക്കയുമില്ല! ഇതൊന്നവസാനിച്ചിരുന്നെങ്കിൽ! എങ്ങോട്ടെന്നു നിശ്ചയമില്ലാതെ ഞാൻ എത്രദൂരം നടന്നു? തിരിച്ചു പോകയോ? അതു വിചാരിക്കാൻവയ്യ. എന്തൊരു ദിവസം! ആ വൃദ്ധനാണു് ആരംഭിച്ചതു്. അയാൾ ചൊരിഞ്ഞ ശകാരം! ശാപം! ആ ഉഗ്രരൂപം എന്നു മറക്കുവാൻ കഴിയും? എന്തൊരു ഭ്രാന്താവേശമായിരുന്നു? അയാൾ എങ്ങനെ ഭ്രാന്തനാകാതിരിക്കും? മകനും, പുറകേ മകളും! ഹൊ! അവളെവിടെ?... അവളെവിടെ? അവൾക്കു് എവിടെ പോകുവാൻ കഴിയും? ആ ചെന്താമര ഏതു ചെളിക്കുഴിയിൽ ഒളിക്കും? എനിക്കറിയാമെന്നാണു് ആ സാധുവൃദ്ധൻെറ സംശയം. അതൊന്നറിയാൻ എനിക്കുള്ള ആഗ്രഹം അയാൾ ഒന്നറിഞ്ഞിരുന്നുവെങ്കിൽ! ജൂഡിത്! ജൂഡിത്! ആ മിന്നൽപ്പിണരു് ഏതു കാർമേഘകന്ദരത്തിൽ മറഞ്ഞു? (അല്പം ഓർത്തു നിന്നിട്ടു്) അപഖ്യാതി നല്ലവണ്ണം പരന്നിട്ടുണ്ടു്. അതു പരത്തിയതാരു്? ആരെന്നുണ്ടോ? അതിനു് ആരു വേണം? കർത്താവു വേണ്ടാത്ത ഒരു കർമ്മം ലോകത്തിലുള്ളതു് അപവാദമാണു്. സൂക്ഷിക്കണം. എൻെറ

പ്രത്യേകനില—ആനിലയ്ക്കു് ഈ പ്രവൃത്തി അനനുയോജ്യമോ? ഛേ! ഏതു നിലയ്ക്കും എന്തും യോജിക്കും. (ഒരു ചെറുചിരിയോടുകൂടി) അറിഞ്ഞാൽ അപരാധം, അല്ലെങ്കിൽ സാമൎത്ഥ്യം! ഇത്തിരി സൂക്ഷിക്കണം. പക്ഷേ, അതിനു സമാധാനം വേണം; അതാണില്ലാത്തതു്. ഞാൻ എത്ര പൗരുഷഹീനനായിരിക്കുന്നു! എൻെറ ഹൃദയം വിറയ്ക്കുന്നു. ഒരു മന്ദവാതസഞ്ചാരം, ഒരു ദലമൎമ്മരം, സമീപസ്ഥമായ ഒരു അസ്പഷ്ടനിശ്വാസം, ഒരു അവ്യക്തപാദവിന്യാസം, ഞാൻ ഞെട്ടുന്നു. ആ അവിവേകിയായ യുവാവിൻെറ ദുൎമ്മരണം! ആ അലോകസൗന്ദൎയ്യത്തിൻെറ ആശ്ചൎയ്യകരമായ അന്തൎദ്ധാനം! ആ സന്തപ്തഹൃദയനായ വൃദ്ധപിതാവിന്റെ ശാപരൂപം! എന്നാൽ... എന്നാൽ... അതല്ല... അതൊന്നുമല്ല... മററതു്! ഛായ്! കയാഫ്സ്! അതു നിന്നേ—? അതേ, അതാണു പരമാൎത്ഥം. അതു നിന്നെ ഭ്രമിപ്പിക്കുന്നു. ആ ഗംഭീരരംഗം—ഒരു വിലാപശബ്ദം, ഒരു തപ്തനിശ്വാസംപോലും പുറപ്പെടാത്ത ആ അലൗകികമരണം നിന്നെ ഭീരുവാക്കുന്നു! (വിചാരഗതി തടഞ്ഞുപോകുന്നു.) അവനാരു്! ആ അത്ഭുതാക്ഷികൾ എന്നിൽ അൎപ്പിച്ച ആ വിജയവീക്ഷണം, ആ വൈദ്യുതശലാക! ഹൌ! (ഞെട്ടുന്നു.) ആ നസറേയൻ എന്നെ ഗ്രസിക്കുന്നു. എന്തു ചെയ്യുമ്പോഴും, എന്തു് ആലോചിക്കുമ്പോഴും, ജൂഡിതു് ഇപ്പോൾ എവിടെ എങ്ങനെ എന്തു ചെയ്യുന്നുവെന്നു് അറിയാതെ അകമലയുമ്പോഴും, അന്തഃകരണത്തിൻെറ അടിത്തട്ടിൽ അനിരോധ്യമായ ശക്തിയോടുകൂടി എന്നെ മഥിച്ചുകൊണ്ടു് ആ അവിസ്മരണീയസംഭവം വൎത്തിക്കുന്നു. ആ അക്ഷോഭ്യരൂപം... ആ

കഴകുമരം... ആ—(ഭയം വർദ്ധിക്കുന്നു) ആ ശിലാഗാരനിക്ഷിപ്തമായ മൃതശരീരം! ആ മൃതശരീരം! (വിറയ്ക്കുന്നു. പരവശനാകുന്നു. വീണ്ടും ധൈര്യമവലംബിക്കുന്നു.) ഛരായ്! കയാഫസ്! കയാഫസ്! നീ ആരു്? ആ നസറേയൻ, മുക്കുവക്കുടിലുതോറും തെണ്ടിനടന്ന ആ പിച്ചക്കാരൻ, പന്ത്രണ്ടു തെണ്ടികളുടെ ചക്രവത്തിയായ ആ മുഴുത്തെണ്ടി, ആപത്തുകാലത്തു് അവരുപോലും പരിത്യജിച്ച നിസ്സഹായൻ, ഇപ്പോഴോ, ഹ—ഹ—ഇപ്പോഴോ ശവം! ശവം! കയാഫസ്! ഹ—ഹ—ഹ—ഹ—ഒരു ശവം! ഒരു ശുദ്ധശവം! ഹ—ഹ—ഹ—ഹേ പുരോഹിതപ്രധാനീ, ഒരു ശവം നിന്നേ ഹ—ഹ—ഹ—ഭയപ്പെടുത്തുകയോ?

(ഒരു വൃക്ഷത്തിൻെറ പുറകിൽനിന്നു് ഒരു പാട്ടു കേൾക്കുന്നു. കയാഫസ് സ്തബ്ധനാകുന്നു.)

നായകനെങ്ങുപോയ് തോഴീ—ജീവ-
ദായകനെങ്ങോട്ടു പോയി?
സങ്കല്പകുഞ്ജവിഹാരീ—പ്രേമ-
തങ്കപ്രസൂനാപഹാരീ
ആനന്ദതുന്ദില ചിത്ത—മൗന-
ഗാനകല്ലോലസഞ്ചാരീ... (നായക...)

(ഭയപരവശനെങ്കിലും അനിഷേധ്യമായ ഒരു പ്രേരണയ്ക്കു വിധേയനായി കയാഫസ് മുമ്പോട്ടടുത്തു് വൃക്ഷത്തിനു പുറകിൽനിന്നു ജൂഡിത്തിൻെറ വലത്തുകൈയ്ക്കു പിടിച്ചുവലിച്ചു് മുമ്പോട്ടു കൊണ്ടുവരുന്നു. അവരം ബലം പ്രയോഗിക്കയോ എന്നാൽ അറിഞ്ഞുകൊണ്ടു് അനുകൂലിക്കുകയോ ചെയ്യാതെ മുമ്പോട്ടു നീങ്ങുന്നു. കെട്ടഴിഞ്ഞ ധമ്മില്ലം—ഉലഞ്ഞുടഞ്ഞ വസ്ത്രം—വിയുക്തലക്ഷ്യമോ വിദൂരലക്ഷ്യമോ എന്നു നിശ്ചയിച്ചുകൂടാത്ത വീക്ഷണം. ഇടത്തുകൈ പുറകിൽ പിടിച്ചിരിക്കുന്നു.)

കയാഫസ്: (ജൂഡിത്തിനെ പിടിച്ചു് അല്പം മുൻപോട്ടു

നീക്കിനിത്തി ആളറിഞ്ഞു് അത്യാശ്ചര്യത്തോടുകൂടി) ജൂഡിത്!

ജൂഡിത്: (കയാഫ്സിനെ നോക്കുന്നു. വിലക്ഷണവും ദയനീയവുമായ ഒരു പുഞ്ചിരി മുഖത്തു പ്രത്യക്ഷപ്പെടുന്നു) കയാഫ്സ്! നിങ്ങൾ കയാഫ്സല്ലേ? കയാഫ്സ് എത്ര നല്ലവൻ! ഒന്നു പറയുമോ? ഞാൻ എത്രനാളായി ഇങ്ങനെ നടക്കുന്നു? ഞാൻ എവിടെയെല്ലാം നോക്കി? ആരോടെല്ലാം ചോദിച്ചു? നിങ്ങൾ ഒന്നു പറഞ്ഞുതരുമോ? എൻെറ നായകനെവിടെ?

കയാഫ്സ്: (കഠിനമായ ദുഃഖത്തോടും പരിഭ്രമത്തോടും ഭയത്തോടും) ജൂഡിത്! നീ എന്താണു പറയുന്നതു്? നീ ഇവിടെ എങ്ങനെ വന്നു? നിന്റെ അച്ഛൻ നിന്നെ കാണാതെ എന്തു ദുഃഖമനുഭവിക്കുന്നു! പോകാം. വരൂ, ഞാൻ കൊണ്ടുപോയി വീട്ടിൽ വിടാം. നീ ഇവിടെ നില്ക്കരുതു്. നിനക്കു സുഖമില്ല.

ജൂഡിത്: ഇല്ലേ? ഇല്ല. സത്യമാണു്. എനിക്കു സുഖമില്ല. എങ്ങനെ ഉണ്ടാകും? സുഖമുണ്ടാകണമെങ്കിൽ എൻെറ നായകനെ കാണണം? നിങ്ങൾക്കു് എന്റെ നായകനെ അറിയാമോ? ഞാൻ പറയാം,

സങ്കല്പകുഞ്ജവിഹാരീ—പ്രേമ—
തങ്കപ്രസൂനാപഹാരീ
ആനന്ദതുന്ദിലചിത്ത—മൗന—
ഗാനകല്ലോലസഞ്ചാരീ— (നായക...)

കയാഫ്സ്: (ജൂഡിത്തിൻെറ കൈക്കു മെല്ലെ വലിച്ചുകൊണ്ടു്) വരൂ, പോകാം.

ജൂഡിത്: പോകാമോ? നിങ്ങളും വരുന്നോ?

കയാഫ്സ്: വരുന്നു. ഞാൻകൂടെ വരാം.

ജൂഡിത്: നിങ്ങൾക്കു് അങ്ങോട്ടു പോകാൻ വഴിയറിയാമോ?

കയാഫ്സ്: അറിയാം.

ജൂഡിത്: നിങ്ങൾക്കു് എൻെറ നായകൻെറ കൊട്ടാരം കണ്ടാൽ മനസ്സിലാകുമോ?

കയാഫ്സ്: (താനും ജൂഡിത്തും രണ്ടാണു പറയുന്നതു് എന്നു മനസ്സിലായതുകൊണ്ടുണ്ടായ കുണ്ഠിതത്തോടു കൂടി) ജൂഡിത്!

ജൂഡിത്: (ചിരിച്ചുകൊണ്ടു്) നിങ്ങൾക്കറിഞ്ഞുകൂടാ. അദ്ദേഹത്തെ കണ്ടാലും നിങ്ങൾ അറിയുകയില്ല. ഞാനും ഒരിക്കൽ കണ്ടു. അറിഞ്ഞില്ല. ഇനി കണ്ടാൽ അറിയും. എൻെറ കൈയിൽ അതിനുള്ള അടയാളമുണ്ടു്. (പുറകിലിരുന്ന ഇടത്തുകൈയിൽ ഉണ്ടായിരുന്നതും രണ്ടു ചുള്ളിൽ കൂട്ടിക്കെട്ടി നിർമ്മിച്ചിരുന്നതുമായ ഒരു കുരിശു് ഉയർത്തിപ്പിടിക്കുന്നു.)

കയാഫ്സ്: ഹാ! (പിടിവിട്ടിട്ടു് അസ്ഥിരപാദനായി പലചുവടു പിന്നോട്ടുവച്ചു വിറച്ചുകൊണ്ടും, എന്നാൽ പാമ്പിനെക്കണ്ട പക്ഷിക്കുഞ്ഞിനെപ്പോലെ ചലനശക്തി വിട്ടും നിൽക്കുന്നു.)

ജൂഡിത്: (ദയനീയമായ മന്ദസ്മിതത്തോടുകൂടെ)

കോകിലം കാകളി കൂകി—ശുഭ്ര-
മേഘം പനിനീരു തൂകി
ചന്ദ്രനമംബരം പൂകി—മോദം
സുന്ദരതാരകൾക്കേകി... (നായക...)
യാമങ്ങളെത്രയോ യാത്രാ—ഗാനം
യാമിനിതന്നോടു പാടി
അമ്മങ്ങളുകണ്ഠത്തിൽച്ചാർത്താൻ—ഞാനും
നിർമ്മിച്ച മാല്യവും വാടി... (നായക...)

സ്നേഹം നിറയവേ കാണും—മമ
മോഹനദീപത്തിലെന്നാൽ
ജീവിതന്തൽത്തിരി തീരും—ഹന്ത!
കോവിലും കൂരിരുൾ ചേരും... (നായക...)

(പോകുന്നു.)

(അണിയറയിൽ)

സങ്കല്പകുഞ്ജവിഹാരീ—പ്രേമ-
തങ്കപ്രസൂനാപഹാരീ
ആനന്ദതുന്ദിലചിത്ത—മൗന-
ഗാനകല്ലോലസഞ്ചാരീ.... (നായക....)

കയാഫ്സ്: (പാട്ടവസാനിക്കുന്നതുവരെ വിചാരശൂന്യനായി സ്തബ്ധനായി നിന്നിട്ട് യാഥാർത്ഥ്യബുദ്ധനാകുന്നു. ഉൽക്കടമായ നിരാശയോടും ഇതികർത്തവ്യതാമൂഢതയോടും) അവൾ പോയി... അവൾ പോയി...ഹാ! (ജൂഡിത് പോയവഴിയെ കുറച്ചു ചുവട് ഓടുന്നു. പെട്ടെന്നു നിൽക്കുന്നു. കണ്ണുതുറിച്ചു ചുററും നോക്കുന്നു.) ഹാ!—ഹാ!—ഇതു്—ഇതു്—എവിടെ? — ഞാൻ—എവിടെ? — ഞാൻ — ഇവിടെ!—ഇവിടെ!—അവൻ മരിച്ചു! —ആ— അവനേ പിടിച്ചു!...ഗതസേമൻ! ഗതസേമൻ! (തിരിഞ്ഞു മുന്നോട്ടോടുന്നു. ആരോ അടുത്തുവരുന്നതു കാണുന്നു.) ആ! (പിന്നെയും പെട്ടെന്നു നിൽക്കുന്നു. ഓരോ അടി പിന്നോട്ടുവയ്ക്കുന്നു. അകലെ ഒരററത്തു ചെന്നു വിറച്ചുകൊണ്ടു നില്ക്കുന്നു.)

(ബാറബാസും മഗ്ദലനമേരിയും പ്രവേശിക്കുന്നു. കയാഫ്സിനെ കണ്ടു് രണ്ടുപേരും അത്ഭുതപരതന്ത്രരാകുന്നു.)

മഗ്ദലന: (ഇടറിയസ്വരത്തിൽ)അതു കയാഫ്സല്ലേ?

ബാറബാസ്: (ഇടറിയസ്വരത്തിൽ) അതെ.

മഗ്ദലന: അയാൾ ഇവിടെ എന്തിനു വന്നു?

ബാറബാസ്: അതേ! അയാൾ ഇവിടെ!

മഗ്ദലന: അഥവാ അയാളും അവളെ അന്വേഷിച്ചു വന്നതാണോ? അവൾ ഇവിടെ ഉണ്ടെന്നു് അയാൾക്കും അറിയാമോ?

ബാറബാസ്: എങ്കിലും അയാൾ ഇവിടെ വരിക! അയാളു ചവിട്ടിയാൽ ഈ ഭൂമി താണുപോകയില്ലേ? അയാളെക്കണ്ടാൽ ഇവിടത്തെ ഓരോ പുല്ക്കൊടിയും നിലവിളിക്കയില്ലേ?

മഗ്ദലന: അയാൾ അത്യന്തം ഭയപ്പെട്ടാണു നില്ക്കുന്നതു്. അയാൾ സ്വബോധമില്ലാതെ ഇവിടെ എത്തിയതായിരിക്കുമോ?

ബാറബാസ്: (ഗദ്ഗദസ്വരത്തിൽ) അഥവാ അയാളുടെ പാപത്തിൻെറ പരിണാമം സ്വന്തകണ്ണുകൊണ്ടു കാണുവാൻ നിയതി അയാളെ തള്ളിവിട്ടതായിരിക്കുമോ? മേരീ, എൻെറ ഉള്ളം വിറയ്ക്കുന്നു; ഈ മഹാപാപിയുടെ സാന്നിദ്ധ്യം എന്നെ ഭയചകിതനാക്കുന്നു. അയാളോടു്—വേണ്ട, അയാളെ മറക്കുകയാണു ഭേദം. അവളെ എവിടെയാണു നിങ്ങൾ കണ്ടതു്?

മഗ്ദലന: അതാ, ആ വൃക്ഷത്തിൻെറ ചുവട്ടിൽ—

(അണിയറയിൽ ദുഃഖസ്വരത്തിൽ)

ലോകബാന്ധവാ! മാമകമാനസ—
ശോകമൊന്നു നീ കാണുകയില്ലയോ?
ഏകുകില്ലയോ താവകദർശന—
ഭാഗധേയം? കരുണാർദ്രനല്ലയോ?

(വിവിധപുഷ്പങ്ങളാൽ അലംകൃതയായ ജൂഡിത് പാടിക്കൊണ്ടു പ്രവേശിക്കുന്നു. കയാഫ്സ് വ്യസനം, ഭയം, അപരാധബോധം എന്നിങ്ങനെ വിവിധ വികാരങ്ങളാലും ബാറബാസ് അസമ്മിശ്രമായ ദുഃഖാതിരേകത്താലും വിവശരാകുന്നു.)

ജൂഡിത്:

മോക്ഷമുദ്രിതം, സ്നിഗ്ദ്ധം, സുനിർമ്മലം,
അക്ഷയാനന്ദഭാസുരം, ശീതളം,—

(മഗ്ദലനമേരിയെ കാണുന്നു. സുപ്രസന്നവും എന്നാൽ ദയനീയവുമായ ഒരു പുഞ്ചിരിയോടുകൂടി പെട്ടെന്നു് അടുത്തുചെന്നു് ആലിംഗനംചെയ്തു് ഇരുകവിളുകളിലും ചുംബിക്കുന്നു.) തോഴീ! നീ എവിടെ പോയി? എന്നെ വിട്ടിട്ട് നീ എങ്ങോട്ടുപോയി? ഞാൻ എത്ര ക്ഷീണിച്ചിരിക്കുന്നു! നീ കണ്ടില്ലേ? എന്നിട്ടു നീ ഇങ്ങനെ—അയ്യോ, ഞാൻ മറന്നുപോയി, ഞാൻതന്നെ—പിന്നെ, തോഴീ, എനിക്കു വയ്യ—ഞാൻ എവിടെല്ലാം നടന്നു! എന്നിട്ടും കണ്ടില്ല എന്റെ നായകനെ... സോദരീ, എനിക്കു തീരെ വയ്യല്ലോ. ഞാൻ ഒന്നു കിടക്കട്ടെ? (മേരിയുടെ ദേഹത്തിലേക്കു ചായുന്നു.)

(മഗ്ദലനമേരി ജൂഡിത്തിനെ മെല്ലെ മടിയിൽ കിടത്തിക്കൊണ്ടു് ഇരുന്നു കരയുന്നു.)

സോദരീ, നീ കരയുകയാണോ? എനിക്കും ഒന്നു കരണം. പക്ഷേ,—സോദരീ, ഞാനിങ്ങനെ കിടന്നു പട്ടും. പാട്ടു കേട്ടാൽ എന്റെ നായകൻ വരുകയില്ലേ

മഗ്ദലന: (കരഞ്ഞുകൊണ്ടു്) നിശ്ചയമായും ആ കരുണാകരൻ വരാതിരിക്കയില്ല.

ജൂഡിത്: തോഴീ, എന്റെ വിലാപം അദ്ദേഹം കേൾക്കുമോ?

മഗ്ദലന: ആർത്തത്രാണപരായണനായ ആ തിരുവടി ആരുടെ വിലാപമാണു കേൾക്കാത്തതു്?

ജൂഡിത്: സോദരീ, നിന്റെ വിലാപം അദ്ദേഹം കേട്ടിട്ടുണ്ടോ?

മഗ്ദലന: (കരച്ചിൽ അടക്കാൻ ശക്തയല്ലാതെ) എൻെറ വിലാപമോ?...എൻെറ വിലാപമോ?...ദേവേശാ! എൻ്റെ വിലാപംകൊണ്ടു് അവിടത്തെ കണ്ണുങ്ങൾ ഞാൻ എത്രമാത്രം ദുഃഖിപ്പിച്ചു! ഇനി...ഇനി...ഞാൻ എൻെറ ഹൃദയതാപം ആരുടെ ചെവികളിൽ—(കരയുന്നു.)

ജൂഡിത്: നീ എങ്ങനെ കരയുന്നു? എനിക്കുകൂടി ഒന്നു കരയാൻ കഴിഞ്ഞെങ്കിൽ! സോദരീ, അദ്ദേഹം കരച്ചില്ല കേൾക്കയില്ലേ?

മഗ്ദലന: അദ്ദേഹം കരച്ചിലാണു് ഏറ്റവും കൂടുതൽ കേൾക്കുക. സോദരി പാടണം.

ജൂഡിത്: ലോകബാന്ധവാ! മാമകമാനസ—
ശോകമൊന്നു നീ കാണുകയില്ലയോ?
ഏകുകില്ലയോ താവക ദർശന—
ഭാഗധേയം? കരുണാർദ്രനല്ലയോ?
മോക്ഷമുദ്രിതം, സ്നിഗ്ദ്ധം, സുനിർമ്മലം,
അക്ഷയാനന്ദഭാസുരം, ശീതളം,
രൂക്ഷചമ്പകകണ്ടകവിദ്ധമാ
മുഗ്ദ്ധഫാലമലക്തകചർച്ചിതം!... (ഏകു...)
ശക്തിയറെറാട്ടവനതം ചില്ലികൾ
രക്തബിന്ദുവാലങ്ങിങ്ങലംകൃതം
ബാലവല്ലികാസുന്ദരം, ശാശ്വത
കാലകല്ലോലദോളനകാരണം...! (ഏകു...)

സോദരീ, എനിക്കു് ഉറക്കംവരുന്നു. ഞാൻ പാടിപ്പാടി ഉറങ്ങും. ഉറങ്ങിയാൽ എന്നെ വിളിക്കരുതു്. വിളിച്ചാൽ ഞാൻ ഉണരുകയില്ല. എൻെറ നായകൻ വന്നു വിളിക്കുമ്പോഴേ ഞാനുണരുകയുള്ളു. അതുവരെ എന്നെ വിളിക്കരുതേ.

മഗ്ദലന: ഇല്ല!

ജൂഡിത്: (അനുക്രമം ക്ഷീണിച്ചുവരുന്ന സ്വരത്തിൽ)

ശാന്തമുജ്ജ്വലമാർദ്രമാജ്ഞാ...ം
കാന്തമെങ്കിലുമജ്ഞേയഭീകരം
സൃഷ്ടിസംഹാരപാലനലോലുപ
ദൃഷ്ടിയുഗ്മം പരവശം മീലിതം...(ഏകു...)
ലോകബാന്ധവാ! മാമകമാനന...
ശോകമൊന്നു നീ കാണുകയില്ലയേ...
ഏകുകില്ലയോ താവകദർശന–
ഭാഗധേയം? കരുണാർദ്രനല്ലയോ?...ഏകുകി

ല്ലയോ...താവകദർശന...ഭാഗധേയം...കരുണാർദ്രന ല്ലയോ?...ഭാഗധേയം...കരുണാർദ്രനല്ലയോ?... കരു ണാർദ്രനല്ലയോ...കരുണാ—

(കർട്ടൻ)

രംഗം 20

[കല്ലറ. പ്രഭാതം.

കർട്ടൻ ഉയരുന്നു. അതിലോലമായ ഒരു സംഗീതം കേൾക്കുന്നു. ... വൽക്കാർ സംശയഗ്രസ്തരായി അന്യോന്യം നോക്കുന്നു. ആകാശത്തു നിന്നു പുഷ്പങ്ങൾ പൊഴിയുന്നു. ഉജ്ജ്വലത്തായ ഒരു പ്രകാശം ... സ്ഥലത്തു പരക്കുന്നു. കാവൽക്കാർ ... യി കമിഴ്ന്നുവീ ന്നു. കല്ലറയുടെ കവാ... ന്നു് ഒരു പ്രകാ... ധാര ബഹിർഗളിക്കു... തിരുപ്പഴുതുകളോടു ടി ശുഭ്രവസ്ത്രത്താലും ... വേഷ്ടിതനായ ക്രിസ്തുദേവൻ കല്ലറയി... തിരുകൈകളും ഉയ ർത്തി ലോകത്തെ അനു...]

"ശാന്തി! ശാന്തി!! ശാന്തി!"

(കർട്ടൻ)

★

MUL 292022

...RSITY LIBRARY. 12 FEB 1975

292022
032:2M858: K7

12 DEC 1950
2B
23/3187